## നിയമനിർമ്മാണകാര്യം

### ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1) 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി)ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദു മത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, എന്താണ് അങ്ങയുടെ ക്രമപ്രശ്നം?

## ക്രമപ്രശ്നം

ശ്രീ. എ.കെ. ബാലൻ: സർ, അതീവഗുരുതരമായ ഒരു ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ 14 വകുപ്പുകളുടെ ഭേദഗതിയാണ് വരുന്നത്. അതിലെ

35-ാം വകുപ്പെന്നുപറയുന്നത് ദേവസ്വം ബോർഡിന് ചട്ടമുണ്ടാക്കാനുള്ള അധികാരമാണ്. ഈ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ചട്ടമുണ്ടാക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്ത മാണ് എന്നാണ്. ഗവൺമെന്റിന്റെ മുൻകൂറുള്ള അനുവാദത്തോടുകൂടിമാത്രമേ ചട്ടമുണ്ടാക്കാൻ പാടുള്ളൂ. ഇത് ഗുരുതരമായിട്ടുള്ള പ്രശ്നമുണ്ടാക്കും. നിരാകരണവുമായി ബന്ധപ്പെട്ടുകൊണ്ട് എന്റെ പ്രസംഗം വരുമ്പോൾ അതിനകത്ത് ഞാൻ വിശദമായി സൂചിപ്പിക്കാം. ഭരണഘടനാ പ്രശ്നമെന്നുപറയുന്നത്, 1949-ലെ കവനെന്റിന്റെ ഭാഗമായി ചട്ടമുണ്ടാക്കാനുള്ള അധികാരം ഭരണഘടനയിൽ നിക്ഷിപ്തമാണ്. 14 വകുപ്പുകളിൽ ഈ പറയുന്ന 35-ാം വകുപ്പെന്നുപറയുന്നത് കവനെന്റിന്റെ ഭാഗമാണ്. അതെന്ന് പറയുന്നത് ഇന്ത്യാ ഗവൺമെന്റിന്റെ ഭരണഘടനയുടെ ഭാഗമാണ്. ഈ ബിൽ ഭരണഘടനയുടെ ഭാഗമായിത്തീർന്നാൽ 1949-ലെ കവനെന്റിന് എതിരായിട്ടുള്ളതാണ്. ബില്ലിലെ 8-ാം ഖണ്ഡിക വഴി ആക്ടിലെ 35-ാം വകുപ്പിന്റെ ഭേദഗതിയാണ് ഈ ബിൽ അവതരിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. 1949-ലെ കവനെന്റ് പ്രകാരം ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം കവനെന്റ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബോർഡിനുമാത്രമാണ്. ഇത് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ചട്ടങ്ങളുണ്ടാക്കണമെന്നാണ് ഭേദഗതി ചെയ്യുന്നത്. ഇത് കവനെന്റിന്റെ 8-ാം ഖണ്ഡികയ്ക്ക് വിരുദ്ധമാണ്. കവനെന്റ് ഭരണഘടനയുടെ ഭാഗമായതിനാൽ രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയോടുകൂടിമാത്രമേ ഈ ഭേദഗതി കൊണ്ടുവരാൻ പാടുള്ളൂ. 35-ാം വകുപ്പ് ഇതിൽപെട്ടു എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ബാക്കി 13 ക്ലോസും ഭരണഘടനാ വിരുദ്ധമല്ല.

മി. സ്പീക്കർ: മിനിസ്റ്റർ, എന്താണ് ഗവൺമെന്റിന് പറയാനുള്ളത്?

ശ്രീ. വി.എസ്. ശിവകുമാർ: സർ, ഇത് കവനെന്റിന് വിരുദ്ധമല്ല എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. 1949-ലെ കവനെന്റിൽ ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകളൊന്നും പറഞ്ഞിട്ടില്ല. ബില്ലിന്റെ 8-ാം ഖണ്ഡികയിൽ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് എന്നുമാത്രമേ പറയുന്നുള്ളൂ. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഭേദഗതി ബിൽ പ്രകാരം ബോർഡിൽ തന്നെ നിക്ഷിപ്തമാണ്. അതുകൊണ്ട് ഇത് കവനെന്റിന് വിരുദ്ധമല്ല. ഈ ബില്ലുമായി മുന്നോട്ടു പോകാമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം ഞാൻ അംഗീകരിക്കുന്നു. അത് prior sanction of the Government എന്ന ഒരു വാചകം.... 1950-ന് ശേഷം ഇവിടെ നാലൂപ്രാവശ്യം ഈ ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. അന്നൊന്നും കാണാത്ത ഒരു പുതിയ കണ്ടുപിടുത്തം ഇപ്പോൾ എന്തിനാണ്. അതിന്റെ സോഷ്യൽ പ്രത്യാഘാതം നിങ്ങൾ കാണുന്നുണ്ടോ? എന്ത് സോഷ്യൽ പ്രത്യാഘാതമാണുണ്ടാകാൻ പോകുന്നതെന്ന് ഞാൻ എന്റെ പ്രസംഗത്തിൽ പറയാം. ഈ ഭേദഗതി വഴി അനാവശ്യമായി നിങ്ങളൊരു സംവാദം ക്ഷണിച്ചുവരുത്തുകയാണ്. അതുകൊണ്ട് പ്രസിഡന്റിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഇത് അവതരിപ്പിക്കാൻ പാടുള്ളൂ എന്നതിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്.

മി. സ്പീക്കർ: ശരി. അങ്ങ് അങ്ങയുടെ വാദഗതികൾ പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ പ്രശ്നത്തിൽ ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം ദേവസ്വം ഡിപ്പാർട്ടുമെന്റ് ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. വി.എസ്. ശിവകുമാർ: ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം കേട്ടുകൊണ്ടാണ് ഈ അഭിപ്രായം പറഞ്ഞത്.

**റൂളിംഗ്**

മി. സ്പീക്കർ: 1949-ലെ കവനെന്റ് പ്രകാരം ദേവസ്വം ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം കവനെന്റ് പ്രകാരം രൂപീകരിക്കപ്പെടുന്ന ബോർഡിന് മാത്രമാണെന്നും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടകൂടി ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാമെന്നുള്ളത് കവനെന്റിന്റെ 8-ാം ഖണ്ഡത്തിന് വിരുദ്ധമാണെന്നും കവനെന്റ് ഭരണഘടനയുടെ ഭാഗമായതിനാൽ രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിലെ ഈ ഭേദഗതി കൊണ്ടുവരാവൂ എന്നുമാണ് ശ്രീ. എ.കെ. ബാലന്റെ തടസ്സവാദം. 1949-ലെ കവനെന്റിന്റെ 8-ാം ഖണ്ഡികയിൽ ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരം നൽകിയിട്ടില്ല. Subject to the provisions of this article, the constitution, powers and duties of the Boards aforesaid shall be such as may be determined hereafter by law enacted by competent authority. ഇവിടെ അതോറിറ്റി സർക്കാരാണ്. അപ്രകാരം അധികാരം കവനെന്റ് പ്രകാരം നൽകിയിട്ടുണ്ട് എന്ന് ശ്രീ. എ.കെ. ബാലൻ പരാ

മർശിച്ചത് വസ്തുതാപരമല്ല. കവനെന്റിലെ അനുച്ഛേദം 8 (എച്ച്) പ്രകാരം സംസ്ഥാന നിയമസഭ പാസ്സാക്കിയ 1950–ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദു മത സ്ഥാപനങ്ങൾ ആക്ടിലെ 35–ാം വകുപ്പ് അനുസരിച്ച് ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം ദേവസ്വം ബോർഡിനാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പ്രകാരവും ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം ബോർഡിൽ തന്നെ നിക്ഷിപ്തമാണ്. ഇതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങണമെന്ന നിബന്ധനകൂടി ഉൾക്കൊള്ളിക്കുകയാണ് ഉണ്ടായിട്ടുള്ളത്. സഭ പാസ്സാക്കിയ ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരാനുള്ള അധികാരം സഭയ്ക്കു തന്നെയുണ്ട്. ഈ ബില്ലിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല അഥവാ വേണമെങ്കിൽതന്നെ ഈ ബിൽ പാസ്സാക്കിയശേഷം രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ച് ന്യൂനത പരിഹരിക്കുവാൻ ഭരണഘടനയുടെ അനുച്ഛേദം 255 പ്രകാരം വ്യവസ്ഥയുള്ളതിനാൽ ശ്രീ. എ.കെ. ബാലൻ ഉന്നയിച്ച തടസ്സവാദത്തിന് നിലനിൽപ്പില്ല. അതിനാൽ ഇത് തള്ളുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: അങ്ങയുടെ തടസ്സവാദം എന്റെ റൂളിംഗിലൂടെ തള്ളിയല്ലോ. പിന്നെങ്ങനെയാണ് വോട്ടിംഗ് നടത്തുന്നത്. റുളിംഗിന് വോട്ടിംഗ് ഉണ്ടോ?......(ബഹളം)....... അങ്ങ് ഒരു തടസ്സവാദം കൊണ്ടുവന്നു, അത് പരിശോധിച്ചു. പരിശോധിച്ചിട്ട് ഞാൻ പറഞ്ഞത് കവനെന്റിലെ 8-ാം അനുച്ഛേ

ദത്തിലെ എച്ച് പ്രകാരം അത് ഗവൺമെന്റിൽ നിക്ഷിപ്തമാണ്. റൂളിംഗിന് വോട്ടിംഗൊന്നുമില്ല.

ശ്രീ. എ.കെ. ബാലൻ: ഞാൻ ഇതിൽ ഉറച്ചുനിൽക്കുന്നു എന്നുപറഞ്ഞതിനുശേഷമാണ് റൂളിംഗ് വന്നത്.

മി. സ്പീക്കർ: ഉറച്ചുനിന്നാലും ക്രമപ്രശ്നം വന്നാൽ ചെയറിന്റെ റൂളിംഗ് ഉണ്ട്. ആ റൂളിംഗ് കഴിഞ്ഞു. ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി.എസ്. ശിവകുമാർ: സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും, കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 1950-ൽ കൊണ്ടുവന്ന ഈ നിയമത്തിന് 2007-വരെ കാര്യമായ ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. 2007-ൽ മുൻഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് ബോർഡിലെ മൂന്നംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുമാണ്. ഇവരെ രണ്ടുപേരേയും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും മൂന്നാമത്തെ അംഗത്തെ നിയമസഭയിലെ ഹിന്ദു

അംഗങ്ങൾ തെരഞ്ഞെടുക്കുകയും വേണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ മൂലനിയമത്തിൽ മൂന്നംഗങ്ങളിൽ സ്ത്രീയെന്നോ പുരുഷനെന്നോ പട്ടികജാതിയെന്നോ പട്ടികവർഗ്ഗമെന്നോ പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നില്ല. 2007-ൽ കൊണ്ടുവന്ന ഭേദഗതി നിയമത്തിലാണ് ഇങ്ങനെയൊരു ഭേദഗതി വരുത്തിയത്. അതുപോലെതന്നെ ബോർഡിന്റെ കാലാവധി നാലുവർഷത്തിൽ നിന്ന് രണ്ടുവർഷമായി കുറയ്ക്കുകയും ക്ഷേത്രജീവനക്കാരൊഴികെയുള്ള എല്ലാ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊണ്ടുള്ള വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള വ്യവസ്ഥയും 2007-ലെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് പറഞ്ഞ കൂട്ടത്തിൽ ഇതിലേറ്റവും പ്രധാനപ്പെട്ട പ്രശ്നം വനിതാ അംഗങ്ങളെ ഇല്ലാതാക്കുന്ന ഒരു നിയമമാണ്. എല്ലാ സ്ഥലത്തും ഇപ്പോൾ വനിതകൾക്ക് പ്രാതിനിധ്യം കൊടുക്കുകയും വനിതാ സംരക്ഷണത്തിനുവേണ്ടി പോരാടുകയും ചെയ്യുന്ന ഈ കാലത്ത്, ശ്രീമതി സോണിയാ ഗാന്ധി കോൺഗ്രസ്സിന്റെ പ്രസിഡന്റായി നിൽക്കുന്ന ഈ കാലത്ത് ആ പാർട്ടിയുടെ അംഗമായിട്ടുള്ള അങ്ങ് കൊണ്ടുവരുന്ന ഒരു ബില്ലിനകത്ത് വനിതകളെ ഒഴിവാക്കുന്നത് കോൺഗ്രസ്സിന്റെ നയമാണോ? എന്തുകൊണ്ട് ഇങ്ങനെയൊരു ബിൽ വന്നു?

ശ്രീ. വി.എസ്. ശിവകുമാർ: സർ, 1950-ലെ നിയമത്തിൽ 3 അംഗങ്ങളെ നിയമിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെ 3 അംഗങ്ങളെ നിയമിച്ച സമയത്തുതന്നെ പലപ്പോഴും വനിതാ പ്രതിനിധികളെ വയ്ക്കുകയും പ്രസി

ഡന്റുമാരാക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. ആ ഒരു സാഹചര്യം പരിഗണിച്ചു കൊണ്ടാണ് ഇത്തരമൊരു സമീപനത്തിലേയ്ക്ക് വന്നത്. ......(തടസ്സം)....... വനിതകളെ വയ്ക്കാം. അംഗങ്ങൾ വരുമ്പോൾ വനിതകളെ ഒരിക്കലും ഒഴിവാക്കുന്ന ഒരു സമീപനം എടുക്കാൻ കഴിയാത്ത ഒരു സാഹചര്യമുള്ളതുകൊണ്ട് വനിതകളെ എപ്പോഴും നിർദ്ദേശിക്കാം. ബോർഡിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള വ്യവസ്ഥയും 2007-ലെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ശ്രീ. സി. ദിവാകരൻ: ഇത് ഇന്ത്യൻ ഭരണഘടനയ്ക്കെതിരാണ്. ഇന്ത്യൻ ഭരണഘടനയിൽ പറയുന്നത് ജൻഡർ ഡിസ്ക്രിമിനേഷൻ പാടില്ലയെന്നാണ്. ...........(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്... ഏതായാലും ബിൽ പൈലറ്റ് ചെയ്യുന്ന മന്ത്രിയൊന്ന് സംസാരിക്കട്ടെ. ......(ബഹളം)......

ശ്രീ. പാലോട് രവി: സർ, ഈ നിയമത്തിൽ ഒരു ഭാഗത്തുപോലും ദേവസ്വം ബോർഡിൽനിന്നും വനിതകളെ ഒഴിവാക്കണമെന്ന് പറഞ്ഞിട്ടില്ല. അംഗങ്ങൾ എന്നുമാത്രമേ ബില്ലിൽ പറഞ്ഞിട്ടുള്ളൂ. ഇന്നലെ ഇവിടെ എൽ.ഡി.എഫ്. മത്സരിപ്പിച്ച നാല് അംഗങ്ങളും ഈ നിയമത്തിൽ വനിത വേണമെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പാലോട് രവി ഈ സഭയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി പറഞ്ഞതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ രണ്ടുപേരെ മന്ത്രിസഭയാണ് നോമിനേറ്റ് ചെയ്തത്. മന്ത്രിസഭ നോമിനേറ്റ് ചെയ്യുന്ന രണ്ടുപേരിൽ ഒന്ന് വനിതയാക്കാൻ നിങ്ങൾക്ക് തോന്നിയില്ലല്ലോ? കൊച്ചിൻ ദേവസ്വം ബോർഡിൽ എടുത്തില്ല, മലബാർ ദേവസ്വം ബോർഡിൽ എട്ടുപേരെ എടുത്തപ്പോൾ അതിൽ ഒരു

വനിതയെയും നിങ്ങളെടുത്തില്ല. നേരത്തേ ദേവസ്വം ബോർഡിൽ വനിതാ സംവരണമുണ്ടായിരുന്നു. ഉണ്ടായിരുന്ന വനിതാ സംവരണം എടുത്തു കളഞ്ഞതാണ് ഇവിടത്തെ പ്രശ്നം.

മി. സ്പീക്കർ: ഏതായാലും ഇപ്പോൾ സഭയുടെ മുന്നിലുള്ള ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ......(മൈക്ക് ഓഫ്)...... അതിലേയ്ക്കാണ് പോകുന്നത്. ഇതിൽ ഒരു വ്യക്തത വേണമെന്നാണ് പറഞ്ഞത്. അങ്ങായിരുന്നു മന്ത്രിയെങ്കിൽ അത് വരുമെന്ന കാര്യം വളരെ വ്യക്തമാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 1950-ലെ മൂലനിയമത്തിൽ അങ്ങനെ പ്രത്യേകം പറഞ്ഞിരുന്നില്ല. 2007 വരെ ദേവസ്വം ബോർഡുകൾ ആ സമീപനത്തോടുകൂടിയാണ് മുന്നോട്ടുപോയത്. അന്ന് വനിതകളെ നിയമിച്ചിരുന്നു, വനിതകൾ പ്രസിഡന്റുമാരായിരുന്നു. ആ സാഹചര്യത്തിലേയ്ക്കാണ് നമ്മൾ വരാൻ പോകുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥയും 2007-ലെ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മേൽപ്പറഞ്ഞ ഭേദഗതികൾ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന് കണ്ടതിനാൽ ആയത് ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. തികച്ചും സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബോർഡിന്റെ മൂന്ന് മെമ്പർമാരിൽ രണ്ടുപേരെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യും, മൂന്നാമത്തെ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ

തെരഞ്ഞെടുക്കും. ഇത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കും. പുരുഷ മെമ്പർമാരുടെ പ്രായം 45 വയസ്സായിരിക്കും. സ്ത്രീ മെമ്പർക്ക് 60 വയസ്സ് പൂർത്തിയായിരിക്കണം. ബോർഡിന്റെ കാലാവധി രണ്ട് വർഷമെന്നുള്ളത് മൂന്ന് വർഷമായി വർദ്ധിപ്പിക്കും. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള ബോർഡിന്റെ അധികാരത്തിൽ '*സർക്കാരിന്റെ മുൻ അംഗീകാരത്തോടുകൂടി*' എന്ന് കൂട്ടിച്ചേർക്കണം. ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യും. ബോർഡിൽ മൂന്ന് മെമ്പർമാർ മാത്രമുള്ളതിനാൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ട ആവശ്യമില്ല. മേൽപ്പറഞ്ഞ കാര്യങ്ങളുൾക്കൊള്ളിച്ചുകൊണ്ടാണ് 2012-ൽ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസെന്ന പേരിൽ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഈ ഓർഡിനൻസ് 2012 ഡിസംബറിലും 2013 ജനുവരി, ഫെബ്രുവരി, ഏപ്രിൽ എന്നീ മാസങ്ങളിലും പുതുക്കുകയുണ്ടായി. പ്രസ്തുത ഓർഡിനൻസ് പ്രകാരമാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബിൽ.

മി. സ്പീക്കർ: ശ്രീ. പി. ടി. എ. റഹീം, അങ്ങേയ്ക്ക് 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പാലോട് രവി: സർ, ഇവിടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഒരു നിയമം ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ റീപ്ലെയ്സ് ചെയ്യുകയാണ്. ആ നിയമത്തിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തിരിക്കുന്ന ഭൂരിപക്ഷം അംഗങ്ങളും ഇന്നലെ വോട്ട് ചെയ്തു. അങ്ങനെ വോട്ട് ചെയ്ത അംഗങ്ങൾ ഈ സഭയിൽ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നത് ഓർഡറിലാണോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ വോട്ട് ചെയ്തിട്ടില്ല.

ശ്രീ. പാലോട് രവി: സർ, അങ്ങ് വോട്ട് ചെയ്തോ ഇല്ലയോ എന്നുള്ളതല്ല. ഈ സഭയിൽ അങ്ങനെ ചെയ്യാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എം.എൽ.എ.-മാർക്ക് കിട്ടിയിട്ടുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിലാണ് വോട്ടവകാശം ലഭിച്ചത്. ആ വോട്ടവകാശം ഞങ്ങളിന്നലെ വിനിയോഗിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ ഓർഡിനൻസ് തന്നെ നിരാകരിച്ചുകഴിഞ്ഞാൽ ഞങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ആളിന്റെ സ്ഥാനം പോകട്ടെ, ഞങ്ങൾക്ക് സന്തോഷമാണ്.

ശ്രീ. പാലോട് രവി: സർ, ......(മൈക്ക് ഓഫ്)...... ഈ ബിൽ അനുസരിച്ച് ഇന്നലെ വോട്ട് ചെയ്യുകയും ഇന്ന് സഭയിൽ വന്നശേഷം ആ ബിൽ നിരാകരിക്കണമെന്നും പറയുന്നത് ഓർഡറിലാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ നിരാകരണ പ്രമേയം വോട്ടിനിടുന്ന സന്ദർഭത്തിൽ നിങ്ങൾകൂടി ഞങ്ങൾക്കനുകൂലമായി വോട്ട് ചെയ്താൽ ഞങ്ങൾ തെരഞ്ഞെടുത്ത ആൾ പോകട്ടെ. തീർന്നില്ലേ പ്രശ്നം.

മി. സ്പീക്കർ: ഞാനൊരു കാര്യം പറയാം. ചർച്ച ഫലപ്രദമാകാൻവേണ്ടി തീർച്ചയായും നിയമനിർമ്മാണ കാര്യങ്ങളിൽ ഇടപെടലുകൾ വേണം. പക്ഷെ, പ്രധാനമായിട്ടും അത് മൂവ് ചെയ്യുന്ന ആളാണ് സംസാരിക്കേണ്ടത്. അദ്ദേഹത്തെ അവിടെ നിർത്തിയശേഷം മറ്റുള്ളവർ സംസാരിക്കുന്നത് ശരിയല്ല. ഇന്ന് രണ്ടുബില്ലുകളിലുമായി എട്ടുപേർ സംസാരിക്കാനുണ്ട്. ശ്രീ. പാലോട് രവി, അങ്ങ് വേറൊരു ആംഗിളിലാണ് പറഞ്ഞത്. ഭരണഘടന പ്രകാരം ഓർഡിനൻസ് സഭയിൽ വന്നുകഴിഞ്ഞാൽ അതിന്മേൽ നിരാകരണ പ്രമേയം അവതരിപ്പിച്ച് സംസാരിക്കാനുള്ള അവകാശം പ്രതിപക്ഷാംഗങ്ങൾക്കുണ്ട്. അത് പ്രയോഗിക്കുന്നു എന്നുമാത്രമേയുള്ളൂ. താങ്കൾ

പറഞ്ഞത് മനസ്സിലായി. ശ്രീ. പി. റ്റി. എ. റഹീം എഴുന്നേറ്റിട്ട് ഒരു വാചകം പറയാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹമാണ് നിരാകരണ പ്രമേയം അവതരിപ്പിക്കുന്നത്.

Shri P. T. A. Rahim: Sir, I move that

This House resolves to disapprove The Travancore-Cochin Hindu Religious Institutions (Amendment) Ordinance, 2013 (Ordinance No.34 of 2013).

ഞാൻ ഈ നിരാകരണ പ്രമേയം അവതരിപ്പിക്കാനുള്ള പ്രധാനപ്പെട്ട കാരണം, തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുക എന്നുള്ള ലക്ഷ്യമാണ് ഈ ആക്ടിൽ കൊണ്ടുവന്നിട്ടുള്ള ആദ്യത്തെ ഭേദഗതിയിൽ അടങ്ങിയിരിക്കുന്നത്. സ്ത്രീകളോട് ഇത്തരത്തിലുള്ള അവഗണന കാണിക്കാൻ പാടില്ല. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ ചെയർപേഴ്സണായി കോൺഗ്രസ്സ് മൊഹ്സീനാ കിദ്വായിയെ നോമിനേറ്റ് ചെയ്തു. ഒരു പ്രയാസവും അവിടെ ഉണ്ടായിട്ടില്ല. ആരും അതിനൊരു എതിർപ്പും പ്രകടിപ്പിച്ചില്ല. അതുകൊണ്ട് സ്ത്രീകളുടെ പ്രാതിനിധ്യം കുറയ്ക്കാനുള്ള, അല്ലെങ്കിൽ ഇല്ലായ്മ ചെയ്യാനുള്ള ഈ വ്യവസ്ഥ നിരാകരിക്കുക എന്നുള്ളതാണ് ഈ നിരാകരണ പ്രമേയംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഒറിജിനൽ ആക്ടിൽ പറഞ്ഞിട്ടുള്ളത് 3-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ബോർഡിൽ ഹിന്ദുക്കളായ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, അതിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗ ഗോത്ര വർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ് എന്നുമാണ്. തെരഞ്ഞെടുക്കപ്പെ

ടുന്നതിൽ ഒരാൾ പട്ടികജാതിക്കാരനും ഒരു മെമ്പർ വനിതയുമായിരിക്കണമെന്നുള്ള നിലവിലെ വ്യവസ്ഥയിൽ നിന്ന് വനിതയെ ഒഴിവാക്കുകയാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. അതാണ് ഈ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കാനുള്ള ഒരു കാരണം. ഇന്ത്യാ രാജ്യത്ത് ആദ്യമായി സ്ത്രീകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50% സംവരണം കൊടുത്തിട്ടുള്ള നിയമസഭയാണിത്. 33% സംവരണം അസംബ്ലിയിലും പാർലമെന്റിലും നൽകണമെന്നുള്ള ബിൽ സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണിത്. അവിടെയാണ് നമ്മൾ ക്ഷേത്ര ഭരണത്തിൽനിന്നും സ്ത്രീകളെ ഒഴിവാക്കാനുള്ള ശ്രമം നടത്തുന്നത്. ഇത് അവതരിപ്പിച്ചിട്ടുള്ള പാർട്ടിയുടെ.......

ശ്രീ. സി.പി. മുഹമ്മദ്: സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെന്നു പറഞ്ഞാൽ പൊതു സ്ഥാപനങ്ങളാണ്. എല്ലാ ആളുകൾക്കും വേണ്ടിയുള്ള സ്ഥാപനമാണ് അതുപോലെയാണോ ക്ഷേത്രങ്ങൾ. രണ്ടിനെയും നിങ്ങൾ താരതമ്യപ്പെടുത്തുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ വഖഫ് ബോർഡിൽ ഇത് കൊടുക്കാൻ താങ്കൾ സന്നദ്ധമാണെന്ന് പറയുമോ?

ശ്രീ. പി.റ്റി.എ. റഹീം: സർ, യാതൊരു സംശയവുമില്ല. വഖഫ് ബോർഡിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് നിയമസഭയാണ്. മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കണം. അതിലൊരു സ്ത്രീയെ തെരഞ്ഞെടുക്കുന്നതിൽ, മുസ്ലീം ആയിരിക്കണമെന്ന വ്യവസ്ഥയിൽ ഒരു വിരോധവും ഞങ്ങൾക്കാർക്കുമില്ല. ഏറ്റവുമധികം ഭക്തരുള്ളത് സ്ത്രീകളിലാണ്. നമ്മൾ എല്ലാ ക്ഷേത്രങ്ങളിലും..........ഞാൻ അല്ലല്ലോ നോമിനേറ്റ് ചെയ്യേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്നത് ഈ നിയമസഭയിൽ നിന്നാണ്. മൂന്ന് പേർ വഖഫ് ബോർഡിലേയ്ക്കും രണ്ടു പേർ ഹജ്ജ് കമ്മറ്റിയിലേക്കും എം.എൽ.എ.

മാരുടെ പ്രതിനിധികളായിട്ടാണ് പോകുന്നത്. അതിൽ സ്ത്രീകളാകണമെന്ന വ്യവസ്ഥയില്ല. എനിക്ക് വിരോധമില്ല. നിയമസഭയാണ് തീരുമാനിക്കുന്നത്. ഇപ്രാവശ്യം നിങ്ങളാണല്ലോ തീരുമാനിച്ചത്. നിങ്ങൾ പ്രതിപക്ഷത്തിന് പോലും ഒരാളെ കൊടുത്തില്ല. എൽ.ഡി.എഫ്. ഭരിച്ച സമയത്ത് ഹജ്ജ് കമ്മിറ്റിയിലേയ്ക്ക് ഒരാളെ എൽ.ഡി.എഫിൽ നിന്നും ഒരാളെ യു.ഡി.എഫിൽ നിന്നും കൊടുത്തിരുന്നു. നിങ്ങൾ ഇപ്രാവശ്യം അതും ചെയ്തില്ല. അത് ഓരോ നിയമസഭയിലും അതാത് കാലത്ത് വരുന്ന ആളുകളുടെ മനോഭാവത്തിന്റെ വിഷയമാണ്. ആ മനോഭാവമാണ് ഇവിടെ കാണിച്ചിരിക്കു ന്നത്. ഇത് ഗുരുതരമായ ഒരു തെറ്റാണ്. ഈ ഭേദഗതി പിൻവലിക്കേണ്ടതാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ തന്നെ രണ്ട് അംഗ ങ്ങളെ നോമിനേറ്റ് ചെയ്യേണ്ടത് മന്ത്രിസഭയാണെന്ന് പറയുന്നു. നേരത്തെയു ണ്ടായിരുന്ന വ്യവസ്ഥ അനുസരിച്ച് സ്ത്രീയെയും പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപ്പെട്ട ആളെയും നോമിനേറ്റ് ചെയ്യേണ്ടത് മന്ത്രിസഭയാണ്. ജനറൽ വിഭാഗത്തിലെ ആളുകളെയാണ് എം.എൽ.എ.മാരിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. സവർണ്ണരെ തെരഞ്ഞെടുക്കാനുള്ള അവകാശം മന്ത്രിസഭയെടുത്തതിന്റെ കാരണം എൻ.എസ്സ്.എസ്സും എസ്.എൻ. ഡി.പി.യും പോലുള്ള സംഘടനകൾ ആ ഭാഗത്തുള്ളതുകൊണ്ട് അവർക്കു വേണ്ട അംഗങ്ങളെ നോമിനേറ്റ് ചെയ്യാൻ വേണ്ടി മന്ത്രിസഭയ്ക്ക് അധികാരം കൊടുത്തു. എൽ.ഡി.എഫ്. സാധാരണ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ താത്പര്യങ്ങൾ നോക്കുന്നയാളാണ്. കൊടുത്തതിന് ഞങ്ങൾക്ക് വിരോധമു ണ്ടായിട്ടില്ല. ഇത് ഗുരുതരമായ ഒരു പ്രശ്നമാണ്. പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപ്പെട്ട ആളെ തെരഞ്ഞെടുക്കാൻ നിയമസഭയിൽ എം.എൽഎമാർക്ക് അധികാരം കൊടുക്കുകയും മന്ത്രിമാർ സവർണ്ണരെ തെരഞ്ഞെടുക്കുകയും

ചെയ്യുന്ന ഒരു സ്ഥിതിയാണ് നിയമനിർമ്മാണത്തിലൂടെ കൊടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതൊക്കെ ഒരു മനോഭാവത്തിന്റെ വിഷയമാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കോൺഗ്രസ്സിന്റെ നേതാവായ സരസ്വതി കുഞ്ഞികൃഷ്ണനെ ജനറൽ കോട്ടയിൽ അംഗമാക്കി പ്രസിഡന്റാക്കിയ യു.ഡി.എഫ്. ഭരണം കേരളത്തിലുണ്ടായിട്ടുണ്ട്. അത് അങ്ങ് വിസ്മരിച്ചോ?

ശ്രീ. പി.റ്റി.എ. റഹീം: അതിനൊരു കുഴപ്പവുമില്ല. ഞാൻ നേരത്തെ പറഞ്ഞല്ലോ. കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ ചെയർമാനായി ചരിത്രത്തിലാദ്യമായി കോൺഗ്രസ് മൊഹ്സീന കിദ്വായിയെ നിശ്ചയിച്ചത് ആർക്കും ഒരു പ്രശ്നമായില്ല. ആലിക്കുട്ടി മുസലിയാരും ആ യോഗത്തിൽ തന്നെയാണ് പങ്കെടുത്തത്. വലിയ പണ്ഡിതൻമാരൊക്കെ പങ്കെടുത്തത് മൊഹ്സീന കിദ്വായി അദ്ധ്യക്ഷം വഹിക്കുന്ന ആ യോഗത്തിലാണ്. അതിലാണ് ഇന്ത്യാ മഹാരാജ്യത്തിലെ എല്ലാ മുസ്ലീം മത വിഭാഗത്തിൽപ്പെട്ട മതപണ്ഡിതൻമാരെല്ലാവരും ഇരുന്നത് ഒരു വിഷയവുമവിടെ ഉണ്ടായിട്ടില്ല. എന്താണ് സ്ത്രീകൾക്കുള്ള ഒരു ഡിസ്ക്വാളിഫിക്കേഷൻ. എന്തിനാണ് ഈ വകുപ്പ് ഒഴിവാക്കിയത്. അതാണ് പറയേണ്ടത്. ശ്രീമതി ലതിക ഇവിടെ സൂചിപ്പിച്ചതുപോലെ എന്താണ് സ്ത്രീകൾക്കുള്ള ഒരു കുറവ്. ക്ഷേത്രത്തിൽ പോകുന്ന ഏറ്റവുമധികം ആളുകൾ സ്ത്രീകളാണെന്നു കാണാം.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സ്ത്രീകൾക്ക് ഒരു കുറവുമുണ്ടെന്ന് ഞങ്ങളാരും പറഞ്ഞില്ല. കുറവില്ലെന്നു മാത്രമല്ല, ഇവിടെ ശ്രീ. സി. ദിവാകരൻ പറഞ്ഞതുപോലെ ജെൻഡർ ഡിസ്ക്രിമിനേഷൻ വേണ്ട, ഞങ്ങൾക്കെല്ലാ ജെൻഡറും ഒരുപോലെയാണ്. സ്ത്രീകളെയും പുരുഷൻമാരെയും ഒരുപോലെ തന്നെ കൺസിഡർ ചെയ്യുകയും സ്ത്രീകളെ പ്രധാനമന്ത്രി

വരെയാക്കാനും പാർട്ടിയുടെ നേതാവാക്കാനും കോൺഗ്രസ് തയ്യാറായിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ പ്രസിഡന്റാക്കാൻ തയ്യാറായിട്ടുണ്ട്. ഇനിയാണെങ്കിലും ഞങ്ങൾ അത് ചെയ്യും. അതുകൊണ്ട് സ്ത്രീകളുടെ ചാമ്പ്യൻമാരാകാൻ ആരും ദേവസ്വം ബോർഡിന്റെ ചെലവിൽ തയ്യാറാകണ്ട എന്നു മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: മുന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാന് കാബിനറ്റ് റാങ്ക്. പിന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാന് അത് പാടില്ലേ? പിന്നോക്കത്തിന് ഇല്ലല്ലോ.

ശ്രീ. എ.കെ. ബാലൻ: സർ, വല്ലാത്ത പ്രാതിനിധ്യം അപ്പുറത്ത് കൊടുക്കുന്നതുകൊണ്ടാണല്ലോ നിരവധി വനിതകൾ ആ ഭാഗത്ത് കാണുന്നത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒരു സീറ്റു പോലും വനിതകൾക്ക് കൊടുക്കാത്ത പാർട്ടിയാണ് അപ്പുറത്തുള്ളതെന്ന് മനസ്സിലാക്കണം.

ഡോ. കെ.ടി. ജലീൽ: കോൺഗ്രസ് ഇന്ത്യയിൽ ഒരു വനിതയെ പ്രധാനമന്ത്രിയാക്കിയിട്ടുണ്ടെന്നുള്ളത് ശരിയാണ്. നെഹ്റുവിന് ആൺകുട്ടികളില്ലാതെ പോയതുകൊണ്ടാണ് ഇന്ദിരാഗാന്ധിക്ക് ആ സ്ഥാനം കിട്ടിയതെന്ന കാര്യം നിങ്ങൾക്കറിയില്ലേ.

ശ്രീ. ബെന്നി ബെഹനാൻ: വനിതകൾക്ക് പ്രാതിനിധ്യം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണ് നമ്മളൊക്കെ ആവേശകരമായി പറയുന്നത്. ഞാൻ ശ്രീ. ബാലനോട് ചോദിക്കുകയാണ്. കോൺഗ്രസിന്റെ എ.ഐ.സി.സി. പ്രസിഡന്റ് വനിതയായിരുന്നു. മറ്റ് പല പി.സി.സി. പ്രസിഡന്റും വനിതയായിരുന്നു. ലോക്സഭാ സ്പീക്കർ വനിതയായിരുന്നില്ലേ. കോൺഗ്രസിന്റെ പരമോന്നത സമിതിയായ വർക്കിംഗ് കമ്മിറ്റി മെമ്പർ വനിതയല്ലേ. ഞാനൊന്നു ചോദിക്കട്ടെ ഇത്രയും വനിതാ പ്രാതിനിധ്യമുള്ള...........ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

പോളിറ്റ് ബ്യൂറോയിൽ ശ്രീമതി ബൃന്ദാ കാരാട്ട്, അതെങ്ങനെ വന്നുവെന്ന് നമുക്കറിയാം. അത് മാത്രം വച്ചുകൊണ്ട് നിങ്ങളാണോ ഇന്ദിരാഗാന്ധിയുടെ പാരമ്പര്യമുള്ള ഞങ്ങളെ വനിതാ പ്രാതിനിധ്യത്തെക്കുറിച്ച് ക്ലാസെടുക്കാൻ വന്നാൽ അത് ഇവിടെ വേണ്ട. അതുകൊണ്ട് നിങ്ങളാദ്യം നിങ്ങളുടെ സമിതി കളിൽ വനിതകൾക്കുകൂടി പ്രാതിനിധ്യം കൊടുത്ത് ഒരു മാതൃക കാണി ക്കാൻ....... പോളിറ്റ്ബ്യൂറോ മെമ്പർ പോയി, ആ പോളിറ്റ്ബ്യാറോ മെമ്പറെ യൊന്ന് ഉപദേശിക്കണം.

<u>മി. സ്പീക്കർ:</u> ശ്രീ. പി.റ്റി.എ. റഹീം നിങ്ങൾ സംസാരിക്കൂ...... നോ... നോ... പ്ലീസ്...... ശ്രീ. സി. പി. മുഹമ്മദ് ഇത് ഹിന്ദുമത സ്ഥാപനങ്ങളുടെ ഭേദഗതി ബില്ലാണ്. ഇതിൽ പോളിറ്റ് ബ്യൂറോയൊന്നുമില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ഇന്ദിരാ ഗാന്ധി ഈ രാജ്യത്തിനു വേണ്ടി രാജ്യത്തിന്റെ അഖണ്ഡതയ്ക്കു വേണ്ടി രക്തസാക്ഷിയായ ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയാണ്. അവർ ഇന്ത്യയുടെ പ്രധാന മന്ത്രിയായത് ജവഹർലാൽ നെഹ്റുവിന് ആൺമക്കളില്ലാത്തതുകൊണ്ടാണെന്ന് പറഞ്ഞത് ദു:സൂചനയാണ്. മഹാത്മാഗാന്ധിയോടൊപ്പം ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ വാനര സേന രൂപീകരിച്ച് ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാ നത്തിൽ പങ്കാളിയായ ഇന്ദിരാ ഗാന്ധി പ്രധാനമന്ത്രിയായത് ജവഹർലാൽ നെഹ്റുവിന് ആൺമക്കളില്ലാത്തതിനാലാണെന്ന് ജലീലിനെപ്പോലെ ഡോക്ടറായ, അത്യാവശ്യത്തിനപ്പുറം വിദ്യാഭ്യാസ യോഗ്യതയും സംസ്ക്കാര സമ്പന്നനുമായ ഒരു രാഷ്ട്രീയ നേതാവ് പറയാൻ പാടില്ലായി രുന്നു. അത് ദു:സൂചനയാണ് അത് ഒഴിവാക്കേണ്ടതാണ്.

<u>മി. സ്പീക്കർ</u>: ഡോ. ജലീൽ ഇരിക്കൂ.. ശ്രീ. പി. റ്റി.എ. റഹീം സംസാരിക്കും.

ശ്രീ. എസ്. ശർമ്മ: സർ, ഇവിടെ നടന്ന ചർച്ചയിൽ സ്ത്രീകളോട് ഡിസ്ക്രിമിനേഷൻ വേണ്ട എന്നതുകൊണ്ടാണല്ലോ ഇങ്ങനെയൊരു സമീപനം സ്വീകരിച്ചതെന്ന് ബഹുമാനപ്പെട്ട ശ്രീ. ശിവദാസൻ നായർ പറയുകയും അതിനെതുടർന്ന് ചർച്ചയും വന്നത്. അങ്ങനെയാണെങ്കിൽ പഞ്ചായത്ത് രാജ് ആക്ടിൽ സ്ത്രീകളുടെ റിസർവേഷനെക്കുറിച്ച് പറഞ്ഞത് ഡിസ്ക്രിമിനേഷനായി കോൺഗ്രസ് പാർട്ടി കണക്കാക്കുന്നുണ്ടോ?

ശ്രീ. പി. റ്റി.എ റഹീം: സർ, മൂന്ന് അംഗങ്ങൾ മാത്രമേ സമിതിയിൽ ഉണ്ടാകാൻ പാടുള്ളൂ എന്ന നിയമം ഉണ്ടായത് നന്നായി. അല്ലെങ്കിൽ പി.എസ്. സി.യിലെ മെമ്പർ സ്ഥാനം പോലെ കൂട്ടി കൂട്ടി കൊണ്ടു പോകുമായിരുന്നു. കവനന്റിന്റെ അടിസ്ഥാനത്തിൽ മഹാരാജാവ് മൂന്നാക്കി വച്ചതുകൊണ്ട് നമ്മൾ രക്ഷപ്പെട്ടു. അല്ലെങ്കിൽ എല്ലാ ഘടക കക്ഷികൾക്കും പ്രാതിനിധ്യം കിട്ടുന്ന രൂപത്തിൽ ആകുമായിരുന്നു. ദേവസ്വം ബോർഡിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ വേണ്ടെന്നു വച്ചിരിക്കുന്നു. പി.എസ്.സി.യിൽ നിന്ന് അധികാര ങ്ങൾ എടുത്തു മാറ്റിയിരിക്കുന്നു. നേരത്തെ പി.എസ്.സി.ക്ക് ഈ അധികാര ങ്ങൾ കൊടുത്തിരുന്നു. ബോർഡിന്റെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരു ടെയും തെരഞ്ഞെടുപ്പും സർവ്വീസ് വ്യവസ്ഥകളും സംബന്ധിച്ച് ഈ ആക്ടിലോ അതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ ബൈലാകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ബോർഡിന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള ഉദ്യോഗസ്ഥരുടേയും ജീവനക്കാ രുടെയും നേരിട്ടുള്ള നിയമനം ആവശ്യമായി വരുന്ന എല്ലാ നിയമനങ്ങളും കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ ഈ അധിക ചുമതല നിർവ്വഹിക്കുന്ന തിന് വേണ്ടി ഉണ്ടാക്കപ്പെട്ട നിയമത്തിനനുസൃതമായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കി നൽകുന്ന ഹിന്ദു മത വിഭാഗത്തിൽപ്പെട്ട

വിദ്യാർത്ഥികളുടെ ഒരു സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണ്. പബ്ളിക് സർവ്വീസ് കമ്മീഷനിലെ ഹിന്ദു അംഗങ്ങൾക്ക് ഉദ്യോഗാർത്ഥികളുടെ നിയമനത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയയിലെ അഭിമുഖം നടത്തുന്ന ചുമതല നിർവ്വഹിക്കാവുന്നതുമാണ് എന്നതാണ് നേരത്തെയുണ്ടായിരുന്ന വ്യവസ്ഥ. ആ വ്യവസ്ഥ മാറ്റുവാൻ പറയുന്ന കാരണം ഒരു സെക്യുലർ സ്ഥാപനമായ പി.എസ്.സി., ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ച് ചില നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി.-ക്ക് വിട്ടിരുന്ന ഈ സംവിധാനം മാറ്റിയത് എന്നാണ് 14.02.2013-ലെ ശ്രീ. ജി. സുധാകരന്റെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി വി. എസ്. ശിവകുമാർ പറഞ്ഞത്. ഒരു സെക്യുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിൽ അനൗചിത്യമുണ്ട് എന്നാണ് പറയുന്നത്. ഈ ഒരു വികാരവും വിചാരവും കഴിഞ്ഞ നിയമസഭയിൽ ഞാനും കൂടിയുണ്ടായിരുന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയിൽ മുസ്ലീങ്ങളും മറ്റു മതസ്ഥരും ഇരിക്കുന്നതുകൊണ്ട് ഈ സ്ഥാപനങ്ങളുടെ കണക്ക് പരിശോധിക്കാൻ പാടില്ല എന്ന നിലപാട് അന്ന് ചില ആളുകൾ സ്വീകരിക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട മന്ത്രിയും ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയിലെ അംഗങ്ങളുമെല്ലാം അതിനെ വളരെ ശക്തമായി എതിർക്കുകയും ഞങ്ങൾ അതിൽ ഇടപെടുകയും ചെയ്തു എന്നുള്ളത് ഞാനിവിടെ ഓർക്കുകയാണ്. ഇങ്ങനെ പോയാൽ നമുക്കെന്തെങ്കിലും തീരുമാനിക്കാൻ സാധിക്കുമോ? ഹജ്ജ് ആക്ടും വഖഫ് ആക്ടും ഇവിടെ ഉണ്ടാക്കിയതാരാണ്? ഇന്ത്യൻ പാർലമെന്റാണുണ്ടാക്കിയത്. ഞങ്ങ

ളുടെ വഖഫിൽ പാർലമെന്റൊന്നും ഇടപെടേണ്ട എന്നു പറഞ്ഞാൽ അത് ദൂര വ്യാപകമായ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. ഹജ്ജ് ഞങ്ങളുടെ സ്വന്തം കാര്യമാണ്, അത് ഞങ്ങളുടെ മതപരമായ കർമ്മമാണ്, ഹജ്ജ് സംവിധാനങ്ങ ളിൽ വേറെ മതക്കാരൊന്നും ഇടപെടാൻ പാടില്ല എന്നു പറയുന്നത് ശരി യല്ല. ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷങ്ങളേക്കാൾ കൂടുതൽ അധികാരം കൊടു ത്തിട്ടുള്ള ഭരണഘടനയാണ് നമ്മുടെ ഭരണഘടന. ആ കാര്യം സമ്മതിച്ചേ മതിയാകൂ. പക്ഷേ അങ്ങനെ ഒരു ഭരണഘടന നമ്മുടെ നാട്ടിലുണ്ടാക്കിയതാ രാണ്? ഭൂരിപക്ഷത്തിന് ബഹുഭൂരിപക്ഷമുള്ള ഒരു ഈീശെേൗലിേ അലൈായഹ്യ ആണ് അത് ഉണ്ടാക്കിയത്. ഒരു കുഴപ്പവും നമ്മുടെ രാജ്യത്തുണ്ടായില്ല. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ...., ഞാൻ സെക്യുലറാണ്, ഹിന്ദു എന്നുള്ള നിലയിൽ ഞാൻ വോട്ട് ചെയ്യില്ല എന്ന് ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട ഒരു കോൺഗ്രസ് എം.എൽ.എ.പറഞ്ഞു. അതിന്റെയർത്ഥം ബാക്കിയുള്ള കോൺഗ്രസ് എം.എൽ.എ.- മാരും മറ്റു എം.എൽ.എ.-മാരും സെക്യുലറല്ല ന്നാണോ അർത്ഥം? വോട്ട് ചെയ്യണമെന്ന് പറഞ്ഞ് ശ്രീ. ടി. എൻ. പ്രതാപൻ ആ അംഗത്തിന് വിപ്പു നൽകി. അങ്ങനെ ഒരു വിചിത്രമായ ഒരു സംവിധാന മാണ് നമുക്കിടയിൽ നടന്നുവരുന്നത്. ഇത് ദൂരവ്യാപകമായ പ്രത്യാഘാത ങ്ങൾ ഉളവാക്കും എന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. മലബാർ ദേവസ്വം നിലവിൽ വരുന്നതിനുമുമ്പ് അവിടേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തിയി രുന്നത് പി.എസ്.സി.-യാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. എച്ച്.ആർ.&സി.ഇ. വകുപ്പിൽ ജീവനക്കാരെ നിശ്ചയിച്ചിരുന്നത് പി.എസ്.സി. മുഖേനയായിരുന്നു. എന്നാൽ സെക്യുലർ സ്ഥാപനമായ പി.എസ്.സി. ഹിന്ദു മത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം കണക്കിലെടുത്താണ് ഇത് ഒഴിവാ

ക്കുന്നതെന്നാണ് പറഞ്ഞത്. നേരത്തെ പി.എസ്.സി.-ക്കുണ്ടായിരുന്നപ്പോൾ ഒരു കുഴപ്പവുമുണ്ടായിട്ടില്ല. അങ്ങനെ പി.എസ്.സി. സെലക്ട് ചെയ്ത അവസരത്തിലും അതിന് വ്യവസ്ഥയുണ്ടായിരുന്നു, ആ വ്യവസ്ഥ പ്രകാരം ഹിന്ദുക്കളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ഇതിന് ഒറ്റ ഉദ്ദേശ്യമേ യുള്ളൂ - പിന്നോക്കക്കാരെ, അധഃസ്ഥിത വർഗ്ഗങ്ങളെ ക്ഷേത്രങ്ങളിൽ നിന്നും അതുപോലുള്ള സംവിധാനങ്ങളിൽ നിന്നും ഒഴിച്ചു നിർത്തുക എന്നുള്ള താണ്. അതിന് ഒരു ചരിത്രമുണ്ട്, നിങ്ങൾ അത് മനസ്സിലാക്കണം. ഇവിടെ ക്ഷേത്രങ്ങളിൽ പ്രവേശനമില്ലാതിരുന്ന ഒരു സമൂഹമുണ്ടായിരുന്നു. ക്ഷേത്ര ത്തിന്റെ റോഡുകളിലൂടെ വഴി നടക്കാൻ സാധിക്കാതിരുന്ന ഒരു കാലഘട്ടം, ചെരുപ്പിടാനും ഷർട്ടിടാനും ബ്ലൗസിടാനും കഴിയാതിരുന്ന ഒരു കാലഘട്ടം, മുലക്കരം കൊടുത്തിരുന്ന ഒരു കാലഘട്ടം. ഇങ്ങനെയുള്ള ഒരു കാലഘട്ട ത്തിൽ നിന്ന് നമ്മൾ ഒരുപാട് മാറിയിട്ടാണ്, അധഃസ്ഥിത വർഗ്ഗങ്ങളെ നമ്മൾ ഉന്നമനത്തിന്റെ പാതയിലേയ്ക്ക് കൊണ്ടുവന്നത്. നിങ്ങൾ വീണ്ടും അങ്ങോട്ടു തന്നെയാണ് പോകുന്നത്. അവിടെയാണ് ഈ നിയമത്തിന്റെ ഊരാക്കുടുക്കു ണ്ടാകുന്നത്. കാരണം ഈ അധഃസ്ഥിത വിഭാഗങ്ങളെ എങ്ങനെയെല്ലാം....., ആരാധന, ക്ഷേത്രം എന്നൊക്കെ പറയുന്നത് സവർണ്ണമാരുടെ ഒരു സംവിധാനമായിരുന്നു. അവിടെ കീഴാളന്മാർക്ക് പ്രവേശിക്കാൻ സാധിക്കുമായിരുന്നില്ല. കണ്ടാൽ പോലും അയിത്തമായിരുന്നു, വഴി നടക്കാൻ സാധിക്കില്ലായിരുന്നു. സ്വാമി വിവേകാനന്ദൻ പറഞ്ഞത് കേരളം ഒരു ഭ്രാന്താലയമാണെന്നാണ്. ആ ഭ്രാന്താലയത്തിൽ നിന്ന് വലിയ സമരങ്ങൾ നടത്തിയിട്ടാണ് നമ്മളെല്ലാവരും കൂടി കേരളത്തെ മുന്നോട്ട് നയിച്ചത്. ഗുരുവായൂർ ക്ഷേത്രത്തിലൊക്കെ നിരന്തരമായ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രപ്രവേശന

വിളംബരമുണ്ടായത്. അവിടെ നിന്നും വീണ്ടും അധഃസ്ഥിതന്മാരെ അകറ്റി നിർത്താനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത് എന്നുള്ളതാണ് ഗുരുതരമായ വിഷയം. ഇവിടെ സവർണ്ണന്മാർക്ക് മാത്രമേ ക്ഷേത്രകാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ, ഉദ്യോഗത്തിൽ വരാൻ പാടുള്ളൂ എന്നുള്ളതാണ് ഈ നിയമത്തിന്റെ കാതലായ ഒരു വശം. പി.എസ്.സി. വഴിയാണെങ്കിൽ ജോലി യിൽ 10% സംവരണം പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും 14% ഈഴവർക്കും കിട്ടും.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, കേരളത്തിൽ വ്യത്യസ്ത സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ജീവനക്കാരെ നിയമിക്കുന്നത് ആ സമുദായങ്ങളാണ്. തികച്ചും മതപരമായ ക്ഷേത്രങ്ങൾ, ക്രിസ്ത്യൻ-മുസ്ലീം പള്ളികളിലെല്ലാം നിയമനങ്ങൾ നടത്തുന്നത് അതുമായി ബന്ധപ്പെട്ട കമ്മിറ്റി കളാണ്. അപ്പോൾ പി.എസ്.സി. പോലുള്ള സംവിധാനത്തിൽ നിന്ന് മാറ്റി, ഹിന്ദുക്ഷേത്രങ്ങളിൽ ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്ത ഇതുമായി ബന്ധപ്പെടുത്തുന്നതിൽ അർത്ഥമില്ല. അങ്ങനെ മാറ്റുന്നതിൽ എന്താണ് തെറ്റ്? മറ്റുള്ളതുപോലെയാണോ ഇത്?

<u>ശ്രീ. പി. റ്റി. എ. റഹീം</u>: സർ, മറ്റുള്ള ഏതെങ്കിലും മതക്കാർ ഇതിൽ വേണമെന്ന് പറയുന്നില്ല. വേറെ മതക്കാർക്കൊന്നും ഇതിൽ വരാൻ പറ്റില്ല എന്ന് ഇതിൽ വളരെ വ്യക്തമായ വ്യവസ്ഥയുണ്ട്. നിയമാനുസൃതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ തയ്യാറാക്കി നൽകുന്ന ഹിന്ദുമത വിഭാ ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഒരു സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേ ണ്ടതാണ്. മുസ്ലീം മതത്തിലുള്ളവർക്ക് ഇതിൽ പോകാൻ പറ്റില്ല. ഹിന്ദുമത ക്കാർക്ക് മാത്രമേ പോകാൻ സാധിക്കുകയുള്ളൂ. പി.എസ്.സി. യിലെ ഹിന്ദു അംഗങ്ങളാണ് ഉദ്യോഗാർത്ഥികളുടെ നിയമനത്തിനുള്ള തെരഞ്ഞെടുപ്പ്

പ്രക്രിയയിലെ അഭിമുഖം നടത്തേണ്ടത് എന്ന് വളരെ വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ട്. വഖഫ് ബോർഡിൽ പരസ്യപ്പെടുത്തുന്ന സമയത്ത് എന്താണ് ചെയ്യുന്നത്? മുസ്ലീങ്ങൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. അതിലൊന്നും കുഴപ്പമില്ല. ക്ഷേത്രങ്ങളിലെ ഉദ്യോഗങ്ങളിൽ മുസ്ലീങ്ങൾക്ക് പ്രാതിനിധ്യം വേണമെന്ന് നിയമത്തിൽ പറഞ്ഞിട്ടില്ല. മലബാറിലുണ്ടായിരുന്ന നിയമത്തിലും ഇപ്പോൾ നിലവിലുണ്ടായിരുന്ന നിയമത്തിലും മുസ്ലീങ്ങൾക്കോ ക്രിസ്ത്യാനികൾക്കോ പ്രാതിനിധ്യം വേണമെന്ന് പറയുന്നില്ല, ഹിന്ദുക്കൾക്ക് മാത്രമേ അവിടെ പ്രവേശിക്കാൻ സാധിക്കുള്ളൂ. പക്ഷേ നിങ്ങൾ ഇതു കൊണ്ടുവരുന്നത് ഹിന്ദുക്കളിലുള്ള അധഃസ്ഥിതരെ മാറ്റിനിർത്താൻ വേണ്ടി യാണ്. ഇപ്പോൾ പി.എസ്.സി.-ക്ക് കൊടുത്താൽ 10% പട്ടികജാതി/പട്ടിക വർഗ്ഗക്കാരനും 14% ഈഴവർക്കും പിന്നോക്ക ഹിന്ദുവിഭാഗത്തിന് കിട്ടും. അതൊഴിവാക്കാൻ വേണ്ടി പഴയ രീതിയിലേയ്ക്ക് പോകുകയാണ്. സാമുദാ യിക സംഘടനകളുടെ സമ്മർദ്ദത്തിന്റെ ഫലമായിമുണ്ടാക്കിയിരിക്കുന്നതാണ് ഈ ഓർഡിനൻസ് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അധഃസ്ഥിതന്മാരെ ഒഴിവാക്കുക, സ്ത്രീകളെ ഒഴിവാക്കുക, പി.എസ്.സി.-യിലൂടെയെങ്കിലും അധഃസ്ഥിതൻ കേറി വരുന്നത് തടയുക, ക്ഷേത്രത്തിൽ അവരെ ആരെയും പ്രവേശിപ്പിക്കാതിരിക്കുക തുടങ്ങിയ അജണ്ടകളാണ് ഇതിന് പിന്നിലുള്ളത് എന്നുള്ളതാണ് വസ്തുത. കാലാവധി 2 വർഷ മെന്നുള്ളത് 3 വർഷമാക്കുന്നതിന് കുഴപ്പമില്ല. ഈ പറയുന്ന ഭേദഗതിക ളൊക്കെ തന്നെ വലിയ പ്രയാസങ്ങളുണ്ടാക്കുന്നതാണ്. ഹജ്ജിന്റെ കാര്യം നോക്കുന്നത് സെക്രട്ടേറിയറ്റിലെ ആഭ്യന്തര വകുപ്പാണ്. ആഭ്യന്തര വകുപ്പിൽ മുസ്ലീങ്ങളല്ലാത്ത ഉദ്യോഗസ്ഥർ ഞങ്ങളുടെ കാര്യം നോക്കണ്ട എന്നു

പറഞ്ഞാൽ എന്താകും അതിന്റെ സ്ഥിതി. ഹജ്ജിന് വേണ്ടി ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റുണ്ട്. എങ്ങനെയാണ് ഗവൺമെന്റിന്റെ കൈയിൽ ഈ അധികാരം വന്നതെന്ന് നമുക്കൊക്കെ അറിയാം. കാരണം മലബാറിൽ ഈ വ്യവസ്ഥയില്ല. തിരുവിതാംകൂർ മേഖലയിൽ ഈ ക്ഷേത്രങ്ങളൊക്കെ നടത്തി യിരുന്നത് രാജാക്കന്മാരാണ്. ഭരണം മാറിയപ്പോൾ അതിന്റെ അവകാശിക ളായി വന്നിട്ടുള്ള കേരള ഗവൺമെന്റിന് ഈ അധികാരം ലഭിച്ചുവെന്നുള്ളതാ ണ് വസ്തുത. അല്ലാതെ നേരത്തെ ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചതു പോലെ ആരെങ്കിലും ഇത് ഗവൺമെന്റിലേയ്ക്ക് കൊണ്ടുവന്നതല്ല. അന്നത്തെ ഭരണാധികാരികളുടെ കൈയിലുണ്ടായിരുന്ന ഒരു സംവിധാനം ഭര ണമാറ്റം വന്നപ്പോൾ അന്നത്തെ രാജാക്കന്മാർ ഇന്ത്യാ രാജ്യവുമായി ഒരു കവ നന്റുണ്ടാക്കിയതാണ്. ഇതൊക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ശ്രീ. സി. പി. മുഹമ്മദ് ഇപ്പോൾ ചോദിക്കുന്നതു പോലെ എന്തിനാണ് എന്നല്ല, അതൊക്കെ ഈ രാജ്യത്തിന്റെ ഭരണഘടനയുടെ ഭാഗമാണ്. ഹജ്ജ് കമ്മിറ്റി നോക്കുന്നത് സെക്രട്ടേറിയറ്റിലെ ആഭ്യന്തര വകുപ്പാണ്, അതുകൊണ്ട് മുസ്ലീ ങ്ങളല്ലാത്ത ഉദ്യോഗസ്ഥർ ഞങ്ങളുടെ കാര്യം നോക്കണ്ട എന്ന് നാളെ ഒരു വിഭാഗം പറഞ്ഞാൽ നമ്മൾ അത് അംഗീകരിക്കേണ്ടി വരില്ലേ? വഖഫിന്റെ കാര്യങ്ങൾ സെക്രട്ടേറിയറ്റിൽ പരിശോധിക്കുന്നത് റവന്യൂ വകുപ്പാണ്. റവ ന്യൂ വകുപ്പിൽ മുസ്ലീങ്ങളല്ലാത്ത ഉദ്യോഗസ്ഥരുണ്ട്. ഞങ്ങളുടെ വഖഫിന്റെ കാര്യം അവർ നോക്കണ്ട എന്നു പറഞ്ഞാലുണ്ടാകുന്ന പ്രതിസന്ധി എന്താണ്. ഇക്കാര്യം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയിൽ തന്നെ പറഞ്ഞിട്ടുണ്ട്. ശ്രീ. സി. പി. മുഹമ്മദ് അന്ന് ആ സമിതിയിൽ അംഗമായിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റിൽ അവർ ഉന്നയിച്ചിട്ടുള്ള ഒരു കാര്യം അന്നത്തെ സെക്രട്ടറി യുൾപ്പെടെ ഉന്നയിച്ചിരുന്ന ഒരു കാര്യം, ലോക്കൽ ഫണ്ട് കമ്മിറ്റി എന്നു പറ

യുന്നത് നിയമസഭയാണ്. നിയമസഭയാണ് ഗ്രാന്റ് കൊടുക്കുന്നത്. ഗവൺമെന്റിന്റെ പണമുള്ള ഏതൊരു വ്യവസ്ഥിതിയെയും പരിശോധിക്കുവാൻ സർക്കാരിന് അധികാരമുണ്ട്. ആ അധികാരം ഭരണഘടനാനുസൃതമായിട്ടുള്ളതാണ്. ആ അധികാരത്തെ ചോദ്യം ചെയ്യുന്നത്, ലോക്കൽ ഫണ്ട് ഓഡിറ്റ് കമ്മിറ്റിയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നതു പോലെയാണ് അന്യ ആളുകളുള്ള പി.എസ്.സി. ഈ സെലക്ഷൻ നടത്തണ്ട എന്നു പറയുന്നത്. ഹിന്ദു ക്ഷേത്രങ്ങളിൽ ഹിന്ദുക്കൾ മാത്രമേ ജീവനക്കാരായി ഉണ്ടാകാൻ പാടുള്ളൂ എന്നുളള കാര്യത്തിൽ യാതൊരു തർക്കവുമില്ല. അവിടെ വേറെയാരും പ്രവേശിക്കണമെന്ന് ആരും പറയുന്നില്ല. പക്ഷേ ഇതിനൊക്കെ പൊതുമാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. ആ നിശ്ചയിച്ചു വച്ച മാനദണ്ഡങ്ങളിൽ നിന്ന് പിറകോട്ട് പോകുന്നത് ഈ രാജ്യത്തെ അധഃസ്ഥിത വിഭാഗങ്ങളെ മാറ്റി നിർത്താനാണ്, സ്ത്രീകളെ മാറ്റി നിർത്താനാണ് എന്നുള്ളതുകൊണ്ടാണ് ഈ നിരാകരണ പ്രമേയം ഞാൻ അവതരിപ്പിക്കുന്നത്. തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങൾ പരിശോധിച്ച് സാമുദായിക ശക്തികളുടെ അതിപ്രസരത്തെ അതിജീവിക്കുവാൻ ത്രാണി കാണിക്കണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, 2012 നവംബർ ഒമ്പതാം തീയതിയാണ് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഈ ഓർഡിനൻസ് വിളംബരം ചെയ്തത്. അതാണിപ്പോൾ ബില്ലായി ഇവിടെ അവതരിപ്പിക്കുന്നത്. 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾക്കുള്ള ഭേദഗതിയാണിത്. ഞാൻ

നേരത്തേ സൂചിപ്പിച്ചതുപോലെ ഇത് ഭരണഘടനാവിരുദ്ധമാണ്, ഹിന്ദുമത വിശ്വാസങ്ങളെയും ആചാരങ്ങളെയും വെല്ലുവിളിക്കുന്നതാണ്. ഇതിന്റെ ഒറിജിനൽ ആക്ട്, 1950-ലെ ട്രാവൻകൂർ-കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് രൂപപ്പെട്ടതിനുശേഷം നാല് പ്രാവശ്യം (1954, 1990, 1995, 2007 എന്നീവർഷങ്ങളിൽ) ഭേദഗതി ചെയ്തു. എന്നാൽ ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്ന ഈ ഭേദഗതി മറ്റെല്ലാ ഭേദഗതികളിൽ നിന്നും വ്യത്യസ്തമാണ്. ഇതിന് ദൂരവ്യാപകമായ പ്രത്യാഘാതം കേരളത്തിലുണ്ടാകും. 14 ഭേദഗതികളാണ് ബില്ലിൽ പ്രധാനമായും പറയുന്നത്. മൂന്ന് ഭേദഗതികളുമായി ബന്ധപ്പെട്ട് മാത്രമേ ഞാൻ സംസാരിക്കുന്നുള്ളൂ. അതിൽ ഒന്ന്, ദേവസ്വം ബോർഡിലെ സ്ത്രീ സംവരണം ഒഴിവാക്കുക, രണ്ടാമത്തേത് നിയമനം പി.എസ്.സി.യിൽ നിന്ന് മാറ്റുക, മൂന്നാമത്തെ കാര്യം ദേവസ്വം ബോർഡിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അധികാരം വേണമെന്നതാണ്. ഈ മൂന്ന് കാര്യങ്ങളോടും ഭരണകക്ഷിക്കോ പ്രതിപക്ഷത്തിനോ യോജിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. 1950-മുതൽ 2007-വരെ മൂന്ന് അംഗങ്ങളാണ് ദേവസ്വം ബോർഡിൽ ഉണ്ടായിരുന്നത്. സംവരണം ഉണ്ടായിരുന്നില്ല. ഒരു പ്രത്യേക വിഭാഗത്തിന് അടക്കി ഭരിക്കാനുള്ളതായിരുന്നു ദേവസ്വം ബോർഡ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നിലൊരാൾ വനിതയായിരിക്കണമെന്നും ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടയാളായിരിക്കണമെന്നും നിബന്ധന കൊണ്ടുവന്നു. ആ രൂപത്തിലാണ് സംവരണം ഉറപ്പുവരുത്തിയത്. ഇപ്പോൾ സെക്ഷൻ 4-ൽ 4(1) എ എന്ന ഭേദഗതി വരുത്തി ഇത് മാറ്റുകയാണ്. സംവരണം കൊടുത്താൽ മാത്രമേ ആ വിഭാഗത്തിന് പ്രാതിനിധ്യം ഉണ്ടാകൂ എന്നുള്ളതുകൊ

ണ്ടാണ് സംവരണം കൊടുക്കുന്നത്. നേരത്തേ ഇവിടെ ചോദിച്ചു, വനിതകൾക്ക് മത്സരിക്കുന്നതിന് എന്താണ് പ്രശ്നമെന്ന്. വനിതകൾക്ക് സംവരണം കൊടുത്താൽ മാത്രമേ വനിതകളെ നമ്മൾ കാണൂ. പട്ടികജാതി/പട്ടികവർഗ്ഗത്തിന് സംവരണമില്ലായെന്ന് വിചാരിക്കുക, സാധാരണ നിലയിൽ ആ വിഭാഗത്തിൽ നിന്നും ആരേയും ജനറൽ സീറ്റിലേയ്ക്ക് അംഗീകരിക്കാൻ പോകുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ സംവരണം ഉറപ്പുവരുത്തിക്കഴിഞ്ഞാൽ മാത്രമാണ് ആ വിഭാഗത്തിന് സാമൂഹ്യ നീതി ലഭ്യമാകുകയെന്നുള്ളതുകൊണ്ടാണ് ആ മൂന്ന് മെമ്പർമാരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടതും ഒന്ന് വനിതയാകണമെന്നുമുള്ള കർശനമായ നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ശ്രീ. ജി. സുധാകരൻ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കൊണ്ടുവന്ന് പാസ്സാക്കിയത്. മുമ്പ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ഒരു രീതിയുണ്ടായിരുന്നു- രണ്ട് മെമ്പർമാരെ ഹിന്ദു മന്ത്രിമാർ നോമിനേറ്റ് ചെയ്യും, ഒരു മെമ്പറെ ഹിന്ദു എം.എൽ.എ.മാർ വോട്ടിംഗിലൂടെ തെരഞ്ഞെടുക്കും. എൽ.ഡി.എഫ് ഭേദഗതി കൊണ്ടുവരുന്നതുവരെ മൂന്ന് പേരും മുന്നോക്ക സമുദായത്തിൽപ്പെട്ടവരായിരുന്നു. സംവരണം പാലിക്കാറില്ലായിരുന്നു. പ്രാതിനിധ്യ സ്വഭാവം ഉറപ്പുവരുത്തി സാമൂഹ്യനീതി സംരക്ഷിക്കുന്നതിനായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചത്. ഈ ഭേദഗതി പ്രകാരം മൂന്ന് മെമ്പർമാരുടെ ഇലക്ഷൻ രീതിയിൽ മാറ്റം വരുത്തി. മന്ത്രിമാർ നോമിനേറ്റ് ചെയ്യുന്നതിൽ എസ്.സി. വിഭാഗം വേണമെന്ന് നിർബന്ധമില്ല. എം.എൽ.എ.മാർ തെരഞ്ഞെടുക്കുന്ന ഒരു മെമ്പർ എസ്.സി./എസ്.ടി. ആകണമെന്ന ഭേദഗതി കൊണ്ടുവരുന്നു. എന്താണ് ഭേദഗതിയുടെ ഉദ്ദേശ്യം? മന്ത്രിമാർ നോമിനേറ്റ് ചെയ്യുന്നതിൽ എസ്.സി/എസ്.ടി. വരാൻ പാടില്ല. അതായത് മന്ത്രിമാർക്ക് നോമിനേറ്റ് ചെയ്യാൻ പറ്റാത്ത ഒരു വിഭാഗമാണ്

എസ്.സി./എസ്.ടി. എന്നാൽ എം.എൽ.എ.മാർ തെരഞ്ഞെടുക്കുന്നത് എസ്.സി./എസ്.ടി. സമുദായത്തിൽനിന്നേ പാടുള്ളൂ. ഭരണകക്ഷിയിൽ നിന്ന് എസ്.സി./എസ്.ടി. മെമ്പർമാർ വേണ്ടായെന്നാണ് ഇതിന്റെ അർത്ഥം. അതു കൊണ്ട് ഇന്നലെ ട്രാവൻകൂർ-കൊച്ചി ദേവസ്വം ബോർഡിലേക്ക് നടന്ന തെര ഞ്ഞെടുപ്പിൽ രണ്ട് റിസർവേഷൻ മെമ്പർമാരെ എൽ.ഡി.എഫ്.ന് കിട്ടി. അത് ഇല്ലാതാക്കാനുള്ള ഒരു ശ്രമവും ഇവിടെ നടന്നു. എം.എൽ.എ.മാരിൽ വിശ്വാ സികളായ ഹിന്ദുക്കൾ എന്ന രൂപത്തിൽ ശ്രമിച്ചു, അത് പക്ഷേ നടന്നില്ല. ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാൻ പറ്റുന്ന രണ്ടുപേരിൽ ഒന്ന്, എസ്.സി./എസ്.ടി. അല്ലെങ്കിൽ ഒരു വനിത എന്ന് വച്ചിരുന്നുവെങ്കിൽ സംവ രണം ഉണ്ടാകുമായിരുന്നു. എന്തുകൊണ്ടാണത് ചെയ്യാതിരുന്നത്. എന്ത് സാമൂഹ്യ നീതിയാണ് ഇവർ ഉറപ്പുവരുത്തുന്നത്. മൂന്നിലൊന്ന് വനിത വരണ മെന്നുള്ളത് ഭരണഘടന വിഭാവനം ചെയ്തതാണ്. സെൻട്രൽ ഗവൺമെന്റിന്റെ നയവും കോൺഗ്രസ് (ഐ)യുടെ നയവും അതാണ്. എന്നാൽ ഇവിടെ അത് ബാധകമല്ല. ഓർഡിനൻസ് ഗവർണ്ണർക്ക് കൊടുത്ത സമയത്ത് ബഹുമാനപ്പെട്ട എച്ച്.ആർ. ഭരദ്വാജായിരുന്നു ഗവർണ്ണർ. അദ്ദേഹം ആദ്യം അപ്രൂവ് ചെയ്യുന്നതിന് വിസമ്മതം പ്രകടിപ്പിച്ചു. വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഓർഡിനൻസിന് പകരം ബില്ല് കൊണ്ടുവരുന്ന സമ യത്ത് ഗവൺമെന്റ് പരിശോധിക്കണമെന്നുകൂടി അദ്ദേഹം ക്വറിയിട്ടു. ബഹുമാ നപ്പെട്ട ഗവർണർക്ക് അത് വെറുതെ തോന്നിയതല്ല. അതിലെ അപാകത മന സ്സിലാക്കിയതിന്റെ ഭാഗമായാണ് ആ രൂപത്തിൽ ക്വറിയിട്ടത്. എന്നാൽ ഗവർണ്ണറുടെ ശുപാർശ പോലും അംഗീകരിച്ചില്ല. നേരത്തേ സൂചിപ്പിച്ചതു പോലെ, ലോക്കൽ സെൽഫ് ഗവൺമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ രാജ്യത്താദ്യമായി അമ്പത് ശതമാനം സ്ത്രീ സംവരണം എൽ.ഡി.എഫ്

ഗവൺമെന്റ് ഉറപ്പുവരുത്തിയത് എന്തിന് വേണ്ടിയായിരുന്നു? അതിന്റെ ഭാഗമായി കേരളത്തിൽ ............

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഞാൻ അങ്ങ് പറഞ്ഞതിന് തർക്കം പറയുകയല്ല. ഇന്നലെ മത്സരം നടന്ന സമയത്ത് പട്ടികജാതി വനിതയെ സ്ഥാനാർത്ഥിയാക്കിയിരുന്നെങ്കിൽ വനിതാ സംവരണം വരുമായിരുന്നല്ലോ; ആ ഒരു ധാർമ്മികത നിങ്ങൾ പ്രകടിപ്പിക്കാതിരുന്നത് ശരിയാണോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന് നേരത്തേ മറുപടി പറഞ്ഞതാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ ചെയ്യാത്തതെല്ലാം ഞങ്ങൾ ചെയ്ത് കാണിച്ചുതരണമെന്നാണ് ഈ പറഞ്ഞതിന്റെ അർത്ഥം. ഭരണം നിങ്ങളുടെ കയ്യിലല്ലേ; എന്തുകൊണ്ടാണ് രണ്ട് നോമിനേഷൻ നടത്തുന്ന സമയത്ത് അതിലൊന്നിൽ വനിതയെ നോമിനേറ്റ് ചെയ്യാത്തത്? അങ്ങനെ ചെയ്തതിനുശേഷമാണ് നിങ്ങൾ ഇങ്ങോട്ട് ചോദിക്കുന്നതെങ്കിൽ ഞാൻ അംഗീകരിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞത് സമ്മതിച്ചു. ഭരണകക്ഷി ചെയ്തില്ലെങ്കിലും നിങ്ങൾ ആ മാന്യത കാണിക്കേണ്ടതായിരുന്നില്ലേ? ഭരണകക്ഷി ചെയ്യാത്തത് നിങ്ങൾക്ക് ചെയ്യാമായിരുന്നല്ലോ. അങ്ങോട്ടുമിങ്ങോട്ടും കുറ്റം പറയുന്നതിനുപകരം ഒരു പട്ടികജാതി വനിതയെ സ്ഥാനാർത്ഥിയാക്കിയാൽ ജയിക്കുമായിരുന്നല്ലോ; എന്തുകൊണ്ട് നിങ്ങൾ ആ ധാർമ്മികത കാണിച്ചില്ല?

ശ്രീ. എ. കെ. ബാലൻ: വനിതകളുമായി ബന്ധപ്പെട്ട സമീപനം എന്തായിരിക്കണം എന്നതിനെ സംബന്ധിച്ച് ഞങ്ങൾ കാണിച്ചുതന്നതാണല്ലോ. കേരളത്തിൽ, കൂടുകളിലെ തത്തകളെപ്പോലെ ഉറങ്ങിക്കിടന്നിരുന്ന, സമൂഹം കാണാത്ത, പൊതുഭരണവുമായി ബന്ധപ്പെടാത്ത വനിതകളെയെല്ലാം അമ്പത് ശതമാനം സീറ്റ് കൊടുത്തുകൊണ്ട് വീടിന് പുറത്തുകൊണ്ടു വന്നത് എൽ.

ഡി.എഫ്. ആണ്. അങ്ങനെയാണ് കുറേ വനിതകളെയെങ്കിലും നമുക്ക് പൊതുരംഗത്ത് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജിനോട് ചോദിക്കുകയാണ്, നിങ്ങളുടെ കൂട്ടത്തിൽ എത്ര സ്ത്രീക ളാണുള്ളത്. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ ജയിക്കാൻ നിങ്ങൾക്ക് അനുകൂലമായ നല്ലൊരു ട്രെൻഡാണ് ഉണ്ടായിരുന്നത്. ഒരു വനി തയെയെങ്കിലും പാർലമെന്റിലേയ്ക്ക് ജയിപ്പിക്കാൻ കഴിഞ്ഞോ? ഒരു വനി തയ്ക്ക് കാസർഗോഡ് സീറ്റ് കൊടുത്തപ്പോൾ ഞാൻ മത്സരിക്കുന്നില്ലായെന്ന് പറഞ്ഞ് അവർ ഇങ്ങോട്ട് വന്നതാണ്. പിന്നീട് തിരിച്ച് അങ്ങോട്ട് പോയതിന്റെ ചരിത്രം എല്ലാവർക്കും അറിയാം. ഭക്തജനങ്ങളിലും ജനസംഖ്യയിലും ഭൂരിപക്ഷവും സ്ത്രീകളാണ്. ഇത് അവരോടുള്ള വല്ലാത്ത അവഗണനയാണ്.

മൂന്നാമത്തെ കാര്യം, പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ടുകൊണ്ട് 29 (എ) ഭേദഗതി ചെയ്യുകയാണിപ്പോൾ. ഇതുവഴി ദേവസ്വം ബോർഡിലെ ഉദ്യോഗാർത്ഥികളുടെ നേരിട്ടുള്ള നിയമനം ഇപ്പോൾ പി.എസ്.സി. യിൽ നിന്ന് മാറുകയാണ്. യഥാർത്ഥത്തിൽ ഇത് പി.എസ്.സി. ക്ക് വിടാനുള്ള കാരണം ദേവസ്വം ബോർഡിൽ നടന്ന അഴിമതിയായിരുന്നു. ഇത് കേരളത്തിൽ വലിയ വിവാദം സൃഷ്ടിച്ചതാണ്. ട്രാവൻകൂർ ദേവസ്വം ബോർഡ് ചെയർമാൻ രാമൻ നായരും എം. പി. ശ്രീകുമാറും പുനലൂർ മധുവും മെമ്പർമാരായിരിക്കുന്ന കാലഘട്ടത്തിലെ അഴിമതി ആരോപണം കേരളം കണ്ട ഏറ്റവും വലിയ അഴിമതിയായിരുന്നു. പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 2005ൽ ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷനെ നിയമിച്ചു. ഈ കമ്മീഷൻ ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമാക്കണമെന്ന് നിർദ്ദേശിച്ചു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി നിയമനം പി.എസ്.സി.ക്ക്

വിട്ടുകൂടേയെന്ന് സർക്കാരിനോട് ചോദിക്കുന്നത്. ആ ഘട്ടത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നതും ആ ദിശയിൽ ചിന്തിച്ചതും. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ നിർദ്ദേശം അംഗീകരിച്ചു. ഇതാണിപ്പോൾ ഈ ഓർഡിനൻസ് വഴി പൂർണ്ണമായും റദ്ദുചെയ്യുന്നത്. ഏകദേശം 6000 ആളുകൾ ഇപ്പോൾ ട്രാവൻകൂർ ദേവസ്വത്തിൽ ജോലി ചെയ്യുന്നുണ്ട്. കൊച്ചിൻ ദേവസ്വത്തിൽ ഏകദേശം 1000 ആളുകളുണ്ട്. 2000-നുശേഷം ഈ നിയമനങ്ങളെല്ലാം പരസ്യമായി ലേലം വിളിച്ചാണ് ഇവിടെ നടന്നത്. ഇതിലൊന്നും സംവരണം നടന്നിട്ടില്ല; സംവരണം ഉണ്ടായിരുന്നുമില്ല. ഈ ഒരു സാഹചര്യത്തിലാണ് നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന ഹൈക്കോടതി ശുപാർശ 2005ൽ വന്നത്. ജാതിയുടെയും വിശ്വാസത്തിന്റെയും മതത്തിന്റെയുമൊക്കെ പേരിൽ ഈ സ്ഥാപനങ്ങളിൽ കയറിക്കൂടുന്ന പ്രമാണിമാർ ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തിയ കൊള്ള എത്ര ഭീകരമായിരുന്നു എന്നുള്ളതിന്റെ തെളിവായിരുന്നു ബഹുമാനപ്പെട്ട ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷന്റെ നിഗമനങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ഇത് പി.എസ്.സി.-ക്ക് വിട്ടു. പി.എസ്.സി. അതിനുള്ള ചട്ടങ്ങൾ തയ്യാറാക്കി ഒഴിവ് റിപ്പോർട്ട് ചെയ്യേണ്ട ഒരു ഘട്ടത്തിലെത്തിയാൽ എല്ലാ നടപടിയും പൂർത്തീകരിക്കുമായിരുന്നു. ആ ഘട്ടത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് പോകുന്നതും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നതും. ഇപ്പോൾ ട്രാവൻകൂർ ദേവസ്വത്തിൽ ക്ലറിക്കൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ 300 ഒഴിവും ടെമ്പിൾ വേക്കൻസി, അതായത് വാച്ചർ, ഗാർഡ് വിഭാഗങ്ങളിൽ 500 ഒഴിവും അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ 70 ഒഴിവുമുണ്ട്. സമാനമായി കൊച്ചി ദേവസ്വത്തിലുമുണ്ട്. കുറഞ്ഞത് 1500 ഒഴിവുകളുണ്ട്. ഇത്

പരിപൂർണ്ണമായും വിറ്റ് കാശാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. പാലോട് രവി: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ജസ്റ്റീസ് പരിപൂർണ്ണൻ ഒരു ഏകീകൃത റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കണമെന്നാണ് അന്ന് ഹൈക്കോടതിക്ക് നിർദ്ദേശം നൽകിയത്. അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിലെ ദേവസ്വംവകുപ്പ് മന്ത്രി വളരെ ഉദ്ദേശശുദ്ധിയോടെ തന്നെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നുള്ള നിയമം 2008-ൽ കൊണ്ടുവന്നു. ഈ നിയമം പാസ്സായെങ്കിലും ആ ഗവൺമെന്റ് പോകുന്നതുവരെ അതു സംബന്ധിച്ചുള്ള ഒരു ചട്ടങ്ങവും കേരളത്തിലുണ്ടാക്കിയില്ല. മാത്രമല്ല ആ നിയമം പാസ്സായതിനുശേഷം കേരളത്തിലെ ജനങ്ങൾ കാണുന്നത് - അന്നത്തെ സാമൂഹിക സ്ഥിതിയെക്കുറിച്ചും അന്നിവിടെയുണ്ടായ വിവാദങ്ങളെക്കുറിച്ചും അങ്ങേയ്ക്ക് നന്നായിട്ടറിയാം - ഇത്തരമൊരു നിയമം പൈലറ്റ് ചെയ്ത മന്ത്രിയെ അങ്ങയുടെ പാർട്ടി ആ വകുപ്പിൽ നിന്നും മാറ്റുന്നതാണ് കണ്ടത്. എന്താണ് അതിന് കാരണം?

ശ്രീ. എ.കെ. ബാലൻ: സർ, നിങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷം എത്ര മന്ത്രിമാർ ഇപ്പോൾ മാറിയിട്ടുണ്ട്? ബഹുമാനപ്പെട്ട ജി. സുധാകരൻ അതിൽനിന്ന് മാറുന്നതിനുള്ള കാരണം അതൊന്നുമല്ല. ഞങ്ങളുടെ ഘടകകക്ഷിയായ കോൺഗ്രസ്സ് (എസ്)-ലെ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി ഒരു വകുപ്പ് കൊടുക്കണമായിരുന്നു. അതുകൊണ്ട് ആ വകുപ്പ് കൊടുത്തു. അത് സാധാരണ നിലയിൽ ചെയ്യുന്ന കാര്യമാണ്, അതിൽ എന്താണ് ഇപ്പോൾ പ്രശ്നം?

ശ്രീ. പാലോട് രവി: അദ്ദേഹത്തിനു നൽകാൻ വേറെ വകുപ്പൊന്നും ഇല്ലായിരുന്നോ?

ശ്രീ. എ.കെ. ബാലൻ: ഈ വകുപ്പ് കൊടുത്തതുകൊണ്ട് എന്താണ് പ്രശ്നം? അതുമാത്രമല്ല, ദേവസ്വവുമായും ദേവസ്ഥാനങ്ങളുമായും നല്ലൊരു ബന്ധമുള്ളതും എന്തുകൊണ്ടും അർഹതപ്പെട്ടതുമായ ഒരാളായിരുന്നു ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി.

ശ്രീ. സാജു പോൾ: സർ, ഭരണഘടനാപരമായി മുന്നോട്ടുപോകുന്നതിനെപ്പറ്റി ശ്രീ. പാലോട് രവി മുമ്പ് ഇവിടെ പറഞ്ഞു. കോൺഗ്രസ്സിന്റെ ഭരണഘടനപോലും അംഗീകരിക്കാത്തവരാണ് ഇവർ. ഇപ്പോൾ ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല 30 ദിവസക്കാലം മീനമാസത്തിലെ ചുട്ടുപൊള്ളുന്ന സൂര്യന്റെ ചൂട് സഹിച്ചുകൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്രനടത്തി. അങ്ങനെ അനന്തപുരിയിൽ വന്ന അദ്ദേഹത്തെ മണവാളൻ എന്നാണ് ശ്രീ. എ. കെ. ആന്റണി വിശേഷിപ്പിച്ചത്. ആ ചെന്നിത്തലയ്ക്ക് ഇന്നുവരെ ഒരു വകുപ്പ് കൊടുക്കാൻ കഴിഞ്ഞോ? വകുപ്പ് കൊടുക്കുന്ന കാര്യം ചർച്ച ചെയ്തെന്നോ ഇല്ലെന്നോ ഉള്ള വിവരം പോലും പുറത്തുവിടാതെ ഇവിടെ യോഗം കൂടിയിട്ട് ഡൽഹിക്ക് പോകും, ഡൽഹിയിൽ ചെന്നിട്ട് ഇവിടേയ്ക്ക് വരും. ഇങ്ങനെ മാറ്റിയും മറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്ന ആളുകളാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ ഒരു മന്ത്രിയുടെ വകുപ്പ് മാറ്റിയതിനെക്കുറിച്ച് ഇങ്ങനെ ദുരുദ്ദേശത്തോടുകൂടി പരാമർശിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഒരു മണവാളനോട് താൻ മണവാളനാണെന്നു പറഞ്ഞിട്ട് വൈകുന്നേരം ആയപ്പോൾ 'കല്യാണം

ഇന്നില്ല, സദ്യ ഇന്ന് നടത്തുന്നില്ല, മകൻ കിടന്നുറങ്ങിക്കോ' എന്നു പറയുകയാണ്. ഇത്രയും വലിയ ക്രൂരത നമ്മൾ ചെയ്തിട്ടുണ്ടോ?

ശ്രീ. പാലോട് രവി: സർ, ഞാൻ ഉൾപ്പെടെയുള്ള എം.എൽ.എ. മാരുടെ ഒരു സംഘം ത്രിപുരയിൽ ചെന്നപ്പോൾ അവിടെത്തെ ഏറ്റവും വലിയ ക്ഷേത്രത്തിൽ ഉത്സവം നടക്കുകയായിരുന്നു. ഞങ്ങൾ ആ ഉത്സവം കാണാൻ ചെന്നു. ക്ഷേത്ര ഉത്സവം നടത്തുന്നത് മണിക് സർക്കാർ എന്നുപറയുന്ന അവിടത്തെ മുഖ്യമന്ത്രിയാണ്. അദ്ദേഹം മാത്രമല്ല അവിടത്തെ മന്ത്രിമാരെല്ലാം ആ ഉത്സവപ്പറമ്പിലുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരുമെല്ലാം ചേർന്ന് ഉത്സവം നടത്തുകയാണ്. അത്രയും പ്രാധാന്യത്തോടെ കമ്മ്യൂണിസ്റ്റ് മന്ത്രിമാർ ഉത്സവം നടത്തുന്നതിന് സാക്ഷ്യം വഹിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്യുകയാണെങ്കിൽ വളരെ ഉദ്ദേശശുദ്ധിയോടുകൂടി, അഴിമതിയില്ലാതാക്കാൻ വേണ്ടി ദേവസ്വം ബോർഡിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻ വേണ്ടി തീരുമാനം എടുത്തുകൊണ്ട് ബിൽ പൈലറ്റ് ചെയ്ത ഒരു മന്ത്രിയെ അദ്ദേഹം ആ ബിൽ പാസ്സാക്കി ഒരാഴ്ച കഴിയുന്നതിനുമുമ്പ് വകുപ്പിൽ നിന്ന് മാറ്റിയത് അങ്ങയുടെ പാർട്ടിയല്ലേ?

ശ്രീ. സി. പി. മുഹമ്മദ്: സർ, ശ്രീ. സാജുപോൾ രമേശ് ചെന്നിത്തലയെ മന്ത്രിയാക്കാത്തതു സംബന്ധിച്ച് പറഞ്ഞു. അദ്ദേഹത്തിന് ഇനിയും മന്ത്രിയാകാൻ സമയമുണ്ട്, മന്ത്രിയാകേണ്ട സമയത്ത് അദ്ദേഹം ആവുകയും ചെയ്യും. 90 വയസ്സായ, വയോവൃദ്ധനായ പ്രതിപക്ഷ നേതാവിന് മരുന്ന് എടുത്തുകൊടുക്കുന്ന സുരേഷിനെപ്പോലും അദ്ദേഹത്തിന്റെ സ്റ്റാഫിൽ നിൽക്കാൻ അനുവദിക്കാതെ പീഡിപ്പിക്കുന്ന നിങ്ങളുടെ

പാർട്ടിക്കാർക്കെതിരെ, വൃദ്ധജനങ്ങളെ പീഡിപ്പിക്കുന്നതിന്റെ പേരിൽ കേസ്സെടുക്കേണ്ടേ; അത് ശ്രീ. സാജു പോൾ അംഗീകരിക്കുമോ?

ശ്രീ. എ.കെ. ബാലൻ: സർ, ശ്രീ. സാജു പോൾ പറഞ്ഞത് കെ.പി.സി.സി. പ്രസിഡന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യമാണ്, ഈ വിഷയവുമായി ബന്ധപ്പെട്ടതല്ല. പക്ഷേ, ഇന്നലെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞത് ഞാൻ ഇപ്പോൾ ഒന്നും സംസാരിക്കില്ല, എനിക്ക് കുറെ നിയന്ത്രണങ്ങളൊക്കെയുണ്ട്, പിന്നീട് പ്രതികരിച്ചുകൊള്ളാമെന്നാണ്. അത് ഇവർക്ക് നേരെയുള്ള ശക്തമായ വിരൽചൂണ്ടലാണ്. യഥാർത്ഥത്തിൽ ഇങ്ങനെ ഒരു മനുഷ്യനെ പറഞ്ഞ് പറ്റിക്കുകയെന്നുപറയുന്നത് കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ജാഥ തുടങ്ങുമ്പോൾ പറഞ്ഞത് തിരുവനന്തപുരത്തെത്തുമ്പോൾ ആഭ്യന്തരവും കിട്ടും; ഉപമുഖ്യമന്ത്രിയാവുകയും ചെയ്യും എന്നാണ്. അങ്ങനെ പറഞ്ഞതിന്റെ കാരണം ഈ ഗവൺമെന്റിന് എതിരായി ശക്തമായി പ്രതികരിക്കുകയോ സംസാരിക്കുകയോ ചെയ്യരുത് എന്നതാണ്. ആദ്യം ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് ശക്തമായി ഈ ഗവൺമെന്റിനെതിരെ പ്രതികരിച്ചു. അതില്ലാതാക്കാൻ വേണ്ടിയാണ് ഈ പണി ചെയ്തത്. തിരുവനന്തപുരത്ത് വന്നപ്പോൾ അദ്ദേഹത്തിന് എന്തെങ്കിലും കൊടുത്തോ? എന്തൊരു പറ്റിക്കലാണിത്. ഞങ്ങളുടെ മന്ത്രിമാർ പൂജയ്ക്ക് പോകുന്നു, മറ്റ് ദേവസ്ഥലങ്ങളിലേയ്ക്ക് പോകുന്നു, അതെല്ലാം നടത്തിക്കൊടുക്കുന്നു. പണ്ട് അങ്ങനെയല്ല പറഞ്ഞുകൊണ്ടിരുന്നത്. ഞങ്ങൾ ഈയടുത്ത കാലത്ത് ചൈനയിൽ പോയി. ചൈനയിൽ പോകുന്ന സമയത്ത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി എന്നോട് പറഞ്ഞത് ചൈനയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പള്ളികൾ അനുവദിക്കില്ല, നിസ്കരിക്കാൻ സമ്മതിക്കില്ല, യാതൊരു മതാചാരങ്ങളും

അനുവദിക്കില്ല എന്നാണ്. ആ സംഘത്തിൽ ശ്രീ. റ്റി.എ. അഹമ്മദ് കബീറും ഉണ്ടായിരുന്നു. ഇവർ അവിടെ പോയി സുബഹി, ളുഹർ, അസർ, മഗരിബ്, ഇഷാഅ് - അഞ്ച് നേരവും നിസ്ക്കരിച്ചു. അവിടെ ലോകത്തിലെ എല്ലാ ഭാഷയിലും ഖുറാൻ ട്രാൻസ്ലേഷൻ ചെയ്യുന്നു ഖുറാൻ വില്ലേജുണ്ട്. ഹലാലായതുമാത്രം അറുക്കാൻ സമ്മതിച്ചു. പന്നിയെയൊന്നും അറുക്കാൻ സമ്മതിക്കില്ല. റസൂലിന്റെ കോണ്ടമ്പററിയായ സെയ്ദ് ഇബ്നു അബൂബക്കറിനെ സംസ്ക്കരിച്ച പള്ളിയിൽ പോയി ഇവർ നിസ്ക്കരിച്ചു. അപ്പോൾ എങ്ങനെയുണ്ട്; ഇവിടെ മത സ്വാതന്ത്ര്യമുണ്ടോ എന്ന് ഞാൻ ചോദിച്ചു. ഇതുപോലെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയെങ്കിൽ ലീഗ് പിരിച്ച് വിടുന്നതാണ് നല്ലത് എന്നാണ് എന്നോട് ചൈനയിൽ വച്ച് ശ്രീ. അബ്ദുറഹി മാൻ രണ്ടത്താണി പറഞ്ഞത്. ഞങ്ങളെപ്പറ്റി ഒരു കാലഘട്ടത്തിൽ ഇവരെ വിശ്വസിക്കാൻ കഴിയില്ല, ഇവർ പള്ളിക്ക് എതിരാണ്, ഇസ്ലാമിന് എതിരാണ് എന്നൊക്കെ പറഞ്ഞുനടന്ന ആൾക്കാരാണ് ഇവർ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ബഹുമാനപ്പെട്ട മെമ്പർ ചൈന യിലെ മത വിശ്വാസത്തെക്കുറിച്ച് പറഞ്ഞു. അദ്ദേഹവും ഞാനും ഒന്നിച്ചാണ് ചൈനയിൽ പോയത്. ചൈനയിലെ ആരാധനാലയങ്ങളെല്ലാം അടഞ്ഞ് കിട ക്കുകയായിരുന്നു. ബീജിംഗ് ഒളിമ്പിക്സിന്റെ ഘട്ടത്തിൽ ലോകരാഷ്ട്രങ്ങൾ ഇടപെട്ട് അതത് രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കായികമേളയിൽ പങ്കെടുക്കണമെങ്കിൽ ആരാധനാ സ്വാതന്ത്ര്യം കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും അതിനുശേഷം ചൈനയിൽ അടച്ചിട്ടിരുന്ന മുഴുവൻ മസ്ജിദുകളും ദേവാലയങ്ങളും തുറക്കുകയും ചെയ്തു. ക്രിസ്ത്യൻ ചർച്ച് തുറന്നപ്പോൾ ഒരു നിയന്ത്രണം ഏർപ്പെടുത്തി. അവിടെ മാർപ്പാപ്പയെ ഒരി ക്കലും അംഗീകരിക്കില്ല. വത്തിക്കാനിലെ മാർപ്പാപ്പ വേണ്ട, ചൈനയ്ക്കു

വേണ്ടി പ്രത്യേകം മാർപ്പാപ്പ വേണമെന്ന് തീരുമാനിച്ചു. അതുപോലെതന്നെ ബുദ്ധമതക്കാരുടെ ക്ഷേത്രത്തിൽ കടക്കുന്നതിന് പ്രത്യേക ടോൾ ഏർപ്പെടുത്തി. മുസ്ലീം ദേവാലയത്തിന്റെ കാര്യത്തിൽ ടോൾ ഏർപ്പെടുത്തിയിട്ടില്ല. വിശ്വാസികളുടെ മനസ്സിൽ നിന്ന് ഒരിക്കലും ദൈവവിശ്വാസം നഷ്ടപ്പെടാത്തതുകൊണ്ട് ഒളിമ്പിക്സിന്റെ ഭാഗമായി തുറന്നുകൊടുത്ത ആരാധനാലയങ്ങൾ പിന്നീട് അടച്ച് പൂട്ടാൻ കഴിയാത്ത വിധം ഇന്നവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി അകപ്പെട്ടിരിക്കുന്നു. ഇതാണ് ചൈനയുടെ ഇപ്പോഴത്തെ മുഖമെന്നുള്ളത് അങ്ങ് മറക്കരുത്.

<u>ശ്രീ. എ.കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട അങ്ങ് ചൈനയിൽ പോയശേഷം ചന്ദ്രികയിൽ ഒരു ലേഖന പരമ്പര എഴുതിയിട്ടുണ്ട്. അത് ഇപ്പറഞ്ഞതിന് കടകവിരുദ്ധമാണ്. എങ്കിൽ ഇത് അന്ന് പറഞ്ഞുകൂടായിരുന്നോ? ഇപ്പോൾ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി വീണിടത്ത് കിടന്ന് ഉരുളുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുപറഞ്ഞാൽ ജനാധിപത്യ പാർട്ടിയല്ല, ഇത് ദൈവങ്ങളെ ഇല്ലാതാക്കും, പള്ളികളെല്ലാം തച്ചുടയ്ക്കുമെന്നെല്ലാം ആദ്യം പറഞ്ഞുകൊണ്ടിരുന്നവർ ഇപ്പോൾ വേറൊരു റിക്കാർഡ് ഉണ്ടാക്കുകയാണ്. എന്നാൽ ഇക്കാര്യം താങ്കളുടെ ആ ലേഖനത്തിനകത്ത് പറഞ്ഞുകൂടായിരുന്നോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി കമ്മ്യൂണിസ്റ്റ് വിരോധം വച്ച് പറഞ്ഞതാണെന്ന് വ്യക്തമാണ്. അദ്ദേഹം കാര്യം മനസ്സിലാക്കാതെയാണ് ഇത് പറഞ്ഞത്. ചൈനീസ് മാർപ്പാപ്പയെക്കുറിച്ച് എനിക്ക് അറിയില്ല. ലോകത്തിലെ ക്രിസ്ത്യാനികളെല്ലാം മാർപ്പാപ്പയെ അംഗീകരിക്കണമെന്ന് അങ്ങ് വാദിക്കുകയാണെങ്കിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് 400 വർഷങ്ങൾക്കുമുമ്പ് ഇംഗ്ലണ്ടിൽ പോപ്പിനെ തള്ളിക്കളഞ്ഞ

കാര്യമാണ്. ഇന്ന് അവിടെ പോപ്പില്ല, ചർച്ച് ഓഫ് ഇംഗ്ലണ്ടാണുള്ളത്. ഇംഗ്ലണ്ടിൽ രാജാവിന് വിവാഹം കഴിക്കണമെങ്കിൽ പോപ്പിന്റെ അംഗീകാരം വേണം. അന്ന് രാജാവിന് ഇഷ്ടപ്പെട്ട ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ പോപ്പ് സമ്മതിച്ചില്ല. രാജാവിനെതിരെ നടപടിയെടുത്തപ്പോൾ ഇംഗ്ലണ്ടിലെ മുഴുവൻ സഭകളെയും ചർച്ച് ഓഫ് ഇംഗ്ലണ്ടാക്കി. അവിടെയുള്ള കത്തോലിക്കാ വിശ്വാസികളെ കൊലപ്പെടുത്തുകയും പുരോഹിതന്മാർ നാടുവിടുകയും ചെയ്തു. ആ സംഭവമാണ് ടി. എസ്. എലിയട്ടിന്റെ പ്രശസ്തമായ 'മർഡർ ഇൻ ദ കത്തീഡ്രൽ' എന്ന നാടകം. കത്തോലിക്കാ പുരോഹിതരെ പള്ളിയിൽ കയറിച്ചെന്ന് കൊന്നു. ഇന്നും ഇംഗ്ലിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടാണുള്ളത്. മാർപ്പാപ്പയെ അവർ അംഗീകരിക്കുന്നില്ല. ഇതെല്ലാം ചരിത്രപരമായ കാര്യങ്ങളാണ്. അത് തെറ്റാണെന്നാണ് ശ്രീ.പി.സി. ജോർജ്ജ് പറയുന്നത്. ഇതെല്ലാം തെറ്റാകുന്നത് എങ്ങനെയാണ്? അവിടെ മാർപ്പാപ്പയെ അംഗീകരിക്കുന്നുണ്ടോ?

<u>ശ്രീ. പി.സി. ജോർജ്ജ്</u>: സർ, രാജാവിന് കല്യാണം കഴിക്കാൻ മാർപ്പാപ്പയുടെ അനുവാദം വേണ്ട. ഒരു വിവാഹം കഴിച്ച രാജാവ് ആ ഭാര്യയെ ഉപേക്ഷിച്ചശേഷം വേറൊരു ഭാര്യയെ സ്വീകരിക്കുന്നത് മാർപ്പാപ്പ അംഗീകരിച്ചില്ല. അതിൽ പ്രതിഷേധിച്ച് അദ്ദേഹം അവിടെയുള്ള കത്തോലിക്കക്കാരെ പ്രൊട്ടസ്റ്റന്റാക്കി. ഇതിൽ ആർക്കാണ് തർക്കം? അല്ലാതെ, കല്യാണം കഴിക്കാൻ അനുവദിച്ചില്ല എന്നിവിടെ പറയരുത്.

<u>മി. ചെയർമാൻ</u>: ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ വിഷയത്തിൽനിന്ന് വിട്ടുപോയിക്കഴിഞ്ഞു. ദയവായി വിഷയത്തിലേക്ക് തിരിച്ചുവരണം.

ശ്രീ. ജി. സുധാകരൻ: യൂറോപ്പിലെ സകല ക്രൈസ്തവ രാജ്യങ്ങളിലും രാജാവിന്റെ വ്യക്തിപരമായ എല്ലാ കാര്യങ്ങളിലും മാർപ്പാപ്പയുടെ അംഗീകാരം വേണം. അല്ലെന്ന് നിങ്ങൾക്ക് തെളിയിക്കാമോ? ഇക്കാര്യത്തിൽ ഞാൻ ചലഞ്ച് ചെയ്യുകയാണ്. രണ്ടാമത് കല്യാണം കഴിച്ചത് ഒരു ഇഷ്യുവായിരിക്കാം. എന്റെ വാദം അതല്ല, അവിടെ ചർച്ച് ഓഫ് ഇംഗ്ലണ്ടാണ്, മാർപ്പാപ്പയെ അംഗീകരിക്കുന്നില്ല. അങ്ങനെയാണെങ്കിൽ ഇവിടെ ചൈനയിലെ പ്രശ്നം എന്തിനാണ് ഉന്നയിക്കുന്നത്? ചൈനയ്ക്ക് അവരുടെതായ ഒരു വ്യവസ്ഥയുണ്ടാക്കാൻ. അധികാരമില്ലേ?

ശ്രീ. എ.കെ. ബാലൻ: വിവിധ ചിന്താഗതികൾ മതത്തിൽ ഉണ്ടായിരുന്നു എന്നതിന്റെ തെളിവ് ഇവിടെ ഹാജരാക്കേണ്ട കാര്യമില്ല. അതിന്റെ ഭാഗമായി നടന്ന യുദ്ധങ്ങളും കൊലകളും ഏത് മതത്തിലാണ് ഇല്ലാതിരുന്നത്? ക്രിസ്ത്യൻ മതത്തിലും ഇസ്ലാം മതത്തിലും ഹിന്ദുമതത്തിലും ഇതെല്ലാം ഉണ്ടായിരുന്നില്ലേ? ഏകീകരിച്ച രൂപം ഒന്നിനും ഉണ്ടായിരുന്നില്ല. ഇതെല്ലാം ഓരോരോ രൂപത്തിലുള്ള വ്യാഖ്യാനങ്ങൾ മാത്രമാണ്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇപ്പോൾ ദേവസ്വം ബോർഡിൽ കുറച്ച് വേക്കൻസികൾ വരുന്നുണ്ട്. അത് തട്ടിപ്പറിച്ചെടുത്ത് കോടിക്കണക്കിന് രൂപയുടെ അഴിമതിക്കായി ചില ഏജന്റുമാർ ഇറങ്ങിയിരിക്കുകയാണ്. അതിനുമാത്രമേ ഇത് സഹായകമാകൂ. ആയതിനാൽ അവിടത്തെ നിയമനങ്ങൾ പി.എസ്.സി.ക്ക് തന്നെ വിട്ടുകൊടുത്താൽ മാത്രമേ സംവരണ തത്വങ്ങൾ പാലിക്കാനും സാമൂഹ്യ നീതി ഉറപ്പ് വരുത്താനും സാധിക്കുകയുള്ളൂ. തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാർ പുറത്ത് നിൽക്കുകയാണ്. ആയതിനാൽ പി.എസ്.സി.യെത്തന്നെ റിക്രൂട്ടിംഗ് ഏജന്റായി സ്വീകരിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ട്രാൻകൂർ കൊച്ചി ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷണൽ ആക്ടിലെ

35-ാം വകുപ്പിന്റെ ഭേദഗതിയാണ് ഞാനിവിടെ ക്രമപ്രശ്നമായി കൊണ്ടുവന്നത്. ഇപ്പോൾ ചെയ്യുന്നത്, "The Board may, with the prior approval of the Government, make rules". റൂൾസ് ഉണ്ടാക്കാനുള്ള അധികാരം ഇപ്പോൾ യഥാർത്ഥത്തിൽ ഗവൺമെന്റ് കവർന്നെടുക്കുകയാണ്.

ശ്രീ. പാലോട് രവി. സർ, പോയിന്റ് ഓഫ് ഓർഡർ.. ഈ ക്രമപ്രശ്നത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയതാണ്. ആയതിനാൽ അത് വീണ്ടും ഉന്നയിക്കാൻ ഒരിക്കലും പാടില്ല. ഇത് ഓർഡറിലല്ല.

ശ്രീ. എ.കെ. ബാലൻ: ഇവിടെ പറയുന്നതെന്താണെന്ന് ആദ്യം മനസ്സിലാക്കണം. ഇവിടെ ഞാൻ എട്ടാമത്തെ ക്ലോസിനെക്കുറിച്ചാണ് പറയുന്നത്. അതിനെക്കുറിച്ച് എനിക്ക് പറഞ്ഞുകൂടേ?

മി. ചെയർമാൻ: അതിനെക്കുറിച്ച് പറയാം.

ശ്രീ. എ.കെ. ബാലൻ: എട്ടാം ക്ലോസിൽ മുപ്പത്തിയഞ്ചാം വകുപ്പിന്റെ ഭേദഗതി എന്താണ്? പ്രധാന ആക്ടിലെ 35-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പിൽ "ബോർഡിന് ചട്ടങ്ങളുണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം "ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കണമെന്നതിനോടാണ് ഞാൻ വിയോജിക്കുന്നത്. 35-ാം വകുപ്പിന് ഇവിടെ ഭേദഗതി വരുത്തിക്കഴിഞ്ഞാൽ ദേവസ്വം ബോർഡിന്റെ ദൈനംദിന നടപടിയിലും ആചാരങ്ങളിലും ഗവൺമെന്റ് ഇടപെടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തും. ഗവൺമെന്റിനെ ഇതിൽ ഇടപെടുത്താൻ പാടില്ല. ചട്ടങ്ങൾ

അവരുണ്ടാക്കട്ടെ. നമ്മളാണോ ഇവിടെ ചട്ടങ്ങളുണ്ടാക്കേണ്ടത്? ഇതുവരെ അവരല്ലേ ചട്ടങ്ങളുണ്ടാക്കിയത്? അത് ഗസറ്റിൽ പ്രഖ്യാപിക്കുമ്പോൾ. ആർക്കെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പറയാം.

ശ്രീ. പാലോട് രവി: സർ, നിയമസഭയിൽ ഇതേ പോയിന്റ് തന്നെയാണ് അങ്ങ് ക്രമപ്രശ്നമായി ഉന്നയിച്ചത്. അങ്ങ് സ്പീക്കറുടെ റൂളിംഗിനുശേഷം വോട്ടിംഗും ആവശ്യപ്പെട്ടു. സ്പീക്കർ റൂളിംഗ് നൽകിയ കാര്യം വീണ്ടും സഭ യിൽ ഉന്നയിക്കുന്നത് ശരിയാണോ?

ശ്രീ. എ.കെ. ബാലൻ: ഞാൻ ഇവിടെ ഭേദഗതിയുമായി ബന്ധപ്പെട്ടു കൊണ്ടാണ് സംസാരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഇവിടെ സംസാരിക്കുന്ന ഒരാൾക്കും 35-ാം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഭേദഗതി നൽകാൻ സാധിക്കില്ലല്ലോ.

മി. ചെയർമാൻ: അത് ചെയ്യാവുന്നതാണ്. ശ്രീ. പാലോട് രവിയുടെ പോയിന്റ് ഓഫ് ഓർഡർ ഇവിടെ ഓർഡറിലല്ല. സ്പീക്കറുടെ റൂളിംഗിനെ ഖണ്ഡിക്കാൻ പാടില്ല എന്നുള്ളതേയുള്ളൂ.

ശ്രീ. എ.കെ. ബാലൻ: ഇവിടെ റൂളിംഗിനെ ഖണ്ഡിക്കുന്ന കാര്യത്തി ലേക്കല്ല ഞാൻ കടക്കുന്നത്. എട്ടാം ക്ലോസ് ഇവിടെ നടപ്പിലാക്കിയാൽ ഉണ്ടാ കുന്ന പ്രശ്നം, ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ ഗവൺമെന്റ് ഇടപെടാൻ പോകുക യാണ്. ഈ ഗവൺമെന്റ് പോയി വേറൊരു ഗവൺമെന്റ് അധികാരത്തിൽ വന്നാലും ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ അവർ ഇടപെടും. ഇത് ഒരു രൂപ ത്തിലും അംഗീകരിക്കാൻ സാധിക്കില്ല. ദേവസ്വത്തിന്റെ ചട്ടം എന്നുപറയു ന്നത് എന്താണ്? ഉദാഹരണത്തിന് ശബരിമല, വൈക്കം, ഏറ്റുമാനൂർ, ചെട്ടി

ക്കുളങ്ങര, ചെങ്ങന്നൂർ, തിരുവല്ലം, തുടങ്ങിയ പ്രസിദ്ധമായ 1252-ഓളം ക്ഷേത്രങ്ങളുണ്ട്.

മി. ചെയർമാൻ: അങ്ങ് പ്രസംഗം ചുരുക്കണം. നമ്മൾ ഒരു ധാരണയിലാണ് പോകുന്നത്. സമയം ഒരുപാടായി. പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. എ.കെ. ബാലൻ: സർ, ഇപ്പോൾ തിരുവല്ലം പരശുരാമ ക്ഷേത്രത്തിൽ ഭക്തർ പോകുന്നത് ബലിയിടാനാണ്. ഇതൊരു പ്രത്യേക ചടങ്ങാണ്. ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതുപോലുള്ള ചട്ടങ്ങൾ എല്ലാ ക്ഷേത്രത്തിലും ഉണ്ട്. ബിംബപ്രതിഷ്ഠ, പൂജാ കർമ്മങ്ങൾ, പ്രസാദ നിർമ്മാണം, അതിന്റെ വിതരണം എന്നിവ സംബന്ധിച്ച് ദേവസ്വം ബോർഡ് യോഗം ചേർന്ന് ചട്ടങ്ങളുണ്ടാക്കി അത് പ്രസിദ്ധപ്പെടുത്തിയശേഷമാണ് ഇതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ നിലവിൽ വരുന്നത്. ചട്ടങ്ങളെല്ലാം ഗവൺമെന്റിന്റെ അംഗീകാര ത്തോടുകൂടിയായിരിക്കണമെന്ന് പറഞ്ഞാൽ എന്താണ് അർത്ഥം? അത് ഹിന്ദു ആചാരത്തിനും വിശ്വാസത്തിനും എതിരായിട്ടുള്ള കടന്ന് കയറ്റമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ അമ്പലപ്പുഴ പാൽപ്പായസം, കൊട്ടാരക്കര ഉണ്ണിയപ്പം, ശബരിമല അരവണ. ഇതൊക്കെ എങ്ങനെ ഉണ്ടാക്കണം, എങ്ങനെ പൂജ നടത്തണം എന്നതിനെ സംബന്ധിച്ച് ഓരോ ചട്ടമുണ്ട്. ഈ ഗവൺമെന്റായാലും നാളെ മറ്റൊരു ഗവൺമെന്റ് വന്നാലും ഇത്തരം ചട്ടങ്ങളിൽ ഇടപെടാനുള്ള അവകാശമുണ്ടോ? അതൊക്കെ ദേവസ്വം ബോർഡിന് വിട്ടുകൊടുക്കേണ്ട കാര്യമല്ലേ? എങ്ങനെ യാണ് ഉണ്ണിയപ്പം ഉണ്ടാക്കേണ്ടത്; എങ്ങനെയാണ് ക്ഷേത്രത്തിൽ ആരാധന

നടത്തേണ്ടത് എന്നതിനെ സംബന്ധിച്ചുള്ള ചട്ടമുണ്ടാക്കേണ്ടത് ദേവസ്വമല്ലേ? അതിനുപകരം ഗവൺമെന്റ് ചട്ടമുണ്ടാക്കിയാൽ പറ്റുമോ? അഡ്മിനിസ്ട്രേറ്റീവ് വിഭാഗവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചട്ടമെന്നാണെങ്കിൽ for the time being അത് അംഗീകരിക്കാം. ഇന്നലെവരെ ദേവസ്വം ബോർഡ് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കൊക്കെ പ്രയർ അപ്രൂവൽ ഓഫ് ദ ഗവൺമെന്റ് എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അപ്പോൾ ഇതിന്റെ പ്രത്യാഘാതം വളരെ ഗുരുതരമായിരിക്കും. ഇങ്ങനെ പറയാനുള്ള കാരണമെന്താണെന്ന് വച്ചാൽ ഒരു പ്രത്യേക ന്യൂനപക്ഷത്തെ കേന്ദ്രീകരിച്ചുകൊണ്ട് അവരുടേതാണ് ഭരണമെന്നും അവർക്കാണ് പ്രാമാണിത്വവുമെന്നുള്ള തെറ്റായൊരു ധാരണ നാട്ടിലാകെ പരക്കുന്നുണ്ട്. അങ്ങനെ പറയുന്ന ശക്തികൾക്ക് ഇതൊരായുധമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് പുറത്തുപോയാൽ നമ്മുടെ കേരളത്തിലെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളും അവരോടൊപ്പം നിൽക്കുന്നവരും അമ്പലത്തിന്റെ ആചാരത്തിൽ ഗവൺമെന്റ് ഇടപെടാൻ തീരുമാനിച്ചിരിക്കുന്നു; ആ ഗവൺമെന്റിന് മുൻതൂക്കമുള്ളൊരു പ്രത്യേക വിഭാഗത്തിനാണ് എന്ന അവരുടെ ആദ്യത്തെ വാദത്തെ സബ്സ്റ്റാൻഷിയേറ്റ് ചെയ്യുകയും അത് അനാവശ്യമായിട്ടുള്ള വിവാദമുണ്ടാക്കുക വഴി ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. 1950 മുതൽ ഈ നിയമം നിലനിൽക്കുകയും പലരും ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ദേവസ്വം വകുപ്പ് കൈകാര്യം ചെയ്ത നമ്മെക്കാൾ കഴിവുള്ള പല മന്ത്രിമാരും ഇവിടെയുണ്ടായിരുന്നല്ലോ; അതുകൊണ്ട് ഇത്തരമൊരു ഭേദഗതി അനാവശ്യമായ വിവാദങ്ങൾക്ക് വഴിതെളിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ ദേവസ്വം ചട്ടങ്ങളിൽ ഗവൺമെന്റ് ഇടപെടേണ്ട കാര്യമുണ്ടോ? അത്

ഒഴിവാക്കുന്നതാണ് നല്ലത്. ഞങ്ങളൊക്കെ വൈരുദ്ധ്യാത്മക ഭൗതിക വാദത്തിൽ വിശ്വസിക്കുന്ന, ദർശനത്തിൽ വിശ്വസിക്കുന്ന ആളുകളാണ്. അതുകൊണ്ടുതന്നെ അമ്പലങ്ങളുടെ ചട്ടങ്ങളിൽ ഇടപെടാനുള്ള എന്ത് അധികാരമാണുള്ളത്; അമ്പലവുമായി ബന്ധപ്പെട്ടുള്ള ദൈനംദിന കൃത്യങ്ങളിൽ ഇടപെടാൻ ഞങ്ങൾക്ക് എന്ത് അധികാരമാണുള്ളത്? അതുകൊണ്ട് ബഹുമാനപ്പെട്ട ചെയർ നിർബന്ധമായും റൂളിംഗ് കൊടുക്കണം. ചുരുങ്ങിയത് ഇതെങ്കിലും പുന:പരിശോധിക്കണം. അത് ബഹുമാനപ്പെട്ട ചെയറിന്റെ ഏറ്റവും വലിയൊരു ക്രെഡിറ്റായിരിക്കും. ഈ കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ കേരളത്തിലെ ദേവസ്വങ്ങളുടെ കാര്യങ്ങളെപ്പറ്റിയാണല്ലോ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് കേരളത്തിനുള്ളിൽ നിന്നുകൊണ്ട് പ്രസംഗിക്കാനാണ് ആഗ്രഹിക്കുന്നത്. ചൈനയിലേക്കോ ഇംഗ്ലണ്ടിലേക്കോ പോകുന്നില്ല. വളരെ ചുരുങ്ങിയ സമയംകൊണ്ട് കാര്യങ്ങൾ പ്രതിപാദിക്കാം. ദേവസ്വം ബോർഡിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ 1950-ലെ ട്രാവൻകൂർ കൊച്ചി ആക്ട് അനുസരിച്ചാണ് തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ദേവസ്വം ബോർഡുകളുടെ നിയമങ്ങളിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വരുത്തിയ മാറ്റങ്ങളനുസരിച്ച് പുറപ്പെടുവിച്ച ഓർഡിനൻസുകളാണ് ഇപ്പോൾ നിയമമാക്കാൻ വേണ്ടി ചർച്ച ചെയ്യുന്നത്. ഇവിടെ പ്രസംഗിച്ച ശ്രീ. പി.ടി.എ. റഹീം, ശ്രീ. എ. കെ. ബാലൻ എന്നിവർ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം തിരുവിതാംകൂർ-കൊച്ചി ദേവ

സ്വം ബോർഡുകളിൽ എം.എൽ.എ.മാരാൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്, ജനറൽ കാറ്റഗറിയിൽപ്പെട്ടവരെ മന്ത്രിമാർ തെരഞ്ഞെടുക്കുകയോ നോമിനേറ്റ് ചെയ്യുകയോ ചെയ്യുന്നുവെന്നും എം.എൽ.എ.-മാർ തെരഞ്ഞെടുക്കുന്നതുമാത്രം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്നും അതിലൂടെ അവരുടെ ഗ്രേഡ് കുറച്ചുകാണിക്കുകയാണ് ചെയ്യുന്നത് എന്നുള്ള നിലയിൽ സംസാരിച്ചു. എം.എൽ.മാർ മോശക്കാരാണോ; എം.എൽ.എ.മാരിൽ നിന്നാണ് മന്ത്രിമാരെ തെരഞ്ഞെടുക്കുന്നത്. എം.എൽ.എ. അല്ലാത്തവർക്ക് മന്ത്രിയാകാൻ കഴിഞ്ഞാൽ ആറ് മാസത്തിൽക്കൂടുതൽ ഇരിക്കാൻ കഴിയില്ല. അതുകൊണ്ട് എം.എൽ.എ.മാരാൽ തെരഞ്ഞെടുക്കപ്പെടുന്ന മന്ത്രിമാർ, ആ മന്ത്രിമാർ നോമിനേറ്റ് ചെയ്യുമ്പോൾ എം.എൽ.എ.മാർ തന്നെയാണ് ഡയറക്ടായി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ആ അംഗങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ അത് അവർക്ക് നൽകുന്ന ഒരംഗീകാരമായി കണക്കാക്കണ്ടേ; അതിൽ നിന്നും വേറിട്ടൊരു വിഷയമുണ്ടാകുന്നത് ശരിയായ ചിത്രമായിരിക്കില്ല ജനങ്ങൾക്ക് കൊടുക്കുന്നത്. മാത്രമല്ല, ദേവസ്വം ബോർഡുകളുടെ കാര്യം പറയുമ്പോൾ തിരുവിതാംകൂറും കൊച്ചിയും മലബാറും ഉൾപ്പെട്ട കേരള സംസ്ഥാനമാണ് 1956 നവംബർ മാസം ഒന്നാം തീയതി നിലവിൽ വരുന്നത്. അങ്ങനെ നിലവിൽവന്ന് ഇത്രയേറെ വർഷങ്ങൾക്കുശേഷവും ദേവസ്വം ബോർഡുകൾ മാത്രം ഇപ്പോഴും തിരുവിതാംകൂർ- കൊച്ചി- മലബാർ എന്നിങ്ങനെ വേർതിരിക്കേണ്ട കാര്യമുണ്ടോ? കവനന്റിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു; ശരിയാണ്. കവനന്റ് ട്രാവൻകൂർ കൊച്ചി ഏരിയയ്ക്കാണ് ബാധകമായിട്ടുള്ളത്. പക്ഷേ, 1956-ൽ കേരള സംസ്ഥാനം നിലവിൽ വന്നതിനുശേഷം എത്രയെത്ര മാറ്റങ്ങൾ ഇവിടെയുണ്ടായി. ഈ നിയമസഭയ്ക്കുള്ളിൽതന്നെ എന്തെല്ലാം മാറ്റങ്ങളുണ്ടായി.

ഇന്നലെയും ഇന്നുമായി ചീഫ് മാർഷൽ ബഹുമാനപ്പെട്ട സ്പീക്കറുടെ വരവ് അറിയിക്കുന്നത് മലയാളത്തിലാണ്. 1970-ൽ പാസ്സെടുത്ത് ഈ നിയമസഭ യുടെ ഗ്യാലറിയിലിരുന്ന് നിയമസഭ കാണുമ്പോൾ, അന്നത്തെ നിയമസഭയി ലുണ്ടായിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമടക്കം ചുരുക്കം ചില അംഗങ്ങൾ ഈ സഭയിലുമുണ്ട്. ആ കാലത്ത് നിയമസഭാനടപ ടികളിൽ അംഗങ്ങൾ പ്രസംഗിക്കുന്നത് മാത്രമേ മലയാളത്തിൽ ഉണ്ടായിരു ന്നുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ “those for, those against” എന്നു പറഞ്ഞാണ് വോട്ടെടുപ്പ് നടത്തിയിരുന്നത്. ഇന്നതിനെ “അനുകൂലിക്കുന്നവർ, പ്രതികൂലിക്കുന്നവർ...... ” എന്നാക്കി മാറ്റിയില്ലേ? എന്തിനധികം പറയുന്നു സ്പീക്കറുടെ വരവുപോലും ഇന്ന് മലയാളത്തിൽ വിളിച്ചറിയിക്കുമ്പോൾ നിയമസഭതന്നെ മാറി. പിന്നെ എന്തുകൊണ്ടാണ് ഈ ദേവസ്വം ബോർഡിനു മാത്രം മാറ്റമില്ലാതെ ഇപ്പോഴും തിരുവിതാംകൂറും കൊച്ചിയും മലബാറുമായി നിലകൊള്ളുന്നത്? അതുമാത്രമല്ല, ഈ ദേവസ്വം ബോർഡുകളുടെ വരുമാന ത്തിലും മാറ്റമുണ്ട്. ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എല്ലാ കാര്യങ്ങളും നടത്താൻ ശബരിമല ക്ഷേത്ര ത്തിന്റെ വരുമാനം മാത്രം മതി. അതിനുള്ള വരുമാനം ആ ക്ഷേത്രത്തിൽ നിന്ന് ലഭിക്കുന്നു. അതുപോലെതന്നെ വൈക്കം, ഏറ്റുമാനൂർ, ചെങ്ങന്നൂർ തുടങ്ങി ധാരാളം ക്ഷേത്രങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴി ലാണ് വരുന്നത്. അതേസമയം കൊച്ചി ദേവസ്വം ബോർഡിന്റെ സ്ഥിതിയെ ന്താണ്? കൊച്ചിയിൽ ആകെ വരുമാനമുള്ളൊരു ക്ഷേത്രം ചോറ്റാനിക്കര ക്ഷേത്രം മാത്രമേയുള്ളൂ. കൊച്ചിയുടെ പരിധിയിൽ വരേണ്ട രണ്ട് പ്രധാന ക്ഷേത്രങ്ങളുണ്ട്, തൃശൂർപൂരം നടത്തുന്ന തിരുവമ്പാടിയും പാറമേൽക്കാവും.

രണ്ടും പ്രത്യേകം പ്രത്യേകം ദേവസ്വം ബോർഡുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മൂന്നിലൊന്ന് വരുമാനംപോലും കൊച്ചി ദേവസ്വം ബോർഡിനില്ല. ഗുരുവായൂർ ക്ഷേത്രത്തെ പഴയ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലാണെന്ന് കണക്കാക്കപ്പെടുന്നു. മലബാർ ദേവസ്വത്തിന്റെ സ്ഥിതിയെന്താണ്? യഥാർത്ഥത്തിൽ അഷ്ടിക്ക് വക യില്ലാത്തൊരു ദേവസ്വം ബോർഡാണ് മലബാറിലുള്ളത്. കാരണം പല ക്ഷേത്രങ്ങളും പുരാതനവും വരുമാനവും വളരെ കുറവായിട്ടുള്ള ക്ഷേത്രങ്ങ ളാണ്. ഉള്ള ക്ഷേത്രങ്ങൾതന്നെ സ്വതന്ത്ര ദേവസ്വം ബോർഡുകളുള്ള ക്ഷേത്ര ങ്ങളാണ്. യഥാർത്ഥത്തിൽ മലബാർ ദേവസ്വത്തിന്റെ വരുമാനവും കൊച്ചി ദേവസ്വത്തിന്റെ വരുമാനവും ഏറ്റവും താഴെ നിൽക്കുമ്പോൾ തിരുവിതാം കൂർ ദേവസ്വത്തിൽ മാത്രം നല്ല വരുമാനമുള്ള ക്ഷേത്രങ്ങളുണ്ട്. അങ്ങനെയാ ണെങ്കിൽ എന്തുകൊണ്ട് ഒരു എകീകൃത ദേവസ്വം ബോർഡിനെക്കുറിച്ച് ആലോചിച്ചുകൂടാ. നിലവിലുള്ള പല നിയമങ്ങളും മാറ്റുകയല്ലേ. ഇതൊരു നല്ല കാര്യമല്ലേ. ഐക്യകേരളം നിലവിൽവന്ന് വർഷങ്ങൾക്കുശേഷവും ദേവ സ്വത്തിന് മാത്രം തിരുവിതാംകൂറും കൊച്ചിയും മലബാറുമെന്നത് മാറ്റി ചിന്തി ക്കേണ്ട സമയമായില്ലേ. അതൊന്നും ഏതെങ്കിലും വിശ്വാസത്തെ മുറിപ്പെടു ത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അങ്ങനെ പറയുന്നവർക്ക് എന്തുവേണ മെങ്കിലും പറയാം. പക്ഷേ ഒരു എകീകൃത ദേവസ്വം ബോർഡ് വന്നാൽ മാത്രമേ കേരളത്തിലെ ക്ഷേത്രങ്ങളിലെ പ്രത്യേകിച്ച് ക്ഷേത്ര കഴകക്കാർ ഏറ്റവും പ്രയാസമനുഭവിക്കുന്ന കൂട്ടരാണ്, തുച്ഛമായ വരുമാനമുള്ള ക്ഷേത്ര ങ്ങളിലെ പൂജാരിമാരെക്കുറിച്ചും വെളിച്ചപാടുകളെക്കുറിച്ചും ശ്രീ. എം. ടി. വാസുദേവൻ നായരുടെ നിർമ്മാല്യം സിനിമയിൽ കണ്ടതല്ലേ; അതാണ് മല ബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ സ്ഥിതി. ഒരു

ദേവസ്വം ബോർഡ് മാത്രം നല്ല വരുമാനത്തോടുകൂടി കഴിയുകയും മറ്റ് ദേവസ്വം ബോർഡുകളിൽ ആളില്ല, വരുമാനമില്ല എന്നൊക്കെയുള്ള അവസ്ഥ മാറ്റാൻ ഈ ദേവസ്വം ബോർഡുകൾ ഒരുമിച്ചുകൊണ്ട് ഒരു ഏകീകൃത ദേവസ്വം ബോർഡിനെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ട സമയമായി എന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ മെമ്പർമാരെ നിയോഗിക്കുമ്പോൾ ഇത്രയേറെ വരുമാനമുള്ള തിരുവിതാംകൂറിലും അതിനേക്കാൾ കുറഞ്ഞ വരുമാനമുള്ള കൊച്ചിയിലും മൂന്ന് അംഗങ്ങളാണുള്ളത്. ഇവിടെ പറഞ്ഞതുപോലെ അഷ്ടിക്ക് വകയില്ലാത്ത ക്ഷേത്രങ്ങളുള്ള മലബാർ ദേവസ്വം ബോർഡിൽ ഒൻപത് അംഗങ്ങളുണ്ട്. ഒൻപത് അംഗങ്ങളെ വച്ച് ആ ദേവസ്വം ബോർഡിൽ എന്ത് ചെയ്യാനാണ്? അവിടെ പുതിയ നിയമം വന്നുവെങ്കിലും ഇത്രയും ക്ഷേത്രങ്ങളുള്ള സ്ഥലത്ത് മൂന്ന് അംഗങ്ങൾ മാത്രമുള്ളപ്പോൾ ഇവിടെ ഒൻപത് അംഗങ്ങളുടെ ആവശ്യമുണ്ടോ? ഇതെല്ലാം ചിന്തിക്കേണ്ട സമയമാണിത്. അല്ലാതെ പഴയൊരു സിസ്റ്റം തന്നെ തുടർന്നുപോകുന്നതിൽ കാര്യമില്ല. പിന്നെ ഇവിടത്തെ നിയമനങ്ങളെക്കുറിച്ച് പറഞ്ഞു. ഇവിടത്തെ നിയമനങ്ങളെക്കുറിച്ച് പറയുമ്പോൾ ഇപ്പോൾത്തന്നെ ഒരുപാട് കാര്യങ്ങൾ പി.എസ്.സി.യുടെ തലയിൽ കെട്ടിവച്ചിട്ടുണ്ട്. അത്രയേറെ ജോലികൾ ചെയ്യാൻതന്നെ അവർക്ക് വലിയ പ്രയാസമുള്ള സന്ദർഭത്തിൽ ഒരു സ്പെഷ്യൽ റിക്രൂട്ടിംഗ് ബോർഡാണ് ദേവസ്വം ബോർഡുകളെ സംബന്ധിച്ചിടത്തോളം ജീവനക്കാരെ റിക്രൂട്ട് ചെയ്യാൻ അഭികാമ്യമായിട്ടുള്ളത്. ശ്രീ. എ. കെ. ബാലൻ പറഞ്ഞ കാര്യത്തിനോട് ഞാൻ വിയോജിക്കുന്നില്ല. ആരൊക്കെ ദേവസ്വം ബോർഡിൽ വന്നാലും ശർക്കരക്കുടത്തിൽ കയ്യിട്ടാൽ നക്കുമെന്ന് പറയുന്നതുപോലെയുള്ള പ്രവർത്തനങ്ങൾ എല്ലാ കാലത്തുമുണ്ടായിട്ടുണ്ട്. അത് നിങ്ങളുടെ കാലത്തു

മുണ്ടായിട്ടുണ്ട്. ദേവസ്വം ബോർഡ് പ്രസിഡന്റായി ശ്രീ. ഗുപ്തനും ശ്രീ. നാരായണനും ആർ.എസ്.പി.-യുടെ ഒരു വനിതാ മെമ്പറുമുള്ള സന്ദർഭ ത്തിൽ, അന്ന് ഞങ്ങളാരും ആ ദേവസ്വം ബോർഡ് പ്രസിഡന്റിനെക്കുറിച്ച് ഒരു ആരോപണവും പറഞ്ഞിട്ടില്ല. അദ്ദേഹം എന്റെ വളരെ അടുത്ത സുഹൃ ത്തുകൂടിയാണ്. അദ്ദേഹം അഴിമതി ചെയ്ത് ജീവിക്കേണ്ട ആളൊന്നുമല്ല. പക്ഷേ ഗുപ്തനെക്കുറിച്ച് ദേവസ്വം ബോർഡിലെ മറ്റ് രണ്ട് അംഗങ്ങളാണ് പരാതി പറയുന്നത്. മൂന്നുപേരും ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ അംഗങ്ങളായിരുന്നു. കാറിന് ലൈറ്റ് വയ്ക്കുന്നതിനെ സംബന്ധിച്ച്, ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ വാഹനം മെമ്പർമാർക്ക് വിട്ടുകൊടുക്കാത്തതിനെ സംബന്ധിച്ച് ഒക്കെയുള്ള തർക്കങ്ങളുണ്ടായി. അതിനുമുമ്പും പിന്നീടുമെല്ലാം ദേവസ്വം ബോർഡുകളെക്കുറിച്ച് ഒരുപാട് പരാതികൾ വന്നിട്ടുണ്ട്. ദൈവവിശ ്വാസിയെന്നുള്ള നിലയിൽ ഒരു കാര്യം പറയുവാനുള്ളത്, സത്യം പറഞ്ഞാൽ ദേവസ്വം ബോർഡ് പ്രസിഡന്റും മെമ്പർമാരുമായിരുന്നിട്ടുള്ളവരാരും പിന്നീട് ഗതി പിടിച്ചിട്ടില്ല. അത് യു.ഡി.എഫ്. ആണെങ്കിലും എൽ.ഡി.എഫ്. ആണെങ്കി ലും. ദൈവത്തിന്റെ കാശ് കയ്യിട്ട് നക്കിയവർക്കൊക്കെ ദൈവശാപം കിട്ടിയി ട്ടുണ്ടെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ദേവസ്വം ബോർഡിലെ തെര ഞ്ഞെടുപ്പുകൾ വലിയ വിവാദമാണെന്ന് ഇന്നലെ ഇവിടെ എല്ലാവരും പറ ഞ്ഞു. ഹിന്ദു എം.എൽ.എ.-മാരാണ് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. വഖഫ് ബോർഡിൽ നോമിനേറ്റ് ചെയ്യപ്പെടുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗവൺമെന്റു തന്നെ എടുക്കുന്നതിനുപകരം എന്തിനാണ് എം.എൽ.എ.-മാരെ വേർതിരിക്കു ന്നത്? ദേവസ്വം ബോർഡിലേയ്ക്ക് ഹിന്ദു എം.എൽ.എ.-മാരുടെ പ്രതിനിധി, വഖഫ് ബോർഡിലേയ്ക്ക് മുസ്ലിം എം.എൽ.എ.-മാരുടെ പ്രതിനിധി...... ഇങ്ങ

നെയാണെങ്കിൽ ഏത് ഗവൺമെന്റാണോ ഭരിക്കുന്നത് ആ ഗവൺമെന്റിന്റെ പ്രതിനിധിയെ വച്ചാൽപോരേ; ആ ഗവൺമെന്റിലെ മൂന്ന് മെമ്പർമാരെ സെലക്ട് ചെയ്താൽപോരേ? അതിനുപകരം എം.എൽ.എ.-മാരെ മതത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ വോട്ട് ചെയ്യാൻ കൊണ്ടുപോകേണ്ട ആവശ്യ മുണ്ടോ? ഇനി അഥവാ വോട്ട് ചെയ്യുകയാണെങ്കിൽത്തന്നെ അവിടെയും വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടല്ലോ. ശ്രീ. എ. കെ. ബാലൻ നേരത്തെയൊരു കാര്യം സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞത്, ഞങ്ങൾക്ക് ദൈവവിശ്വാസമില്ല, ഞങ്ങൾ ഭൗതികവാദത്തിൽ വിശ്വസിക്കുന്നുവെന്നാണ്. അങ്ങനെ ഭൗതികവാ ദത്തിൽ വിശ്വസിക്കുന്നവർ എന്തിനാണ് മതപരമായ സ്ഥാപനത്തിന്റെ വോട്ടെ ടുപ്പിൽ ഞങ്ങൾക്ക് വിശ്വാസമില്ലായെന്ന് പറയുകയും വോട്ടെടുപ്പിൽ പങ്കെടു ക്കുകയും ചെയ്യുന്നത്? കമ്യൂണിസ്റ്റുകാരന് ദേവസ്വം ബോർഡിൽ എന്താണ് കാര്യമെന്ന് കോൺഗ്രസ്സുകാരാരും ചോദിച്ചിട്ടില്ല. എന്തിനാണ് കമ്യൂണിസ്റ്റു കാർ ദേവസ്വത്തിൽ അംഗങ്ങളാകുന്നതെന്ന് മുൻമുഖ്യമന്ത്രിയായിരുന്ന സി. അച്ചുതമേനോൻ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ മൂന്ന് സി.പി. ഐ.(എം) അംഗങ്ങൾ, അതിലൊരാൾ ഇപ്പോൾ ഈ സഭയിലുണ്ട്, ദൈവ വിശ്വാസത്തിൽ സത്യപ്രതിജ്ഞയെടുത്തതിന് പാർട്ടി ശാസിച്ചുവെന്നാണ് ഞാൻ പത്രത്തിൽ വായിച്ചത്. ദൈവവിശ്വാസത്തിൽ സത്യപ്രതിജ്ഞ ചെയ്യു മ്പോൾ ശാസിക്കപ്പെടുന്നവർ ദൈവവിശ്വാസികളുടെ ദേവസ്വം ബോർഡുക ളിലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ട ആവശ്യവുമുണ്ടോ? എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ദൃഢപ്രതിജ്ഞയും ആ വ്യക്തി എം. എൽ.എ. സ്ഥാനമൊഴിഞ്ഞ് നാളെ ദേവസ്വം ബോർഡിൽ പോകുമ്പോൾ ദൈവനാമത്തിൽ പ്രതിജ്ഞയും എടുക്കുന്നു. അതാണ് വൈരുദ്ധ്യം. ആ ഒരു വൈരുദ്ധ്യത്തിന്റെ ആവശ്യമുണ്ടോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അതുതന്നെയാണ് വൈരുദ്ധ്യാത്മക ഭൗതികവാദം.

ശ്രീ. കെ. മുരളീധരൻ: സർ, ദേവസ്വം ബോർഡ്, ദേവസ്വം വകുപ്പുമന്ത്രി കൈകാര്യം ചെയ്യുമ്പോൾ ശ്രീ. ജി. സുധാകരനെപ്പോലെയുള്ളവരൊക്കെ വിശ്വാസികളേക്കാൾ നന്നായി കൈകാര്യം ചെയ്തിട്ടുണ്ട്. ഇല്ലായെന്ന് ഞാൻ പറയില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എ. കെ. ആന്റണിയും ശ്രീ.ആര്യാടൻ മുഹമ്മദും ദൃഢപ്രതിജ്ഞയായിരുന്നു നടത്തിയത്, പിന്നീട് ദൈവത്തിന്റെ പേരിൽ. അതാണ് വൈരുദ്ധ്യാത്മകം.

ശ്രീ. കെ. മുരളീധരൻ: സർ, എം.എൽ.എ. എന്നുള്ള നിലയിൽ ദൈവ വിശ്വാസം പിന്നീട് ഉണ്ടാകാമല്ലോ. ഈ സഭയയിൽ ദീർഘകാലം മുഖ്യമന്ത്രി യായിരുന്ന കെ. കരുണാകരൻ ദൈവവിശ്വാസിയല്ലായെന്ന് പറഞ്ഞാൽ ഇന്നാരും വിശ്വസിക്കുകയില്ല. പക്ഷേ ഒരു കാലത്ത് അദ്ദേഹം ദൈവവിശ്വാ സിയല്ലായിരുന്നു. പിന്നീടാണ് അദ്ദേഹത്തിന് ദൈവവിശ്വാസമുണ്ടായത്. ആ നിലയ്ക്ക് വിശ്വാസമില്ലാത്തവർക്ക് നാളെയുണ്ടാകാം. അതിനെ വൈരുദ്ധ്യാ ത്മകമായി കാണേണ്ട ആവശ്യമില്ല. മതത്തിന്റെ കാര്യങ്ങൾ മതത്തിൽ വിശ്വാ സമുള്ളവർ നടത്തിക്കോട്ടേ. അതേസമയം, വകുപ്പ് കൈകാര്യം ചെയ്യുന്നതി നെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ. ശ്രീ. ജി. സുധാകരനൊക്കെ നന്നായിത്തന്നെ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. ഞാൻ സ്ഥിരം ശബരിമല ദർശനം നടത്തുന്നയാളാണ്. ആദ്യതവണ പോകുമ്പോൾ കണ്ടെയിനറിന്റെ പ്രശ്നമൊ ക്കെയുണ്ടായിരുന്നുവെങ്കിലും പിന്നീട് അദ്ദേഹംതന്നെ ഇടപെട്ട് പരിഹരിക്കു കയും നല്ല രീതിയിൽ ദേവസ്വം ബോർഡിന്റെ ഭരണം മുന്നോട്ടുകൊണ്ടുപോ

കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് പലരും കൈകാര്യം ചെയ്തുവെന്നുവരും. ഒരു കാര്യം അവിടെയുമുണ്ട്. ദേവസ്വം ബോർഡ് മന്ത്രിയാകുമ്പോൾ അമ്പല ത്തിൽ പോകണം. അമ്പലത്തിൽ പോകുമ്പോൾ നടയിൽ നോക്കി തൊഴു തില്ല. കാരണം അപ്പോൾ ഭൗതികവാദത്തിൽ വിശ്വസിക്കുകയാണ്. അമ്പല ത്തിൽ തൊഴാൻ വയ്യാത്തവർ എന്തിനാണ് അമ്പലത്തിന്റെ കാര്യങ്ങളെ തീരു മാനിക്കുന്നവരെ തെരഞ്ഞെടുക്കുന്നത്? അല്ലെങ്കിൽ അമ്പലത്തിൽ പോകു മ്പോൾ മറ്റ് വിശ്വാസികൾക്കനുസരിച്ച് ഭൂരിപക്ഷ വികാരം മാനിച്ചുകൊണ്ട് അവിടെ തൊഴേണ്ടതാണ്. പക്ഷേ ഇന്ന് ഞങ്ങളുടെ പാർട്ടി ദൈവത്തിൽ വിശ്വസിക്കാത്തതുകൊണ്ട് തൊഴാൻ അവർക്ക് പ്രയാസമാണ്.

ശ്രീ. പി. റ്റി. എ. റഹീം: സർ, കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റിയുടെ എക്സി ക്യൂട്ടീവ് ഓഫീസർ ഇപ്പോഴും വളരെക്കാലവും അമുസ്ലീങ്ങളാണ്. പക്ഷേ അവിടെ ഹജ്ജിന്റെ കാര്യത്തിൽ അദ്ദേഹം എടുക്കുന്ന ഒരു തീരുമാനത്തിനും ഒരു വിഷയവുമുണ്ടായിട്ടില്ല. അങ്ങനെ കരുതുന്നത് ശരിയാണോ?

ശ്രീ. കെ. മുരളീധരൻ: സർ, എല്ലാ മതങ്ങളുടെയും വിശ്വാസമനുസ രിച്ചിട്ടുള്ള ആളുകളെത്തന്നെ അതാത് മതങ്ങളുടെ ഭാഗത്തിരുത്തണമെന്നേ ഞാൻ പറഞ്ഞുള്ളൂ. അല്ലാതെ വഖഫ് ബോർഡിൽ ചെയ്തത് ശരിയും ഇവിടെ ചെയ്തത് തെറ്റിയെന്നും ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങേയ്ക്ക് ഇത് വാദിക്കാം. ഞാൻ ആ വിശ്വാസത്തെ എതിർക്കുന്നില്ല. പക്ഷേ സെക്കുലറായ ഒരു സ്റ്റേറ്റിൽ ഭരണഘ ടനാപരമായി മാത്രം ഭരിച്ചാൽ മതി. ഇതൊരു മതപരമായ സ്റ്റേറ്റല്ല. കെ.പി.സി. സി. പ്രസിഡന്റായിരുന്ന വലിയൊരു നേതാവിന്റെ മകനായ അങ്ങയോട് അതിനെക്കുറിച്ച് പറയേണ്ട കാര്യമില്ല. ഞാൻ ഈശ്വരൻ എന്താണെന്ന് അങ്ങയോട് ചോദിച്ചാൽ അങ്ങ് പറയുന്നത് എനിക്ക് സംതൃപ്തി തരുകയില്ല.

പറയുമ്പോൾ കുറച്ച് ഫിലോസഫിക്കലായി പറയാം. ഒരു ചൈതന്യമെന്ന് പറയുന്നത് ഈ പ്രപഞ്ചത്തിലാകെ നിറഞ്ഞുനിൽക്കും. അതാണ് ഈശ്വരൻ. അതൊരു ചലനമാണ്. അതിൽനിന്നാണ് എല്ലാമുണ്ടാകുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈശ്വരന് വേണമെങ്കിൽ പേരിടാം. അങ്ങനെയല്ല ഞങ്ങൾ വിളിക്കുന്നത്. ഇവിടെ പ്രശ്നം അതല്ല. ഞാൻ ഒരു ക്ഷേത്രത്തിലും തൊഴുതില്ല. ഞാൻ കുട്ടിക്കാലത്ത് തൊഴുതിട്ടുണ്ട്. പതിനേഴാം വയസ്സുവരെ തൊഴുതിട്ടുണ്ട്. ചൊനക്കര അമ്പലത്തിൽ ഞങ്ങൾ ഉരുളാൻ പോകുമായി രുന്നു. അതിന് ചുറ്റും രണ്ട് കിലോമീറ്ററുണ്ട്. അതൊക്കെ ഞങ്ങൾ ചെയ്തി ട്ടുണ്ട്. അതല്ല പ്രശ്നം. ഞങ്ങളൊരു രാഷ്ട്രീയ ദർശനത്തിൽ വിശ്വസിച്ച് അതിനെപ്പറ്റി പഠിച്ചുവന്നതിനുശേഷം........ ഞങ്ങൾ മുസ്ലീം പള്ളിയിലും പോയി നിസ്ക്കരിക്കാറില്ല, ക്രിസ്ത്യൻ പള്ളിയിലുംപോയി അവിടുത്തെ കാര്യങ്ങളിൽ പങ്കെടുക്കാറില്ല. കല്യാണത്തിനൊക്കെ പോകാറുണ്ട്. തികച്ചും മതനിരപേക്ഷമായ നിലപാടെടുക്കുന്ന വിഭാഗമാണ് കമ്യൂണിസ്റ്റാകുന്നത്. ലോകത്തെല്ലാം അങ്ങനെയാണ്. അതെല്ലാവരും അംഗീകരിച്ചതാണ്. അങ്ങ നെയുള്ള ഒരു മിനിസ്റ്റർപോയി തൊഴണമെന്ന് വിശ്വാസികൾ ആവശ്യപ്പെട്ടി ട്ടില്ല. അതിന് തെളിവ് ഞാൻ പറയാം. നിങ്ങളുടെ കാലത്തുള്ള എത്രയോ ദേവസ്വം വകുപ്പുമന്ത്രിമാർ ദയനീയമായി ഇലക്ഷനിൽ പരാജയപ്പെട്ടുപോയി. അവർ എത്രയോ അമ്പലങ്ങളിൽ ഉരുണ്ടവരാണ്. പക്ഷേ ദൈവം അവരെ രക്ഷിച്ചില്ല. വിശ്വാസികൾ വോട്ട് കൊടുത്തില്ല. പക്ഷേ ഞങ്ങൾ നേതൃത്വം കൊടുത്ത ആലപ്പുഴയിൽ ഒൻപതിൽ ഏഴ് സീറ്റാണ് എൽ.ഡി.എഫ്. നേടിയത്. ചരിത്രത്തിൽ കിട്ടിയിട്ടില്ല. ഒന്നായിരുന്ന പാർട്ടിയുടെ കാലത്ത് കിട്ടി യിട്ടില്ല. ഡോ. ടി. എം. തോമസ് ഐസക്കും ഞാനുമൊക്കെ മന്ത്രിമാരായി രുന്ന.......... ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ജനനവും താമസവുമൊക്കെ

അവിടെയാണ്. പക്ഷേ വേറൊരു സ്ഥലത്താണ് ജയിച്ചുവന്നതെങ്കിലും ഒൻപതിൽ ഏഴ് സീറ്റ് കിട്ടി. അവിടെ വിശ്വാസികളില്ല. എന്റെ മണ്ഡലം 12000 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് പാർലമെന്റിൽ യു.ഡി.എഫ്. ജയിച്ചത്. അത് യു.ഡി.എഫ്. സീറ്റാണ്. അതിൽ 17000-ന് ഞാൻ ജയിച്ചു. എന്നെ പരാജയപ്പെടുത്താൻ എൻ.എസ്.എസ്. ഹെഡ് ക്വാർട്ടേഴ്സിൽനിന്ന് ചെയ്യാവുന്നത് മുഴുവൻ ചെയ്തു. നിഷേധിക്കാൻ സാധിക്കുമോ? ഞാൻ ആരേയും കാണാൻ പോയില്ല. ഞാൻ ഒരു മതനേതാവിനേയും കാണാൻ പോയില്ല. പക്ഷേ 25 നായർ ബൂത്തുകളുള്ളതിൽ, 2006-ൽ 15 ബൂത്തിലാണെങ്കിൽ എനിക്ക് 25 സീറ്റിലും ഭൂരിപക്ഷം കിട്ടി. ഇപ്പോൾ ഒരു കാര്യം മനസ്സിലായല്ലോ. വിശ്വാസികളെല്ലാം വോട്ട് ചെയ്തത് ഞങ്ങൾക്കാണ്. എല്ലാവർക്കും ചെയ്യും. അതുകൊണ്ട് അങ്ങ് ദയവായി ഒരു കണ്ടീഷനായി ഇത് വയ്ക്കരുത്. വോട്ട് ചെയ്യാനുള്ള അവകാശം ഈശ്വരന്റെ പേരിൽ അമ്പലത്തിൽപ്പോയി തൊഴുന്നോ, പള്ളിയിൽപ്പോയി തൊഴുന്നോയെന്നുള്ളതാക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഇലക്ഷനിൽ ജയിക്കുകയും തോൽക്കുകയും ചെയ്യുന്നതിന് ഭക്തിയുമായി വലിയ ബന്ധമൊന്നുമില്ല. കാരണം ഒരു വോട്ടർ വോട്ട് ചെയ്യാൻ പോകുമ്പോൾ ആരാണോ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ പ്രാപ്തനും തങ്ങളുടെ ആവശ്യങ്ങൾ ചെന്നു പറഞ്ഞാൽ ചെയ്യുന്ന വ്യക്തിയുമാണെങ്കിൽ അയാൾ വിശ്വാസിയാണോ അവിശ്വാസിയാണോ എന്ന് ജനം നോക്കില്ല. ജനങ്ങൾ അതനുസരിച്ച് വോട്ട് ചെയ്യും. അവിടെ സ്ഥാനാർത്ഥികൾ തമ്മിലുള്ള കംപാരിസണാണ് വരുന്നത്. അങ്ങനെ വരു

മ്പോൾ ശ്രീ. ജി. സുധാകരന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഞങ്ങൾക്കും വലിയ അഭിപ്രായവ്യത്യാസമില്ല. അങ്ങ് നല്ലൊരു മന്ത്രിയായിരുന്നു, ഇപ്പോൾ നല്ലൊരു എം.എൽ.എ. ആണ്. എല്ലാം വെട്ടിത്തുറന്നു പറയുന്ന ആളായതു കൊണ്ട് അങ്ങയോട് എനിക്ക് പ്രത്യേകിച്ചൊരു സ്നേഹവുമുണ്ട്. അങ്ങനെ യൊക്കെയുള്ള ശ്രീ. ജി. സുധാകരനെപോലൊരാൾ സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ സ്വഭാവികമായും അമ്പലത്തിൽ പോയി തൊഴുന്ന ആളാണോ എന്ന് നോക്കില്ല. അങ്ങ് ദേവസ്വം ബോർഡ് നന്നായി കൈകാര്യം ചെയ്ത, ഈ വകുപ്പ് നന്നായി ഭരിച്ച ആളാണെന്ന് ഞാൻ പറഞ്ഞു. പക്ഷേ, ഒരു ക്ഷേത്രത്തിൽ ചെല്ലുമ്പോൾ മഹാഭൂരിപക്ഷവും അവിടെ വരുന്നത് വിശ്വാസമുള്ളതുകൊണ്ടാണല്ലോ. അല്ലാതെയും വരുന്ന ആളുകളുണ്ടാകും. അവരെ കൂട്ടത്തിൽ കൂട്ടേണ്ടതില്ല. അങ്ങനെ വരുമ്പോൾ ദൈവത്തിന്റെ മുമ്പിൽ നിന്ന് വണങ്ങുന്ന മഹാഭൂരിപക്ഷത്തിന്റെ അഭിപ്രായം, ശ്രീ. സുധാക രൻ പറഞ്ഞ ഒരു കാര്യം ശരിയാണ്, ഞാനും വിശ്വസിക്കുന്ന ദൈവത്തിന് പ്രത്യേകിച്ച് രൂപമൊന്നുമില്ല. കാരണം നമ്മളെ നിയന്ത്രിക്കുന്നതിന് ഒരു ശക്തിയുണ്ട്. ആ ശക്തിയെ പല രൂപത്തിൽ കാണുന്നു. അങ്ങനെ ഓരോ രൂപത്തിൽ കാണുന്നതിനനുസരിച്ചാണ് ഹിന്ദുവെന്നും ക്രിസ്ത്യാനിയെന്നും മുസൽമാനെന്നുമായി വേർതിരിച്ചിട്ടുള്ളത്. പക്ഷേ, നിയന്ത്രിക്കുന്ന ശക്തി ഒന്നാണെന്നുള്ള വിശ്വാസം ഞങ്ങൾക്കുമുണ്ട്. തെരഞ്ഞെടുപ്പിൽ വിശ്വാസ ത്തിനെക്കുറിച്ച് പറയുമ്പോൾ തീർച്ചയായും സത്യപ്രതിജ്ഞയുടെ കാര്യ ത്തിലുമൊക്കെ ഒരേ നിലപാട് തന്നെയായിരിക്കണമെന്നാണ് ഞാൻ സൂചിപ്പി ച്ചത്. അല്ലെങ്കിൽ ചെയറിന്റേതുപോലെ വിശ്വാസത്തിനനുസരിച്ച് സത്യ പ്രതിജ്ഞ ചെയ്യാനുള്ള അനുവാദം പാർട്ടി കൊടുക്കണം. ഇപ്പോൾത്തന്നെ എന്നേക്കാൾ നല്ല ഭക്തരായിട്ടുള്ളവർ പ്രതിപക്ഷത്തുണ്ട്. ഞാൻ ഗുരുവായൂ

രിൽ പോകുമ്പോൾ എന്നേക്കാൾ നേരത്തെ വന്നു തൊഴുന്ന അടിയുറച്ച ഭക്തയാണ് ശ്രീമതി ഗീതാ ഗോപി. എന്നേക്കാൾ കൂടുതൽ ഭക്തി അവർക്കാണ്. പക്ഷേ ഇവിടെ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ അവർക്ക് അനുവാദമില്ല. അങ്ങനെ സത്യപ്രതിജ്ഞ ചെയ്താൽ പാർട്ടിയുടെ ശാസനയുണ്ടാകും. ഞാൻ പറയുന്നത് ദേവസ്വം ബോർഡിന്റെ വിശ്വാസ ത്തിന്റെ കാര്യം വരുമ്പോൾ വിശ്വാസത്തിന്റേതായിട്ടുള്ള രീതിയിൽ നിൽക്കണം. അഴിമതി ഇല്ലാതാക്കണമെന്ന കാര്യത്തിലാണ് നമ്മൾ ഏറ്റവും ശ്രദ്ധിക്കേണ്ടത്. ഏത് മതത്തിന്റേതാകട്ടെ, മതസ്ഥാപനങ്ങളിൽ അഴിമതി തടയാനുള്ള ശക്തമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പുതിയ ദേവസ്വം ബോർഡ് വരുമ്പോഴും ഇക്കാര്യത്തിൽ വളരെയധികം ശ്രദ്ധ പതിപ്പിക്കണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. അതുപോലെതന്നെ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ കാര്യത്തിൽ, പി.എസ്.സി.യെ സംബന്ധിച്ച് ഒരുപാട് ജോലിഭാരമുള്ള സാഹചര്യത്തിൽ ഒരു പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡിനെ വച്ച് നിയമനങ്ങൾ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി രണ്ടു വർഷമായിരുന്നത്. ഈ ഗവൺമെന്റ് വന്നപ്പോൾ മൂന്നു വർഷമാക്കി. നിയമസഭയിൽ നമ്മളെ തെരഞ്ഞെടുക്കുന്നത് അഞ്ചു വർഷ ത്തേയ്ക്കാണ്. ലോകസഭയിലേക്കും തെരഞ്ഞെടുക്കുന്നത് അഞ്ചു വർഷത്തേ യ്ക്കാണ്. അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാലാവധി അഞ്ചു വർഷത്തേയ്ക്കാകുമ്പോൾ എന്തിനാണ് ദേവസ്വം ബോർഡിൽ മാത്രം അത് മൂന്നു വർഷമാക്കി ചുരുക്കുന്നത്. അതെന്തുകൊണ്ട് അഞ്ചു വർഷ മാക്കിക്കൂടാ? ദേവസ്വം ബോർഡിന്റെ കാര്യങ്ങളൊക്കെ പഠിച്ചു വരുമ്പോഴേ യ്ക്കും. സമയം കഴിയും. അതുകൊണ്ട് തീർച്ചയായും ദേവസ്വം

ബോർഡിന്റെ കാലാവധി അഞ്ചു വർഷത്തേയ്ക്കാക്കണമെന്നുള്ള ഒരപേക്ഷ യാണ് എനിക്കുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേകിച്ച് ഒരു കാര്യം പറയുന്നത് വനിതാ പ്രാതിനിധ്യത്തെക്കുറിച്ചാണ്. കാര്യം ശരിയാണ്. ശ്രീ. രാജീവ് ഗാന്ധിയുടെ കാലത്താണ് 33 ശതമാനം സംവരണം ലോക്കൽ ബോഡികളിൽ കൊണ്ടുവന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്ന് പ്രതി പക്ഷത്തിരുന്ന ഞങ്ങളുടെ എല്ലാവരുടെയും പിന്തുണയോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സംവരണമേർപ്പെടുത്തി. അതനു സരിച്ച് ഇന്ന് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേ ഷനുകളുടെയും അദ്ധ്യക്ഷപദവിയിൽ സ്ത്രീകളിരിക്കുന്നുണ്ട്. അത് നല്ല കാര്യമാണ്. അതുകൊണ്ട് വനിതാ സംവരണം തീർച്ചയായും ഇതിലുൾപ്പെടു ത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. മൂന്ന് അംഗങ്ങളെയാണ് നിശ്ച യിക്കുന്നതെങ്കിൽ പട്ടികജാതിക്കാർക്കു പുറമേ ഒരു ജനറൽ സീറ്റും ഒരു വനി തയേയും കൂടി ഉൾപ്പെടുത്തികൊണ്ട് സ്ത്രീകളുടെ പ്രാതിനിധ്യം തീർച്ച യായും ഉറപ്പുവരുത്തണം. ദേവസ്വം ബോർഡിൽ പ്രത്യേകിച്ച് 60 വയസ്സെന്ന് നിശ്ചയിച്ചിട്ടുണ്ട്. സംവരണമില്ലെങ്കിൽ ഒരു കാര്യം ഉറപ്പാണ്. എത്രയൊക്കെ നമ്മൾ സ്ത്രീകളെ ഉയർത്തിക്കൊണ്ടു വന്നാലും ശരി പലപ്പോഴും ജനറൽ ക്വാട്ടയിൽ വരുമ്പോൾ സ്ത്രീകൾ പരിഗണിക്കപ്പെടാറില്ല. പുരുഷൻമാരുടെ ബാഹുല്യത്തിനിടയിൽ പലപ്പോഴും സ്ത്രീകൾ പിന്തള്ളപ്പെട്ടുപോകുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിന് മുന്നണി വ്യത്യാസമൊന്നുമില്ല. ഞങ്ങൾ വന്നതിനുശേഷം സ്ത്രീകൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തി യില്ല എന്നു പറഞ്ഞപ്പോൾ ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി. എഫും സ്ത്രീകളെ നിറുത്തിയില്ല, അതിന് പറഞ്ഞ കാരണം യു.ഡി.എഫ്.

നിറുത്തിയില്ലല്ലോ, അങ്ങനെയുള്ള നിയമമുണ്ടാക്കിയില്ലല്ലോ, അതുകൊണ്ട് ഞങ്ങളും നിറുത്തുന്നില്ല എന്നാണ്. യു.ഡി.എഫ്. പറഞ്ഞത് പ്രത്യേകിച്ച് അങ്ങനെയൊന്നുമില്ല. ഞങ്ങൾ ജനറൽ കാറ്റഗറിയിൽ നിന്നും സ്ത്രീകൾക്ക് കൊടുത്തുകൊള്ളാമെന്നാണ്. മുന്നണികളുടെ തർക്കമാണല്ലോ ഇത്രയും നേരത്തെ ചർച്ചയിലൊക്കെ ഇവിടെ നിറഞ്ഞുനിന്നത്. പക്ഷേ, അങ്ങനെ ചർച്ച യിൽ നിറഞ്ഞുനിന്നതുകൊണ്ടുമാത്രം കാര്യമില്ല. പുരുഷൻമാരുടെ കാര്യത്തിൽ സീനിയർ ലീഡേഴ്സാകുമ്പോൾ അവരെയൊക്കെ അക്കോമ ഡേറ്റ് ചെയ്യാനുള്ള തിരക്കിന്റെയിടയിൽ പലപ്പോഴും പിന്തള്ളപ്പെട്ടുപോകു ന്നത് സ്ത്രീകൾ തന്നെയാണ്, സംശയമില്ല. അതുകൊണ്ട് നിർബന്ധമായും വനിതാസംവരണംകൂടി ഇതിലുൾപ്പെടുത്തണം. അതുപോലെ പി.എസ്.സി.ക്ക് പകരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് വേണം. ഇക്കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ ബില്ല് കൊണ്ടുവന്ന ഗവൺമെന്റിനെ അനുമോദി ക്കുന്നു. സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ഈ ഭേദഗതികൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നിയമമുണ്ടാക്കണമെന്നുമാത്രം സൂചിപ്പിച്ചു കൊണ്ട് ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അപ്പുറത്തുനിന്ന് എന്തൊക്കെ ന്യായം പറഞ്ഞാലും എന്തൊക്കെ വാദഗതികളുയർത്തിയാലും ശരി വളരെ കൃത്യമായും ദേവസ്വം ബോർഡുക ളിൽ സ്ത്രീകളുണ്ടാകാൻ പാടില്ല എന്നു തന്നെയാണ് ഈ ബില്ല് അവതരിപ്പി

ച്ചവർ തീരുമാനിച്ചിരുന്നത്. ഇതിനെ വിശദീകരിച്ചുകൊണ്ടുള്ള പ്രസ്താവന യിൽ തന്നെ തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡിലേയ്ക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുക എന്ന് പറയുന്നുണ്ട്. ഈ ബില്ല് സ്ത്രീവിരുദ്ധമാണ്. വളരെ കൃത്യമായി സ്ത്രീകളെ പരിഗണിക്കേണ്ടതില്ല എന്നു തന്നെയാണ് ഈ ബില്ല് പൈലറ്റ് ചെയ്ത യു.ഡി. എഫ്. ഉദ്ദേശിക്കുന്നത്. അത് അങ്ങേയറ്റം പിന്തിരിപ്പൻ സമീപനമാണെന്ന് പറ യാതിരിക്കാനാകില്ല. ഈ ബില്ലിന്റെ പേരൊക്കെ മാറ്റുകയാണ് നല്ലത്. അതു പോലെതന്നെയാണ് പി.എസ്.സി.ക്ക് വിടുന്ന കാര്യവും. ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട കെ. മുരളീധരൻ ഏതാണ്ട് ഞങ്ങൾ പറയുന്നതിനോടൊക്കെ യോജിച്ചു. അദ്ദേഹം അത് പഞ്ചസാരയിൽ പൊതിഞ്ഞ് യു.ഡി.എഫിന് വിരോ ധമില്ലാത്ത ഭാഷയിലൊക്കെ പറഞ്ഞു എന്നല്ലാതെ ഞങ്ങൾ പറഞ്ഞ മിക്ക വാറും കാര്യങ്ങളോട് അദ്ദേഹം യോജിക്കുകയാണ് ചെയ്തത്. പ്രധാനപ്പെട്ട രണ്ടു മൂന്നു കാര്യങ്ങളിലൊന്ന് ഇഷ്ടമുള്ളവരെ ജോലിക്ക് തിരുകികയറ്റുന്ന ഏർപ്പാട് നിറുത്തണമെന്നുള്ളതാണ്. അതിന് പി.എസ്.സി. എന്ന് പറഞ്ഞ തിന് അദ്ദേഹം പറഞ്ഞത് വേറൊരു ബോർഡാണെങ്കിൽ കൊള്ളാമെന്നാണ്. ഇപ്പോൾ തിരുകിക്കയറ്റുന്ന ഏർപ്പാട് നിറുത്തണമെന്നുതന്നെയാണ് അദ്ദേഹ ത്തിന്റെയും അഭിപ്രായം. വനിതാസംവരണം വേണമെന്നു തന്നെയാണ് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞത്. ഏതായാലും യു.ഡി.എഫിന്റെ വനിതാവിരു ദ്ധത ഇതിൽകൂടി വീണ്ടും വ്യക്തമാവുകയാണ്. നേരത്തെ എം.എൽ.എ.മാരെ നിശ്ചയിക്കുന്നതിലും കാൻഡിഡേറ്റുകളെ നിശ്ചയിക്കുന്നതിലും അത് പ്രകട മായതാണ്. അത് വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. ദൈവവിശ്വാസമില്ലാ ത്തവർ എന്തിനാണ് വോട്ട് ചെയ്യുന്നതെന്നും ദേവസ്വം ഭരിക്കുന്നതെന്നും എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. കെ. മുരളീധരൻ പറഞ്ഞു. ദേവസ്വം

ബോർഡ് ഭരിച്ചിരുന്ന ഭൂരിപക്ഷം ആളുകളും പിന്നീട് ഗതിപിടിച്ചിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അത് കയ്യിട്ട് വാരിയതുകൊണ്ടാണ് എന്നു കൂടി അദ്ദേഹം വ്യക്തമായി സൂചിപ്പിച്ചു. കേരളത്തിൽ എൽ.ഡി.എഫ്. ഭരിക്കുമ്പോൾ ദേവസ്വംബോർഡിന്റെ ചുമതല ഏൽപ്പിക്കുന്നത് വിശ്വാസമുള്ളവരെയാണ്, അവിശ്വാസികളെയൊന്നും ഏൽപ്പിക്കാറില്ല. ഇപ്പോൾ സി.പി.ഐ.(എം)-ന് രണ്ടര ലക്ഷത്തോളം അംഗങ്ങൾ കേരളത്തിലുണ്ട്. അതിലും എത്രയോ കൂടുതൽ ആളുകൾ ഞങ്ങൾക്ക് വോട്ട് ചെയ്യുന്നു. ബഹുജനങ്ങളും വിശ്വാസികളും അനുഭാവികളും വോട്ട് ചെയ്തു. ഞങ്ങളുടെ കൂടെ നിൽക്കുന്നവരിൽ വിശ്വാസികളും, കടുത്ത വിശ്വാസികളുമുണ്ട്. അത്തരം ആളുകളെ അത്തരം സ്ഥാനങ്ങൾ ഏൽപ്പിക്കുന്നു. ആ സ്ഥാനങ്ങളിൽ യു.ഡി.എഫ്.-ന്റെ അംഗങ്ങൾ ആകാതിരിക്കാനും വരാതിരിക്കാനുമാണ് ഞങ്ങൾ വോട്ട് ചോദിക്കാൻ വരുന്നത്. പ്രധാനമായും നിങ്ങളുടെ കയ്യിൽ ഇത് ഏൽപ്പിക്കാതിരിക്കാൻ തന്നെയാണ് ഞങ്ങൾ ശ്രമിക്കുന്നത്. യു.ഡി.എഫ്. ഭരണ സമയത്ത് ദേവസ്വം ബോർഡുകളെ നയിച്ചിരുന്ന ആളുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട മുരളീധരൻ ഇവിടെ പറഞ്ഞത്. അത് ഏതാണ്ട് ശരിയാണ്.

യു.ഡി.എഫ്. ഭരിച്ചിരുന്ന ഓരോ കാലത്തും ദേവസ്വം ബോർഡിലുണ്ടായിരുന്ന ആളുകളെക്കുറിച്ച് ആലോചിച്ച് നോക്കിയപ്പോൾ ശ്രീ. കെ. മുരളീധരൻ പറഞ്ഞത് ഏതാണ്ട് ശരിയാണെന്നു തോന്നുന്നു. അവരാരും പിന്നീട് ഗതി പിടിച്ചതായി കണ്ടിട്ടില്ല.

ശ്രീ. കെ. മുരളീധരൻ: തലപ്പത്ത് ഇരിക്കുന്ന എല്ലാവരും എന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ആരുടെയും പേര് പറയുന്നില്ല.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: ഞങ്ങളുടെ ഭരണകാലത്ത് ഇരുന്ന ആൾക്കാർ ആക്ഷേപങ്ങൾ പറയുകയും തമ്മിൽ വഴക്കുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവർ അഴിമതി നടത്തിയെന്നോ കൊള്ളയടിച്ചുവെന്നോ ഉള്ള ഒരു ആക്ഷേപവും വന്നിട്ടില്ല. അതൊരു യാഥാർത്ഥ്യമാണ്. ദേവസ്വംബോർഡ് പോലുള്ള സ്ഥാപനങ്ങളെല്ലാം ഞങ്ങൾ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നതും അതിന് പറ്റിയ ആളുകളെ ഏൽപ്പിക്കുന്നതും നിങ്ങളെപ്പോലുള്ള ആളുകളെ പരമാവധി അകറ്റി നിർത്താൻ വേണ്ടിതന്നെയാണ്. ആ കാലഘട്ടങ്ങളിലൊന്നും ഒരു കുഴപ്പവും ദേവസ്വം ബോർഡിന് ഉണ്ടായിട്ടില്ല. നേരത്തെ ബാലേട്ടൻ സൂചിപ്പിച്ചതു പോലെ ഏതെങ്കിലും കാര്യത്തിൽ ഇടപെടാനോ എന്തെങ്കിലും മാറ്റം വരു ത്താനോ ഞങ്ങൾ ശ്രമിച്ചിട്ടില്ല. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് ബഹു മാനപ്പെട്ട ശ്രീ. ജി. സുധാകരൻ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരാക്ഷേപവും ഉന്നയിച്ചിട്ടില്ലായെന്നുള്ളത്. ഭംഗിയായി അത് കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. നിങ്ങൾ എന്തിനാണ് ഈ മാറ്റം വരുത്തുന്നതെന്ന് മനസ്സിലാകുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ആയിരത്തി മുന്നൂ റോളം ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങൾക്ക് ഒരുപാട് വസ്തുവകകളും ജീവ നക്കാരുമുണ്ട്. ഇവരെയൊക്കെ നിയന്ത്രിക്കണമെങ്കിൽ അതിന് സ്റ്റാന്റിംഗ് കമ്മിറ്റി ഉണ്ടാകണം. കൂടുതൽ അംഗങ്ങൾ വേണം. കൂടുതൽ അംഗങ്ങളുള്ള ദേവസ്വംബോർഡ് നിങ്ങൾ എന്തിനാണ് മാറ്റുന്നത്? അംഗസംഖ്യ എന്തി നാണ് നിങ്ങൾ ചുരുക്കുന്നത്? ഇത് ഭരണതലത്തിൽ ശ്രദ്ധവച്ചു പുലർത്തു ന്നത് നല്ലതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഒരു വിജിലൻസ് വിഭാഗം കൂടിയുണ്ട്. എട്ടു ജില്ലകളിലായി പരന്നു കിടക്കുന്ന ദേവസ്വം

ബോർഡിന്റെ ഇത്രയും ക്ഷേത്രങ്ങളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഒരു എസ്.പിയും ഒരു എസ്.ഐ.-യും മാത്രമാണുള്ളത്. അത് ആവശ്യത്തിന് തികയുന്നില്ല. അതുപോലെതന്നൊണ് അംഗങ്ങളുടെ കാര്യവും ഇപ്പോൾ എന്താണ് നടക്കുന്നത്? ഒരുപാട് ആക്ഷേപങ്ങളാണ് ഉണ്ടായിരിക്കുന്നത്.

തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഏകദേശം 513 കോടി രൂപയുടെ വരവും 493 കോടി രൂപയുടെ ചെലവും പത്ത് കോടിയിലധികം രൂപയുടെ മിച്ചവുമുള്ള ബഡ്ജറ്റാണ് കഴിഞ്ഞ പ്രാവശ്യം അവതരിപ്പിച്ചത്. അത്രയും തുക കൈകാര്യം ചെയ്യുന്ന ഒരു ദേവസ്വം ബോർഡിന് കൂടുതൽ അംഗങ്ങളും കൂടുതൽ സംവിധാനങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉണ്ടാകുന്നത് നല്ലതാണ്. അതു വേണ്ടെന്ന് വയ്ക്കുന്നതിന്റെ ഉദ്ദേശം എന്താണ്? ഏഴ് അംഗങ്ങൾ എന്നുള്ളത് മൂന്നാക്കി വെട്ടിച്ചുരുക്കുന്നതിലൂടെ എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാകുന്നില്ല.

മലബാർ ദേവസ്വംബോർഡിനെക്കുറിച്ച് മാതൃഭൂമിയിൽ വന്ന വാർത്ത വന്നു, ഏകദേശം 24000 ഏക്കർ ഭൂമി ആളുകൾ കയ്യടക്കിവച്ചിരിക്കുകയാണ് എന്ന്. അതൊക്കെ തിരിച്ചു പിടിക്കണമെങ്കിൽ ഗവൺമെന്റിന്റെ ഇടപെടലും സംവിധാനവും ആവശ്യമാണ്. റവന്യൂ ഓഫീസർമാരെ ആവശ്യപ്പെട്ടപ്പോൾ ഗവൺമെന്റ് നൽകിയില്ലെന്നാണ് വാർത്ത. ദേവസ്വത്തിന്റെ ഭൂമി അന്യാധീനപ്പെടുന്നത്, മറ്റുള്ളവർ കൈവശം വയ്ക്കുന്നത്, ഇതൊക്കെ തിരിച്ചു പിടിക്കാനുള്ള ഒരു ശ്രമം നടത്തേണ്ടത് ആവശ്യമാണ്. ഇതിനൊക്കെ സുശക്തമായ സംവിധാനം ആവശ്യമുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ ഉന്നയിച്ച ആക്ഷേപത്തിന്റെ ഒരു തുടർച്ചയുണ്ട്. അത് ഗവൺമെന്റ്

വ്യക്തമാക്കുന്നത് നല്ലതാണ്. തീവ്രവാദികളായ വർഗ്ഗീയവാദികൾ പ്രചരിപ്പിക്കുന്ന കാര്യം - ഹൈന്ദവ ക്ഷേത്രങ്ങളായ ശബരിമല, ഗുരുവായൂർ തുടങ്ങിയ ക്ഷേത്രങ്ങളുടെ വരുമാനം ഗവൺമെന്റ് എടുക്കുന്നുവെന്നും ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ തുടങ്ങിയവരുടെ ആരാധനാലയങ്ങളിലെ വരുമാനം ഗവൺമെന്റ് എടുക്കുന്നില്ലായെന്നുമാണ്. ഹിന്ദു ക്ഷേത്രങ്ങളിലെ വരുമാനം മാത്രം ഗവൺമെന്റ് എടുക്കുന്നുവെന്നത് കാലങ്ങളായി ഇവിടെ നിലനിൽക്കുന്ന ഒരു പ്രചരണമാണ്. ഇത് യാഥാർത്ഥ്യമല്ല എന്നുള്ള കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഒരു കോടി രൂപ സർക്കാർ നൽകുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ഇടപെട്ടാണ് ഒരു കോടിയായി വർദ്ധിപ്പിച്ചത്. 1200 -ാളം വരുന്ന ക്ഷേത്രങ്ങൾക്ക് ഒരു വരുമാനവുമില്ല. അവിടെ ശാന്തിക്കാരന് ശമ്പളം കൊടുക്കുവാനുള്ള കാശുപോലും ക്ഷേത്രങ്ങളിൽനിന്നു ലഭിക്കുന്നില്ല. ശബരിമല പോലുള്ള ചില ക്ഷേത്രങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ടാണ് വരുമാനങ്ങളൊന്നുമില്ലാത്ത അമ്പലങ്ങളിലെ ആളുകൾക്ക് ശമ്പളം കൊടുക്കുന്നത്. സർക്കാർ അങ്ങോട്ടാണ് സഹായിക്കുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും വരുമാനം ലഭിക്കുന്നുണ്ട്. പക്ഷേ ഈ ക്ഷേത്രത്തിന്റെ വരുമാനംകൊണ്ട് ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ എല്ലാ കാര്യങ്ങളും നടക്കുന്നില്ല. കൊച്ചി ദേവസ്വംബോർഡിന്റെ കീഴിൽ വരുമാനമുള്ള ചില ക്ഷേത്രങ്ങളുണ്ട്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യം ഞങ്ങളുടെ നാട്ടിൽ ഓടുപോലും മാറ്റാൻ പറ്റാത്ത വലിയ ക്ഷേത്രങ്ങളുണ്ട്. രാവിലെ അഞ്ചു മണിമുതൽ രാത്രി വൈകി വരെ ഇരുന്നാൽ ശാന്തിക്കാരന് പരമാവധി ലഭിക്കുന്ന തുക മൂവായി

രമോ നാലായിരമോ രൂപയാണ്. ഇതാണ് ക്ഷേത്രങ്ങളുടെ പെതുവിലുള്ള സ്ഥിതി. ക്ഷേത്രങ്ങളിലെ പണം മുഴുവൻ സർക്കാർ കൊണ്ടുപോകുന്നൂവെന്ന തരത്തിൽ ഒരു പ്രചരണം നടക്കുന്നുണ്ട്. അത് പ്രചരിപ്പിക്കുന്നത് ഹിന്ദു തീവ്രവാദികളാണ്. സർക്കാർ ഇതിന് വ്യക്തമായി മറുപടി പറയണം. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം. ഹിന്ദുക്ഷേത്രങ്ങളുടെ കാര്യത്തിൽ മാത്രമല്ല എല്ലാ കാര്യത്തിലും ഗവൺമെന്റിന്റെ ഇടപെടലുകൾ അത്യാവശ്യമാണ്.

ശബരിമലയിൽ നിന്നും ഒരു ദിവസം 70 ടൺ മാലിന്യമാണ് പുറത്തേയ്ക്ക് പോകുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു ഇടപെടലും നടത്തിയില്ലെങ്കിൽ എന്തായിരിക്കും സ്ഥിതി? ഇപ്പോൾതന്നെ ഈ മാലിന്യങ്ങളുടെ സ്ഥിതി എന്താണ്? ശബരിമലയിലെ അവസ്ഥ നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി കഴിഞ്ഞ വർഷം നേരിൽ പോയി കണ്ടതാണ്. ഈ കാര്യങ്ങളിലൊക്കെ ഗവൺമെന്റിന്റെ കർശനമായ ഇടപെടലുകൾ ഉണ്ടാവണം. ചില ക്ഷേത്രങ്ങൾക്ക് ധാരാളം വരുമാനമുണ്ട്. ആ പണം അന്യാധീനപ്പെട്ടുപ്പോകാതിരിക്കാനുള്ള ഇടപെടലുകൾ വേണം. ശ്രീ. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വരുമാനത്തെക്കുറിച്ച് ഈ അടുത്ത കാലത്താണ് ജനങ്ങൾ അറിയുന്നത്. ഇത്രയുമധികം പണവും സ്വത്തും സ്വർണ്ണവുമുള്ള കാര്യം ഇപ്പോഴാണ് ജനങ്ങൾ അറിയുന്നത്. അവയെല്ലാം സംരക്ഷിക്കേണ്ട ചുമതല ഗവൺമെന്റിനുണ്ട്. സർക്കാരിന്റെ ഇടപെടലുകൾ ഇത്തരം ക്ഷേത്രങ്ങളിൽ ഉണ്ടാകുന്നതിനെ ഹൈന്ദവ വിശ്വാസികൾ എതിർക്കുകയല്ല; അനുകൂലിക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. ഇതിനെല്ലാം സുരക്ഷിതത്വം കുറെക്കൂടി ഉറപ്പാ

ക്കുകയാണ് യഥാർത്ഥത്തിൽ വേണ്ടത്. ഇവിടെ അതല്ലാത്ത കുറെ പ്രശ്നങ്ങളൊക്കെ ഉയർന്നുവന്നിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിച്ചു വന്നത് ക്ഷേത്രങ്ങളുടെ സ്ഥിതിയെ സംബന്ധിച്ചാണ്. അതോടൊപ്പം ഇവിടെ ആരും പരാമർശിക്കാതെ പോയ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മുടെ നാട്ടിൽ ഒരു വരുമാനവും ഇല്ലാത്ത ആയിരക്കണക്കിന് ക്ഷേത്രങ്ങളും ധാരാളം വരുമാനമുള്ള കുറച്ചു ക്ഷേത്രങ്ങളുമുണ്ട്. അവിടെയൊക്കെ പൂജ നടത്തുന്ന പൂജാരിമാരുടെ അവസ്ഥ ദയനീയമാണ്. അവർക്കുവേണ്ടി ഒരു നടപടിയും ദേവസ്വംബോർഡിന്റെ ഭാഗത്തുനിന്ന് വരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറച്ച് നടപടികൾ ആരംഭിച്ചിരുന്നു. പക്ഷേ അത് പൂർത്തീകരിച്ച് വന്നിട്ടില്ല.

ഒരു ശാന്തിക്കാരൻ എന്നു പറഞ്ഞാൽ ക്ഷേത്രത്തിലെ തൂപ്പുക്കാരുടെ ഗ്രേഡിനെക്കാൾ താഴെയായിട്ടാണ് ഇപ്പോൾ കണക്കാക്കുന്നത് എന്നത് വളരെ ഗൗരവത്തോടെ നമ്മൾ കാണേണ്ട ഒരു വിഷയമാണ്. ശാന്തിക്കാരന് ഒരു അസുഖം വന്നാൽ പകരക്കാരനെ അന്വേഷിച്ച് നെട്ടോട്ടം ഓടേണ്ട അവസ്ഥയാണ്. അതിന് ദേവസ്വംബോർഡുതന്നെ ഒരു പാനൽ ആൾക്കാരെ ഉണ്ടാക്കുകയും ക്ഷേത്രങ്ങളിൽ രണ്ടു ശാന്തിക്കാരെ വീതം നിയമിക്കുകയും ചെയ്തുകഴിഞ്ഞാൽ ഒരു വകയുമില്ലാത്ത വീടുകളിൽ നിന്നുവരുന്ന ശാന്തിക്കാരുടെ ജീവിത പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയും. അവരുടെ ശമ്പളം വർദ്ധിപ്പിക്കാനും ഗ്രേഡ് ഉയർത്താനും ശ്രദ്ധിക്കേണ്ടത് ഗവൺമെന്റല്ലേ എന്നു ചോദിക്കുകയാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: തീർച്ചയായും അത് ദേവസ്വംബോർഡുകൾ പരിഗണിക്കേണ്ട ഒരു കാര്യംതന്നെയാണ്. നിത്യജീവിതത്തിൽ നിത്യവും

കാണുന്ന ഒരു സംഭവമാണ്. അങ്ങേയറ്റം പരിതാപകരമാണ് പല ക്ഷേത്രങ്ങളിലെയും പൂജാരികളുടെ സ്ഥിതി. ഹിന്ദു മതത്തിൽ ഒരുപാട് അനാചാരങ്ങളുണ്ടായിരുന്നു. ആ അനാചാരങ്ങളൊക്കെ ഇല്ലാതായത് വലിയ പോരാട്ടങ്ങൾക്കുശേഷമാണ്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഹരിജനങ്ങൾ അടക്കമുള്ളവർക്ക് ഇന്നു കാണുന്ന പദവിയൊക്കെ ലഭിക്കുന്നതിനുവേണ്ടി വലിയ വലിയ പോരാട്ടങ്ങളാണ് നടന്നിട്ടുള്ളത്. പക്ഷേ ആ പോരാട്ടങ്ങളോട് വിയോജിച്ച് നിന്നിരുന്ന ഒരു വിഭാഗം അന്നും ഇന്നുമുണ്ട്. ഈ ഭേദഗതി ബില്ലിലൂടെ യു.ഡി.എഫ്. -ന്റെ ആ മുഖമാണ് കാണിക്കുന്നത്. അതിന് ഒരു തർക്കവുമില്ല.

യു.ഡി.എഫ്.-ന്റേത് അറുപിന്തിരിപ്പൻ നയങ്ങളാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ആരാധനാലയങ്ങളിൽ ആനകളെ എഴുന്നെള്ളിക്കുന്ന ഒരു സംവിധാനം ഇപ്പോഴുണ്ട്. ഒരു പള്ളിയിൽ ആയാലും അമ്പലത്തിലായാലും എഴുന്നെള്ളിക്കുന്ന ആനകളുടെ എണ്ണം കൂടി വരുന്നുണ്ട്. ആനകൾക്ക് നിൽക്കാനുള്ള സ്ഥലംപോലുമില്ല. ഏതെങ്കിലും ആന വാൽ ആട്ടിയാൽ മതി നൂറുകണക്കിനാളുകൾ ചതഞ്ഞുമരിക്കും. കച്ചവടക്കാരും ഗൾഫിൽ പോയിട്ട് വരുന്നവരുമൊക്കെ സ്വന്തമായി ആന എഴുന്നെള്ളിപ്പ് നടത്തുകയാണ്. അങ്ങനെ ഇതിന്റെ എല്ലാ പരിധിയും ലംഘിക്കുകയാണ്. കാലാവസ്ഥയിലും വലിയ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. കാലാവസ്ഥയിലെ മാറ്റങ്ങൾ ആനകൾക്കും ബാധകമാണ്. ടാറിട്ട സ്ഥലത്ത് പൊള്ളുന്ന ചൂട് സഹിച്ച് ആനകൾക്ക് നിൽക്കാൻ കഴിയുന്നില്ല. കുറെ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ പാലിക്കാൻ പ്രയാസമുള്ളതുമാണ്. ഈ അടുത്ത കാലത്ത്, തന്ത്രിമാരുടെ യോഗം - ദേവസ്വംബോർഡ് മുൻകയ്യെടുക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള വാർത്ത വായിച്ചു. അത് നല്ല

കാര്യമാണ്. ദേവസ്വം ബോർഡുകൾ അക്കാര്യത്തിൽ മുൻകയ്യെടുക്കണം. ദേവസ്വം വകുപ്പുമന്ത്രി അതിന് നേതൃത്വം കൊടുക്കണം. ആരാധനാലയങ്ങളിൽ അണിനിരത്താവുന്ന ആനകളുടെ എണ്ണത്തിന് ഒരു പരിധി നിശ്ചയിക്കുന്നത് നല്ലതാണ്. എഴുന്നെള്ളിപ്പ് കടന്നുപോകുന്ന സ്ഥലവും ക്ഷേത്രത്തിന്റെ പ്രദേശങ്ങളുമൊക്കെ പരിഗണിച്ചുകൊണ്ട് പരിധി നിശ്ചയിക്കുന്നത് നല്ലതാണ്. അതുപോലെതന്നെ തന്ത്രിമാരും വിശ്വാസികളുമായി ബന്ധപ്പെട്ടുകൊണ്ട് എഴുന്നെള്ളിപ്പിന്റെ സമയത്തിന് ക്രമീകരണം ഉണ്ടാക്കുന്നത് നല്ലതാണ്. നട്ടുച്ചയ്ക്ക് ആനകളെ അണിനിരത്തി എഴുന്നെള്ളിപ്പ് നടത്തുമ്പോൾ ഒരുപാട് പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. വിശ്വാസത്തിന് തകരാറുണ്ടാകുന്നില്ലെങ്കിൽ അത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് കാലോചിതമായ പരിഷ്കാരങ്ങളുണ്ടാക്കുന്നത് നല്ലതാണ്. ഇത് ഒരു മതത്തിന്റെ മാത്രമല്ല, മുസ്ലീം പള്ളിയിലേതായാലും ക്രിസ്റ്റ്യൻ പള്ളിയിലേതായാലും ഹിന്ദുക്ഷേത്രത്തിലേതായാലും സംസ്ഥാനത്താകെ ഇത് ഒരുപോലെയാണ് നടക്കുന്നത്. ആനകൾ ഇടയുന്നതിന്റെ ഭാഗമായി ആളുകൾ മരിക്കുന്നതോടൊപ്പം നാശനഷ്ടങ്ങളുമുണ്ടാകുന്നുണ്ട്. ആനത്തൊഴിലാളി യൂണിയന്റെ സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ ആനത്തൊഴിലാളികളുടെ ഭാവിയെ ഓർത്തുകൊണ്ടുകൂടിയാണ് ഈ കാര്യം പറയുന്നത്. ജനങ്ങൾക്കിടയിൽ ഇതിനെക്കുറിച്ച് ചർച്ച നടക്കുന്നുണ്ട്. ആ കാര്യംകൂടി പരിഗണിക്കണം.

<u>മി. സ്പീക്കർ</u>: അങ്ങ് ആനത്തൊഴിലാളി യൂണിയന്റെ പ്രസിഡന്റാണ് എന്നുള്ള കാര്യം സഭയ്ക്ക് പുതിയ അറിവാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: അല്ല. ശ്രീ. കെ.ബി. ഗണേഷ് കുമാർ മന്ത്രി ആയിരുന്നപ്പോൾ നാലോ അഞ്ച് കമ്മിറ്റികൾക്ക് എന്നെ വിളിച്ചിരുന്നു.

അത് ഗവൺമെന്റിന് അറിയാവുന്ന കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റും കമ്മിറ്റികൾക്ക് എന്നെ വിളിക്കാറുണ്ടായിരുന്നു. അതിൽ രഹസ്യമൊന്നും ഇല്ല.

മി. സ്പീക്കർ: ശരി, എനിക്ക് ഒരു മിസ്റ്റേക്ക് പറ്റിയതാണ്.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, അതുപോലെ ദേവസ്വം ബോർഡുകളിൽ ഗവൺമെന്റ് ഇടപെടലുകൾ ഉണ്ടാകണം. ശബരിമലയിൽ നിന്ന് വാങ്ങിയ അരവണയിൽ പല്ലി - എന്നൊരു വാർത്ത ഉണ്ടായിരുന്നു പക്ഷെ പകുതി അരവണ കഴിച്ചതിനുശേഷമാണ് പല്ലിയെ കാണുന്നത്. ഇതിനെ എങ്ങനെയാണ് പ്രസാദമെന്ന് പറയാൻ കഴിയുന്നത്. ഇതിൽ ഇട പെടണ്ടേ; ഗവൺമെന്റിന് നോക്കിയിരിക്കാൻ കഴിയുമോ? പല്ലി, എലി തുടങ്ങിയ ജീവികളെ ചതച്ചരച്ച് പ്രസാദം എന്നപേരിൽ കൊടുക്കുന്നത് വളരെ ക്രൂരമാണ്. ഇത്തരം കാര്യങ്ങളിലൊക്കെ ഗവൺമെന്റ് ഇടപെടലുകൾ ഉണ്ടാകുന്നത് നല്ലതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഏറ്റവും ശരിയായ പരിഷ്കാരങ്ങളെയാണ് നിങ്ങളിപ്പോൾ ഭേദഗതിയിലൂടെ വേണ്ടെന്നുവയ്ക്കുന്നത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളുടെ എണ്ണം 7 ആക്കിയപ്പോൾ, 2 സ്ത്രീകൾ, ഒരു എസ്.സി വിഭാഗത്തിൽപ്പെട്ടയാൾ, ഒരു ക്ഷേത്ര ഉപദേശക സമിതി അംഗം, ഒരു ഹിന്ദു ഫിലോസഫർ, എന്നിങ്ങനെ വളരെ വ്യക്തമായി പറഞ്ഞിരുന്നു. മലബാർ, കൊച്ചി ദേവസ്വം ബോർഡുകളുടേതും അങ്ങനെ തന്നെയായിരുന്നു. നിങ്ങളുടെ സ്ഥാപിത താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അതെല്ലാം നിങ്ങൾ മാറ്റിമറിക്കുകയാണ്. എസ്.സി ഒഴികെയുള്ളവരെ മന്ത്രിമാർ തീരുമാനിച്ചുകൊള്ളാം എസ്.സി വിഭാഗത്തിൽപ്പെട്ട ആളെ ആര് വേണമെങ്കിലും തീരുമാനിച്ചോളൂ എന്നു പറയു

ന്നത് അവരെ അപമാനിക്കുന്നതുതന്നെയാണ്. ഒരു സംശയവുമില്ല ഇത് പഴയ സവർണ്ണ മേധാവിത്വത്തിന്റെ അപമാനിക്കൽ തന്നെയാണ്. ഇത് വളരെ മോശമാണ്. ഈ ബില്ല് അറുപിന്തിരിപ്പൻ ബില്ലാണ്, സ്ത്രീ വിരുദ്ധമാണ്, പിന്നോക്ക സമുദായത്തോടുള്ള വെല്ലുവിളിയാണ്, ഭരണഘടനാ വിരുദ്ധമാണ്. ഈ ഭേദഗതി ബിൽ പിൻവലിക്കണം വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്. ശ്രീ. കെ. മുരളീധരനെപ്പോലെയുള്ള ആളുകൾ ഈ ബില്ലിന് എതിരാണ് എന്നുള്ള കാര്യം വളരെ സന്തോഷകരമാണ്. അദ്ദേഹം വോട്ട് എങ്ങനെ രേഖപ്പെടുത്തുമെന്ന് അറിയില്ല. അദ്ദേഹം സംസാരിച്ചത് ഈ ബില്ലിൽ ഞങ്ങൾ എതിർക്കുന്ന വസ്തുതകളെ അംഗീകരിച്ചുകൊണ്ടാണ്. യു.ഡി.എഫ്-നകത്തും ഈ ബില്ലിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാൻ സാധ്യതയുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ഒന്നുകിൽ ഈ ബില്ല് പിൻവലിക്കണം അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് പോയിട്ട് തിരിച്ചുവരുന്ന സമയത്ത് മനസ്സാക്ഷി വോട്ട് രേഖപ്പെടുത്താനുള്ള അനുവാദം അവർക്ക് നൽകുകയെങ്കിലും വേണം. ഇത് അത്രയേറെ പിന്തിരിപ്പനായിട്ടുള്ള ബില്ലാണ്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): സർ, നിരാകരണ പ്രമേയത്തിൽ പരാമർശിച്ചിട്ടുള്ള വാദഗതികൾ യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ മൂന്ന് മെമ്പർമാരിൽ രണ്ടുപേർ ജനറൽ വിഭാഗത്തിൽനിന്നും ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. സ്ത്രീകളുടെ കാര്യത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. ജനറൽ വിഭാഗ

ത്തിൽ സ്ത്രീകളെ നിയമിക്കുന്നതിനുള്ള അധികാരവുമുണ്ട്. അതുപോലെ തന്നെ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാന കാര്യം റിക്രൂട്ട്മെന്റ് ബോർഡുകൾ രൂപീകരിക്കുന്നതിനെക്കുറിച്ചാണ്. 2007-ൽ ദേവസ്വം ബോർഡുകളിൽ അഴിമതിയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഉണ്ടായപ്പോൾ ഹൈക്കോടതി നിയമിച്ച ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞത് കേരളത്തിലെ ദേവസ്വം ബോർഡുകളുടെ നിയമനങ്ങൾക്കുവേണ്ടി ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കണമെന്നാണ്. അത് ഹൈക്കോടതിയും അന്നത്തെ ഗവൺമെന്റും തത്വത്തിൽ അംഗീകരിച്ചതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. റിക്രൂട്ട്മെന്റ് ബോർഡ് വന്നുകഴിഞ്ഞാൽ സംവരണം സാധ്യമല്ല എന്നാണ് ഇവിടെ പറഞ്ഞത്. ഒരു മതസ്ഥാപനമാണ് ദേവസ്വം ബോർഡ്. അപ്പോൾ മതസ്ഥാപനം എന്ന രീതിയിൽ റിക്രൂട്ട്മെന്റ് ബോർഡുകൾ നിലവിൽ വന്നാൽ നിശ്ചയമായും ഹിന്ദുമതത്തിലുള്ള ആളുകൾക്ക് സംവരണം നൽകുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കാൻ സാധിക്കും.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സംവരണം പാലിക്കുമെന്ന് ഇപ്പോൾ ഉറപ്പ് നൽകാൻ കഴിയുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, സംവരണം പാലിച്ചുകൊണ്ടുള്ള നടപടികളിലൂടെയായിരിക്കും ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിനെക്കുറിച്ചുള്ള ഉത്കണ്ഠ അസ്ഥാനത്താണ്.

ശ്രീ. ജി. സുധാകരൻ: സർ, റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കുന്നതും പി.എസ്.സി.-ക്ക് വിടാതിരിക്കുകയും ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടമാണ്. നിങ്ങളുടെ ഭൂരിപക്ഷമാണ്. പക്ഷെ താങ്കൾ അതിനെക്കുറിച്ച് സംസാരിക്കു

മ്പോൾ ജസ്റ്റീസ് പരിപൂർണ്ണൻ കമ്മീഷൻ പറഞ്ഞതുകൊണ്ടാണ് അത് ചെയ്തത് എന്നുപറയുന്നത് ശരിയാണോ? ജസ്റ്റിസ് പരിപൂർണ്ണൻ അങ്ങനെ പറഞ്ഞോ എന്ന് നമുക്ക് രണ്ടുപേർക്കുംകൂടി ഒരുമിച്ചുപോയി ചോദിക്കാം. പരിപൂർണ്ണൻ കമ്മീഷൻ പറഞ്ഞത് ഒരു ഏകീകൃത റിക്രൂട്ടിംഗ് സംവിധാനം വേണമെന്നാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുകളിലാണോ റിക്രൂട്ട്മെന്റ് ബോർഡ്; നിങ്ങൾ ആലോചിച്ച് നോക്കണം നിങ്ങളുടെ മുന്നണിക്ക് എന്ത് പ്രയോജനമാണ് ഇത് കൊണ്ടുണ്ടാകുന്നത്. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആളെ നിയമിക്കാം. പക്ഷെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അവസാനകാലത്ത് രാമൻ നായർ ഉമ്മൻ ചാണ്ടിയെ വേട്ടയാടിയതുപോലെ മൂന്ന് ബോർഡുകളിലായി പുതിയ മൂന്ന് രാമൻ നായർമാർ ഉണ്ടാകാൻ പോകുകയാണ്. ജസ്റ്റീസ് പരി പൂർണ്ണൻ കമ്മീഷനുമായി ഞാൻ ഈ വിഷയം നേരിട്ട് ചർച്ച ചെയ്തപ്പോൾ പി.എസ്.സി.-യാണ് നല്ലതെന്ന് പറഞ്ഞതുകൊണ്ടുകൂടിയാണ് ഇങ്ങനെ പറഞ്ഞത്. മാത്രമല്ല എൻ.എസ്.എസ്. ന്റെ ജനറൽ സെക്രട്ടറിയായിരുന്ന ആരാധ്യനായ പി. നാരായണ പണിക്കർ ഹൈക്കോടതിയിലും സുപ്രീംകോട തിയിലും കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയും സുപ്രീംകോടതിയും കേസ് തള്ളി. ദൈവങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമനവും പി.എസ്.സി. -യ്ക്ക് വിടാൻ പറ്റില്ല- മേൽശാന്തി തുടങ്ങി മാലകെട്ടുകാരൻ വരെയുള്ള എല്ലാവരെയും നിയമിക്കുന്നത് ദേവസ്വം ബോർഡ് ആയിരിക്കണം. ക്ലാർക്ക്, പ്യൂൺ തുടങ്ങിയ ഓഫീസ് പോസ്റ്റുകൾ മാത്രമാണ് പി.എസ്.സി.-ക്ക് വിട്ടതെന്നും ഹിന്ദുക്കളായ പി.എസ്.സി.- മെമ്പർമാർ മാത്രമേ ഇന്റർവ്യൂ നടത്തുകയുള്ളൂ, ഹിന്ദുക്കൾക്കുമാത്രമേ നിയമനം കിട്ടാൻ അർഹതയുള്ളൂ എന്നുമാണ് പറഞ്ഞത്. മദ്രാസ് എൻഡോവ്മെന്റ് ആക്റ്റിലും ഇങ്ങനെതന്നെ യാണ് നടന്നുവരുന്നത് ഒരു പ്രശ്നവുമില്ല എന്ന് കോടതി വളരെ

വ്യക്തമായി പറഞ്ഞ് എസ്റ്റാബ്ലിഷ് ചെയ്തതിനെ നിങ്ങൾക്ക് വേണമെങ്കിൽ മാറ്റാം. അതുകൊണ്ട് നിങ്ങൾക്ക് എന്ത് പ്രയോജനമാണ് ലഭിക്കുന്നത്; നിങ്ങളെപ്പറ്റിയുള്ള സംശയം ജനങ്ങളുടെ മുമ്പിലുണ്ട്. നിങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവരുന്നതാണ് ഞങ്ങൾക്ക് നല്ലത്. ഇത് ഞങ്ങൾക്കൊരു കാംപെയ്ൻ ആണ്. പക്ഷെ രാഷ്ട്രീയപരമായ കാംപെയ്ൻ അല്ല. നിങ്ങൾ ആലോചിക്കണം. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങളെ ഗവൺമെന്റ് നോമി നേറ്റ് ചെയ്യുന്ന പി.എസ്.സി.-യുടെ അധികാരമില്ലാത്ത കമ്മിറ്റിക്ക് വിടുന്നത് ശരിയാണോ; അവരുണ്ടാക്കുന്ന കുഴപ്പങ്ങൾ ചിലപ്പോൾ നിങ്ങളുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും തലയുംകൊണ്ട് പോയെന്നിരിക്കും എന്നുള്ളകാ ര്യംകൂടി ഞാൻ പറയുകയാണ്.

ശ്രീ. എ. കെ. ബാലൻ: അഡ്മിനിസ്ട്രേറ്റീവ് സൈഡിൽ ചട്ടം ഉണ്ടാക്കു ന്നതിന് ഗവൺമെന്റ് സാംഗ്ഷൻ വേണമെന്നുള്ളത് ഉൾപ്പെടുത്താം ഇന്റേണൽ ആയിട്ടുള്ള കാര്യങ്ങളിൽ ബോർഡല്ലേ ചട്ടമുണ്ടാക്കേണ്ടത്; അതുകൂടി ഗവൺമെന്റ് ഏറ്റെടുക്കുന്നത് എന്തിനാണ്?

മി. സ്പീക്കർ: ഈ ചർച്ച ഇവിടെ തീരുന്നില്ലല്ലോ. ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതല്ലേയുള്ളൂ. വെറുതെ വട്ടം ചുറ്റിക്കണ്ട.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ ആ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാം. നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരം ഭിച്ചിട്ടുണ്ട്. ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്തുന്നതുസംബന്ധിച്ചും ശമ്പള പരി ഷ്കരണം നടപ്പിലാക്കുന്നതു സംബന്ധിച്ചും ഗവൺമെന്റ് നിർദ്ദേശം ദേവസ്വം ബോർഡുകൾക്ക് നൽകുന്നതാണ്. ദീർഘകാലമായി അത്തരമൊരു ആവശ്യം

ങ്ങൾ ഉയർന്നുവന്ന പശ്ചാത്തലത്തിൽ ഈ വിഷയം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശബരിമലയിലെ മാലിന്യപ്രശ്നത്തെക്കുറിച്ച് ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. സമഗ്രമായ സീറോ വേസ്റ്റ് പദ്ധതി അവിടെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ഈ വർഷം സർക്കാർ 5 കോടി രൂപയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവരികയാണ്. നല്ലൊരു സദുദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഹിന്ദു ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ എടുക്കുന്നില്ല, പകരം അങ്ങോട്ട് കൊടുക്കുകയാണ് ചെയ്യുന്നത് എന്നുള്ളതല്ലേ യാഥാർത്ഥ്യം.

ശ്രീ. വി.എസ്. ശിവകുമാർ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ക്ഷേത്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായം അങ്ങോട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. തിരുവനന്തപുരത്തുള്ള ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ കോടിക്കണക്കിന് സ്വത്തുക്കൾ കണ്ടെടുത്ത സാഹചര്യത്തിൽ, അവിടെയുള്ള സ്വത്തുക്കൾ മുഴുവൻ മറ്റുപല കാര്യങ്ങൾക്കും ഉപയോഗിക്കണമെന്നുള്ള അഭിപ്രായങ്ങളുണ്ടായി. ആ സ്വത്തുക്കൾ തൂക്കി വിറ്റ് മ്യൂസിയം അല്ലെങ്കിൽ കോളേജ് തുടങ്ങണമെന്നുള്ള അഭിപ്രായമുണ്ടായി. വിശ്വാസികളുടെ വികാരങ്ങളെ വൃണപ്പെടുത്തുന്ന രീതിയിലുള്ള ഒരു സമീപനവും കൈക്കൊള്ളുകയില്ലല്ലെന്ന തീരുമാനമാണ് മുഖ്യമന്ത്രിയും ഞങ്ങൾ എല്ലാവരും അസിന്നിഗ്ധമായി പ്രഖ്യാപിച്ചത്. ആ ക്ഷേത്രത്തിലെ സ്വത്തുക്കൾ അവിടത്തെ വകയാണെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും സ്വത്തുക്കൾ സംര

ക്ഷിക്കുന്നതിലേയ്ക്ക് ഏറ്റവും ശക്തമായ സെക്യൂരിറ്റി കൊടുക്കുന്നതിനു വേണ്ടിയുള്ള സാമ്പത്തിക സഹായമായി 10 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുകയും ചെയ്തു. 250 ഓളം പോലീസുദ്യോഗസ്ഥ ന്മാരെ അവിടെ നിയമിക്കുകയും ചെയ്തു. അതാണ് ഗവൺമെന്റിന്റെ സമീപ നം. ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ആദ്യമായി മാസ്റ്റർപ്ലാൻ കമ്മിറ്റിക്ക് വേണ്ടി 15 കോടി രൂപ അനുവദിച്ചത്. അത് കഴിഞ്ഞ് 25 കോടി രൂപ ഈ ബഡ്ജറ്റിലും വകയി രുത്തിയിരുന്നു. വികസന പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി ഓരോ സീസ ണിലും കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് കൊടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഈ ഹിന്ദുമത സ്ഥപാനങ്ങൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിശ്വാസിക ളുടെ വികാരങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ശക്തമായ പിന്തുണയാണ് ഗവൺമെന്റ് കൊടുക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. മലബാർ ദേവസ്വം ബോർഡ് ഗ്രാന്റും കൊടുക്കുണ്ട്. ആ ഗ്രാന്റ് ഈ വർഷം 20 കോടി രൂപയായിരുന്നത് 22 കോടിരൂപയായി വർദ്ധിപ്പിച്ചു. എല്ലാരംഗത്തും ഇത്തരത്തിലുള്ള. മാറ്റങ്ങൾ കാണാം. ആറ്റുകാൽ പൊങ്കാലക്ക് ഗവൺമെന്റു കൾ ഒരു കാലഘട്ടത്തിലും സഹായം കൊടുത്തിരുന്നില്ല. ആറ്റുകാൽക്ഷേത്രം ദേവസ്വം ബോർഡിന്റെ ക്ഷേത്രമല്ല. പക്ഷെ 12 കോടിയോളം രൂപ ഓരോ വർഷവും ഗവൺമെന്റ് കൊടുക്കുകയാണ്. ഹിന്ദുമത സ്ഥാപനങ്ങൾക്ക് ശക്ത മായി പ്രവർത്തിക്കുന്നതിനും പുരോഗമനപരമായ പ്രവർത്തനങ്ങൾ ഏറ്റെടു ക്കുന്നതിനും ശക്തമായ പിന്തുണ കൊടുക്കുന്ന ഗവൺമെന്റാണ് ഈ

ഗവൺമെന്റ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റുതരത്തിലുള്ള പ്രചരണങ്ങൾ ഒന്നും ശരിയല്ല. ഇതുമായി ബന്ധപ്പെട്ട് ഇനി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ.പി.റ്റി.എ. റഹീം, 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീമതി പി. അയിഷാ പോറ്റി
2. ശ്രീ. എ. എം. ആരിഫ്
3. ശ്രീ. എ. എ. അസീസ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. എ. കെ. ബാലൻ
7. ശ്രീമതി ഇ. എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. പി. കെ. ഗുരുദാസൻ
17. ശ്രീമതി ജമീലാ പ്രകാശം
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. കെ. കെ. ജയചന്ദ്രൻ
20. ശ്രീ. ജോസ് തെറ്റയിൽ
21. ശ്രീ. എളമരം കരീം
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
25. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
26. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീമതി കെ. കെ. ലതിക
29. ശ്രീ. മാത്യു റ്റി. തോമസ്
30. ശ്രീ. സി. കെ. നാണു
31. ശ്രീ. കെ. കെ. നാരായണൻ
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. പുരുഷൻ കടലുണ്ടി
34. ശ്രീ. പി. റ്റി. എ. റഹീം
35. ശ്രീ. ആർ. രാജേഷ്
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീമതി കെ. എസ്. സലീഖ
39. ശ്രീ. വി. ശശി
40. ശ്രീ. ബി. സത്യൻ
41. ശ്രീ. വി. ശിവൻകുട്ടി
42. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
43. ശ്രീ. ജി. സുധാകരൻ
44. ശ്രീ. പി. തിലോത്തമൻ
45. ശ്രീ. ഇ. കെ. വിജയൻ

46. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽകുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. കെ. ബാബു
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. വി. റ്റി. ബൽറാം
12. ശ്രീ. ബെന്നി ബെഹനാൻ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. പി. സി. ജോർജ്
15. ശ്രീ. ഹൈബി ഈഡൻ
16. കുമാരി പി. കെ. ജയലക്ഷ്മി
17. ശ്രീ. ജോസഫ് വാഴക്കൻ
18. ശ്രീ. വർക്കല കഹാർ
19. ശ്രീ. കെ. എൻ. എ. ഖാദർ
20. ശ്രീ. ലൂഡി ലൂയിസ്
21. ശ്രീ. പി. എ. മാധവൻ
22. ശ്രീ. കെ. പി. മോഹനൻ
23. ശ്രീ. സി. മോയിൻകുട്ടി
24. ശ്രീ. സി. പി. മുഹമ്മദ്
25. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

26. ഡോ. എം. കെ. മുനീർ
27. ശ്രീ. കെ. മുരളീധരൻ
28. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
29. ശ്രീ. ഉമ്മൻ ചാണ്ടി
30. ശ്രീ. അടൂർ പ്രകാശ്
31. ശ്രീ. റ്റി. എൻ. പ്രതാപൻ
32. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
33. ശ്രീ. പാലോട് രവി
34. ശ്രീ. റോഷി അഗസ്റ്റിൻ
35. ശ്രീ. എൻ. ശക്തൻ
36. ശ്രീ. വി. ഡി. സതീശൻ
37. ശ്രീ. ഷാഫി പറമ്പിൽ
38. ശ്രീ. കെ. എം. ഷാജി
39. ശ്രീ. എൻ. ഷംസുദ്ദീൻ
40. ശ്രീ. ആർ. സെൽവരാജ്
41. ശ്രീ. ഷിബു ബേബി ജോൺ
42. ശ്രീ. കെ. ശിവദാസൻ നായർ
43. ശ്രീ. വി. എസ്. ശിവകുമാർ
44. ശ്രീ. സണ്ണി ജോസഫ്
45. ശ്രീ. പി. ഉബൈദുള്ള
46. ശ്രീ. എം. ഉമ്മർ
47. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
48. ശ്രീ. എം. എ. വാഹീദ്
49. ശ്രീ. എം. പി. വിൻസെന്റ്
50. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 46

പ്രതികൂലിക്കുന്നവർ - 50

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

2013-ലെ XXXIV-ാം നമ്പർ ഓർഡിനൻസായി തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കുന്നു.

## 2. 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ

മി. സ്പീക്കർ: 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): സർ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മലബാർ ദേവസ്വം ബോർഡ് 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ഇത് 2008-ലാണ് രൂപീകരിച്ചത്. 1951 -ലെ നിയമമനുസരിച്ച് 2008 വരെ മലബാർ ഭാഗത്തെ ക്ഷേത്രഭരണം സർക്കാർ വകുപ്പായ ഹിന്ദുമത ധർമ്മസ്ഥാപന ഭരണ വകുപ്പിനായിരുന്നു. 2008-ലെ ഭേദഗതിയനുസരിച്ച് ദേവസ്വം ബോർഡ് രൂപീകരിച്ചു. ബോർഡിൽ ഒൻപത് അംഗങ്ങളാണുള്ളത്. 2008-ലെ നിയമമനുസരിച്ച് ആറ് പേരിൽ പട്ടികജാതിയിൽ നിന്നും പട്ടികവർഗ്ഗത്തിൽ നിന്നും ഒരാളിനെവീതം മന്ത്രിസഭ

യിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യാനും മൂന്ന് പേരെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ഒൻപത് അംഗങ്ങളെയും ഫിലോസഫർ, സോഷ്യൽ റിഫോർമർ, ഭക്തിഗാനങ്ങളിൽ നൈപുണ്യമുള്ള ആളുകൾ എന്നിങ്ങനെ പല വിഭാഗങ്ങളിൽപ്പെട്ടവരായി തിരിച്ചിട്ടുണ്ട്. 2008-ലെ മറ്റ് ഭേദഗതികൾ താഴെപ്പറയും പ്രകാരമായിരുന്നു. പുരുഷ മെമ്പർമാരുടെ പ്രായം 50 വയസ്സും സ്ത്രീ മെമ്പർമാരുടെ പ്രായം 60 വയസ്സുമായിരിക്കും. ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനയാക്കാൻ നടപടി സ്വീകരിക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യും. മേൽ പറഞ്ഞ ഭേദഗതികൾ കൂടാതെ മറ്റുപല ഭേദഗതികൾ 2008-ലെ നിയമം വഴി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്താൻ തീരുമാനിച്ചു. ബോർഡിലെ ഒൻപത് മെമ്പർമാരിൽ ഏഴ് പേരെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യും. ഇതിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടയാളും ഒരാൾ പട്ടികവർഗ്ഗത്തിൽപ്പെട്ടയാളും ഒരാൾ വനിതയുമായിരിക്കും. രണ്ട് അംഗങ്ങളെ നിയമസഭയിലെ ഹിന്ദു അംഗങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്യും. പുരുഷ മെമ്പർമാരുടെ പ്രായം 45 വയസ്സും സ്ത്രീ മെമ്പർമാരുടെ പ്രായം 60 വയസ്സും പൂർത്തിയായിരിക്കണം എന്നാണ്. ബോർഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യും. ഏരിയ കമ്മിറ്റികൾ, ട്രസ്റ്റ്/ബോർഡ് എന്നിവയുടെ കാലാവധി ബോർഡിനെപ്പോലെ രണ്ടുവർഷം

തന്നെയായിരിക്കും. രണ്ടുവർഷം പൂർത്തിയായ ഏരിയാ കമ്മിറ്റിക്കും ട്രസ്റ്റ്/ബോർഡിന് പകരം പുതിയത് രൂപീകരിക്കും. മേൽപ്പറഞ്ഞ കാര്യം ഉൾക്കൊളളിച്ചുകൊണ്ട് 2012-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന ഭേദഗതി ഓർഡിനൻസ് എന്ന പേരിൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഓർഡിനൻസ് 2012 ഡിസംബർ 2013 ജനുവരി, ഫെബ്രുവരി, ഏപ്രിൽ എന്നീ മാസങ്ങളിൽ പുതുക്കുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിന് പകരമാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചിട്ടുളളത്.

മി. സ്പീക്കർ: ശ്രീ. റ്റി.വി. രാജേഷ്, അങ്ങേയ്ക്ക് 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി.വി. രാജേഷ്: Sir, I move that— “This House resolves to disapprove The Madras Hindu Religious and Charitable Endowments (Amendment) Ordinance, 2013 (Ordinance No. 35 of 2013)”. കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. 02-10-2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള വളരെ ധീരമായ ഒരു നിലപാടാണ് കേരളത്തിലെ അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ചത്. സർക്കാർ വകുപ്പിന്റെ കീഴിലായിരുന്ന ക്ഷേത്രഭരണം ഒരു ജനാധിപത്യരീതിയിലേയ്ക്ക് കൊണ്ടുവരാനുള്ള സാർത്ഥകമായ തുടക്കം കുറിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് പ്രവർത്തനം തുടങ്ങിയപ്പോൾ യാഥാസ്ഥി

തികരും സാമുദായിക ശക്തികളും ഇതിനെതിരായി കടുത്ത നിലപാടാണ് സ്വീകരിച്ചത്. എന്നാൽ ജീവനക്കാരുടെയും ഭക്തജനങ്ങളുടെയും പിന്തുണയും അന്നത്തെ സർക്കാരിന്റെയും അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരന്റെയും ഇച്ഛാശക്തിയുമാണ് ബോർഡ് രൂപീകരണത്തിന് രൂപം കൊടുക്കാൻ സഹായകരമായത്. മലബാർ ദേവസ്വം ബോർഡിന്റെ രൂപീകരണം അവിടത്തെ തുച്ഛവേതനക്കാരായ ക്ഷേത്ര ജീവനക്കാർക്ക് മാന്യമായ ശമ്പള വ്യവസ്ഥയും സേവനവ്യവസ്ഥയും ലഭിക്കുന്നതിന് സഹാകരമായിത്തീർന്നിട്ടുണ്ട്. വർഷങ്ങളോളം തുച്ഛ വരുമാനക്കാരായി പീഡിതരായി കഴിഞ്ഞിരുന്ന ആയിരക്കണക്കിന് ക്ഷേത്ര ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഈ ബോർഡിന്റെ രൂപീകരണം വലിയൊരു ആശ്വാസമായിത്തീരുകയാണുണ്ടായത്. എന്നാൽ ഇന്ന് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതി യഥാർത്ഥത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ ഗുണകരമായ മുന്നോട്ടുപോക്കിനും അതിന്റെ ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്കും അങ്ങേയറ്റം വിഘാതവും തടസ്സവുമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബില്ലിൽ നേരത്തെ ദേവസ്വം ബോർഡ് അംഗങ്ങൾ ആരൊക്കെയായിരിക്കണമെന്നത് സംബന്ധിച്ച് വളരെ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പുതിയ ഭേദഗതിയിൽ ബോർഡിൽ 9 ഹിന്ദു അംഗങ്ങളുണ്ടായിരിക്കണമെന്നും അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടിക ജാതിയിലും ഒരാൾ പട്ടികഗോത്രവിഭാഗത്തിലുമുള്ള ആളായിരിക്കണമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. നേരത്തെ ഹിന്ദു മതത്തിലെ ഒരു ദാർശനികൻ, ഒരു സാമൂഹ്യപരിഷ്കർത്താവ്, ക്ഷേത്ര ഉപദേശക സമിതിയിലെ അനുഭവസമ്പത്തുള്ള ഒരംഗം, ഹിന്ദു ഭക്തിഗാനങ്ങളിൽ നിപുണയായ ഒരു വനിത

എന്നീ നിലകളിൽ ദേവസ്വം ബോർഡ് അംഗങ്ങൾ ആരൊക്കെയായിരക്കണമെന്ന് വളരെ വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇന്ന് ആ വ്യവസ്ഥ മാറ്റിക്കൊണ്ട് ദേവസ്വം ബോർഡ് തങ്ങളുടെ സ്വന്തക്കാരുടെ ഒരു ലാവണമാക്കി മാറ്റാൻവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്ന് കാണാൻ കഴിയും. അതുപോലെ ഇവിടെ ചർച്ച ചെയ്യപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ഇതിന്റെ 8-ാം 'ഡി' വകുപ്പിൽ മലബാർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടാനുള്ള ഇടതുസർക്കാരിന്റെ തീരുമാനം 'ഡി' വകുപ്പ് ഒഴിവാക്കുന്നതോടുകൂടി അട്ടിമറിക്കപ്പെടുകയാണ്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഇന്നത്തെ സ്ഥിതി പരിശോധിക്കേണ്ടതാണ്. ക്ഷേത്ര പ്രവേശന വിളംബരത്തിനുശേഷം എട്ട് ദശകങ്ങൾ പിന്നിട്ടെങ്കിലും ഇന്നും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ 80 ശതമാനത്തോളം വരുന്ന പിന്നോക്ക ഹരിജൻ ദളിത് സമുദായക്കാർക്ക് യാതൊരു പ്രാതിനിധ്യവുമുണ്ടായിട്ടില്ല. മഹാൻമാരായ കേളപ്പന്റെയും സഖാവ് എ.കെ.ജി യുടെയും കൃഷ്ണപിള്ളയുടെയുമൊക്കെ നേതൃത്വത്തിൽ നടന്ന ക്ഷേത്രപ്രവേശനത്തിനുവേണ്ടിയുള്ള ധീരമായ സമരങ്ങൾക്ക് സാക്ഷ്യം വഹിച്ച നാട്ടിൽ ഇന്നും അവർണ്ണർക്ക് ക്ഷേത്ര ഭരണത്തിലോ ജോലിയിലോ വേണ്ടത്ര പ്രാതിനിധ്യമില്ല. ക്ഷേത്ര ജീവനക്കാരെ സംബന്ധിച്ചിടത്തോളം ആ തൊഴിൽ ഇന്ന് വളരെ ആകർഷകമാണ്. കാരണം സർക്കാർ ജോലിക്ക് കിട്ടുന്നതിനെക്കാൾ കൂടുതൽ ശമ്പളം അവിടെ ലഭിക്കുന്നു. ഇപ്പോൾ പി.എസ്.സി യെ ഒഴിവാക്കിയിരിക്കുകയാണ്. മലബാറിലുള്ള 1300 ക്ഷേത്രങ്ങളിലായി 18000 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. സംവരണ വിഭാഗക്കാരുടെ കണക്കെടുത്താൽ അതിൽ ഒരു ശതമാനം

പോലും വരില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ജാതിയുടെ പേരിൽ ക്ഷേത്രത്തിന്റെ മതിൽക്കെട്ടുകളിലെ സേവനങ്ങളിൽനിന്നും കാലാകാലങ്ങളായി മാറ്റിനിർത്തപ്പെട്ട സംവരണ വിഭാഗക്കാർക്ക് ക്ലർക്ക്, അറ്റൻഡർ തുടങ്ങിയ അനുബന്ധ മേഖലകളിൽ ഇപ്പോൾതന്നെ നിയമനം ലഭിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പി.എസ്.സി യെ ഒഴിവാക്കിയത് സംബന്ധിച്ച് പറഞ്ഞു. അന്നത്തെ ദേവസ്വം വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ ഈ സഭയിലെ അംഗമായ ശ്രീ. ജി. സുധാകരൻ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിറ്റി ശുപാർശ ചെയ്തത് ദേവസ്വം ബോർഡിൽ നടക്കുന്ന അഴിമതിക്കും സ്വജന പക്ഷപാതത്തിനും അറുതി വരുത്താനാവശ്യമായ വിധത്തിൽ അതിന്റെ നിയമനത്തിൽ മാനദണ്ഡമുണ്ടാക്കുകയും ഒരു ബോർഡുണ്ടാക്കണമെന്നുമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ 2007-ൽ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടത്. എന്നാൽ ഇപ്പോൾ വീണ്ടും അത് ബോർഡിനെ ഏൽപ്പിക്കാൻ പോവുകയാണ്. എന്താണ് നമ്മുടെ ദേവസ്വം ബോർഡിലെ അവസ്ഥ? എന്റെ കൈയിൽ 2013 ജൂൺ 1-ലെ മാതൃഭൂമി തൊഴിൽവാർത്തയുണ്ട്. 'അതിൽ മലബാറിൽ അഴിമതി മലപോലെ' എന്നുപറഞ്ഞ് ദേവസ്വം ബോർഡ് അവിടെ നടത്തുന്ന നിയമനത്തിന്റെ തീവെട്ടിക്കൊള്ളയെക്കുറിച്ച് സൂചിപ്പിക്കുകയാണ്. ഞാനത് സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയാണ്. '31 ഒഴിവുകൾ, ഓരോ ഒഴിവുകൾക്കും കോഴ 4 മുതൽ 9 ലക്ഷം വരെ, വിജ്ഞാപനമില്ല, പരീക്ഷയില്ല, യോഗ്യത ഒരു പ്രശ്നമല്ല, പണമുണ്ടെങ്കിൽ പി.ആർ.ഒ യും ആകാം.' മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ഒരു

ക്ഷേത്രത്തിൽ നടന്ന കോടികളുടെ അഴിമതി കഥയാണിത്. 2011 ഡിസംബർ 19 മുതൽ 2013 വരെ ഒരു സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രത്തിൽ നടന്നത് 32 നിയമനങ്ങളാണ്. ഇതിൽ ആശ്രിത നിയമനമൊഴികെ ബാക്കിയെല്ലാം പുതിയതാണ്. പി.ആർ.ഒ, പ്ലാന്റ് ഓപ്പറേറ്റർ, അറ്റൻഡർ, ക്ലർക്ക്, ഡ്രൈവർ, ക്ലീനർ ഇങ്ങനെ നീളുന്നു പിൻവാതിൽ വഴിയുള്ള അരങ്ങേറ്റങ്ങളുടെ കണക്ക്. വില്ലേജ് ഓഫീസിലോ പഞ്ചായത്ത് ഓഫീസിലോ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരക്കണമെന്നാണ് വ്യവസ്ഥ. പക്ഷേ എല്ലാ തത്വങ്ങളും കാറ്റിൽ പറത്തിയാണ് ഇവിടെ കോഴ വിളയാട്ടം. ക്ഷേത്രം സ്ഥിതി ചെയ്യുന്ന മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം വില്ലേജ് ഓഫീസിലും പഞ്ചായത്ത് ഓഫീസിലും അരിച്ചുപെറുക്കിയിട്ടും വിജ്ഞാപനത്തിന്റെ ഒരു നോട്ടീസ് പോലും കിട്ടാനില്ല. നിലവിൽ ഈ ക്ഷേത്രത്തിൽ 80 ഓളം ജീവനക്കാരുണ്ട്. പുതിയ നിയമനങ്ങൾ വേണോ, ആർക്കുമറിയില്ല. പക്ഷേ അപ്രഖ്യാപിത നിയമനങ്ങൾ നിർബാധം തുടരുന്നു. തുടക്കത്തിൽ 4 ലക്ഷം രൂപയായിരുന്നു കോഴ. ആവശ്യക്കാർ കൂടിയതോടെ കോഴ 9 ലക്ഷം വരെയായി. ഈ ക്ഷേത്രത്തിലെ ജീവനക്കാരുടെ വേതനം പ്രതിവർഷം ഒരു കോടി കടക്കും. മലപ്പുറത്തെ ഒരു ഭരണകക്ഷി നേതാവാണത്രെ ഈ പിൻവാതിൽ നിയമനത്തിന് ചരട് വലിക്കുന്നത്. ഇതിനെതിരെ ഭരണകക്ഷിയുടെ യൂണിയൻകാർതന്നെ രംഗത്തെത്തിയിട്ടുണ്ടെന്നാണ് പിന്നാമ്പുറ കഥ. ഇത് ഒരു ക്ഷേത്രത്തിൽ നടന്നിട്ടുള്ള അഴിമതിയാണ്. മലബാറിലെ വിവിധ ക്ഷേത്രങ്ങളിൽ ഈ കാലത്ത് നടന്നിട്ടുള്ള അഴിമതിയെ സംബന്ധിച്ചുള്ള വിശദാംശങ്ങളാണ് ഈ തൊഴിൽവാർത്തയിൽ വന്നിട്ടുള്ളത്. ഇവിടെ സംവരണം പൂർണ്ണമായും അട്ടിമറിക്കപ്പെടുകയാണ്

ചെയ്യുന്നത്. ഇവിടെ ബഹുമാന്യനായ മന്ത്രി ഒരു ബോർഡുണ്ടാക്കുമെന്ന് പറഞ്ഞു. എപ്പോഴാണ് ബോർഡുണ്ടാക്കുന്നത്? ബോർഡിനെക്കുറിച്ച് പറയാൻ തുടങ്ങിയിട്ട് കുറെ നാളുകളായി. ബോർഡ് എന്ന അശരീരി ഇവിടെ മുഴങ്ങിക്കേൾക്കുന്നുണ്ട്. എന്നാൽ ബോർഡ് സംബന്ധിച്ച ഒരു വ്യക്തതയും ഇതുവരെ ഇവിടെയുണ്ടായിട്ടില്ല. ഇന്ന് താല്കാലിക നിയമനങ്ങളിൽ നടക്കുന്ന അഴിമതി സ്ഥിരം നിയമനങ്ങളിലേയ്ക്ക് മാറുകയായിരിക്കും റിക്രൂട്ട്മെന്റ് ബോർഡിന്റെ അനന്തരഫലമെന്ന് നാം മനസ്സിലാക്കണം. യഥാർത്ഥത്തിൽ റിക്രൂട്ട്മെന്റ് ബോർഡ് അഴിമതിയെ സ്ഥാപനവത്ക്കരിക്കാനും സംവരണം ഇല്ലാതാക്കാനും വേണ്ടിയാണ്. അതുകൊണ്ട് നിയമനങ്ങൾ പി.എസ്.സിക്ക് വിടാനുള്ള തീരുമാനം എടുത്തുകളയുന്ന ഈ ഭേദഗതി ഒഴിവാക്കാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മലബാർ ദേവസ്വത്തിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ പി.എസ്.സി വഴി നിയമനം നൽകുകയാണെങ്കിൽ ഒരു വർഷം 2000 പേർക്ക് തൊഴിൽ ലഭിക്കും. ഇത്രയും ആളുകൾക്ക് തൊഴിലില്ലാതാകുന്ന ഒരു സാഹചര്യമാണ് ഇതിന്റെ ഭാഗമായുണ്ടാകാൻ പോകുന്നത്. അതുപോലെ ഭരണരംഗത്ത് സ്ത്രീകൾക്ക് തുല്യപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് സംബന്ധിച്ച് ഭരണപക്ഷത്തും പ്രതിപക്ഷത്തുനിന്നുമുള്ള പ്രഖ്യാപനങ്ങളും അവകാശ വാദങ്ങളുമൊക്കെ ഇവിടെ ഉന്നയിക്കുകയുണ്ടായി. നേരത്തെ മലബാർ ദേവസ്വം ബോർഡിൽ രണ്ട് വനിതകളുണ്ടായിരുന്നു. ഇപ്പോൾ അത് ഒന്നായി ചുരുക്കിയിരിക്കുകയാണ്.

നിയമനിർമ്മാണ സഭയിൽ സ്ത്രീകൾക്ക് 30 ശതമാനം സംവരണം ഉറപ്പാക്കുന്ന ബിൽ പാർലമെന്റിന്റെ പരിഗണനയിലാണ്. കേരളത്തിൽ 50

ശതമാനം സ്ത്രീ സംവരണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നില വിലുള്ളത്. അങ്ങനെയിരിക്കെ മലബാർ ദേവസ്വംബോർഡിൽ നിലവിലുണ്ടാ യിരുന്ന സ്ത്രീ പ്രതിനിധികളുടെ എണ്ണത്തിൽ കുറവ് വരുത്തിയതിന് എന്ത് ന്യായീകരണമാണുള്ളത്. സ്ത്രീകളോടുള്ള ഈ സർക്കാരിന്റെ നിലപാട് എന്താണെന്നുള്ളതാണ് ഇവിടെ വ്യക്തമാക്കുന്നത്. ദേവസ്വംബോർഡിൽ ചെയർമാൻമാരായിരുന്നവരൊന്നും ഗുണം പിടിച്ചിട്ടില്ലെന്ന് ഇവിടെ നേരത്തേ സംസാരിച്ച ശ്രീ. കെ. മുരളീധരൻ പറഞ്ഞു. അങ്ങനെ പൊതുവായി പറയു ന്നത് ശരിയല്ല. തിരുവിതാംകൂർ ദേവസ്വംബോർഡിൽ അഡ്വ. രാജഗോപാലൻ നായർ ചെയർമാനായിരുന്നപ്പോൾ ദേവസ്വംബോർഡ് അംഗമായിരുന്നു ശ്രീ. വി. ശശി ഈ സഭയിലുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ആ ബോർഡിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ് ചെയ്തത്. അതുകൊണ്ട് എല്ലാവരേയും അടച്ച് ആക്ഷേപിക്കുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനി ക്കുള്ളത്. ഇവിടെ ഈ ബിൽ യഥാർത്ഥത്തിൽ സാമൂഹ്യനീതി അട്ടിമറിക്കുന്ന തും സംവരണം ഇല്ലാതാക്കുന്നതുമാണ്. പരിമിതമായ ജനാധിപത്യ അവകാശങ്ങൾപോലും ഇല്ലാതാക്കുന്ന ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, ഞാൻ ഈ നിരാകണ പ്രമേയത്തെ പിന്താങ്ങുന്നു. സ്വാതന്ത്ര്യം ലഭിച്ചശഷം കേരളം രൂപീകരിക്കുന്നതിന് മുമ്പ് ഇൻഡ്യൻ പ്രസിഡന്റും തിരുവിതാംകൂർ-കൊച്ചി രാജപ്രമുഖരും ഒപ്പുവച്ച താണ് ആദ്യത്തെ ദേവസ്വംബോർഡ് ബിൽ. ആദ്യമായി നിലവിൽ വന്ന ദേവസ്വംബോർഡിൽ കേരളത്തിലെ ബഹുമാന്യരായ ആർ. ശങ്കറിനെയും മന്നത്ത് പത്മനാഭനെയും പോലുള്ള പ്രതിഭകൾ അംഗങ്ങളായത് അവർ

ശ്രീമൂലം അസംബ്ലിയിലെ ഹിന്ദു അംഗങ്ങളായിരുന്നതുകൊണ്ടാണ്. പിന്നീട് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടു. മേൽപ്പറഞ്ഞ ബില്ലിൽ അദ്യമായൊരു ഭേദഗതി കൊണ്ടുവന്ന് നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ആ ഗവൺമെന്റിലെ ശ്രീ. ജി. സുധാകരനാണ് ആ ബില്ല് ഇവിടെ അവതരിപ്പിച്ചത്. 2001-2006-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നോമിനേറ്റ് ചെയ്ത പ്രസിഡന്റാണ് ശ്രീ. രാമൻ നായർ. ആ കഥ യൊക്കെ എല്ലാവർക്കും നല്ലതുപോലെ അറിയാവുന്നതാണ്. ഈ രംഗത്ത് വിശ്വാസത്തെ ഏതെല്ലാം രൂപത്തിൽ ചൂഷണം ചെയ്യാമെന്നും അഴിമതി നട ത്താമെന്നും സമ്പത്തിനുവേണ്ടി എന്തും ചെയ്യാമെന്നും തെളിയിച്ച ആളായി രുന്നു അദ്ദേഹം. എങ്കിലും യു.ഡി.എഫ്. ഗവൺമെന്റ് ഏതെങ്കിലും തരത്തി ലുള്ള നടപടി ശ്രീ. രാമൻനായർക്ക് എതിരായി സ്വീകരിക്കാൻ തയ്യാറായില്ല.

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: ശ്രീ. രാമൻ നായർ ഉൾപ്പെടുന്ന ബോർഡി നെതിരെ ഇപ്പറയുന്നതുപോലുള്ള ചില അഴിമതിയുടെ പുകമറ സൃഷ്ടിച്ചിരു ന്നുവെന്നത് സത്യമാണ്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഇക്കാര്യത്തിൽ 100 ശതമാനം സത്യസന്ധരാണെന്ന് കണ്ടെത്തി അവരെ കുറ്റ വിമുക്തരാക്കിക്കൊണ്ട് വിധി വന്നിട്ടുള്ളതുമാണ്. അതുകൊണ്ട് ആവശ്യമി ല്ലാതെ ആളുകളെക്കുറിച്ച് ആ രീതിയിൽ പറയേണ്ട കാര്യമില്ല.

<u>ശ്രീ. ജി. സുധാകരൻ</u> : ശ്രീ. ജോസഫ് വാഴക്കൻ ഏതു കാര്യമാണ് പറ യുന്നതെന്ന് അറിയില്ല. ഉമ്മൻ ചാണ്ടി ഗവൺമെന്റ് നിയമിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷനാണ് അഴിമതി മാത്രമാണ് നടന്നതെന്ന് റിപ്പോർട്ട് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് പിരിച്ചുവിട്ടത്. അതി ന്മേൽ ഇപ്പോഴും കേസ് നടക്കുകയാണ്. ശ്രീ. രാമൻ നായർക്ക് ഇപ്പോഴും

അതിൽ വിഷമമുണ്ട്. കാരണം അദ്ദേഹത്തിൽ നിന്ന് ആനുകൂല്യം പറ്റിയ പല സമുദായ നേതാക്കളും അദ്ദേഹത്തെ കൈവിട്ടു. ശ്രീ. ജോസഫ് വാഴക്കൻ അതിൽപ്പെട്ട ആളാണെന്ന് ഞാൻ പറയുന്നില്ല. ഹൈക്കോടതിയിലെ കാര്യ മല്ല ഞാൻ പറയുന്നത്. വിജിലൻസ് കേസ് നടക്കുകയാണ്. പരിപൂർണ്ണൻ കമ്മീഷൻ റിപ്പോർട്ട് വായിച്ചാൽ മുഴുവൻ അഴിമതിയാണെന്ന് മനസ്സിലാകും. അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച സംവാദം സഭയിൽ നടത്തേണ്ട കാര്യമില്ല. ആ പ്രശ്നം തീർന്നതാണ്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഒരു ഭാഗത്ത് കേസ് നടന്നുകൊണ്ടിരിക്കുന്നു. വിധി വരാൻ പോകുന്നതേയുള്ളു. ഈ ബോർഡിൽ ദൈവീകമായ ഒരു കാര്യവും നടക്കുന്നില്ലെന്നും അവിടെ അഴിമതി മാത്രമാണ് നടക്കുന്നതെന്നുമാണ് പരിപൂർണ്ണൻ കമ്മീഷൻ പരിശോധിച്ച് പറഞ്ഞത്. എന്നിട്ടും അതുസംബന്ധിച്ച് അന്നത്തെ ഗവൺമെന്റ് ഒരു തരത്തിലുള്ള നടപടിയും സ്വീകരിച്ചില്ലെന്നാണ് ഞാൻ പറഞ്ഞത്. ഈ വിധി വരുന്ന സമയത്താണ് ഇടപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ പ്രശ്നത്തിൽ വളരെ ഗൗരവമായി ഇടപെടുകയും പരിഹാരം കാണാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതുപോലുള്ള ഒരു ഭേദഗതി ഞങ്ങൾ കൊണ്ടുവരികയും നല്ല പരിഷ്കരണം ആ രംഗത്ത് കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പൊതുവിൽ പരിശോധിക്കുമ്പോൾ നിയമപരമായി 3 അംഗങ്ങൾ മാത്രമേ അതിൽ ഉൾപ്പെടാൻ സാധിക്കുകയുള്ളു. പക്ഷേ പിരിച്ചുവിടാൻ പോയാൽ കോടതിയിൽ പോയി കേസ് നീണ്ടുപോകാനുള്ള സാധ്യതയുണ്ട്. അതിൽ അഴിമതിക്കാർ രക്ഷപ്പെടാനും കാലതാമസത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനും കഴിയില്ലെന്ന സ്ഥിതി വന്നപ്പോഴാണ് ആ മൂന്ന് അംഗങ്ങളെ നിലനിർത്തിക്കൊണ്ട്

ആവശ്യമായ പരിഷ്കാരങ്ങളോടുകൂടി ബിൽ കൊണ്ടുവരാനും അത് പാസ്സാക്കിയെടുക്കാനും കഴിഞ്ഞത്. ഇവിടെ ഏറ്റവും അവസാനം ചെയ്തത് അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റിലേയ്ക്കൊന്നും പി.എസ്.സി. നിയമനം വേണ്ടെന്ന് തീരുമാനിച്ചു. ഭരണഘടനാ വിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം ഇൻഡ്യൻ പ്രസിഡന്റ് ഒപ്പുവച്ചതാണ്. ഇൻഡ്യൻ പ്രസിഡന്റ് ഒപ്പുവച്ചത് ഭരണഘടനാവിരുദ്ധമാണെന്ന് പറയാൻ മന്ത്രിക്ക് കഴിയുന്നു. ആരാണ് അദ്ദേഹത്തെ ഭരണഘടന പഠിപ്പിച്ചതെന്നാണ് കേട്ടിരുന്നപ്പോൾ മനസ്സിലാകാതിരുന്ന കാര്യം. അതൊന്നുമല്ല കാര്യം. ഈ ബിൽ നിങ്ങൾ അവതരിപ്പിക്കുമ്പോൾ നിങ്ങൾക്ക് താൽപ്പര്യമുള്ളവരെ അതിൽ തിരുകിക്കയറ്റാനും അതോടൊപ്പം തന്നെ വർഗ്ഗീയ ശക്തികൾക്കും ജാതി മേധാവികൾക്കും അഴിഞ്ഞാടാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയെന്നുള്ളതാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന സദുദ്ദേശപരമായ, തികച്ചും ജനാധിപത്യപരമായ ബില്ലിനെ ആ രീതിയിൽ കാണുന്നതിനു പകരം രാഷ്ട്രീയമായ താൽപ്പര്യത്തോടെ ബിൽ അവതരിപ്പിക്കുന്നുവെന്നുള്ളതാണ് ഈ ബില്ലിനെ ഞങ്ങൾ എതിർക്കുന്നതിനുള്ള പ്രധാന കാര്യം. ആക്ടിലെ 7, 7(ബി), 7(എൽ), 8(ഡി), 13, 39 എന്നീ വകുപ്പുകളാണ് ഭേദഗതി ചെയ്യുന്നത്. ഇവിടെ മലബാർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ഏരിയ കമ്മിറ്റികളേയും അതോടൊപ്പം പാരമ്പര്യ ട്രസ്റ്റുകളുടെയും കാലാവധി ബോർഡിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി പോലെ 2 വർഷമായി കുറയ്ക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ പരിപാടിയെല്ലാം ചെയ്യുന്നത്. 8-ാം വകുപ്പുകൂടി ചേർക്കുവാനും നിങ്ങൾ ഉദ്ദേശിക്കുകയാണ്. പ്രധാന ആക്ടിലെ 7-ാം വകുപ്പ് മലബാർ ദേവസ്വം ബോർഡിന്റെ രൂപീകരണത്തെ സംബന്ധിച്ചുള്ളതാണ്.

ഇതിൽ 7(3) ബോർഡിൽ ആരൊക്കെ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ്. മെമ്പർമാരെക്കുറിച്ച് ഞങ്ങൾ ബില്ലിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഹിന്ദുമതത്തിലെ ഒരു ദാർശനികൻ, ഹിന്ദുമതത്തിലെ ഒരു സാമൂഹ്യ പരിഷ്കർത്താവ്, ക്ഷേത്ര ഉപദേശക സമിതികളിലെ ഒരംഗം, ഹിന്ദു ഭക്തിഗാനങ്ങളിൽ നിപുണയായ ഒരു വനിത, പട്ടിക ഗോത്രവർഗ്ഗ സമുദായത്തിൽപ്പെട്ട ഒരംഗം, ഒരു വനിതാ അംഗം, മറ്റ് രണ്ട് അംഗങ്ങൾ എന്നിങ്ങനെയായിരുന്നു. ഈ ഭാഗമാണ് നിങ്ങൾ പ്രധാനമായും ഭേദഗതി ചെയ്യുന്നത്.

ഭേദഗതി ബോർഡിൽ 9 ഹിന്ദു അംഗങ്ങളുണ്ടായിരിക്കേണ്ടതും അവരിലൊരാൾ വനിത ആയിരിക്കേണ്ടതും ഒരാൾ പട്ടികജാതിയിൽപ്പെടുന്നതും ഒരാൾ പട്ടികഗോത്ര വർഗ്ഗത്തിൽപ്പെടുന്നയാളുമായിരിക്കണം എന്നാണ്. ഇവിടെ ഭേദഗതി ചെയ്യുന്നതിലൂടെ വനിതാ അംഗങ്ങളുടെ എണ്ണം ഒന്ന് കുറയ്ക്കുകയാണ് ചെയ്യുന്നത്. 3 അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം നിയമസഭാ സാമാജികർക്കുണ്ടായിരുന്നു. അത് ഇതിലൂടെ നിങ്ങൾ രണ്ടായി കുറച്ചു. ഇവിടെ നിയമസഭയ്ക്കുണ്ടായിരുന്ന അധികാരത്തിനുമേൽ കൈകടത്തപ്പെട്ടിരിക്കുകയാണ്. സ്ത്രീകളുടെ അംഗസംഖ്യ വെട്ടിക്കുറച്ച് ഇവിടെ മറ്റ് അംഗങ്ങൾ കഴിഞ്ഞ ബില്ലിന്റെ കാര്യം ചർച്ചചെയ്യുമ്പോൾ കാണിച്ചതുപോലെ ഒരു സ്ത്രീ വിരോധപരമായ സമീപനം ഇതിലൂടെ സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട്, സ്ത്രീ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന, അതോടൊപ്പംതന്നെ മലബാർ ദേവസ്വം ബോർഡിൽ നിന്നും ഒരു വനിതാ പ്രാതിനിധ്യം ഒഴിവാക്കുന്ന നിങ്ങൾ, കഴിഞ്ഞ ബിൽ അവതരിപ്പിച്ചപ്പോൾ അതിൽ രണ്ട് സ്ത്രീകൾ അംഗങ്ങളായി ഉണ്ടായിരുന്നു. ആ രണ്ട് സ്ത്രീകളെയും ഒഴിവാക്കുകയാണ് ചെയ്തിരിക്കുന്നത്. ഇങ്ങനെയെല്ലാം

ചെയ്യുന്നത് യഥാർത്ഥത്തിൽ ജനകീയമായ ഒരു താൽപ്പര്യത്തിന്റെയോ ആകെ ജനങ്ങളുടെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടോ ക്ഷേത്രത്തിന്റെ ഭരണം നല്ലതുപോലെ കൊണ്ടുപോകണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യാണോ ഈ ബില്ലിൽ ഈ ഭേദഗതി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് പറ യാൻ കഴിയില്ല.

ശ്രീ. ജി. സുധാകരൻ: സർ, കഴിഞ്ഞ ഗവൺമെന്റ് ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളിലെയും ദേവസ്വം ബോർഡുകളുടെ നിയമങ്ങൾ പഠിച്ചതിനു ശേഷമാണ് ഈ പരിഷ്കാരങ്ങളെല്ലാം നടത്തിയത്. ത്രിപുരയും ബംഗാളു മൊഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും കോൺഗ്രസ്സോ ബി.ജെ.പി.യോ ഭരി ക്കുന്ന സംസ്ഥാനങ്ങളാണ്. ആന്ധ്രാപ്രദേശിലൊക്കെ ഏഴോ എട്ടോ ദേവസ്വം ബോർഡുകളുണ്ട്. തമിഴ്നാട്ടിൽ നാലോ അഞ്ചോ ദേവസ്വം ബോർഡുകളുണ്ട്. വാസ്തവത്തിൽ സ്ത്രീ പ്രാതിനിധ്യമൊക്കെ അവിടെയു ണ്ടായിരുന്നു. ഇവിടെയില്ല. അതാണ് എടുത്തുകളയുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സ്ത്രീ പ്രാതിനിധ്യവും പട്ടികജാതി പ്രാതിനിധ്യ വുമുണ്ടായിരുന്നു. ഫ്യൂഡൽ സിസ്റ്റമുണ്ടായിരുന്നതുകൊണ്ട് അത് ക്ഷേത്രങ്ങ ളിലൊന്നും വലിയ സ്വാധീനം ചെലുത്തിക്കാണില്ല. എന്നാലും അതെല്ലാം നോക്കിയിട്ടാണ് ചെയ്തത്. ഇവർ 9 അംഗങ്ങൾ എന്നുള്ളത് 7 ആക്കുക യാണ് ചെയ്യുന്നത്. തിരുവിതാംകൂർ-കൊച്ചി ദേവസ്വങ്ങളിൽ 7 അംഗങ്ങളെ വച്ചുകൊണ്ട് പ്രസിഡന്റിന്റെ അംഗീകാരം വാങ്ങിയ ബിൽ ഇവിടെയുണ്ട്. ഞാൻ അത് നിയമസഭയിൽ അവതരിപ്പിച്ചതാണ്. പോർട്ട്ഫോളിയോ ചെയ്ഞ്ച് വന്നപ്പോൾ അന്നത്തെ മന്ത്രിയും അവതരിപ്പിച്ചതാണ്. പിന്നെ അത് സബ്ജക്ട് കമ്മിറ്റിക്ക് പോകാതെ നേരിട്ട് പബ്ലിക് ഒപ്പീനിയന് അയച്ചു.

അതാണ് പറ്റിയ അബദ്ധം. വേണമെങ്കിൽ അത് ഗവൺമെന്റിന് തിരിച്ചു വിളിച്ച് പാസ്സാക്കാം. ആന്ധ്രാപ്രദേശിൽ ഒരു ബോർഡിൽ 20 പേരാണ് അംഗങ്ങളായുള്ളത്. എന്താണ് പ്രശ്നം? അവിടെ അത്ര വലിയ ക്ഷേത്രങ്ങളാണ്. അപ്പോൾ എണ്ണം കുറയ്ക്കുന്നതും അതുപോലെ പബ്ലിക് സർവ്വീസ് കമ്മീഷൻ സ്ത്രീ സംവരണം എടുത്തുകളഞ്ഞതുമൊന്നും ന്യായമായ കാരണങ്ങളാലല്ല. അതിനിപ്പോഴും സമയം വൈകയിട്ടില്ല. യു.ഡി.എഫ്.ന് ഇതുകൊണ്ട് എന്തു പ്രയോജനം? നിങ്ങളാരും അത് ചർച്ച ചെയ്തിട്ടില്ല, നിങ്ങൾക്ക് സമയമില്ല. നിങ്ങൾക്ക് ഇതുകൊണ്ട് എന്തു പ്രയോജനം? 9 പേരെ നോമിനേറ്റ് ചെയ്താൽ നിങ്ങൾക്കും നോമിനേറ്റ് ചെയ്യാമല്ലോ. അസംബ്ലിയിൽ നിന്നുള്ള രണ്ടുപേരല്ലേയുള്ളൂ; നിങ്ങൾക്ക് നല്ല ആളുകളെ നിയമിക്കാമല്ലോ. തിരുവനന്തപുരത്ത് നിങ്ങളൊരു പ്രസിഡന്റിനെ നിയമിക്കുന്നു. വ്യക്തിപരമായി ആരും എതിർപ്പ് പറഞ്ഞില്ലല്ലോ. വന്ദ്യ വയോധികനായ ഒരാളെയല്ലേ നിയമിച്ചത്. ആരും വ്യക്തിപരമായ അഭിപ്രായവ്യത്യാസം പറഞ്ഞില്ലല്ലോ, രാമൻ നായരാണെന്ന് ഞങ്ങൾ പറഞ്ഞില്ലല്ലോ. പക്ഷെ വളരെ അപൂർവ്വമായി മാത്രമെ അങ്ങനെ സംഭവിക്കുന്നുള്ളൂ. യു.ഡി.എഫ് -ന് ഒരു നാശമുണ്ടാകണമെയെന്ന് ഞങ്ങളാരും പ്രാർത്ഥിക്കാറില്ല. രാഷ്ട്രീയമായി ഞങ്ങൾ നിങ്ങളുടെ തെറ്റുകളെ എതിർത്ത് നിങ്ങളെ പരാജയപ്പെടുത്തുകയാണ് ചെയ്യുന്നത്. നിങ്ങൾ വാസ്തവത്തിൽ ഇടതുപക്ഷ മുന്നണിക്ക് വലിയ പൊൻതൂവലായ 3 ബില്ലുകൾ അസൂയകൊണ്ട് ഇല്ലാതാക്കുകയാണ്. നിങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. ഇവിടത്തെ ഭക്തജനങ്ങൾക്കാണ് വിഷമം. നിങ്ങളതിനെ മുന്നോട്ടുകൊണ്ടുപോകുകയാണ് ചെയ്യേണ്ടിയിരുന്നത്. ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ പബ്ലിക് ഒപ്പിനിയനു വിട്ടിരുന്ന ബിൽ

നിങ്ങൾ തിരിച്ചുവിളിച്ച്, അതിനെ വാസ്തവത്തിൽ 7 ആക്കി അവതരിപ്പിക്കുകയാണ് ചെയ്തത്. ഇൻഡ്യൻ പ്രസിഡന്റിന്റെ അനുമതി വാങ്ങിയതാണ്. കവനന്റ് ഇപ്പോഴില്ല. നേരത്തെയുണ്ടായിരുന്നു. കവനന്റ് പോയത് ഈ ഭേദഗതികൊണ്ടാണ്. അതുകൊണ്ട് ശ്രീ. കെ. കെ. ജയചന്ദ്രൻ, ഇവരുടെ ഉദ്ദേശ്യങ്ങൾ അവർക്കുവേണ്ടിയോ, നമുക്കുവേണ്ടിയോ, ജനതയ്ക്കുവേണ്ടിയോ അല്ല. ചില സാമുദായിക നേതാക്കന്മാർക്ക്, ശബരിമലയെ വിറ്റ് കാശുവാങ്ങി പരിശീലിച്ചവർക്ക്, പൈസയുണ്ടാക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രീ നിങ്ങളുടെ രാഷ്ട്രീയ ജീവിതം നശിപ്പിക്കണോ? നിങ്ങളുടെ മുഖ്യമന്ത്രി ഇതിന്റെ പേരിൽ അനുഭവിക്കും. ഞാൻ പറയുന്നത് എഴുതിവച്ചോ. രാമൻ നായർ വഴി അനുഭവിച്ചത്, നിങ്ങളുടെ ഗവൺമെന്റ് പോയല്ലോ ഇപ്പോൾ ഇനിയും അനുഭവിക്കാൻ പോകുകയാണ്. ഞാൻ മുന്നറിയിപ്പ് തരുന്നതാണ്. നിങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ഒന്നുകൂടി ആലോചിക്കണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, തുടക്കത്തിൽതന്നെ ഞാനതാണ് പറഞ്ഞത്. യഥാർത്ഥത്തിൽ ഇൻഡ്യയിലെ നിരവധി സ്റ്റേറ്റുകളിൽ വന്നിട്ടുള്ള ദേവസ്വം ബോർഡിന്റെ ഘടനയും സ്ത്രീകളുടെ പ്രാതിനിധ്യവുമടക്കമെല്ലാം പരിശോധിച്ചുകൊണ്ട് എല്ലാവർക്കും അംഗീകരിക്കാൻ പറ്റുന്ന രൂപത്തിലാണ് അന്ന് ഈ ബിൽ ഇവിടെ അവതരിപ്പിച്ചത്. നിർഭാഗ്യവശാൽ അത് സെലക്ട് കമ്മിറ്റിക്ക് പോയി, ഇവിടെ പാസ്സാക്കിയെടുക്കാൻ കഴിഞ്ഞില്ലെന്നതാണ് പ്രശ്നമുണ്ടായത്. ഇവിടെയിപ്പോൾ മാറ്റുന്നതുകൊണ്ട് യഥാർത്ഥത്തിൽ യു. ഡി.എഫ്.ന് ഒരു പ്രയോജനവുമില്ലാത്ത, ഭാവിയിൽ വലിയ ദോഷം വരുത്തിവയ്ക്കാൻ പറ്റുന്ന ഫ്യൂഡൽ പ്രമാണിമാരുടെയും ജാതി നേതാക്കന്മാരുടെയും കൈയിൽ ദേവസ്വത്തിന്റെ നിയന്ത്രണം കൊണ്ടെത്തിക്കുകയും

ചെയ്യുകയെന്നുള്ള ഒരൊറ്റ കാര്യം മാത്രമാണ് ഇതുകൊണ്ട് നടക്കാൻ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഈ നാശത്തിൽ നിന്ന് ഒഴിവാകുകയാണ് വേണ്ടത്. പക്ഷെ, നിങ്ങൾ തീരുമാനിച്ചുറച്ചിരിക്കുന്ന രാഷ്ട്രീയ കാര്യമാകുമ്പോൾ മാറാൻ വിഷമമാണല്ലോ. ഈ ബില്ലിന്റെ ഏഴാം വകുപ്പിൽ പ്രധാനമായും കഴിഞ്ഞ ബില്ലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളെ സംബന്ധിച്ചുള്ളതായിരുന്നു. ഏഴാം വകുപ്പ് ഭേദഗതി ചെയ്യുന്നതോടുകൂടി സ്റ്റാന്റിംഗ് കമ്മിറ്റികളെ ഒഴിവാക്കുകയും പകരം ബോർഡുതന്നെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല വഹിക്കുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിക്കുന്നത്. നേരത്തെയുണ്ടായിരുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളെന്നുപറയുമ്പോൾ ഒന്ന്, എസ്റ്റിമേറ്റ് കമ്മിറ്റി രണ്ട്, ദേവസ്വം ബോർഡിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കമ്മിറ്റി, മൂന്ന് ക്ഷേത്ര പുനരുദ്ധാരണ കമ്മിറ്റി എന്നിവയാണ്. അപ്പോൾ ഈ കമ്മിറ്റികൾ വേണ്ടെന്നുവച്ചതോടുകൂടി ഭരണത്തിന്റെ ലക്ഷ്യം തന്നെ തകർന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്തിനാണ് ബില്ലിൽ വച്ചത്? ഈ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അനിവാര്യമായതുകൊണ്ടാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ വച്ചത്. ഇത് തകർക്കുമ്പോൾ ഇത്തരത്തിലുള്ള സൂക്ഷമമായ പരിശോധനകളും നിർദ്ദേശങ്ങളൊന്നുമില്ലാതെ അതിന്റെ തലപ്പത്ത് വരുന്നവർക്ക് ദേവസ്വത്തിന്റെ പണം ഇഷ്ടംപോലെ കൈകാര്യം ചെയ്യാനുള്ള സൗകര്യമൊരുക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലനിന്നിരുന്നതാണ് ഇവിടെയും വേണ്ടിയിരുന്നത്. അത് മാറ്റേണ്ട കാര്യമൊന്നുമില്ലായിരുന്നു. അതുപോലെതന്നെ ഹിന്ദുമത ധർമ്മ സ്ഥാപനത്തിന്റെ വകുപ്പുകൾ ഭേദഗതിചെയ്താണ് ഈ ആക്ട് ഉണ്ടായത്. എന്നാൽ ഈ ആക്ടിനനുസരിച്ച് പുതിയ റൂൾ ഉണ്ടായിട്ടില്ല.

അതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് ബ്യൂറോക്രസിക്ക് ഭരണ സ്തംഭനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥിതി ഇപ്പോൾ ദേവസ്വത്തിനകത്തുണ്ട്. അതുകൊണ്ട് ഹിന്ദുമത ധർമ്മ സ്ഥാപനത്തിന്റെ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതനുസരിച്ച് ഇവിടെ സുഗമമായി ദേവസ്വത്തിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയത്തക്ക തരത്തിൽ റൂൾ ഉണ്ടാക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനം. ഈ ബില്ലിൽ നിങ്ങൾ ചെയ്തിരിക്കുന്ന മറ്റൊരു കാര്യം, ഇവിടെ ഏരിയാ കമ്മിറ്റികൾ ഇപ്പോൾ നിർജ്ജീവമാണ്. ദേവസ്വം ബോർഡ് രൂപീകരണത്തിന്റെ ലക്ഷ്യം തന്നെ ക്ഷേത്രഭരണം കൂടുതൽ സുതാര്യമാക്കുകയെന്നുള്ളതാണ്. അവിടെ ഭക്തജനങ്ങൾ കൊടുക്കുന്ന അനേക കോടികണക്കിനുള്ള രൂപയാണ് വരുമാനമായി വരുന്നത്. അതുകൊണ്ടുതന്നെ ഭക്തജനങ്ങളുടെ പണം ധാരാളമായി ലഭിക്കുന്ന സ്ഥാപനങ്ങളിലെ ആളുകൾ അത് സുതാര്യമായി കൈകാര്യം ചെയ്യുമെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അതിനാണ് ഏരിയാ കമ്മിറ്റികൾക്ക് രൂപം നൽകിയിരുന്നത്. നിങ്ങൾ അക്ഷരാർത്ഥത്തിൽ ആ ഏരിയാ കമ്മിറ്റികൾ ഇപ്പോൾ തകർത്തിരിക്കുകയാണ്. ഹിന്ദുമത ധർമ്മ സ്ഥാപനത്തിന്റെ ആക്ടിൽതന്നെയുള്ള വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഏരിയാ കമ്മിറ്റികൾ രൂപീകരിച്ചിരുന്നത്. ഈ കമ്മിറ്റിയുടെ കാലാവധി അന്ന് അഞ്ച് വർഷമായിരുന്നു. നിങ്ങളത് രണ്ട് വർഷമായി ഇപ്പോൾ ചുരുക്കുകയാണ്. രണ്ട് വർഷമായി ചുരുക്കി യഥാർത്ഥത്തിൽ കഴിഞ്ഞ ഒന്നരവർഷക്കാലമായി ഇവിടെ ഏരിയാ കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഇതിന്റെ ഫലമായി ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം നടക്കുന്നില്ല. ക്ഷേത്രങ്ങൾക്കാവശ്യമായ ഗ്രാന്റ് നൽകുന്നില്ല. ഏരിയാ കമ്മിറ്റികൾ നിലവിലില്ലാത്തതിനാൽ നിയമവിരുദ്ധമായ കമ്മിറ്റികൾ ധാരാളമായി ഓരോ അമ്പലങ്ങളിലും രൂപീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവിടെ

യെല്ലാം വർഗ്ഗീയ ശക്തികളും ഓരോ മേഖലയിലുമുള്ള ഫ്യൂഡൽ പ്രമാണി മാരും അമ്പലങ്ങൾ കൈയടക്കിക്കൊണ്ടിരിക്കുകയാണ്. അതിനെ തടസ്സപ്പെ ടുത്തുന്നതിനോ യഥാർത്ഥത്തിൽ ഗവൺമെന്റിനോ ജനാധിപത്യ ശക്തിക്കോ നിയന്ത്രണമുള്ള രൂപത്തിലത് കൊണ്ടുപോകുന്നതിനോ ഏതെങ്കിലും തരത്തി ലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കെ. കെ. ജയചന്ദ്രൻ. നിരാകരണ പ്രമേയം അവതരിപ്പിച്ച ശ്രീ. ടി. വി. രാജേഷ് 12 മിനിട്ട് മാത്രം എടുത്തതേയുള്ളൂ.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, അത് സാരമില്ല. ഞാൻ പ്രധാനപ്പെട്ട കാര്യമല്ലേ പറയുന്നത്. ഇവിടെയിപ്പോൾ..

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർമ്മപ്പെടുത്തിയതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, അതുപോലെതന്നെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന അമ്പലങ്ങളിൽ ഏകദേശം 6400 ജീവ നക്കാരുണ്ട്. ഇവർക്കൊരു വ്യക്തമായ ശമ്പള ഘടനയൊന്നുമുണ്ടായിരുന്നില്ല. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ആ ബില്ലിൽ വളരെ വ്യക്തമായി അതിന് വ്യവസ്ഥകളുണ്ടാക്കുകയും ആ ജീവനക്കാർക്ക് 5000 രൂപ മുതൽ 18000 രൂപ വരെ ശമ്പളം കൊടുക്കുന്ന സ്ഥിതിയുണ്ടായി. ബാക്കിയുള്ളവരുടെ കാര്യവും അതിൽ പരിഷ്കരിക്കണമെന്ന് പറഞ്ഞിട്ട് ....

ശ്രീ. ജി. സുധാകരൻ: സർ, ഈ പാവപ്പെട്ട ശാന്തിമാരുടെ കാര്യം പറഞ്ഞു. മലബാർ ദേവസ്വം നിയമം രൂപീകരിക്കുമ്പോൾ ഒരു ക്ഷേത്ര ത്തിലെ ഒന്നാമത്തെ ഉദ്യോഗസ്ഥൻ പൂജാരിയാണെന്ന് ഒരു തീരുമാനമെടു ത്തിരുന്നു. എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം എന്താണോ അതിൽ

കുറയാൻ പാടില്ല എന്നുള്ള വ്യവസ്ഥയിൽ ക്ലാസ്സ് 4 എന്നത് ക്ലാസ്സ് 1 ആക്കി മാറ്റിയിട്ടുണ്ട്. അത് മലബാറിൽ മാത്രം നടപ്പാക്കിയ ഒരു കാര്യമാണ്. തിരുവിതാംകൂറിൽ ഗവൺമെന്റിന് അധികാരമില്ല. ദേവസ്വം ബോർഡിനാണ് അധികാരം. അവരിപ്പോഴും പൂജാരിയെ ക്ലാസ്സ് ഒന്നിൽ ഉൾപ്പെടുത്തിയിട്ടില്ല. അത് ദേവസ്വം ബോർഡിനെക്കൊണ്ട് ചെയ്യിക്കേണ്ടതാണ്. അവിടെ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ സാധിക്കുന്നതുകൊണ്ട് ഗവൺമെന്റ് ചെയ്തു. അപ്പോൾ ഗവൺമെന്റ് ഇടപ്പെട്ടാൽ ഗുണകരമായ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുള്ളതും സഭ മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ജീവനക്കാരുടെ കാര്യത്തിൽ വ്യക്തമായ നിലപാടാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചത്. ഗവൺമെന്റിന് അതിനകത്ത് ഇടപെട്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തു. അതുപോലെതന്നെ മുൻമന്ത്രി ശ്രീ. ജി. സുധാകരൻ ചൂണ്ടിക്കാണിച്ചതുപോലെ മറ്റു ദേവസ്വങ്ങളിലും ഗവൺമെന്റിന് ചെയ്യാവുന്ന കാര്യങ്ങൾ ക്ഷേത്രപുഃനരുദ്ധാരണത്തിന്റേയും അവിടത്തെ ജീവനക്കാരുടേയും കാര്യത്തിൽ ചെയ്യണം. ഇവിടെ ഗവൺമെന്റ് ചെയ്തിരിക്കുന്നത് അഞ്ചു ക്ഷേത്രങ്ങളിലെ ജീവനക്കാർക്കുമാത്രമാണ് ആനുകൂല്യങ്ങളും ശമ്പള വർദ്ധനവും കൊടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ അത് 6400 പേർക്കും ബാധകമാകുന്ന രൂപത്തിൽ ചെയ്യാൻ കഴിയും. അഞ്ചു ക്ഷേത്രങ്ങളിലെ ജീവനക്കാർക്കുമാത്രം ആനുകൂല്യം കൊടുത്തതിന് ഗവൺമെന്റ് പറയുന്ന ന്യായം, ആ അഞ്ച് അമ്പലങ്ങളിൽ മാത്രമാണ് 40 ലക്ഷത്തിലധികം രൂപ വരുമാനമുള്ളതെന്നാണ്. എന്നാൽ അവിടെനിന്നു കിട്ടുന്ന കണക്കനുസരിച്ച് 42-ലധികം ക്ഷേത്രങ്ങളിൽ 40 ലക്ഷത്തിലധികം രൂപയുടെ വരുമാനമുണ്ട്. അങ്ങനെ വരുമാനമുള്ള സ്ഥലങ്ങ

ളിൽ എന്തുകൊണ്ടാണ് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയാത്തത്? ഗവൺമെന്റ് വളരെ വ്യക്തതയോടുകൂടി ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടില്ല. ഗവൺമെന്റ് നിക്ഷിപ്ത താല്പര്യക്കാരുടെ കൈയിൽ അമ്പലങ്ങളുടെ ഭരണമെത്തിക്കുകയാണ് ഈ ഒരുവർഷക്കാലംകൊണ്ട് ചെയ്തിരിക്കുന്നതെന്ന് വളരെ വ്യക്തമാണ്. ഇവിടെ മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഈ ആക്ടിലെ 29-ാം വകുപ്പനുസരിച്ച് 1994-ൽ തന്നെ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ആവശ്യപ്പെട്ടിരുന്നതാണ്. അതിന് ഒരു ഗവൺമെന്റുകളും തയ്യാറായില്ല. തയ്യാറാകാതിരുന്നതിന് പല കാരണങ്ങൾ പറയുന്നുണ്ട്. ഈ ബിൽ അവതരിപ്പിക്കുന്ന മന്ത്രിയുടെ സ്ഥാനം പോകും, ആ ഗവൺമെന്റുതന്നെ പോകും, മന്ത്രിതന്നെ മരണപ്പെട്ടുപോകും ഇങ്ങനെയുള്ള കാരണങ്ങളാണ് പറഞ്ഞിരുന്നത്. എന്തായാലും ആ പ്രചരണങ്ങളെയെല്ലാം മറികടന്നുകൊണ്ടാണ് കഴിഞ്ഞ പ്രാവശ്യം ഗവൺമെന്റ് ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്തത്. ഈ വിധിയുടെ ഭാഗമായി ഒരു പ്രധാനപ്പെട്ട കാര്യം ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരുന്നു. അമ്പലങ്ങളുടെ ലീസിനുകൊടുത്തിട്ടുള്ള സ്ഥലങ്ങൾ ആയിരക്കണക്കിന് ഏക്കറാണ്. അതുപോലെ ട്രസ്റ്റിമാർതന്നെ അമ്പലങ്ങളുടെ സ്വത്തുക്കൾ അനധികൃതമായി വില്പന നടത്തിയിട്ടുണ്ട്. ഇവയെല്ലാം പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അന്ന് ഹൈക്കോടതി പറഞ്ഞത്. ആക്ടിൽതന്നെ അത് പിടിച്ചെടുക്കാനുള്ള വ്യക്തമായ നിർദ്ദേശങ്ങളും പറയുന്നുണ്ട്. ആക്ടിൽ പറയുന്ന നിർദ്ദേശങ്ങൾ റവന്യൂ വകുപ്പിലെ ഒരു ഡെപ്യൂട്ടി തഹസീൽദാർ, ഒരു വില്ലേജ് ആഫീസർ, ഒരു വില്ലേജ് അസിസ്റ്റന്റ് എന്നിവരട

ങ്ങിയ ഒരു യൂണിറ്റിനെ തയ്യാറാക്കി അന്യാധീനപ്പെട്ടുപോയ ഭൂമിയെല്ലാം പിടി ച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ്. എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? പന്തല്ലൂർ ശിവക്ഷേത്രത്തിന്റെ ഭൂമി മനോരമക്കാരാണ് ലീസിനെടുത്തിരിക്കുന്നത്. അത് ആരുടെയെല്ലാം കൈയിലാണിരിക്കുന്ന തെന്ന് സർവ്വശ്രീ. പി.കെ. ഗുരുദാസൻ, എസ്.ശർമ്മ, കെ.കുഞ്ഞമ്മത് മാസ്റ്റർ, പുരുഷൻ കടലുണ്ടി തുടങ്ങിയവർ ചോദിച്ച ഒരു ചോദ്യത്തിന് മറുപടി യായി എട്ടുപേരുടെ കൈവശമാണ് ഈ ഭൂമി ഇരിക്കുന്നതെന്ന് മന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. 800 ഏക്കറാണ് ഇവരുടെ കൈവശമുള്ളത്. ഇങ്ങനെ ലീസി നെടുത്തിട്ടുള്ള ഭൂമിയുടെ കാലാവധി കഴിഞ്ഞതാണ്. ആ ഭൂമി തിരികെപ്പിടി ക്കുന്നതിനുവേണ്ടി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? കോടതി ഉത്തര വിട്ടിട്ടുണ്ട്. ആ ഉത്തരവിനനുസരിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കള ക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഒരിക്കൽ മന്ത്രി പറയുകയുണ്ടായി. എന്നാൽ കളക്ടർ പറയുന്നു - എനിക്കൊരു ഒരു നിർദ്ദേശവും കിട്ടിയിട്ടില്ലെ ന്ന്. ക്ഷേത്രത്തിന്റെ ഭൂമി കൈവശം വച്ചിരിക്കുന്ന മനോരമയടക്കമുള്ളവരെ സംരക്ഷിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഇവിടെ ഏതാണ്ട് 1632 ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വത്തിന്റെ കീഴിൽ വരുന്നത്. അതിൽ 1145 ക്ഷേത്രങ്ങളുടെ ഭൂമി നഷ്ടപ്പെട്ടതുമാത്രമാണ് ഇപ്പോൾ പരിശോധിച്ചിട്ടു ള്ളത്. അതുതന്നെ ഇരുപത്തയ്യായിരത്തോളം ഏക്കർ വരും. ഈ നിക്ഷിപ്ത താല്പര്യക്കാരെ ഭൂമാഫിയയായും പ്ലാന്റേഷൻ മാഫിയയായുമെല്ലാം സഹാ യിക്കുന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അങ്ങനെ കയ്യേ റിയ ഭൂമി യഥാർത്ഥത്തിൽ കേരള ലാൻഡ് കൺസർവൻസി ആക്ട് അനുസ രിച്ച് തിരികെപ്പിടിക്കുന്നതിനുള്ള ഒരു തടസ്സവും നിലനിൽക്കുന്നില്ല. അതു കൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിലെടുത്തിരിക്കുന്ന സമീപനങ്ങൾ

അടിയന്തരമായി തിരുത്തേണ്ടതാണ്. അതുപോലെ നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എത്ര വലിയ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഇവിടെ മന്ത്രി പറഞ്ഞത് ഇരുപതു കോടിയെന്നത് ഇരുപത്തിരണ്ടര കോടി ആയി വർദ്ധിപ്പിച്ചുവെന്നാണ്. അത് ശരിയല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുതന്നെ ആദ്യം 18 കോടി രൂപ കൊടുത്തു, പിന്നീട് 20 കോടി രൂപ കൊടുത്തു, വീണ്ടും ഇരുപത്തിരണ്ടരകോടി രൂപ കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം തീരുമാനമെടുത്തെങ്കിലും കഴിഞ്ഞ 10 മാസമായിട്ട് ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. അങ്ങനെ കൊടുക്കാതിരിക്കുന്നതിന് പറഞ്ഞ കാരണം, മന്ത്രിസഭയുടെ ഉപസമിതി രൂപീകരിച്ച് ഈ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണ്. 2010-11, 2011-12 സാമ്പത്തിക വർഷത്തിൽ ക്ഷേത്രപുനഃരുദ്ധാരണത്തിന് സാമ്പത്തികം നൽകിയിട്ടുണ്ടോ? നിങ്ങൾ ഈശ്വരവിശ്വാസികളാണ്, അമ്പലത്തിൽ പോയി തൊഴുന്നവർ മാത്രമേ ഇതിന്റെയെല്ലാം ഭാഗമായി നിൽക്കാൻ പാടുള്ളൂ എന്നെല്ലാമുള്ള പ്രചരണം നടത്തുന്നവർ ഇത്ര ഭക്തിയൊക്കെ ഉണ്ടായിട്ട് എന്തുകൊണ്ടാണ് ഈ കാര്യങ്ങൾ സമയത്തിന് ചെയ്യാതിരുന്നത്? അപ്പോൾ നിങ്ങൾക്ക് ഭക്തിയല്ല, നിക്ഷിപ്ത താല്പര്യക്കാരെ സഹായിക്കുകയെന്ന ലക്ഷ്യം മാത്രമാണുള്ളത് എന്നാണ് ഈ സംഭവങ്ങളെല്ലാം കാണിക്കുന്നത്. ഇത് ഒരു സദുദ്ദേശ്യത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ബിൽ അല്ല. അതുകൊണ്ടുതന്നെ ഈ ബിൽ നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പാലോട് രവി, അങ്ങേക്ക് 1(എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പാലോട് രവി: സർ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് 7(എൽ) വകുപ്പിന്റെ ഭേദഗതി പ്രധാന വകുപ്പിലെ 7 (എൽ) വകുപ്പിനു പകരം എന്നെഴുതിച്ചേർത്തിരിക്കുകയാണ്. ആ വകുപ്പിൽ പറഞ്ഞിരിക്കുന്നത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനമാണ്. ആ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലനിന്നേ മതിയാകുകയുള്ളൂ. ഇവിടെ പറഞ്ഞിരിക്കുന്നത് പ്രധാന ആക്ടിലെ 7(എൽ) വകുപ്പിനു.......

ശ്രീ. ബാബു എം. പാലിശ്ശേരി: ഭേദഗതിയിലെ ചർച്ച ഈ ചർച്ചയിൽ വേണ്ടയെന്ന് സ്പീക്കറുടെ റൂളിംഗുണ്ടെന്ന് കുറച്ചുമുമ്പ് അദ്ദേഹംതന്നെയല്ലേ പറഞ്ഞത്.

ശ്രീ. പാലോട് രവി: സർ, നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം തന്നെ അത് തകർക്കത്തക്കവിധത്തിലുള്ളതാണ്. കാരണം 7(എൽ) വകുപ്പിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇല്ലാതാകും. പകരം അത്യാവശ്യമായി കൂട്ടിച്ചേർക്കേണ്ട കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം 2008-ലെ നിയമത്തിനുശേഷം മൂന്നുവർഷക്കാലം മലബാർ മേഖലയിൽ എന്തുനടന്നുവെന്ന് ഇപ്പോൾ അപ്പുറത്തുനിന്ന് പ്രസംഗിച്ചവരുടെ പ്രസംഗംകേട്ടപ്പോൾതന്നെ മനസ്സിലായി. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്ക്, പാലക്കാട് ജില്ല, മലപ്പുറം ജില്ല, കോഴിക്കോട്, വയനാട്,

കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലായി 1353 ക്ഷേത്രങ്ങളാണ് മലബാർ ദേവസ്വത്തിന്റെ പരിധിയിൽ വരുന്നത്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആറായിരത്തിനും ഏഴായിരത്തിനുമിടയ്ക്കുള്ള ജീവനക്കാർ അഞ്ച് ഗ്രേഡുകളിലായി പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളാണ്. ഈ ഗ്രേഡുകൾ കേൾക്കുമ്പോഴാണ് ഈ ക്ഷേത്രങ്ങളുടെ പ്രത്യേകത നാം അറിയേണ്ടത്. ആറായിരത്തിനും ഏഴായിരത്തിനുമിടയിൽ വരുന്ന ക്ഷേത്രങ്ങളിൽ 27 എണ്ണം മാത്രമാണ് 40 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള ക്ഷേത്രങ്ങൾ. ബോർഡ് നിശ്ചയിച്ചിരിക്കുന്ന "എ" ഗ്രേഡിൽവരുന്ന ക്ഷേത്രങ്ങളെന്നുപറയുന്നത് 27 എണ്ണം മാത്രമാണ്. അതുകഴിഞ്ഞ് "സി" ഗ്രേഡിലും "ഡി" ഗ്രേഡിലുമായി ഏതാണ്ട് 1200-ഓളം ക്ഷേത്രങ്ങൾ വരും. മഹാഭൂരിപക്ഷം ക്ഷേത്രങ്ങളും സി-യിലും ഡി-യിലും വരുന്നതാണ്. ഈ ക്ഷേത്രങ്ങളുടെ ചരിത്രമെന്താണ്? ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ജി. സുധാകരനെ ദേവസ്വം മന്ത്രിസ്ഥാനത്തുനിന്ന് മാറ്റിയതിനെക്കുറിച്ച് പല ദിവസം ഈ സഭയിൽ ചോദിച്ച ഒരാളാണ്. ഞാൻ. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ദേവസ്വം ബില്ലുകൾ വരുത്തി കഴിയുന്നിടത്തോളം ആചാരങ്ങൾ നിലനിറുത്തിക്കൊണ്ട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാറ്റി ഒരു വിശ്വാസികളുടേയും വികാരം വ്രണപ്പെടുത്താതെ നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായ ഒരു നിയമമുണ്ടാക്കി ജീവനക്കാർക്കും വിശ്വാസികൾക്കും ഗുണപ്രദമായി ക്ഷേത്രസ്വത്ത് സംരക്ഷിച്ചുകൊണ്ട്, അതിന് പരിരക്ഷ ഏർപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും അന്യാധീനപ്പെട്ടുപോയ ഒരു സെന്റുഭൂമി ക്ഷേത്രത്തിനുണ്ടായിട്ടുണ്ടെങ്കിൽ അത് തിരിച്ചെടുത്തുകൊണ്ട് ഈ ക്ഷേത്രങ്ങൾ സംരക്ഷിക്കണമെന്ന ഉദ്ദേശ

ശുദ്ധിയായിരിന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. മലബാറിലിരിക്കുന്നവരെ ങ്കിലും ആലോചിക്കണം 2008 മുതൽ 2011 വരെയുള്ള മൂന്നുവർഷക്കാലം ഒരു സെന്റുഭൂമിയെങ്കിലും തിരിച്ചെടുക്കാൻ നിങ്ങളുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് ഒരു സെന്റുഭൂമിപോലും തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

എന്താണ് ക്ഷേത്രങ്ങളുടെ സ്ഥിതി? ഇതിന്റെ ചരിത്രത്തിലേക്ക് കടന്നു പോകുമ്പോൾ, മലബാറിന്റെ ആത്മാവ് കണ്ടെത്തിയ വില്യം ലോഗൻ - അവിടത്തെ മജിസ്ട്രേറ്റ്, കളക്ടർ, റസിഡന്റ് - അദ്ദേഹം മലബാർ മേഖലയിലെ ക്ഷേത്രങ്ങളെക്കുറിച്ച് ഒരു പുസ്തകമെഴുതിയിട്ടുണ്ട്. വളരെ മനോഹരമായ പുസ്തകമാണത്. വില്യം ലോഗന്റെ പുസ്തകം വായിക്കാത്തവരാരും ഉണ്ടാകില്ല. ശ്രീ. ജി. സുധാകരൻ, അങ്ങും വായിച്ചുകാണുമെന്നാണ് എന്റെ വിശ്വാസം. 1880-കളിലെഴുതിയതാണ്. മലബാർ മേഖലയിലുള്ള ക്ഷേത്രങ്ങളെക്കുറിച്ചാണ് അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്. അന്ന് ഗുരുവായൂരും മലബാർ മേഖലയിലാണ്, പൊന്നാനി താലൂക്കിലാണ്. പൊന്നാനി താലൂക്കിലെ ഗുരുവായൂർ ക്ഷേത്രം മുതൽ പ്രാചീന കാലത്ത് പന്ത്രണ്ട് വർഷം കൂടുമ്പോൾ മാമാങ്കം നടത്തിയിരുന്ന നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ ക്ഷേത്രമായ തിരുനാവായ ക്ഷേത്രത്തെക്കുറിച്ചുവരെ അദ്ദേഹത്തിന്റെ പുസ്തകത്തിലുണ്ട്. മത്സ്യം തൊട്ടുകൂട്ടാൻ ഉപദേശം കേട്ട് നാരായണീയമെഴുതിയ മേൽപ്പത്തൂരിന്റെ ഗുരുവായൂർ ക്ഷേത്രത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് തളർവാത രോഗത്തിന് ശാന്തികിട്ടുന്ന ക്ഷേത്രം ഗുരുവായൂരുണ്ടായിരുന്നു എന്നാണ്. ചിറയ്ക്കൽ താലൂക്കിലെ തളിപ്പറമ്പ് ക്ഷേത്രം, വർഷംതോറും കന്നുകാലിച്ചന്ത നടത്തിയിരുന്ന കോട്ടപ്പുഴയിലെ തെക്കേക്കര

യിൽ സ്ഥിതിചെയ്യുന്ന കീഴൂർ ക്ഷേത്രം, വയനാട്ടിലെ ബ്രഹ്മഗിരിയുടെ താഴ്വരയിലുള്ള പിതൃകർമ്മം ചെയ്യുന്നതിന് ഭാരതമാകെ പ്രാധാന്യമുള്ള തിരുനെല്ലി ക്ഷേത്രം, വള്ളുവനാട്ടിലെ അങ്ങാടിപ്പുറത്തെ ഭഗവതി ക്ഷേത്രം, രഥോത്സവം നടത്തുന്ന പാലക്കാട് കൽപ്പാത്തി ക്ഷേത്രം, 1880-കളിലെ വില്യം ലോഗന്റെ പുസ്തകത്തിൽ മലബാറിലെ ക്ഷേത്രങ്ങളുടെ മഹനീയതയെക്കുറിച്ച് എഴുതിവച്ചിരിക്കുന്നതാണ്. പതിനായിരങ്ങളുടെ സാംസ്ക്കാരിക സംഗമം, മാമാങ്കം, രഥോത്സവങ്ങൾ, ഈ നാടിന്റെ സാംസ്ക്കാരിക ഔന്നത്യം വിളിച്ചോതിക്കൊണ്ട് മനുഷ്യ നന്മയുടെ കേന്ദ്രങ്ങളായി......., മലബാറിൽ മനുഷ്യ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന മനുഷ്യനന്മയുടെ കേന്ദ്രങ്ങളായി ഈ ക്ഷേത്രങ്ങളെ 1880-കളിൽ വില്യം ലോഗന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാടാമ്പുഴ ക്ഷേത്രം, പറശ്ശിനിക്കടവ്, തിരുമാന്ധാംകുന്ന്, തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിത പോകുന്ന ആലത്തിയൂരിലെ ഹനുമാൻ ക്ഷേത്രം, പ്രസിദ്ധമായ മമ്മിയൂർ ക്ഷേത്രം - ഗുരുവായൂർ ക്ഷേത്രത്തിന്റെ അടുത്തിരിക്കുന്ന മമ്മിയൂർ ക്ഷേത്രം ഇപ്പോഴും മലബാർ ദേവസ്വത്തിന്റെ കീഴിലാണ്. പെരളശ്ശേരി കാസർഗോഡിലെ വളരെ പ്രസിദ്ധമായ ശിവക്ഷേത്രം, തുടങ്ങി എത്രയെത്ര മഹാക്ഷേത്രങ്ങളാണ് മലബാറിലുള്ളത്. ആരും ശ്രദ്ധിക്കപ്പെടാതെ, ഇത്രയേറെ അവഗണന ഏറ്റുവാങ്ങി ഏതാണ്ട് 6500-ഓളം ജീവനക്കാർ, നേരത്തേ ബഹുമാന്യയായ മെമ്പർ ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞതുപോലെ, നിത്യനിതാന ചെലവുപോലും നടത്താൻ കഴിയാതെ, ഒരു മാസം കൂടുമ്പോൾ ഒരു പൈസ പോലും പ്രതിഫലമില്ലാതെ ജോലിചെയ്യുന്ന ആയിരക്കണക്കിന് പൂജാരിമാരുള്ള ഒരു മേഖല. 27 ക്ഷേത്രങ്ങൾ നല്ല വരുമാനമുള്ള ക്ഷേത്രങ്ങളാണ്.

മലബാറിലെ ഒരിഞ്ചുഭൂമിപോലും നഷ്ടപ്പെടാതിരിക്കാൻ കാട്ടിയ ജാഗ്രത ഈ പുസ്തകത്തിലുണ്ട്. അങ്ങ് മന്ത്രിയായിരുന്ന സമയത്ത് ഇതി ലെല്ലാം താൽപ്പര്യം കാണിച്ച ആളാണ്. അങ്ങയെ ഞങ്ങൾക്കെല്ലാം ഇഷ്ടമാണ്. ശ്രീ. കെ. മുരളീധരൻ സംസാരിച്ചപ്പോൾ പറഞ്ഞു, അങ്ങ് ഇതിൽ ഒരു താൽപ്പര്യം കാണിച്ചു ദൈവവിശ്വാസിയല്ലെങ്കിൽപ്പോലും. സുൽത്താൻബത്തേരി - ടിപ്പുസുൽത്താന്റെ ആയുധപ്പുരയായതുകൊണ്ടാണ് സുൽത്താൻ ബത്തേരിയെന്ന് അറിയപ്പെടുന്നത്. സുൽത്താൻ ബത്തേരിക്കു മുമ്പ് ആ സ്ഥലത്തിന്റെ പേര് ഗണപതിവട്ടം എന്നായിരുന്നുവെന്നാണ് ആ പുസ്തകത്തിൽ പറയുന്നത്. ഗണപതിവട്ടത്തിന്റെ ഒരു ഭാഗം അന്നവിടെ ഭരി ച്ചിരുന്ന ഒരു ഇംഗ്ലീഷ് ഉദ്യോഗസ്ഥൻ എസ്റ്റേറ്റ് ഉണ്ടാക്കാൻവേണ്ടി കയ്യേറി. അവിടത്തെ നാട്ടുകാരും ഭക്തജനങ്ങളും ചേർന്ന് മദ്രാസ് ഗവർണർക്ക് ഒരു പരാതി അയച്ചു. മദ്രാസ് ഗവർണർക്ക് പരാതി അയച്ചപ്പോൾ ഗവർണർ ഉടൻ നീലഗിരിയിലെ കളക്ടറോട് ഇതിനെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞു. നീല ഗിരി കളക്ടർ അവിടെ വന്ന് അന്വേഷിച്ചപ്പോൾ പരാതി ശരിയാണെന്ന് ബോധ്യമായി. ഈ ക്ഷേത്രം സംരക്ഷിക്കാൻവേണ്ടി ആ ഉദ്യോഗസ്ഥനെ ബ്രിട്ടീഷ് ഗവൺമെന്റ് ശിക്ഷിച്ചു. അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന നമ്മൾ ഇത് ആലോചിക്കണം. സാംസ്ക്കാരിക സംഗമമായി, മനുഷ്യന്റെ നന്മയുടെ കേന്ദ്രങ്ങളായി, ആരുവന്നാലും സ്വാഗതം ചെയ്യുന്ന, ഇതാണ് നമ്മുടെ സംസ്ക്കാരമെന്ന് വിളിച്ചറിയുന്ന ക്ഷേത്രങ്ങൾ സംരക്ഷിക്കുവാൻ ബ്രിട്ടീഷു കാരെടുത്ത താൽപ്പര്യം പിൽക്കാലത്ത് ഒരിക്കലുമുണ്ടായില്ല. നേരത്തേ എന്റെ സുഹൃത്ത് ചൂണ്ടിക്കാണിച്ചതുപോലെ ആയിരക്കണക്കിന്.........., ഈ ക്ഷേത്രത്തിന്റേതാണ് മല, ഈ കാണുന്ന കുന്ന് ഈ ക്ഷേത്രത്തിന്റേതാണ്, ആയിരക്കണക്കിന് നെൽപ്പാടങ്ങൾ ഈ ക്ഷേത്രത്തിന്റേതാണ്. ട്രസ്റ്റികളും

കൈവശവച്ചിരുന്നവരുമെല്ലാം ഈ ബ്രിട്ടീഷുകാരൻ കാണിച്ച താൽപ്പര്യത്തിന്റെ ഒരു അംശം പോലും കാണിക്കാതെ കേരളത്തിന്റെ സാംസ്ക്കാരിക ഔന്നത്യം വിളിച്ചുപറഞ്ഞിരുന്ന......, തൂണിലും തുരുമ്പിലും ദൈവമുണ്ട്, തൂണിലും തുരുമ്പിലും ചൈതന്യമുണ്ട് എന്ന് നാട്ടുകാർ വിശേഷിപ്പിച്ച്..........., കാവ് തീണ്ടരുത് കുളം വറ്റുമെന്നുള്ള ലോക പ്രസിദ്ധമായ മുദ്രാവാക്യം വിളിച്ചുപറഞ്ഞ നമ്മുടെ കാവുകളും കുളങ്ങളും നെൽപ്പാടങ്ങളും കുന്നുകളും മലബാർ മേഖലയിൽ അന്യാധീനപ്പെട്ടു. 25000 എക്കർ എന്ന് എന്റെ ബഹുമാന്യനായ സുഹൃത്ത് ഇവിടെ ചൂണ്ടിക്കാണിച്ചു. 25000 ഏക്കറൊന്നുമല്ല. ജനകീയ ഗവൺമെന്റുകൾ, ജനപ്രതിനിധികൾ, ഭരണകൂടങ്ങൾ എന്നിവ നിശ്ചയമായും ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യം ആലോചിക്കണം. ക്ഷേത്രത്തിന്റെ വക ഭൂമി അന്യാധീനപ്പെടുത്തി എസ്റ്റേറ്റ് ഉണ്ടാക്കാൻ ശ്രമിച്ചതിന് ഈ ഇംഗ്ലീഷ് ഉദ്യോഗസ്ഥനെ ശിക്ഷിക്കുന്ന റിപ്പോർട്ട് - റിപ്പോർട്ട് ഓഫ് ഗണപതിവട്ടം - കോഴിക്കോട് ആർക്കൈവ്സിൽ ഇന്നുമുണ്ട്. അതാണ് മലബാറിലെ ക്ഷേത്രങ്ങളുടെ പ്രത്യേകത. മലബാറിലെ ക്ഷേത്രങ്ങളുടെ ഭൂമിയുടെ സ്ഥിതിയും ഇതുതന്നെയാണ്. കയ്യേറ്റക്കാരെല്ലാം കാര്യക്കാരായി.

മുൻ മുഖ്യമന്ത്രി അച്ചുതമേനോനെ ഞാൻ ഓർക്കുകയാണ്. സഖാവ് അച്ചുതമേനോനും ബേബി ജോൺ റവന്യൂ മന്ത്രിയുമായിരുന്ന കാലത്ത് ബേബി ജോണിന്റെ നിയോജക മണ്ഡലത്തോടുചേർന്ന ഒരു ക്ഷേത്രത്തിൽ ഇതുപോലെ കുറേ വസ്തു അന്യാധീനപ്പെട്ടു. ഈ വിഷയം അന്നത്തെ റവന്യൂ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുകയും അദ്ദേഹം മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും ശ്രദ്ധയിൽ ഇത് പെടുത്തുകയും ചെയ്തു. തൊട്ടടുത്തുള്ള ക്ഷേത്രമാണെന്ന് കണ്ടിട്ട് അന്യാധീനപ്പെട്ടത് തിരിച്ചുപിടിച്ചാൽ കുഴപ്പമുണ്ടാകുമെന്നൊന്നും കാണാതെ 1957-ലെ കേരള ഭൂസംരക്ഷണ നിയമം

ആപ്ലിക്കബിളാക്കി സ്റ്റാറ്റ്യൂട്ടറി നോട്ടിഫിക്കേഷനിറക്കി ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി മുഖ്യമന്ത്രി അച്ചുതമേനോൻ മുൻകൈ എടുത്ത് തിരിച്ചുപിടിച്ച ചരിത്രവും നമ്മുടെ കേരളത്തിലുണ്ട്. എനിക്ക് വിനീതമായി നമ്മുടെ മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, മൂന്നുനാലുപേരെ ബോർഡ് മെമ്പർമാരാക്കുക, അത് സ്ത്രീ വേണമോ പട്ടികജാതിക്കാരൻ വേണമോ എന്നതിനപ്പുറമായി പരമ്പരാഗതമായി ഈ നാടിനെയും ഈ സംസ്ക്കാരത്തെയും നിലനിർത്തിപ്പോന്ന നമ്മുടെ ക്ഷേത്രങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ ക്ഷേത്രങ്ങളിൽ നിന്നും അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കാനും സംരക്ഷിക്കാനും ഭൂനിയമമുണ്ടാക്കി ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താൻ സംസ്ക്കാരം സംരക്ഷിക്കുവാൻ വേണ്ടിയുള്ള ........, ഭൂപരിഷ്ക്കരണ നിയമം 9-ാം ഷെഡ്യൂളിൽപ്പെടുത്തിയില്ലേ? അപ്പുറത്തുമിപ്പുറത്തുമിരിക്കുന്നവരെല്ലാം കൂട്ടായി ആലോചിച്ച് ഇന്ദിരാഗാന്ധി കേരളത്തിനുവേണ്ടി ചെയ്തില്ലേ? അതുപോലെ ഈ നാടിന്റെ സംസ്ക്കാരം സംരക്ഷിക്കുവാൻ, ക്ഷേത്രകലകൾ സംരക്ഷിക്കുവാൻ, സോപാന സംഗീതം സംരക്ഷിക്കുവാൻ, ഈ നാടിന്റെ പാരമ്പര്യവും പവിത്രതയും ചരിത്രവും സംരക്ഷിക്കാൻ പുതിയ നിയമമുണ്ടാക്കേണ്ടിയിരിക്കുന്നു. മലബാറിലെ ക്ഷേത്രങ്ങളിൽ വിശ്വാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ മലബാർ ദേവസ്വത്തിന്................

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങ് ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയെല്ലാം തിരിച്ചുപിടിക്കണമെന്നാണല്ലോ പറഞ്ഞുകൊണ്ടിരിക്കുന്നത്. മലയാള മനോരമയുടെ കൈവശമുള്ള 800 ഏക്കർ ഭൂമി തിരിച്ചുപിടിക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ ഗവൺമെന്റിന്റെ നിലപാടെന്തായിരുന്നു?

ശ്രീ. പാലോട് രവി: സർ, മലയാള മനോരമയുടേതല്ല, ദേശാഭിമാനിയുടേതല്ല, ഞങ്ങളൊരു പത്രമിറക്കുന്നുണ്ട് വീക്ഷണം, ക്ഷേത്രങ്ങളുടെ സ്വത്ത് ആര് കയ്യേറിയിട്ടുണ്ടെങ്കിലും തിരിച്ചുപിടിക്കണമെന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ ചെയ്തില്ലെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ഇവിടെവന്ന് പ്രതിപക്ഷത്തിരിക്കുമ്പോൾ മലയാള മനോരമ കയ്യേറി......, നിങ്ങളുടെ കയ്യിൽ അധികാരമുണ്ടായിരുന്നതാണ്. നിങ്ങളുടെ കയ്യിൽ മൂന്ന് വർഷം ഭരണമുണ്ടായിരുന്നതാണ്. നിങ്ങളുടെ കയ്യിൽ നിയമവും പോലീസും റവന്യൂവുമുണ്ടായിരുന്നു. നിങ്ങൾ പ്രതിപക്ഷ ത്തുവന്ന് ഇരിക്കുമ്പോൾ മനോരമായുടെ കയ്യിലിരിക്കുന്നത് എന്തായി, മാതൃ ഭൂമിയുടെ കയ്യിലിരിക്കുന്നത് എന്തായി........., നിങ്ങൾ എന്തുചെയ്തു; നിങ്ങൾ ഒന്നും ചെയ്തില്ല, നിങ്ങൾ ഒരുസെന്റ് ഭൂമിപോലും തിരിച്ചെടുത്തില്ല. ക്ഷേത്രം സംരക്ഷിക്കണമെങ്കിൽ ഒരു പുതിയ നിയമം അത്യാവശ്യമായി കൊണ്ടുവരണം.

ശ്രീ. ബാബു എം. പാലിശ്ശേരി: 24,636 ഏക്കർ അന്യാധീനപ്പെട്ടിട്ടുണ്ട്. ഇത് മൈനർ ഭൂമിയാണ്. എത്രകാലം കഴിഞ്ഞാലും തിരിച്ചുപിടിക്കാം. ഇതിനുവേണ്ടി ഒരു റവന്യൂ യൂണിറ്റ് ഉണ്ടാക്കാൻ തയ്യാറുണ്ടോ?

ശ്രീ. പാലോട് രവി: സർ, 1957 ലെ ഭൂസംരക്ഷണ നിയമത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതനുസരിച്ചാണ് സഖാവ് അച്യുതമേനോനും സഖാവ് ബേബി ജോണും ഈ സംസ്ഥാനത്ത് നഷ്ട്ടപ്പെട്ടുപോയ ഭൂമി തിരിച്ചെടുത്ത് മാതൃക കാണിച്ചത്. ബഹുമാന്യനായ ശ്രീ. സുധാകരനെതിരെ ഒരു തര ത്തിലും ഞാൻ ആക്ഷേപമുന്നയിക്കില്ല. കാരണം വളരെ ഉദ്ദേശശുദ്ധിയോടെ അദ്ദേഹം നിയമമുണ്ടാക്കി ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ മൈനറെന്നു

പറഞ്ഞ് നാം ഒഴിഞ്ഞു മാറുകയാണ്. ഈ രാജ്യത്ത് നിയമമുണ്ടാക്കാനുള്ള അവകാശം നമുക്കില്ലേ. നിങ്ങൾ മാതൃകാ നിയമമുണ്ടാക്കിയെന്നു പറയുന്നവരല്ലേ. ഒരു സെന്റ് ഭൂമി നമുക്ക് തിരിച്ചെടുക്കാൻ കഴിഞ്ഞോ. നിയമമുണ്ടാക്കി മൂന്നുവർഷം കാത്തിരുന്നിട്ട് ഒരു സെന്റ് ഭൂമി പോലും തിരിച്ചെടുക്കാതെയിരുന്നിട്ട് ഇപ്പോൾ ആ സ്ഥലങ്ങളെല്ലാം മൈനറാണെന്നു പറഞ്ഞാൽ...... എത്രയോ ഭേദമാണ് ആ ബ്രിട്ടീഷുകാരൻ. 2008 ൽ നിയമം ഉണ്ടാക്കി, നിയമസഭയിൽ നിയമമുണ്ടാക്കിയാൽ അത് നടപ്പാക്കണമെങ്കിൽ റൂൾസ് വേണം. ശ്രീ. ബാലൻ അങ്ങ് മന്ത്രിയായിരുന്നല്ലോ 2011 വരെ. 2008-ൽ പാസാക്കിയ നിയമത്തിന് റൂൾസ് ഉണ്ടാക്കിയോ? ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കിയോ. അവിടെ ഒരു മരവിപ്പ് വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സ്വാധീനം വന്നു. 2008 ൽ നിങ്ങൾ പാസാക്കിയ നിയമം രണ്ട്, മൂന്ന് ദേവസ്വം ബോർഡ് മെമ്പർമാരിൽ മാത്രം ഒതുങ്ങി നിൽക്കുകയും, ആ നിയമം മുന്നോട്ട് കൊണ്ടു പോകാതിരിക്കാൻ പുറകിൽ നിന്ന് ഏതോ ഒരു ശക്തി നിങ്ങളെ പിന്തിരിപ്പിച്ചു. ഞാൻ ചോദിക്കട്ടെ എന്താണ് ശ്രീ. ബാലന്റെ കൈയിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡ് മാറ്റാത്തത്? നിങ്ങൾ നല്ല കാര്യം ചെയ്തു. എന്താണ് ശ്രീ. ബാലന്റെ കൈയിൽനിന്ന് പട്ടികജാതി വകുപ്പ് എടുത്ത് മാറ്റാത്തത്? നിങ്ങൾ പട്ടികജാതി സങ്കേതങ്ങളിൽ വളരെ സ്വാധീനം ചെലുത്തി, നല്ല കാര്യങ്ങൾ ചെയ്തു. ഞങ്ങൾക്കത് പറയാൻ മടിയില്ല. അതേ പോലെ നല്ല കാര്യങ്ങൾ ചെയ്ത ആളല്ലേ, കേരളത്തിന്റെ ചരിത്രത്തിൽ തൊട്ടാൽ പൊള്ളുന്ന മേഖലയിൽ വളരെ മാതൃകാപരമായി ഒരു നിയമം കൊണ്ടു വന്നിട്ട് ആ നിയമത്തിന്റെ റൂളുകൾ ഉണ്ടാക്കാൻ സമ്മതിക്കാതെ ചട്ടങ്ങൾ ഉണ്ടാക്കാൻ സമ്മതിക്കാതെ ഒരിഞ്ചു പോലും മുന്നോട്ടു പോകാൻ

സമ്മതിക്കില്ലെന്നു മാത്രമല്ല ആ മന്ത്രിയെ പടിയടച്ച് ഇറക്കിവിടുന്ന ചിത്രമല്ലേ കേരളത്തിൽ ഒരു ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് കാണാൻ കഴിഞ്ഞത്.

എന്തിന് ഭാരതധരേ കരയുന്നു

പാരതന്ത്ര്യം നിനക്കുവിധി കൽപ്പിതമാണു തായേ

എന്ന് കവിയെഴുതിയതുപോലെ, അത് പറഞ്ഞു നമുക്കാശ്വസിക്കാനേ കഴിയൂ. 6500 ക്ഷേത്രങ്ങളിൽ 256 ക്ഷേത്രങ്ങളിൽ മാത്രമാണ് വികസന മുൾപ്പെടെയുള്ള കാര്യങ്ങളിൽ ചെറുതായിട്ടെങ്കിലും ഈ വയ്ക്കുന്ന ബോർഡിന് നിയന്ത്രണമുള്ളത്. അതുപോലെ തന്നെ സി, ഡി ഗ്രേഡുകളി ലുള്ള 1200 ക്ഷേത്രങ്ങൾ പരിപാലിക്കാൻ ഒരു സംവിധാനവുമില്ല., ശമ്പളം കൊടുക്കുന്നുമില്ല. ഒന്നും കിട്ടുന്നുമില്ല. ഈ വരുമാനം എങ്ങനെ ചെലവഴി ക്കുന്നുവെന്നുമറിയില്ല. എക്സിക്യൂട്ടീവ് ഓഫീസർമാരുമില്ല. 64 പേർ ഈ 256 ക്ഷേത്രങ്ങൾ നോക്കുമോ 1200 ക്ഷേത്രങ്ങൾ നോക്കുമോ? . അതു പോലെ തന്നെ പല ക്ഷേത്രങ്ങളിലും കൃത്യമായ പരിശോധനയോ കോ-ഓർഡിനോഷനോ ഇല്ല. ഇവിടെ നേരത്തെ ചൂണ്ടികാണിച്ചപോലെ നോട്ടിഫി ക്കേഷനില്ലാതെ അപേക്ഷ ക്ഷണിക്കാതെ ഇന്റർവ്യൂ ഇല്ലാതെ ട്രസ്റ്റിമാർ ഇപ്പോഴും നിങ്ങളുടെ കാലത്തും പിൻവാതിൽ നിയമനം നടത്തി. മാതൃഭൂമി ദിനപത്രത്തിൽ. വളരെ വെണ്ടയ്ക്ക അക്ഷരത്തിൽ വാർത്ത വന്നു, പിൻവാതിൽ നിയമനം.

<u>ശ്രീ. സി.പി. മുഹമ്മദ്</u>: സർ, മലബാർ കളക്ടറായിരുന്ന വില്യം ലോഗന്റെ മലബാർ മാനുവലൊക്കെ ഉദ്ധരിച്ച് മലബാറിലെ ക്ഷേത്രങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ഇവിടെ സംസാരിച്ചു. അങ്ങ് പറഞ്ഞത് ശരി

യാണ് മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ സമ്മേളനങ്ങളിൽ പങ്കെടുത്താൽ അവരുടെ പരിദേവനം വളരെ വിഷമമുണ്ടാക്കുന്നതാണ്. കാരണം അവർക്ക് ജീവിക്കാൻ ആവശ്യമായ ശമ്പളം പോലും ലഭിക്കുന്നില്ല. അതേ സമയത്ത് 40 ലക്ഷം രൂപയിലധികം വരുമാനമുള്ള പല ക്ഷേത്രങ്ങളിലും സ്വതന്ത്രമായ ദേവസ്വങ്ങളാണ്. നിത്യനിദാന ചെലവു കൾക്കുപോലും വഴിയില്ലാത്ത ക്ഷേത്രങ്ങളിലെ പാവപ്പെട്ട ജീവനക്കാർക്ക് എന്തെല്ലാം കാര്യങ്ങളിൽ ഗവൺമെന്റ് സഹായം ചെയ്യുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന് അങ്ങേയ്ക്കഭിപ്രായമുണ്ടോ?

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ അതു തന്നെയാണ് പറയുന്നത്. ഗവൺമെന്റുകൾ, അത് അപ്പുത്തിരിക്കുന്ന ഗവൺമെന്റായാലും, ഇപ്പുറത്തിരി ക്കുന്ന ഗവൺമെന്റായാലും ദേവസ്വം ബോർഡിലെ പ്രസിഡന്റിനെ വയ്ക്കു ന്നതും മൂന്ന് മെമ്പർമാരെ വയ്ക്കുന്നതും മാത്രമാണോ നമ്മുടെ താത്പര്യം. അച്യുതമേനോൻ കാണിച്ച താത്പര്യം, അദ്ദേഹം വലിയ ഈശ്വര വിശ്വാസി യൊന്നുമല്ല, പക്ഷെ അദ്ദേഹം കാണിച്ച സമർപ്പണം, അദ്ദേഹത്തിന്റെ ശ്രദ്ധ യിൽപ്പെട്ടപ്പോൾ, എന്തെതിർപ്പുണ്ടായാലും ആ ക്ഷേത്ര ഭൂമി തിരിച്ചെടു ക്കണമെന്ന് പറഞ്ഞു ഒരു റവന്യൂ അഡീഷണൽ സെക്രട്ടറിയെ ആ സ്ഥലം പരിശോധിപ്പിച്ച് സ്ഥലം എടുത്തു. നമുക്ക് രണ്ടോ മൂന്നോ മെമ്പർമാർ വേണം പട്ടികജാതിക്കാർ വേണം. വനിതകൾ വേണം. ഞാൻ ശ്രീ. മുരളീധ രന്റെ അഭിപ്രായത്തോട് യോജിക്കുകകയാണ്. എണ്ണം എത്ര വേണമോ കൂട്ടി ക്കോ. അതിലൊന്നും ഞങ്ങൾക്കഭിപ്രായ വ്യത്യാസമില്ല. പക്ഷെ ക്ഷേത്രങ്ങ ളിൽ മാറ്റമുണ്ടാകണ്ടേ. അങ്ങ് ദേവസ്വം ബോർഡ് മെമ്പർമാരുടെ കാറുക ളുടെ എണ്ണം കുറച്ചു. ഞാൻ അതിനോട് യോജിക്കുന്നു. അന്ന് അതിന് വലിയ

വിവാദമായിരുന്നു. അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഒരു പ്രമുഖനായ നേതാവ് ആർ.എസ്.പിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞു ' ഞങ്ങളുടെ ബോർഡ് മെമ്പർ രാവിലെ മുതൽ വൈകുന്നേരം വരെ അഴിമതിക്കാരിയാണെന്ന് ', പറഞ്ഞില്ലേ? പരസ്യമായി പത്ര സമ്മേളനം നടത്തി. ആർ. എസ്. പിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞില്ലേ. ഈ നിൽക്കുന്ന വനിതാ ബോർഡ് മെമ്പർ അഴിമതിക്കാരിയാണെന്ന്. എല്ലാവരിൽ നിന്നും കാശ് വാങ്ങിക്കുകയാണെന്ന്. കേരളം സാക്ഷ്യം വഹിച്ചില്ലേ. നമുക്കതിന്റെ വിവാദങ്ങൾക്കൊക്കെ അപ്പുറത്തായി നമ്മുടെ ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിന് എന്ത് ചെയ്യണം എന്നത് സംബന്ധിച്ചുള്ള പരിപാടികളാണ് നമുക്കുണ്ടാകേണ്ടത്. മലബാർ ദേവസ്വത്തിന് സ്വന്തമായൊരു ആസ്ഥാനമില്ല.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, അങ്ങ് പറയുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മലബാറിലെ ദേവസ്വത്തെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. പക്ഷെ മലബാറിലേതുൾപ്പെടെയുള്ള കേരളത്തിലെ ഒട്ടുമിക്ക ക്ഷേത്രങ്ങളും സംഘ് പരിവാർ ഉൾപ്പെടെയുള്ള ഫാസിസ്റ്റ് ശക്തികൾ കൈവശപ്പെടുത്തിയിരിക്കുകയാണ്. ദേവസ്വം ബോർഡുകളിലുള്ള ക്ഷേത്രങ്ങളിൽ പോലും ക്ഷേത്ര ഉപദേശക സമിതികൾ എന്ന പേരിൽ രജിസ്റ്റർ ചെയ്ത് ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇത്തരത്തിലുള്ള ഫാസിസ്റ്റ് ശക്തികളുടെ കൈപ്പിടിയിൽ ക്ഷേത്രങ്ങളും പരിസരങ്ങളും ഒതുങ്ങുകയാണ്. ഇതു തന്നെ വളരെ അപകടകരവും ആപത്തും നിറഞ്ഞതാണ്. ഇത് നമ്മുടെ സമൂഹത്തിൽ വർഗ്ഗീയത വളർത്തുന്നു. മറുഭാഗത്ത് കൂടുതൽ ആളുകളെ ശക്തിപ്പെടുത്തുന്നു. ഇതോടൊപ്പം തന്നെ ചില

സാമുദായിക ശക്തികൾ കൂടി വരിഞ്ഞു മുറുക്കുന്ന രീതിയിലേക്ക് നമ്മുടെ ക്ഷേത്രങ്ങളെയും അതിന്റെ ഭരണത്തെയും  അല്ലെങ്കിൽ പ്രാദേശികമായ അതിന്റെ സംവിധാനങ്ങളും മാറുകയാണ്. അതിൽ നിന്നുകൂടി അവയെ മോചിപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശം അങ്ങേയുക്കുണ്ടോ?

ശ്രീ. പാലോട് രവി: സർ, ഈ സാമൂദായിക ശക്തികളൊക്കെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടതാണ്. കാരണം അവർക്കൊന്നും പ്രത്യേക രാഷ്ട്രീയ പ്രത്യയ ശാസ്ത്രങ്ങളൊന്നുമില്ല. കോൺഗ്രസിന്റെ പ്രത്യയ ശാസ്ത്രം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയ ശാസ്ത്രം, നമ്മുടെ ജനങ്ങളുടെ മുൻപിൽ വയ്ക്കുന്ന പ്രകടന പത്രികയല്ലല്ലോ. അവിടെ ഫാസിസം വളരാതിരിക്കാൻ തീവ്രവാദം വളരാതിരിക്കാനുള്ള ഏറ്റവും ശക്തമായ പ്രവർത്തനമാണ് നമ്മുടെ ഭാഗത്തുണ്ടാകേണ്ടത്. അതിനാണ് ഗവൺമെന്റ്. അതിനാണ് ദേവസ്വം ബോർഡിനെ ഗവൺമെന്റ് നിയോഗിക്കേണ്ടത്. പലപ്പോഴും ദേവസ്വം ബോർഡ് മെമ്പർമാരുടെ നിയമനവും, ശബരിമല സീസൺ വരുമ്പോൾ രണ്ടാഴ്ചയ്ക്കു മുമ്പ് യോഗം വിളിച്ചുകൂട്ടി അവിടെ എല്ലാവരും ചെന്ന് നിൽക്കുന്ന ചിത്രവുമല്ലാതെ കേരളം പോലെ........... ഞാൻ ത്രിപുരയിലെ കാര്യം പറഞ്ഞു, ഞാൻ അത്ഭുതപ്പെട്ടുപോയി.  കേരളത്തിന്റെ മുഖ്യമന്ത്രി ഒരു ബനിയനുമിട്ട് കസേരയിൽ, മറ്റ് മന്ത്രിമാരുമെല്ലാവരുമായി, ലക്ഷങ്ങൾ വരുന്നതാണ്. നേരത്തെ പറഞ്ഞതുപോലെ മാമാങ്കം അതിൽ എങ്ങനെ ഫാസിസ്റ്റ് ശക്തികൾ വരാതിരിക്കും. ഡി.വൈ.എഫ്.ഐക്കാർക്ക് ക്ഷേത്രത്തിൽ കയറാൻ കഴിയില്ല. കയറിയാലെന്താ. അത് അവരുടെ പ്രത്യയ ശാസ്ത്രത്തിനെതിരാണ്.........  ആയിക്കോട്ടെ പരസ്യമായിട്ടല്ലല്ലോ. ശ്രീ. പ്രതാപനെപ്പോലുള്ള കോൺഗ്രസ്സുകാർ പരസ്യമായി ഇതിനെതിരാണ്. എങ്ങനെ ഫാസിസ്റ്റ് കൈകളിലേക്ക് ഈ ക്ഷേത്രങ്ങൾ പോകാതിരിക്കും. ഞാൻ ത്രിപുര

യിലെ കാര്യം ചൂണ്ടികാണിക്കാൻ കാരണം നിങ്ങളെ വോട്ട് ചെയ്ത് അധികാരത്തിൽ കൊണ്ടുവരുന്ന ജനങ്ങൾ, നമ്മളെല്ലാവരും ജനാധിപത്യ വിശ്വാസികളാണ്. പോളിംഗ് ബൂത്തിൽ വന്ന് വോട്ട് നൽകി നമ്മെ എം.എൽ.എ മാരും മന്ത്രിമാരുമാക്കുന്ന ജനവിഭാഗങ്ങൾ അവർ ഒരുമിച്ചു കൂടുകയും ഈ നാടിന്റെ പാരമ്പര്യവും ഈ നാടിന്റെ സംസ്ക്കാരവുമെല്ലാം തിരിച്ചറിയുന്ന നമ്മെ പോലുള്ളവർ എന്തിനാണ് ക്ഷേത്രങ്ങളിൽ നിന്ന് മാറിനിൽക്കുന്നത്. എന്തിനാണ് ക്ഷേത്ര ഭരണ സമിതികളിൽ നിന്ന് മാറി നിൽക്കുന്നത്. ക്ഷേത്രങ്ങളുടെ തകർച്ചയ്ക്ക് പ്രധാനപ്പെട്ട ഉത്തരവാദികൾ, എന്നോട് ക്ഷമിക്കണം, നമ്മുടെ ഭരണകൂടങ്ങൾ തന്നെയാണ്. നമ്മൾ ദേവസ്വം ബോർഡ് മെമ്പർമാരെ വയ്ക്കുന്നതിനപ്പുറമായി ദേവസ്വം ബോർഡ് പ്രസിഡന്റിനെ വയ്ക്കുന്നതിനപ്പുറമായി ഗ്രാന്റ്, ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത മലബാറിലെ 1200 ക്ഷേത്രങ്ങളിൽ....... അപ്പുറത്ത് നിന്ന് കണക്ക് വായിക്കുന്നത് കേട്ടു, 18 കോടി രൂപ, 20 കോടി രൂപ. ഈ 18 കോടി രൂപ കൊണ്ടാണോ 1200 ക്ഷേത്രങ്ങളിലെ പാവപ്പെട്ട പൂജാരിമാർക്ക് ശമ്പളം കൊടുക്കുന്നത്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യ ബഡ്ജറ്റിൽ കേരളത്തിലെ ക്ഷേത്രങ്ങളിലെ കാവുകളുടേയും കുളങ്ങളുടേയും പുനഃരുദ്ധാരണത്തിനുവേണ്ടി ഫണ്ട് നീക്കിവച്ചു. എന്റെ അറിവ് ശരിയാണെങ്കിൽ, ആ ഫണ്ട് വേണ്ടത്ര ഉപയോഗപ്പെടുത്തിയില്ല. മലബാർ ദേവസ്വം ബോർഡ് പോലെയുള്ള സ്ഥാപനങ്ങൾക്ക് ഈ തുക വർദ്ധിപ്പിച്ച് കൊടുത്തു കഴിഞ്ഞാൽ....., അതുപോലെ ഗ്രാന്റ് കൂടുതൽ നൽകി ജീവനക്കാരെ രക്ഷിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ദേവസ്വം വകുപ്പുമന്ത്രി തയ്യാറാവണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പാലോട് രവി</u>: സർ, ഞാനും ശ്രീ. ബാബു എം. പാലിശ്ശേരിയുമൊക്കെ ദേവസ്വം ബോർഡ് ഉൾപ്പെടുന്ന സബ്ജക്ട് കമ്മിറ്റിയിലുണ്ട്. ക്ഷേത്രങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റ് കൂട്ടണമെന്ന് എൽ.ഡി.എഫും യു.ഡി.എഫ്.-ഉം ഒക്കെ യോജിച്ചു സബ്ജക്ട് കമ്മിറ്റിയിൽ ഏകകണ്ഠമായി ആവശ്യപ്പെട്ടു. ഇപ്പോൾ വന്ന വാർത്ത - 1350 ഓളം ക്ഷേത്രങ്ങളുള്ള മലബാറിൽ നിരവധി ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡിന്റെ യാതൊരു വിധ നിയന്ത്രണങ്ങളും ഇടപെടലുകളുമില്ലാതെ സ്വതന്ത്രമായി നിലനിൽക്കുന്നുവെന്നാണ്. ചില ക്ഷേത്രങ്ങൾ സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ച് നിയന്ത്രണത്തിന് പുറത്തു പോയിരിക്കുന്നു. മറ്റു ചിലയിടങ്ങളിൽ ദേവസ്വം ബോർഡും ട്രസ്റ്റ് കുടുംബാംഗങ്ങളും തമ്മിൽ അധികാരത്തിനായി കേസ് നടക്കുന്നു. ഇവരെ നിയന്ത്രിക്കുന്നതിനോ ചോദ്യം ചെയ്യാനോ ആർക്കും പറ്റാത്ത അവസ്ഥ; ബോർഡിനു മുകളിൽ നിന്ന് എല്ലാം നോക്കിക്കാണാമെന്നല്ലാതെ നിയന്ത്രിക്കാനോ നടപടികളെടുക്കാനോ അധികാരം പ്രയോഗിക്കാനോ കഴിയുന്നില്ല. പത്രങ്ങളിൽ വരുന്ന വാർത്തയാണ്. കേരളത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഭരണത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ് - എന്നാണ് കേരളത്തിൽ ഒരു ഏകീകൃത ദേവസ്വം ഉണ്ടാകുന്നത്. അപ്പുറത്തുമിപ്പുറത്തുമിരിക്കുന്നവർക്ക് ആലോചിച്ച് ഒരു ഏകീകൃത ദേവസ്വം......, ഇന്നും തിരുവിതാംകൂർ ദേവസ്വം, കൊച്ചിൻ ദേവസ്വം, രാജാക്കന്മാരുടെ കവനെന്റ് എന്നുപറഞ്ഞ് എത്ര കാലം മുമ്പോട്ടുപോകും. നമുക്ക് ഏകീകൃത ദേവസ്വം......, ക്ഷേത്രം എന്നു പറഞ്ഞാൽ പുണ്യസ്ഥലം. ആ

പുണ്യസ്ഥലത്തിന്റെ കാര്യമാണ് നമ്മൾ സംസാരിക്കുന്നത്. അതുകൊണ്ട് കുറച്ചു സമയമെടുക്കാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഏകീകൃത ദേവസ്വമില്ലാത്തതുകൊണ്ട് ദൈവത്തിന് എന്താണ് ബുദ്ധിമുട്ട്? ദൈവം പരമശക്തനല്ലേ, ദൈവം ദൈവത്തിന്റെ കാര്യം നോക്കുകയില്ലേ; നിങ്ങളെന്തിനാണ് വല്ലാതെ ബുദ്ധിമുട്ടുന്നത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇവിടെ ക്ഷേത്ര ഉപദേശകസമിതികളുടെ കാര്യം പറഞ്ഞു. ക്ഷേത്ര ഉപദേശകസമിതികൾ തെരഞ്ഞെടുക്കുന്നതിന് ഒരു രീതിയുണ്ട്, വിളിച്ചു കൂട്ടുന്നതിൽ നിന്ന് 13 പേരെ പാടുള്ളൂ. ആ 13 പേരിനുള്ളിൽ നിന്ന് തെരഞ്ഞെടുക്കുക എന്നുള്ള രീതിയൊക്കെയുണ്ട്. പക്ഷേ ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ സൂചിപ്പിച്ച വളരെ പ്രസക്തമായ കാര്യം, പല സ്ഥലങ്ങളിലും ഈ ഉപദേശക സമിതി തെരഞ്ഞെടുപ്പുകളെ ചില പ്രത്യേക കക്ഷികളും അതുപോലുള്ളവരും ഹൈജാക്ക് ചെയ്ത് ഈ ക്ഷേത്രങ്ങളെ പിടിച്ചെടുക്കുകയാണ്. അവിടെ മറ്റുള്ള ആളുകളെ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. ഞാൻ വ്യക്തമായി പറയുകയാണ് ആർ.എസ്.എസ് - ആർ.എസ്.എസിന് ഹിന്ദുമതവുമായോ ഹിന്ദുവിശ്വാസവുമായോ ക്ഷേത്രവുമായോ യാതൊരു ബന്ധവുമില്ല. ആർ.എസ്.എസ്. ഒരു രാഷ്ട്രീയ പാർട്ടിയാണ്. എന്നാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും കൊച്ചിൻ ദേവസ്വം ബോർഡിലേയും മലബാർ ദേവസ്വം ബോർഡിലേയും ക്ഷേത്രങ്ങൾ, അതിന്റെ വസ്തുവകകൾ........., അതിനകത്ത് ആർ.എസ്. എസിന്റെ കാര്യാലയങ്ങൾ വരെ പ്രവർത്തിക്കുകയാണ്. ആർ.എസ്.എസും വിശ്വാസവുമായി യാതൊരു ബന്ധവുമില്ല. ആർ.എസ്.എസ്. ഒരു പ്രത്യയ

ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയസംഘടനയാണ്. ആ ക്ഷേത്രങ്ങളെ അതിന്റെ പരിശുദ്ധിയിലേയ്ക്ക് വീണ്ടെടുക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

മി. ചെയർമാൻ: ശ്രീ. പാലോട് രവി പ്രസംഗം ചുരുക്കണം.

ശ്രീ. പാലോട് രവി: സർ, ബില്ലായതുകൊണ്ടാണ്. അങ്ങ് ക്ഷേത്രത്തിന്റെ പരിശുദ്ധിയെക്കുറിച്ച് അറിയാവുന്ന ആളാണ്. ത്രിപുരയിലെ കാര്യം മാത്രം ഞാൻ പറയുന്നതെന്തിനാണ്? ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ അപ്പുറത്തിരുപ്പുണ്ട്. അവിടെയുള്ള പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലെ ഉത്സവസ്ഥലങ്ങളിൽ അദ്ദേഹത്തിന് കൈകാര്യവും നിയന്ത്രണവും നേതൃത്വവുമുണ്ട് എനിക്കറിയാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, എനിക്ക് ഒരു ക്ഷേത്രത്തിന്റെയും ചുമതലയില്ല. ഉത്സവം നടത്താൻ പോകാറുമില്ല. ഒരു എം.എൽ.എ. എന്നുള്ള നിലയിൽ അവിടത്തെ എല്ലാ ക്ഷേത്രങ്ങളിലും ഞാൻ പോകും.

ശ്രീ. പാലോട് രവി: സർ, ഞാൻ അത്രയേ ഉദ്ദേശിച്ചുള്ളൂ.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ആർ.എസ്.എസ്. പോലെയുള്ള ശക്തികൾ ക്ഷേത്രങ്ങളും അതിന്റെ പ്രവർത്തനങ്ങളും കൈയ്യടക്കുന്നു എന്ന് പറഞ്ഞു. അതുപോലെ തന്നെ ചില വർഗ്ഗീയ ശക്തികൾ പ്രത്യേകമായിട്ടും. ഇതിന്റെ ഒരു പ്രധാനപ്പെട്ട കാരണം, ക്ഷേത്രങ്ങളുടെ നിയന്ത്രണത്തിന് ഏരിയ കമ്മിറ്റികളും ഭരണസമിതികളുമൊക്കെയുണ്ടായിരുന്നു. ആ സംവിധാനം കഴിഞ്ഞ ഒന്നര വർഷക്കാലമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ടാണ് ഈ ശക്തികൾക്ക് കൂടുതൽ ബലപ്പെടാനും; അവർ സ്വന്തം നിലയിൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. പാലോട് രവി</u>: സർ, ഇത് നിയമപുസ്തകം മാത്രം വായിച്ച് പറയുന്നതാണ്. പ്രായോഗികമായി അവിടെയൊക്കെയുള്ള നമ്മുടെ യൂണിയന്റെ ജീവനക്കാരോട് സംസാരിച്ചാലറിയാം. കമ്മിറ്റി വരാൻ വേണ്ടി ഒരു ട്രസ്റ്റുകളും സമ്മതിക്കില്ല. അതാണ് ഇത് പലരുടേയും കയ്യിലേയ്ക്ക് പോകുന്നത്. നിയമമുണ്ടാക്കിയ നിയമസഭ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രസ്ഥാനങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഏറ്റവും നല്ല സംഗമഭൂമിയായി നമുക്ക് ഈ ക്ഷേത്രങ്ങളെ കൊണ്ടുപോകാനാവശ്യമായ......, അതിനാണ് ഞാൻ ഏകീകൃത നിയമത്തെക്കുറിച്ച് പറഞ്ഞത്. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ട്രഷറി വഴി ശമ്പളം കൊടുക്കണം. അവർക്കൊന്നും ശമ്പളം കിട്ടുന്നില്ല. ഒരു വർഷക്കാലമായി ശമ്പളം കിട്ടാത്ത ജീവനക്കാരുണ്ട്. അതുകൊണ്ട് ട്രഷറി വഴി അവർക്ക് ശമ്പളം കൊടുക്കാൻ..., ഇവിടെ നിന്നും ഗ്രാന്റ് കൊടുക്കുന്നുണ്ടല്ലോ...., ആ ഗ്രാന്റ് കൂട്ടണം. ശ്രീ. സി. കെ. നാണുവും ഞങ്ങളുമെല്ലാംകൂടി ആവശ്യപ്പെട്ടതുപോലെ ഗ്രാന്റ് കൂട്ടണം. ക്ഷേത്രങ്ങളും അവിടെയുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുവാൻ പ്രത്യേകമായ ഒരു പദ്ധതി കൊണ്ടുവരണം. ശ്രീ. ജി. സുധാകരൻ ഒരിക്കൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടതാണ്, വരൾച്ച വന്നപ്പോൾ ഏതെങ്കിലും ക്ഷേത്രകുളങ്ങൾ വറ്റിയോ? ആ ക്ഷേത്രകുളങ്ങളും അവശേഷിക്കുന്ന......., ബാക്കിയുള്ള പാറയും മറ്റും പൊട്ടിച്ചെടുക്കുന്നുണ്ട്. ക്ഷേത്രക്കുളങ്ങളും ക്ഷേത്രത്തിലെ കാവുകളും സംരക്ഷിക്കുവാൻ ഒരു പ്രത്യേക പദ്ധതി ഗവൺമെന്റ് തയ്യാറാക്കണം. അതിനാവശ്യമായ പണം ഗവൺമെന്റ് കണ്ടെത്തണം. 500 രൂപ കൊടുത്താൽ ക്ഷേത്രത്തിലെ കുളം സംരക്ഷിക്കാനാകുമോ?

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഇത് അങ്ങയുടെ തെറ്റിദ്ധാരണയാണ്. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ക്ഷേത്രത്തിലെ കുളങ്ങൾക്കും കാവുകൾക്കും വളരെ വ്യക്തമായി ഫണ്ട് നീക്കിവച്ചിട്ടുള്ളതാണ്. വളരെ ചുരുക്കം സ്ഥലങ്ങളിലേ പദ്ധതി മുന്നോട്ട് പോയിട്ടുള്ളൂ. എന്റെ നിയോജകമണ്ഡലത്തിൽ 6 കുളങ്ങളും കാവുകളും നന്നാക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പാലോട് രവി: സർ, അങ്ങ് ചീഫ് വിപ്പായതുകൊണ്ടാണ് അങ്ങയുടെ നിയോജകമണ്ഡലത്തിൽ 6 കുളങ്ങളും 6 കാവുകളും കിട്ടിയത്. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ ഒരു കാവോ ഒരു കുളമോ കിട്ടിയിട്ടില്ല. അതുകൊണ്ട് കേരള വ്യാപകമായി നമ്മുടെ സംസ്ക്കാരത്തിന്റെ പ്രതീകമായി, അല്ലാതെ ഏതെങ്കിലും സമുദായത്തിന്റേയോ സമൂഹത്തിന്റേയോ അല്ല, കേരള സംസ്ക്കാരത്തിന്റെ പ്രതീകമായി ഈ ക്ഷേത്രങ്ങൾ കൊണ്ടുപോകുന്നതിന്; നമ്മുടെ ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് പ്രത്യേക തുക കണ്ടെത്തണം; അതിന് ആസ്ഥാനമന്ദിരമുണ്ടാകണം; ഈ ട്രസ്റ്റുകളുടെ കൈയിൽ കൊടുത്തിട്ടുള്ള വസ്തുക്കൾ മുഴുവനും തിരിച്ചെടുക്കണം. അതിനാവശ്യമായ പ്രത്യേക നിയമമുണ്ടാക്കണം. അതിന് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ ബോർഡ് മെമ്പർമാരുടെ കാര്യം പറഞ്ഞ് തർക്കിക്കാതെ ഈ ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനപരിപാടിക്ക് യോജിച്ചു രൂപം നൽകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി......, ഇനിയിപ്പോൾ എന്തൊക്കെയായാലും അക്കാര്യങ്ങൾ ഒരു വിധം നന്നായി ചെയ്യാൻ കഴിയുന്ന ഒരു സമിതിയാണ് ഇപ്പോൾ അവിടെ വന്നിട്ടുള്ളത്. ഞാൻ പേര് പറയുന്നില്ല. ഇത് കൈകാര്യം ചെയ്യാൻ കഴി

വുള്ള വളരെ ശുദ്ധിയുള്ള ചില കരങ്ങളിലാണ് മലബാർ ദേവസ്വം ബോർഡിനെ ഏല്പിച്ചിരിക്കുന്നത്. അതുകൊണ്ട് അതിന് കഴിയണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. പി. ശ്രീരാമകൃഷ്ണന് 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗ ണനയ്ക്ക് അയയ്ക്കണമെന്ന 2(B) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഒരു സെലക്ട് ക്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന 2(B) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മലബാറിൽ ഒരു ദേവസ്വം ബോർഡ് വരേണ്ടതിന്റെ പ്രാധാന്യവും മല ബാറിലെ ക്ഷേത്രങ്ങളുടെ സവിശേഷമായ സാംസ്കാരിക ചരിത്രവും മലബാർ മാന്വലിന്റെ സഹായത്തോടുകൂടി മനോഹരമായി എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. പാലോട് രവി ഇവിടെ വിശദീകരിക്കുകയുണ്ടായി. അദ്ദേഹ ത്തിന്റെ പ്രസംഗത്തിന് ഒരാമുഖം വേണമായിരുന്നു. സമ്പന്നമായ മലബാ റിന്റെ ക്ഷേത്ര സംസ്ക്കാരത്തെയെല്ലാം ഏകോപിപ്പിക്കാനും സംരക്ഷി ക്കാനുമുള്ള ഒരു ദേവസ്വം ബോർഡ് രൂപീകരിക്കാനുള്ള ധൈര്യം കാണിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റും അതിലെ ദേവസ്വം വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരനുമാണെന്ന് പറഞ്ഞുകൊണ്ട് വേണ മായിരുന്നു ഇതെല്ലാം പറയേണ്ടിയിരുന്നത്. അദ്ദേഹം ആ ഭാഗം മാത്രം ഒളിച്ചു വച്ചു. ഞാൻ അത് പറയാൻ കാരണം എല്ലാ കാലത്തും മലബാർ ദേവസ്വം ബോർഡിന് എതിരായ സമീപനം സ്വീകരിച്ച രാഷ്ട്രീയ കക്ഷിയുടെ നേതാ

വാണ് അദ്ദേഹം. മലബാറിൽ ഒരു ദേവസ്വം ബോർഡ് വരാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് സുപ്രീം കോടതിയിൽ കേസ് വാദിക്കാൻ പോയ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നേതാവായിരുന്നു. 1994 ജനുവരി മാസം 27-ാം തീയതി മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ പോയത് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ.കെ. ആന്റണിയുടെ സമ്മതത്തോടുകൂടിയായിരുന്നു. മലബാറിലെ ദേവസ്വം ബോർഡ് എന്ന് പറയുന്നത്, നിങ്ങൾക്ക് എല്ലാകാലത്തും ഇഷ്ടമില്ലാത്ത കുഞ്ഞാണ്, ഇഷ്ടമില്ലാത്ത അച്ചിയാണ്. ആ ഇഷ്ടമില്ലാത്ത അച്ചി തൊട്ട തെല്ലാം കുറ്റമാകുന്നതുകൊണ്ട് ഈ ദേവസ്വം ബോർഡിനെ മുളയിലേ നുള്ളിക്കളയാനുള്ള നിഗൂഢമായ ലക്ഷ്യങ്ങളാണ് ഈ ബില്ലിലും ഭേദഗതിയി ലുമുള്ളത്. അത് മറച്ചുവയ്ക്കാൻ അങ്ങയുടെ പാണ്ഡിത്യവും മലബാർ മാന്വലിലെ വില്യം ലോഗന്റെ വിശദീകരണങ്ങളും തൃപ്തികരമല്ല. ഇവിടെ അദ്ദേഹം മാർക്സിസ്റ്റുകാരെ കുറിച്ച് വാചാലമായി ഇടയ്ക്കിടയ്ക്ക് പറഞ്ഞു കൊണ്ടിരുന്നു. മാർക്സിസ്റ്റുകാർ മനുഷ്യർ കൂടുന്ന സ്ഥലങ്ങളിലെല്ലാം പോകും. അത് ക്ഷേത്രങ്ങളിലാണെങ്കിലും നരകത്തിലാണെങ്കിലും പോകും. എവിടെ മനുഷ്യരുണ്ടോ അവിടെയെല്ലാം മാർക്സിസ്റ്റുകാരുണ്ട്. മാനവീയ മായ ഒന്നും മാർക്സിസത്തിന് എതിരല്ല. അതുകൊണ്ട് അതിനെക്കുറിച്ച് അദ്ദേഹത്തിന് വലിയ ആശങ്ക വേണ്ട. ആർക്കാണ് ഈ ഭേദഗതികൊണ്ട് മെച്ചമുള്ളത്? ഇതുസംബന്ധിച്ച് വളരെ വിശദമായ പ്രസംഗത്തിന് പ്രസക്തി യില്ല. മൂന്ന് പ്രധാനപ്പെട്ട ഭേദഗതി നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഏഴാം വകുപ്പിനുള്ള ഭേദഗതിയിൽ ഈ ബോർഡിൽ ആരൊക്കെയുണ്ടാകണമെന്ന് നിശ്ചയിക്കുന്ന വ്യവസ്ഥയുടെ മുകളിലാണ്

ഗവൺമെന്റ് പിടികൂടിയിരിക്കുന്നത്. ആ വ്യവസ്ഥ എന്താണ്. ഒന്ന്, ഹിന്ദുമതത്തിലെ ഒരു ദാർശനികൻ ഉണ്ടാകണം, രണ്ട്, ഹിന്ദുമതത്തിലെ ഒരു സാമൂഹ്യ പരിഷ്കർത്താവ് ഉണ്ടാകണം, ക്ഷേത്ര ഉപദേശക സമിതികളിലെ ഒരംഗം ഉണ്ടാകണം, ഹിന്ദു ഭക്തിഗാനങ്ങളിൽ നിപുണയായ ഒരു വനിത ഉണ്ടാകണം. ഇതൊന്നും വേണ്ടായെന്ന് വച്ചിരിക്കുകയാണ്. ദർശനം വേണ്ട, പരിഷ്ക്കരണം വേണ്ട, ഭക്തിയും വേണ്ട. ഹൈന്ദവ ദാർശനികന്മാർ ഇല്ലാത്ത ക്ഷേത്ര ബോർഡ്, ഭക്തിയില്ലാത്തവരുടെ ക്ഷേത്ര ബോർഡ്, സാമൂഹ്യ പരിഷ്കർത്താവ് വേണ്ടാത്ത ക്ഷേത്ര ബോർഡ്, എന്താണ് മന്ത്രി ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മലബാറിലെ ദേവസ്വം ബോർഡിൽ ദാർശനികൻ വേണ്ട, സാമൂഹ്യ പരിഷ്കർത്താവ് വേണ്ട, ഭക്തിഗാനങ്ങളിൽ നിപുണയായ വനിത വേണ്ട, ക്ഷേത്ര ഉപദേശക സമിതികളിൽ ആളുവേണ്ടായെന്ന് നിങ്ങൾ തീരുമാനിക്കുന്നതിന്റെ യുക്തി എന്താണ്? അതിൽ ഒരു യുക്തിയേയുള്ളൂ. നിങ്ങൾക്കിടയിലുള്ള അധികാരത്തിന്റെ തർക്കങ്ങളും അന്ത:ച്ഛിദ്രങ്ങളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാനുള്ള ഉപാധിയായി മലബാർ ദേവസ്വം ബോർഡിനെ മാറ്റണം. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ആളുകൾക്ക് വീതംവച്ചുകൊടുക്കാൻ പറ്റുന്നവരുടെ കേന്ദ്രമായി ക്ഷേത്ര ബോർഡിനെകൂടി മാറ്റുവാനുള്ള ശ്രമമല്ലാതെ മറ്റൊന്നും ഇതിന്റെ പുറകിലില്ല. ഏരിയാ കമ്മിറ്റികളെക്കുറിച്ച് പറയുന്നതും ഇതുതന്നെയാണ്. 13(1)-ലെ ഭേദഗതിയിൽ വിവിധ യോഗ്യതകളുള്ളവരെയാണ് നേരത്തേ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇപ്പോൾ ആ യോഗ്യതകളെല്ലാം എടുത്തുകളഞ്ഞ് ഓരോ ഏരിയാ കമ്മിറ്റിയും സർക്കാർ നിയമിക്കുന്ന ഏഴ് അംഗങ്ങൾ അടങ്ങിയിരിക്കുന്നതെന്നാക്കി. ഈ ഏഴ് അംഗങ്ങളുടെ യോഗ്യത എന്താണ്; ഇവരെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്?

ഇവരെ തെരഞ്ഞെടുക്കുന്നതിന് ഒറ്റ യോഗ്യത മാത്രമേ ഉണ്ടാകൂ. ആ യോഗ്യത, കോൺഗ്രസ്സിന്റെ ഗ്രൂപ്പ് വഴക്കിൽ തൃപ്തിപ്പെടാൻ ബാക്കി നിൽക്കുന്ന ആരെങ്കിലും എവിടെയെങ്കിലും ഉണ്ടെങ്കിൽ അവർക്ക് കയറിയിരിക്കാനൊരു ലാവണമൊരുക്കുക എന്നതിനപ്പുറത്ത് ഒരു യോഗ്യതയുമില്ല. ആ യോഗ്യതയ്ക്കുവേണ്ടി കേരളത്തിലെ സ്വപ്നംപോലെ യാഥാർത്ഥ്യമായ മലബാർ ദേവസ്വം ബോർഡിനെ വച്ചുനീട്ടുന്നത് ഒട്ടും ശരിയായ കാര്യമല്ല. മറ്റൊരു നിർദ്ദേശം, വനിത അംഗം ഉൾപ്പെടെയുള്ള മൂന്ന് അംഗങ്ങളെ നിയമസഭാ സാമാജികർ തെരഞ്ഞെടുക്കുമായിരുന്നു. അത് ഭേദഗതി ചെയ്ത് രണ്ട് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശമാക്കി മാറ്റി. എന്താണ് അതിന്റെ പിന്നിലുള്ള താൽപ്പര്യം? നിയമസഭയെ ഞങ്ങൾ മുഖവിലയ്ക്കെടുക്കുന്നുവെന്ന് പറയുന്ന ആളുകൾ എന്തിനാണ് നിമയസഭയിൽ നിന്ന് രണ്ട് അംഗങ്ങളാക്കി ചുരുക്കിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരേയും പട്ടികഗോത്രത്തിൽപ്പെട്ടവരെയും മാത്രം നിയമസഭ തെരഞ്ഞെടുത്താൽ മതിയെന്ന് പറയുന്നതിൽ നിങ്ങളുടെ മനസ്സിന്റെ ഉള്ളിന്റെയുള്ളിലുള്ള സവർണ്ണ ബോധമില്ലേ? നിങ്ങൾക്ക് ഭൂരിപക്ഷമില്ലാത്ത മേഖലയിലെ വോട്ടെടുപ്പും ആ മേഖലയിലെ പങ്കാളിത്തവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തുകൊടുത്തു. സ്വാഭാവികമായും ഇടതുപക്ഷത്തിന് ഭൂരിപക്ഷമുള്ള, മത്സരിച്ചാൽ ഇടതുപക്ഷം വിജയിക്കുമെന്ന് ഉത്തമ ബോധ്യമുള്ള പ്രാതിനിധ്യങ്ങൾ പട്ടികജാതി/വർഗ്ഗങ്ങൾക്കാക്കി മാറ്റിയത് നിങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ള സവർണ്ണ ബോധത്തിന്റെ ഭാഗമാണ്. ആ സവർണ്ണ ബോധമാണ് നിങ്ങളെ കൊണ്ട് മുന്നോക്ക വികസന കോർപ്പറേഷന്റെ ചെയർമാന് ക്യാബിനറ്റ് പദവി വേണമെന്ന തീരുമാനത്തിൽ എത്തിച്ചത്. മുന്നോക്ക വികസന കോർപ്പറേഷന് ക്യാബിനറ്റ് പദവിയും, സർക്കാർ സംവിധാനങ്ങളും, വീടും, കാറും കൊടു

ക്കുമ്പോൾ പിന്നോക്ക വികസന കോർപ്പറേഷനെക്കുറിച്ച് എന്താണ് നിങ്ങൾ അഭിപ്രായം പറയാത്തത്. നിങ്ങളുടെ ഉള്ളിന്റെയുള്ളിലുള്ള സവർണ്ണ ബോധം ഈ ബില്ലിൽ വളരെ വ്യക്തമായി വന്നിരിക്കുകയാണ്. അതുമാത്രമല്ല, ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള നീക്കം 8(D) വകുപ്പ് വിട്ട് കളയുന്നതോടെ അട്ടിമറിക്കുകയാണ്. പി.എസ്.സി.യെ ക്കാൾ വിശ്വാസയോഗ്യമായ റിക്രൂട്ടിംഗ് സംവിധാനം ഇന്ന് കേരളത്തി ലുണ്ടോ? പി.എസ്.സി.യിൽ അഴിമതി നടന്നുവെന്ന് ആരെങ്കിലും പറയാ റുണ്ടോ? എന്തിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി.യെ ഒഴിവാക്കുന്ന സമീപനം ഈ ബില്ലിൽ കൊണ്ടുവരുന്നത്. അതാണ് നേരത്തേ ശ്രീ. ജി. സുധാകരനുൾപ്പെടെയുള്ള ആളുകൾ ചോദിച്ചത്. എന്താണ് ഇതുകൊണ്ടുള്ള നേട്ടം; ആരാണ് ഇതിന്റെ ഗുണഭോക്താവ്; നിങ്ങൾ ആർക്കുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവരുന്നത്. മലബാർ ദേവസ്വത്തെക്കുറിച്ചും മലബാറിലെ ക്ഷേത്രങ്ങളെക്കുറിച്ചും അദ്ദേഹം നടത്തിയ പ്രസംഗത്തിന്റെ സമ്പന്നമായ അനുഭവങ്ങൾ പരിശോധിക്കുമ്പോൾ ബില്ലും പ്രസംഗവും തമ്മിൽ എന്താണ് ബന്ധമുള്ളത്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, അങ്ങ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തെക്കുറിച്ച് വാതോരാതെ എല്ലാവരും സംസാരിക്കുന്നു. ആ നിയമങ്ങളിൽ അന്നത്തെ ഗവൺമെന്റ് പ്രധാനമായും ഉൾപ്പെടുത്തിയിരുന്ന കാര്യമെന്നുള്ളത് പകൽപോലെ വ്യക്തമാണ്. അത് ശ്രീ. ജി.. സുധാകരന് നല്ലതുപോലെ അറിയാം. അദ്ദേഹം ദേവസ്വം ബോർഡ് നിയ മനം നടത്തി, മൂന്ന് പേർ വന്നു, പക്ഷേ, അദ്ദേഹത്തിന്റെ നിയന്ത്രണത്തിന് പുറത്ത് അവർ പോയി. ദേവസ്വം ബോർഡിനെ ദുർബ്ബലപ്പെടുത്തുന്നതിനും

ഗവൺമെന്റിന് ദേവസ്വം ബോർഡിന്റെ നിയന്ത്രാണാധികാരം കൊടുക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും ആ നിയമങ്ങൾ കൊണ്ടുവന്നതെന്ന യാഥാർത്ഥ്യം എല്ലാവർക്കുമറിയാം. എന്നുമാത്രമല്ല, ദേവസ്വം ബോർഡിലെ അംഗങ്ങളിൽ പാട്ട് പാടുന്ന വനിത, വനിതയെന്ന് പറഞ്ഞാൽ പേരേ. പാട്ടുപാടുന്ന വനിതയെന്ന് പറയുന്നത് എന്താണ്. അതുപോലെ ഇക്കാര്യങ്ങളൊക്കെ എന്തുകൊണ്ടുണ്ടായി, എന്തിനാണ് വച്ചതെന്നത് സംബന്ധിച്ച് വളരെ വ്യക്തമായി എല്ലാവർക്കുമറിയാം. അതുകൊണ്ട് ഗവൺമെന്റിന്റെ നിയന്ത്രണത്തിന് വിധേയമല്ലാത്ത തരത്തിൽ സ്വതന്ത്രമായ ഭരണം കൊണ്ടുവരികയെന്നത് തന്നെയായിരിക്കണം ലക്ഷ്യം. അതിനുവേണ്ടിയുള്ള ഭേദഗതികളാണ് കൊണ്ടുവരേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം തെറ്റായി ധരിച്ചിട്ടുണ്ടെങ്കിൽ അതിന് വിശദീകരണം നൽകാൻ ഞാൻ ബാധ്യസ്ഥനാണ്. രാഷ്ട്രീയമായോ ഭരണപരമായോ ഉന്നയിച്ച വിമർശനങ്ങൾക്ക് ഞാൻ ഒന്നും പറയുന്നില്ല. പാട്ടുപാടുന്ന വനിത എന്താണെന്ന് ചോദിച്ചു. ഭക്തിഗാനങ്ങൾ ആലപിക്കുന്ന വനിതയെന്നാണ് അർത്ഥം. വെറും പാട്ടുകാരിയല്ല. ശ്രീ. കെ. ശിവദാസൻ നായർക്ക് നല്ലതുപോലെ അറിയാം, നിയമം അറിയാവുന്ന ആളാണ്. ഇതെല്ലാം അറിഞ്ഞുകൊണ്ട് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇടപെട്ടത്. അദ്ദേഹം ഒരു ഭക്തനുംകൂടിയാണ്. ഭക്തിഗാനങ്ങൾ ആലപിക്കുന്ന വനിത ആരാണെന്ന് ചോദിച്ചാൽ പറയാം. ഭക്തമീരയെന്ന് കേട്ടിട്ടുണ്ടോ? ഹിന്ദിസാഹിത്യത്തിൽ റിവൈവലിന് വഴിവെച്ചതാണ് കബീർദാസിന്റെയും ഭക്തമീരയുടെ ഗാനങ്ങൾ. രാമായണം അതിമനോഹരമായി പാടുമായിരുന്നു. ബ്രാഹ്മണർക്ക് മാത്രം രാമായണം പാടാൻ അവകാശമുണ്ടായിരുന്ന കാലത്ത് ജനങ്ങ

ളോട് പാടിയത് അവരായിരുന്നു. രാമായണം വായിക്കുന്ന എത്ര സ്ത്രീകളാണുള്ളത്. അവർക്കെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെൻഷൻ കൊടുത്തു. ഈ ഗവൺമെന്റും കൊടുത്തുകൊണ്ടിരിക്കുകയാണ്. അവർ കലാകാരന്മാരുടെ പട്ടികയിൽപ്പെട്ടു. രാമായണം വായിക്കണം, ഭാഗവതം വായിക്കണം അല്ലാതെ ഷക്കീലയുടെ കൂടെ നടക്കുന്ന പാട്ട് പാടിയാൽ പോരാ. ഭക്തി ഉണ്ടായിരിക്കണം, ഭക്തി ഗാനം പാടണം. അവർക്കൊരു അംഗീകാരം കൊടുത്തു. അവരാണ് ഭൂരിപക്ഷം ഇപ്പോൾ മനസ്സിലായല്ലോ ശ്രീ. കെ. ശിവദാസൻ നായരെ.....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങയുടെ കുബുദ്ധിക്കുള്ള ഉത്തരം ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ പാട്ടുപാടുന്ന വനിതയെന്നുള്ളതല്ല, ഭക്തി ഗാനങ്ങളിൽ നിപുണയായ ഒരു വനിത. ഇവിടെ ഭാരതീയ ചരിത്രം അറിയാവുന്ന എല്ലാവർക്കുമറിയാം. നവോത്ഥാനത്തിന് മുമ്പുള്ള നവോത്ഥാനം എന്നുപറയുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. അതിൽ പ്രധാനമായും ഭക്തിപ്രസ്ഥാനമാണ് അതിനെ നയിച്ചത്. ആ ഭക്തിപ്രസ്ഥാനം 14-ാം നൂറ്റാണ്ടിൽ ഇന്ത്യയാകെ വീശിയടിച്ച ഡിവോഷണൽ മൂവ്മെന്റാണ്. അതിൽ നേതൃത്വം കൊടുത്തവരിൽ ഏറ്റവും പ്രധാനപ്പെട്ടവരാണ് കബീർദാസും മീരയും. അവർ ഇന്ത്യയിലെ ഭക്തി സാഹിത്യത്തിന്റെയും ഭക്തി സംഗീതത്തിന്റെയും പ്രതീകമാണ്. മീരയുൾപ്പെടുന്ന ഇന്ത്യയിലെ ഭക്തി പ്രസ്ഥാനത്തിന്റെ ........... മീരാജാസ്മിനെക്കുറിച്ചും ഷക്കീലയെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കിയാൽ പോരാ. ഭക്തിപ്രസ്ഥാനത്തിന്റെ പാരമ്പര്യമുള്ള ഭക്തിഗാനങ്ങളിൽ നിപുണയായ ഒരു വനിതയുടെ പങ്കാളിത്തം വേണമെന്നായിരുന്നു നിർദ്ദേശമുണ്ടായിരുന്നത്.

രണ്ട്, ക്ഷേത്രങ്ങൾ എന്ന് പറയുന്നത് കേവലമായ ആരാധനാലയങ്ങൾ മാത്ര മായിരുന്നില്ല ഭാരതീയ ചരിത്രത്തിൽ. അവ വാദ്യകലകളുടെയും ക്ഷേത്രകല കളുടെയും കേന്ദ്രങ്ങളായിരുന്നു. കലയുടെയും സാഹിത്യത്തിന്റെയും സംസ്ക്കാരത്തിന്റെയും ഉറവിടങ്ങളായിരുന്നു ക്ഷേത്രങ്ങൾ. അതിനാൽ ക്ഷേത്രങ്ങളിൽ ദാർശനികരും, സാമൂഹിക പരിഷ്കർത്താവും, കലാകാര ന്മാരും, സംഗീതജ്ഞരും ഉണ്ടാവുകയെന്നുള്ളത് ഭാരതീയ പാരമ്പര്യത്തെക്കു റിച്ച് സാമാന്യബോധമുള്ള ആളുകൾക്കെല്ലാം അംഗീകരിക്കാവുന്ന ഒന്നാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, നിങ്ങൾ ഇത് കൊണ്ടുവരുന്നതിനു മുമ്പുതന്നെ വെങ്കിടേശ്വര സുപ്രഭാതവും വിഷ്ണുസഹസ്രനാമവും ഇന്ത്യയിലെ കോടിക്കണക്കിന് ഭവനങ്ങളിലെത്തിച്ചത് എം.എസ്. സുബ്ബലക്ഷ്മിയാണ്. ഇവിടെ ഈ 9 പേരെ നിയമിക്കുന്നതിൽ നിങ്ങൾ വച്ച ഒരു മാനദണ്ഡം ഒരു ക്ഷേത്രത്തിന്റെ പരിപാവനതയെ കാത്തുസൂക്ഷിക്കുന്നതോ അവിടെ ഭക്തി നിലനിർത്തുന്നതോ ആകുമെങ്കിൽ അതിനെ സ്വാഗതം ചെയ്യാമായിരുന്നു. ചരിത്രത്തിലില്ലാത്തവിധം ഒരു കമ്മിറ്റിയിലെ ഭക്തിഗാനം പാടുന്ന വനിത എന്നൊക്കെ പറയുന്നത് വളരെ ദുരൂഹമായ കാര്യമാണെന്ന് അങ്ങ് സമ്മതിക്കുമോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങയുടെ ആശങ്കയ്ക്കുള്ള വിശദീകരണം ഞാനിവിടെ നൽകിക്കഴിഞ്ഞു. ഭക്തിഗാനം എന്നതുകൊണ്ട് എന്താണ് ഉദ്ദേശിച്ചത്? 14 ാം നൂറ്റാണ്ടിലെ ഭക്തി പ്രസ്ഥാനത്തെക്കുറിച്ച് അങ്ങ് വായിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ സ്വാഭാവികമായും ക്ഷേത്രങ്ങളെന്നുപറയുന്നത് കേവലം ആരാധനാലയങ്ങൾ മാത്രമല്ല. വാദ്യകലകളുടെയും സംഗീതത്തിന്റെയും നൃത്തത്തിന്റെയും

സാഹിത്യത്തിന്റെയും സാംസ്കാരിക പാരമ്പര്യങ്ങളുടെയും കേന്ദ്രമാണ് ക്ഷേത്രങ്ങൾ. അതുകൊണ്ട് ക്ഷേത്രത്തിൽ ദാർശനികരും പരിഷ്കർത്താക്കളും സംഗീതജ്ഞരും ഉണ്ടാവുകയെന്നുള്ളത് ഇന്ത്യയിലെ ക്ഷേത്രകലകളുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. അത് ഉൾക്കൊള്ളാൻ നിങ്ങൾക്ക് സാധിച്ചില്ല. അതിനുപകരം നിങ്ങൾ അഞ്ചോ ആറോ ഗ്രൂപ്പായി വീതം വയ്ക്കുകയാണ്. നിങ്ങൾ ദാർശനികന് പകരം 'എ' ഗ്രൂപ്പും പരിഷ്കർത്താവിന് പകരം 'ഐ' ഗ്രൂപ്പും സംഗീതജ്ഞയ്ക്ക് പകരം 'ഐ' യിലെ 'ഐ' ഗ്രൂപ്പും അങ്ങനെ നാലോ അഞ്ചോ ഗ്രൂപ്പായി വീതം വയ്ക്കുന്ന പണിയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഈ പ്രയാസം വന്നത്. നിയമസഭയുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ ഇങ്ങനെ മതാടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് എന്തിനാണെന്ന് ശ്രീ. കെ. മുരളീധരൻ ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ ആ നിർദ്ദേശത്തോട് എനിക്ക് യോജിപ്പാണ്. നിയമസഭയുടെ പ്രതിനിധികളെയാണ് ക്ഷേത്രങ്ങളിലേയ്ക്ക് അയയ്ക്കുന്നത്; ഹിന്ദുക്കളുടെ പ്രതിനിധികളെയല്ല. അതുകൊണ്ട് ഹിന്ദുക്കൾ മാത്രമേ വോട്ടുചെയ്യാവൂ എന്നുള്ള സമീപനം തിരുത്തപ്പെടേണ്ട ഒന്നാണ്. അതിന് നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയുമെങ്കിൽ അത് പരിശോധിക്കപ്പെടേണ്ട കാര്യമാണ്. കാരണം കേരളാ നിയമസഭയുടെ പ്രാതിനിധ്യമാണ് നമ്മൾ അങ്ങോട്ട് അയയ്ക്കുന്നത്. അയയ്ക്കുന്ന ആളുകൾ വിശ്വാസികളാകണമെന്നേയുള്ളൂ. പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം ചർച്ച ചെയ്യപ്പെടേണ്ടതാണ്. എല്ലാ ബോർഡുകളെക്കുറിച്ചും അദ്ദേഹം പറഞ്ഞു. വഖഫ് ബോർഡ് ഉൾപ്പെടുന്ന എല്ലാ

ബോർഡിനെക്കുറിച്ചും........ നിയമസഭയുടെ പ്രാതിനിധ്യമാണെങ്കിൽ നിയമസഭയിലുള്ള എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ഉണ്ടാകുമെന്ന നിലയിൽ............

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, അങ്ങേപ്പുറത്തിരിക്കുന്ന ഭരണ നേതൃത്വം കൊടുക്കുന്ന കോൺഗ്രസ്സുകാരെ പഠിപ്പിക്കാനാണ് അങ്ങ് ശ്രമിക്കുന്നത്. നിങ്ങൾ മലപ്പുറം ജില്ലയിൽ നിന്നാണല്ലോ വരുന്നത്. തൊട്ടടുത്ത ജില്ലയാണല്ലോ തൃശ്ശൂർ. അവിടെ ഒരു അമ്പലത്തിന് മുന്നിൽ വച്ചാണ് കോൺഗ്രസ്സിലെ ഉത്തരവാദിത്തപ്പെട്ട പ്രവർത്തകനെ അദ്ദേഹത്തിന്റെ ഭാര്യയുടെ മുന്നിലിട്ട് വെട്ടിക്കൊന്നതെന്ന കാര്യം നിങ്ങൾക്ക് അറിയാമോ? അവർ ഈ ദൈവത്തെക്കുറിച്ചൊക്കെ പറയുന്നത് സ്വന്തം കാര്യത്തിനാണെന്നുള്ള കാര്യം അറിയാമോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അത് തീർച്ചയായും അറിയാം. ആഭ്യന്തര സുരക്ഷയെ സംബന്ധിച്ച് പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര വകുപ്പും വിളിച്ചുകൂട്ടിയ യോഗം റദ്ദ് ചെയ്തുകൊണ്ടാണ് ചില സന്ദർഭങ്ങളിൽ നമ്മുടെ മുഖ്യമന്ത്രി ഡൽഹിയിൽ നിന്ന് തിരിച്ച് കേരളത്തിലേയ്ക്ക് പറന്നത്. എന്നാൽ അദ്ദേഹത്തിന്റെ പാർട്ടിയിലെ ഒരു പ്രധാനപ്പെട്ട നേതാവിനെ ക്ഷേത്രദർശനം കഴിഞ്ഞ് ഭാര്യയുടെയും കൊടിമരത്തിന്റെയും മുന്നിലിട്ട് കൊലപ്പെടുത്തിയപ്പോൾ അവിടെ സന്ദർശിക്കാൻ അദ്ദേഹം പോയില്ലെന്നുമാത്രമല്ല യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം കമ്മിറ്റിക്ക് താഴെയുള്ള ഒരു കമ്മിറ്റി അംഗംപോലും പോയില്ല. അത് എല്ലാവർക്കും മനസ്സിലാക്കാവുന്ന കാര്യമാണ്. അതുകൊണ്ട് ഈ ദേവസ്വം ഭേദഗതി ക്ഷേത്രങ്ങളെ ഉദ്ധരിക്കാൻ ഉദ്ദേശിച്ചുള്ളതാണെന്ന് പറയാൻ കഴിയില്ല. അത് വിഴുങ്ങാനുള്ളതാണ്. ഇങ്ങനെ മലബാറിലെ ക്ഷേത്രങ്ങളോടുള്ള

അവഗണനയുടെ പേരുകേട്ട ഒരു സർക്കാരാണ് ഈ സർക്കാർ. അതിന്റെ ഒരുപാട് ഉദാഹരണങ്ങൾ ഇവിടെ കഴിഞ്ഞ ചർച്ചകളിലെല്ലാം വിശദീകരിക്കപ്പെട്ടു. ഈ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ മലബാറിലെ രണ്ടായിരത്തോളം വരുന്ന ക്ഷേത്രങ്ങൾ വികസന മുരടിപ്പ് നേരിടുകയാണ്. 1377 ക്ഷേത്രങ്ങൾക്ക് ഇപ്പോൾ നാഥനില്ല. ട്രസ്റ്റിന്റെ കാലാവധി കുറച്ചപ്പോൾ ഉത്സവകാലത്തുപോലും ഭരണസമിതികൾ ഉണ്ടായിരുന്നില്ല. ക്ഷേത്ര നവീകരണത്തിന്റെ ഫണ്ടൊക്കെ തുലോം പരിമിതമാണെന്ന് ശ്രീ. പാലോട് രവി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പക്ഷേ അനുവദിച്ച ഫണ്ട് ചെലവഴിക്കാനോ കൊടുക്കാനോ നിങ്ങൾക്ക് സാധിച്ചോ? 2010—11-ൽ മൂന്നരക്കോടി രൂപ മാത്രമാണ് നവീകരണ ഫണ്ട് മലബാറിലേയ്ക്ക് അനുവദിച്ചത്. ഒരു രൂപ ചെലവഴിക്കപ്പെട്ടില്ല. 2011-12-ൽ നാലരക്കോടി രൂപ ജീർണ്ണോദ്ധാരണ ഫണ്ട് നീക്കിവച്ചു. ഒരു രൂപ ചെലവഴിച്ചില്ല. എല്ലാം കെട്ടിക്കിടന്നു. അതിന്റെ കാരണമായി പറയുന്നത് മന്ത്രിതല സബ്കമ്മിറ്റി കൂടി സർക്കാരിന്റെ അംഗീകാരം നേടിയെടുക്കാൻ സാധിച്ചില്ല എന്നാണ്. പക്ഷേ ക്ഷേത്ര കുളങ്ങൾ, ആൽത്തറകൾ ഇവയൊക്കെ നന്നാക്കാൻ വേണ്ടി അനുവദിച്ച ഫണ്ട്................ യഥാർത്ഥത്തിൽ ക്ഷേത്ര കുളങ്ങളും ആൽത്തറകളും അവിടത്തെ പച്ചപ്പും ക്ഷേത്രങ്ങളുടെമാത്രം സ്വത്തല്ല. അത് നന്നാക്കി എടുക്കാനും പൊതു ജലസ്രോതസ്സ് എന്ന നിലയ്ക്ക് ക്ഷേത്രങ്ങളുടെ ഭാഗമായുള്ള കുളങ്ങളെ സംരക്ഷിക്കാനും വേണ്ടിയുള്ള ഫണ്ട് ലാപ്സാക്കുന്ന പണി നിങ്ങൾ ചെയ്തു. കോഴിക്കോട് വള്ളിക്കോട്ടുകാവ്, കണ്ണൂർ മാടായികാവ്, ഇരുപത് ഏക്കർ ഇത്തരം സ്ഥാപനങ്ങളെയൊക്കെ സംരക്ഷിക്കാനും പുനരുദ്ധരിക്കാനും വേണ്ടിയുള്ള

ഫണ്ട് അനുവദിച്ചു. അത് ചെലവഴിക്കാൻ കഴിയാത്തവിധം സർക്കാർ സമീപനം സ്വീകരിച്ചു. ഒരു ക്ഷേത്രകലാ അക്കാഡമിക്കുവേണ്ടി ഭരണാനുമതി ഇതുവരെ നൽകിയിട്ടില്ല. 20 ഏക്കർ സ്ഥലം ഏറ്റെടുത്തത് കിടക്കുകയാണ്. ക്ഷേത്ര കലകളുടെയും കലാകാരൻമാരുടെയും സ്വപ്നങ്ങളെത്തന്നെ ചവിട്ടിമറിക്കുന്ന ഈ ക്ഷേത്രകലാ അക്കാഡമിയോടുള്ള നിങ്ങളുടെ സമീപനം എന്താണ്? ക്ഷേത്രകലകൾ അന്യംനിന്ന് പോകാതിരിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയായിരുന്നു ക്ഷേത്രകലാ അക്കാഡമി. ആ അക്കാഡമി നിങ്ങൾ വഴിക്കിട്ട് കളഞ്ഞുകുളിച്ചു. കൊള്ളയ്ക്ക് നിങ്ങൾ കൂട്ടുനിൽക്കുകയാണ്. ഇവിടെ ചോദിക്കുമ്പോൾ പ്രകോപിതരായിട്ട് കാര്യമില്ല. 24000 ഏക്കർ ഭൂമി മാഫിയകളുടെ കയ്യിലാണെന്ന് രേഖാമൂലം നിങ്ങൾ നൽകിയ ഉത്തരങ്ങളിലുണ്ട്. പ്ലാന്റേഷൻ ലോബി, തിരിച്ചു പിടിക്കാൻ റവന്യൂ യൂണിറ്റിന്റെ സഹായം ആവശ്യപ്പെട്ടു. ശ്രീ. പാലോട് രവി ചോദിച്ചു നിങ്ങൾ എന്ത് ചെയ്തു എന്ന്. റവന്യൂ യൂണിറ്റിന്റെ സഹായം ലഭ്യമാകുന്നതിനാവശ്യമായ എല്ലാ നീക്കങ്ങളും എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോയി. കെ.എൽ.സി. ആക്ട് പ്രകാരം തിരിച്ചുപിടിക്കാൻ സാധിക്കും. എന്നാൽ ഭൂ മാഫിയകളെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള ഒരു സർവ്വേ നടത്താൻ 2003- ൽ സർക്കാർ അഡീഷണൽ ചീഫ് സെക്രട്ടറിയെ ഏൽപ്പിച്ചു. 2007 ഡിസംബർ മാസം 24-ന് അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ റിപ്പോർട്ട് പ്രകാരം 24694.34 ഏക്കർ ക്ഷേത്ര ഭൂമി അന്യാധീനപ്പെട്ടതായി കണ്ടെത്തി. അത് 1145 ക്ഷേത്രങ്ങളുടെ ഭൂമി അളന്നപ്പോൾ കിട്ടിയ വിവരമാണ്. 196 ക്ഷേത്രങ്ങളിൽ അളവ് നടന്നിട്ടില്ല.

961 ഏക്കർ സ്ഥലത്ത് കേസ്സ് നടക്കുകയാണ്. 5 ഏരിയ കമ്മിറ്റികളിലായിട്ടാണ് ഈ ഭൂമി മുഴുവൻ അന്യാധീനപ്പെട്ടുപോയിട്ടുള്ളത്. കാസർഗോഡ് 1199 ഏക്കറും തലശ്ശേരിയിൽ 2122 ഏക്കറും കോഴിക്കോട് 22393 ഏക്കറും മലപ്പുറത്ത് 95 ഏക്കറും പാലക്കാട് 73.35 ഏക്കറും അന്യാധീനപ്പെട്ടു. പാലക്കാട് – കല്ലേക്കുളങ്ങര – ഏമൂർ – ഹേമാംബിക ക്ഷേത്രം, മലപ്പുറം മഞ്ചേരി തിരുവർത്തനംകുന്ന് ക്ഷേത്രം, പന്തല്ലൂർ ക്ഷേത്രം, പുൽപ്പള്ളി മുരിക്കൻമാർ ദേവസ്വം ക്ഷേത്രം. പുൽപ്പള്ളി ദേവിക്ക് നിവേദ്യ ചോറിനുള്ള നെല്ല് വിളയിക്കുന്ന നെൽവയൽ പട്ടയത്തിലൂടെ സ്വന്തമാക്കി പിന്നീട് മിച്ചഭൂമിയായി മാറി. 22000 ഏക്കർ നഷ്ടപ്പെട്ടതിന്റെ കണക്കാണ് അവിടെ വന്നത്. ഇപ്പോൾ 14 ഏക്കർ മാത്രം. പുറക്കാട് ദേവസ്വത്തിന്റെ 1300 ഏക്കർ സ്ഥലം 100 ഏക്കറായി ചുരുങ്ങി. വയനാട് വള്ളിയൂർക്കാവ് ക്ഷേത്രത്തിന്റെ 120 ഏക്കർ ഭൂമി പ്യാരി ആന്റ് കമ്പനിയുടെ കൈവശത്തിലേയ്ക്കുമാറി. അന്യാധീനപ്പെട്ട ഈ ഭൂമി തിരിച്ചുപിടിക്കാൻ മലബാർ ദേവസ്വം ബോർഡ് ആക്ട് 94 (എ) പ്രകാരം വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് പരിശ്രമിച്ചത്. റവന്യൂ യൂണിറ്റിന് യു.ഡി.എഫ്. സർക്കാർ അനുവദിക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാർ നടപടി സ്വീകരിച്ചു. കാലാവധി കഴിഞ്ഞതിനാൽ അത് പൂർത്തിയായില്ല. റവന്യൂ യൂണിറ്റ് അനുവദിക്കാതിരിക്കാൻ എന്താണ് തടസ്സം? ഇവിടെ പന്തല്ലൂർ ദേവസ്വത്തെക്കുറിച്ച് പറഞ്ഞപ്പോൾ നിങ്ങൾ എന്ത് ചെയ്തു എന്ന് ചോദിച്ചു. മലയാള മനോരമയുടെ കയ്യിലുള്ള 2500 ഏക്കർ ഭൂമിയിലാണ് പന്തല്ലൂർ ക്ഷേത്രത്തിന് ലീസ് കൊടുത്ത ഭാഗമുള്ളത്.

മലപ്പുറത്തിന്റെയും നെൻമേനിയുടെയും ഇടയിലുള്ള ഭൂമിയുടെ കയ്യേറ്റത്തെ സംബന്ധിച്ച് കണ്ടുപിടിച്ചത് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന സഖാവ് വി.എസ്. അച്ചുതാനന്ദനാണ്. എല്ലാ നടപടികളും സ്വീകരിച്ച് കോടതി വിധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ സഭയിൽ ഞാൻ തന്നെ ചോദ്യമുന്നയിച്ചു. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടിയും നൽകി. പന്തല്ലൂർ ക്ഷേത്രത്തിന്റെ ഒരിഞ്ച് ഭൂമിയും വിട്ടുകൊടുക്കുന്ന പ്രശ്നമില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് അതുമുഴുവൻ തിരിച്ചുപിടിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ മലപ്പുറം ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് അദ്ദേഹം ഈ സഭയിൽ നൽകിയ ഉറപ്പ്. അതിന്റെ ഭാഗമായി എന്താണ് നടന്നത്? അവർക്ക് അപ്പീൽ പോകാനും ആവശ്യമായ സ്റ്റേ കിട്ടാനുമുള്ള എല്ലാ സംവിധാനങ്ങളും ചെയ്തുകൊടുത്തു. ചുരുക്കിപ്പറഞ്ഞാൽ പന്തല്ലൂർ ക്ഷേത്രത്തിന്റെ 700 ലധികം ഏക്കർ ഭൂമി ഇന്നും കൈമാറ്റം ചെയ്യപ്പെടാത്ത സ്ഥിതിയിൽ തന്നെ നിൽക്കുകയാണ്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. ഈ റവന്യൂ യൂണിറ്റ് ഇനിയും കൊടുക്കുന്നതിന് എന്താണ് ഗവൺമെന്റിന്റെ തടസ്സം? അന്യാധീനപ്പെട്ട മലബാറിലെ 25000 ഏക്കർ ഭൂമി പിടിച്ചെടുക്കാനുള്ള തടസ്സമെന്താണ്? ഭൂമി നഷ്ടപ്പെട്ടാൽ 3 വർഷത്തിനകം കേസ്സ് നടത്തണമെന്ന വ്യവസ്ഥ ഈ ക്ഷേത്രഭൂമിക്കില്ല. അത് മൈനർ ഭൂമിയായിട്ടാണ് കണക്കാക്കുന്നത്. ആരാണ് ഈ ഗവൺമെന്റിനെ തടസ്സപ്പെടുത്തുന്നത്? ക്ഷേത്രത്തിന്റെ നിയമനങ്ങളിൽ വലിയ അഴിമതി നടന്നുകൊണ്ടിരിക്കുന്നതിന്റെ വിശദാംശങ്ങൾ പുറത്തുവരികയാണ്. സ്റ്റാഫ്

പാറ്റേണില്ല, നിബന്ധനയില്ല, അഴിമതി വ്യാപകമാണ്. കഴിഞ്ഞ ബോർഡ് ക്ഷേത്ര വികസനത്തിനും ജീവനക്കാരുടെ വികസനത്തിനുമായി പാസ്സാക്കിയ 350 ഓളം പദ്ധതികൾ മലബാർ ദേവസ്വം ബോർഡിന്റെ പ്ലാനിലുണ്ടായിരുന്നു. ആ പദ്ധതികളെല്ലാം അറബിക്കടലിൽ കൊണ്ടുപോയി അവസാനിപ്പിച്ചു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൊച്ചി ദേവസ്വം ബോർഡ് പൂജാരിമാരുടെ നിയമനത്തിനുവേണ്ടി ഒരു നോട്ടിഫിക്കേഷൻ അടുത്ത കാലത്ത് പുറത്തിറക്കി. സ്വതന്ത്രമായി നിൽക്കുന്ന ബോർഡാണ് കൊച്ചി ദേവസ്വം ബോർഡ്. പൂജാരിമാരുടെ നിയമനത്തിനുള്ള നോട്ടിഫിക്കേഷനിൽ പ്രത്യേകം പറഞ്ഞിരിക്കുന്ന കാര്യം, ബ്രാഹ്മണരായ ആളുകൾ മാത്രം അപേക്ഷിച്ചാൽ മതിയെന്നാണ്. പൂജാകർമ്മങ്ങൾ അറിയുന്ന ഹിന്ദുമതത്തിൽപ്പെട്ട ആർക്കും പൂജാരിമാരായി അപേക്ഷിക്കാമെന്ന് സുപ്രീം കോടതി വിധിയുണ്ടായിരിക്കെ ബ്രാഹ്മണർ മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂവെന്ന് പറഞ്ഞുകൊണ്ട് ഒരു നോട്ടിഫിക്കേഷൻ ഇറക്കുകയും ഞാൻ അക്കാര്യം നിയമസഭയിൽ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിയമം പരിശോധിച്ചശേഷം പറയാമെന്നുമാണ്. വാസ്തവത്തിൽ പണ്ടത്തെ ശാസ്ത്രമനുസരിച്ചും ആചാരക്രമം അനുസരിച്ചും അവർണ്ണരായ ആളുകൾക്ക് അമ്പലത്തിനകത്ത് കടക്കാനുള്ള അധികാരം ഉണ്ടായിരുന്നില്ല. അതിനെ മറികടന്നുകൊണ്ട് അന്നത്തെ രാജഭരണം ക്ഷേത്രപ്രവേശന വിളംബരം നടത്തുവാൻ കാണിച്ച ചങ്കൂറ്റം ഈ ഗവൺമെന്റ് കാണിച്ചിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് ഇപ്പോഴുണ്ടായ കാര്യമാണ്. ഇതിന് അനുകൂലമായ നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. ക്ഷേത്രപ്രവേശന വിളംബരമുൾപ്പെടെയുള്ള നവോത്ഥാനത്തിന്റെ പാരമ്പര്യമൊന്നും............

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാന്യനായ കുമാരനാശാന്റെ പ്രതിമ നമ്മുടെ യൂണിവേഴ്സിറ്റിയുടെ മുമ്പിലുണ്ട്. 'മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ' എന്ന് ഇവരോട് പറയണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അത് ഈ ഗവൺമെന്റിനോടും ദേവസ്വം വകുപ്പുമന്ത്രിയോടും ആഹ്വാനം ചെയ്യുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, അന്യം നിന്നുകൊണ്ടിരിക്കുന്ന ബ്രാഹ്മണ സമൂഹത്തിനുവേണ്ടി റിസർവേഷൻ ഏർപ്പെടുത്തേണ്ട ഗതികേടിലേക്ക് സമൂഹം മാറുകയാണ്. അതുകൊണ്ട് അവരെ പൂർണ്ണമായും ഉപേക്ഷിച്ചുകൊണ്ട് ശ്രീ. പി. ശ്രീരാമകൃഷ്ണൻ സംസാരിക്കരുതെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അല്ല, അവരെ പൂർണ്ണമായും ഉപേക്ഷിക്കുന്നില്ല. എല്ലാ ബ്രാഹ്മണരും ഇന്ന് പൂജാരിമാരല്ല. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഉയർന്ന ഉദ്യോഗത്തിലുള്ള എത്രയോ ബ്രാഹ്മണരുണ്ട്. അവരെല്ലാം പൂജാരിമാരായി ശ്രീകോവിലിൽ ഒതുങ്ങണമെന്ന് അങ്ങ് ധരിക്കാൻ പാടില്ല. അങ്ങ് അങ്ങനെ ഒതുക്കുന്നത് ശരിയല്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ക്ഷേത്രങ്ങളിലേയും കാവുകളിലേയും അനുഷ്ഠാനങ്ങളിൽ ബ്രാഹ്മണരല്ലാത്ത ആളുകൾ പൂജാരിമാരായി കർമ്മങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. അത് തിരുവിതാംകൂർ ദേവസ്വം ബോർഡിലേയും മലബാർ ദേവസ്വം ബോർഡിലേയും പല ക്ഷേത്രങ്ങളിലുമുണ്ട്. പൂജാരി

എന്നത് പ്രത്യേകിച്ച് ഒരു സമൂഹത്തിന്റേത് മാത്രമല്ലാതായി തീർന്നിരിക്കുകയാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അതാണ് പഞ്ഞത്, ആചാരാനുഷ്ഠാനങ്ങൾ പഠിക്കാൻ തയ്യാറായ ആർക്കും ചെയ്യാവുന്ന ഒരു തൊഴിലാണിത്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലും മലബാർ ദേവസ്വം ബോർഡിലും അബ്രാഹ്മണരായ ആളുകൾക്ക് ആചാരാനുഷ്ഠാനങ്ങൾ അറിയാവുന്നതുകൊണ്ട് അവർ പൂജാരിമാരായി കർമ്മങ്ങളിൽ വ്യാപൃതരാകുകയാണ്. ഗവൺമെന്റിന്റെ പ്രതിനിധിയായ കമ്മീഷണറാണ് ഇങ്ങനെയൊരു നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നത്. അതിനെതിരായി നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണോയെന്നാണ് എന്റെ ചോദ്യം. ഇക്കാര്യം എനിക്കുവേണ്ടി അങ്ങ് ഗവൺമെന്റിനോട് ചോദിക്കാമോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഗവൺമെന്റിന്റെ നയമെന്താണെന്ന് മന്ത്രി മറുപടി നൽകുമ്പോൾ പറയട്ടെ. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയമെന്താണ്? ഗവണ്മെന്റ് അറിഞ്ഞുകൊണ്ടാണോ ദേവസ്വം കമ്മീഷണർ ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത്? ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടെന്താണെന്ന് വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ പറയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ക്ഷേത്രത്തിന്റെ വികസനത്തിനും ജീവനക്കാരുടെ ക്ഷേമത്തിനുമായി 350-ഓളം പദ്ധതികൾ ദേവസ്വം ബോർഡ് മുന്നോട്ടുവച്ചിരുന്നു. അതെല്ലാം അറബിക്കടലിലിട്ടു. ക്ഷേത്രങ്ങളിലെ തുച്ഛവരുമാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ഒരു തീരുമാനമുണ്ടായിരുന്നു. അതും ഇവിടെ നടപ്പിലായില്ല. ക്ഷേത്രങ്ങളിലെ

ആചാര സ്ഥാനീയർ, കോലധാരികൾ എന്നിവർക്കുപോലും പെൻഷനില്ല. പത്തും അൻപതും വർഷം ക്ഷേത്രത്തിലെ പൂജാരിമാരായി സേവനമനുഷ്ഠിച്ചശേഷം മറ്റൊരു തൊഴിലും ചെയ്യാൻ സാധിക്കാതെ ജീവിത സായാഹ്നത്തിൽ ദാരിദ്ര്യവും രോഗവുമായി കഴിഞ്ഞുകൂടുന്ന പൂജാരിമാർ ധാരാളമുണ്ട്. ഈ പൂജാരിമാരെ സംരക്ഷിക്കുന്നതിനും പെൻഷൻ നൽകുന്നതിനും അവർക്ക് ആവശ്യമായ ജീവിത സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമുള്ള ഒരു പദ്ധതി ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. അത് ദേവസ്വം ബോർഡിന്റെ തന്നെ ചുമതലയായി പരിഗണിക്കപ്പെടേണ്ട കാര്യമാണ്. പൂജാരിമാർ, കളമെഴുത്ത് പാട്ടുകാർ, ക്ഷേത്ര കലാകാരന്മാർ, വാദ്യക്കാർ ഇവരെല്ലാവരും ക്ഷേത്രത്തിന്റെ സ്വത്താണ്. ക്ഷേത്രത്തോടനുബന്ധിച്ച് ഒരു ജീവത കാലം മുഴുവൻ ഇത്തരം ജോലികൾ ചെയ്ത് അവസാനം വാർദ്ധക്യവും ദാരിദ്ര്യവും രോഗവും വന്ന് ശയ്യാവലംബികളായ ഇത്തരം ആളുകളെ എങ്ങനെയാണ് സഹായിക്കാൻ സാധിക്കുക എന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. കാരണം അവരെല്ലാം യഥാർത്ഥ ഭക്തിയുടെ പ്രതീകങ്ങളാണ്. ഏതുകാലത്തും യഥാർത്ഥ ഭക്തിയുള്ളവരെ സംരക്ഷിക്കുന്ന സമീപനമാണ് ദൈവം സ്വീകരിച്ചിട്ടുള്ളതെന്നാണ് പുരാണങ്ങളിൽ സൂചിപ്പിക്കുന്നത്. പണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ഭാഗവതം വായന പതിവായിരുന്നു. ഭാഗവതം വായിക്കുമ്പോൾ അതിന്റെ വ്യാഖ്യാനം പറയുന്ന കുറേ ആളുകൾ ക്ഷേത്രത്തിൽ സ്വാഭാവികമായിട്ടുണ്ടാകും. വ്യാഖ്യാനിക്കുന്ന ആളുകളിൽ പണ്ഡിതന്മാരാണുള്ളതെങ്കിലും വേണ്ടത്ര പാണ്ഡിത്യമില്ലാത്ത മഹാകവി പൂന്താനത്തിന്റെ വ്യാഖ്യാനമായിരുന്നു അവിടെ വന്ന ആളുകൾക്കെല്ലാം ഇഷ്ടം. കാരണം അദ്ദേഹം ഭക്തിയിൽ ചാലിച്ച വ്യാഖ്യാനമാണ് നടത്തിയിരുന്നത്. അങ്ങനെ ഭക്തിയിൽ ചാലിച്ച വ്യാഖ്യാനം നടത്തിയതിന്റെ ഭാഗമായി അദ്ദേ

ഹത്തിന് അവിടത്തെ മാന്യസ്ഥാനം ലഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സദ്യ വിളമ്പുന്ന സന്ദർഭത്തിൽ അദ്ദേഹത്തെ മാന്യസ്ഥാനത്ത് ഇരുത്തും. എന്നാൽ ഒരു ദിവസം പണ്ഡിത ശ്രേഷ്ഠരായിട്ടുള്ള ബ്രാഹ്മണർ വന്നപ്പോൾ പണ്ഡിതനല്ലാത്ത അവർണ ബ്രാഹ്മണനായ പൂന്താനത്തിനെ പിടിച്ച് പുറത്താക്കി എന്നൊരു ഐതീഹ്യമുണ്ട്. അങ്ങനെ പൂന്താനത്തെ പിടിച്ച് പുറത്താക്കിയപ്പോൾ, യഥാർത്ഥ ഭക്തനായ പൂന്താനത്തിന്റെ കൂടെയാണ് ഞാനെന്നും അതുകൊണ്ട് അങ്ങിനി ഈ കള്ളൻമാരുടെ കൂടെ ക്ഷേത്രത്തിൽ ഇരിക്കാതെ അങ്ങയുടെ നാട്ടിലേക്ക് പോകണമെന്നും ഗുരുവായൂരപ്പൻ അശരീരി നൽകി. അങ്ങനെ അദ്ദേഹം സ്വന്തം ഇല്ലത്തേക്ക് തിരിച്ചു പോകുകയും അവിടെ സ്വന്തമായി ഒരു ക്ഷേത്രം പണിയുകയും ചെയ്തെന്നും ആ ക്ഷേത്രമാണ് അങ്ങാടിപ്പുറത്ത് ഇടത്തുപുറത്ത് ക്ഷേത്രം എന്നൊരു ഐതീഹ്യമുണ്ട്. ഭക്തിയുള്ളവരോട് നിഷ്കരുണം പെരുമാറിയാൽ ദൈവം അവരുടെകൂടെ ഇറങ്ങിപ്പോകും എന്നതിന്റെ ഉത്തമ ഉദാഹരണമാണിത്. ക്ഷേത്രത്തിലെ ഭക്തിയുള്ള പാവപ്പെട്ട പൂജാരിമാർ ഉൾപ്പെടുന്ന ആളുകളോട് ദയവോടുകൂടി പെരുമാറുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളൊന്നും ഈ ബില്ലിലില്ല. മറിച്ച് എങ്ങനെ ഭരണ സമിതി പിടിച്ചെടുക്കാമെന്നത് മാത്രമാണ് ഈ ബില്ലിൽ ആലോചിക്കുന്നത്. ഭക്തരെ വഴിയിറക്കി വിട്ടാൽ ദൈവം കൂടെപ്പോകുമെന്നുള്ളത് ഓർമ്മിക്കുക ഗവൺമെന്റ് ഇക്കാര്യം പരിശോധിക്കണം. ദേവസ്വം ബോർഡിൽ അവിഹിത നിയമനങ്ങളുടെ കൂട്ടത്തിൽ ഡെപ്യൂട്ടേഷൻ വ്യാപകമായി നടക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് ദേവസ്വം ബോർഡുകൾക്ക് ഒരു വേതനഘടന കൊണ്ടുവന്നിരുന്നു. 1-3-2009-ലാണ് ആ ഘടന കൊണ്ടുവന്നത്. മൂന്നു

വർഷത്തിനുശേഷം പരിഷ്കരണം നടത്തണമെന്നതായിരുന്നു ധാരണ. എന്നാൽ ആ ധാരണ അട്ടമറിക്കപ്പെട്ടു. മലബാറിൽ 43 സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളുണ്ട്. അവയ്ക്ക് നാൽപ്പത് ലക്ഷത്തിനുമേൽ വാർഷിക വരുമാന മുണ്ട്. അവയിൽ 5 എണ്ണത്തിൽ മാത്രം ശമ്പള പരിഷ്കരണം നടപ്പിലാക്കി. ഇത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർ പരസ്പരം കലഹിക്കുന്നതിനുള്ള ഒരു സാഹചര്യം ഇവിടെ സൃഷ്ടിച്ചിരിക്കുകയാണ്. ഇവിടെ ശമ്പളപരിഷ്കരണം അട്ടിമറിക്കപ്പെട്ടു. ഇവിടെ ട്രസ്റ്റിമാർക്ക് അമിതാധികാരം നൽകുന്ന സ്ഥിതി വരികയാണ്. ബോർഡുകൾ അവരുടെ നിയമനാധികാരം ട്രസ്റ്റിമാർക്ക് തിരിച്ച് കൈമാറിയ അനുഭവങ്ങളുണ്ട്. കണ്ണൂരിലെ ജഗന്നാഥ ക്ഷേത്രം, തല ശ്ശേരിയിലെ സുന്ദരേശ്വര ക്ഷേത്രം, കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രം എന്നിവ ദേവസ്വം ബോർഡിന്റെ കയ്യിലുണ്ടായിരുന്ന ക്ഷേത്രങ്ങളാണ്. അതെല്ലാം വീണ്ടും ട്രസ്റ്റിമാർക്ക് നൽകി. അവിടെയെല്ലാം നിയമനത്തിൽ അഴിമതി നടക്കുകയാണ്. ആരെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത് ട്രസ്റ്റിമാർക്ക് വിട്ടുകൊടുത്തത്? ദേവസ്വം ബോർഡിന്റെ കയ്യിലുണ്ടായിരുന്ന ക്ഷേത്രങ്ങൾ ട്രസ്റ്റിമാർക്ക് കൈമാറ്റം ചെയ്യുന്നതിൽ ജാതീയ ശക്തികളുടെ ഇടപെടലുണ്ട്. ചില ജാതീയ ശക്തിക്കൾക്ക് ഇതിൽ താൽപര്യമുണ്ട്. ജാതി - സാമുദായിക സംഘടനകൾ പറയുന്നത് - ഓരോ ക്ഷേത്ര ഭരണവും തങ്ങൾക്ക് വിട്ട് കിട്ടണം, ഇത് തങ്ങളുമായി ബന്ധപ്പെട്ട നിലയിലാണെന്നാണ്. ഗുരുവായൂർ സത്യാഗ്രഹത്തിലൂടെയും വൈക്കം സത്യാഗ്രത്തിലൂടെയും നാം പടിയടച്ച് പിണ്ഡം വച്ച ജാതി വിവേചനത്തെ തിരിച്ചുകൊണ്ടുവരാനും കേര ളത്തിലെ ക്ഷേത്രങ്ങളുടെ ഭരണം ജാതീയ ശക്തികൾക്ക് തിരിച്ചേൽപ്പിക്കാ നുള്ള ഗൂഢ നീക്കവും ഇതിന്റെ ഭാഗമായി വരികയാണ്. ഈ മൂന്ന്

ക്ഷേത്രങ്ങൾ കൈമാറിയതോടുകൂടി കേരളത്തിലെ പല ജാതി സംഘടന കളും ഞങ്ങൾക്ക് ക്ഷേത്രഭരണം ആവശ്യമുണ്ടെന്ന് പറയുന്ന സ്ഥിതിവിശേ ഷമുണ്ടാകും. നവോത്ഥാനത്തിന്റെ സമര കേന്ദ്രങ്ങളായിരുന്ന നമ്മുടെ ക്ഷേത്രങ്ങളെ ജാതി പ്രസ്ഥാനങ്ങളുടെ പാർട്ടി ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നീക്കങ്ങളാണ് നടക്കുന്നതെന്നുകൂടി ഈ ബില്ലിന്റെ ഭാഗ മായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്ഷേത്രങ്ങളുടെ നവോത്ഥാന പാരമ്പര്യത്തെ ഇല്ലാതാക്കുന്ന, ജാതി ശക്തിക ളുടെ കേന്ദ്രമാക്കി അവയെ മാറ്റുന്ന, ക്ഷേത്രങ്ങൾ നാടിന്റെ പൊതു ഇടങ്ങ ളാക്കി മാറ്റുന്ന, തടസം സൃഷ്ടിക്കുന്ന ദാർശനികനെയും കവിയേയും സാമൂ ഹ്യപരിഷ്കർത്താവിനെയുമൊന്നും ക്ഷേത്രങ്ങളിലെ ഭരണ സമിതികളിൽ വേണ്ടെന്ന് നിശ്ചയിക്കുന്ന ഈ തെറ്റായ നീക്കത്തോട് പ്രതിഷേധം പ്രകടിപ്പി ച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ നിരാകരണപ്രമേയത്തിൽ പരാ മർശിച്ചിട്ടുള്ള വാദഗതികൾക്ക് യാതൊരടിസ്ഥാനവുമില്ല. ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ തികച്ചും സദുദ്ദേശ്യപരമായിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ച ചില പ്രശ്നങ്ങളെപ്പറ്റി പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. കെ. കെ. ജയചന്ദ്രൻ ചൂണ്ടിക്കാ ണിച്ചതുപോലെ ഏരിയാ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്ന തിനുവേണ്ടിയുള്ള നടപടികൾ വളരെ പെട്ടെന്ന് തന്നെ പൂർത്തീകരിക്കുന്നതാ ണ്. അതോടൊപ്പംതന്നെ മലബാർ ദേവസ്വത്തിന്റെ പുനരുദ്ധാരണത്തിനായി എട്ട് കോടി രൂപ അനുവദിക്കുകയും ഈ മാസം തന്നെ ഗ്രാന്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യങ്ങളെക്കുറിച്ച് ബോർഡ് പ്രസിഡന്റുമായി ചർച്ച നടത്തി തീരുമാനമെടുത്തിട്ടുണ്ട്. ഇവിടെ അഞ്ച് ക്ഷേത്രങ്ങളുടെ ശമ്പള പരിഷ്കരണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ എന്നാണ് ഇവിടെ ശ്രീ.കെ. കെ. ജയചന്ദ്രനും ശ്രീ. പി. ശ്രീരാമകൃഷ്ണനും ചൂണ്ടിക്കാണിച്ചത്. എന്നാൽ വളരെയധികം വരുമാനമുള്ള അഞ്ച് ക്ഷേത്രങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതുപോലെ സർക്കാർ നിരക്കിൽ ശമ്പളം നൽകാൻ ഈ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അതുപോലെതന്നെ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള എല്ലാ ക്ഷേത്രങ്ങളിലും ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന കാര്യത്തെക്കുറിച്ച് വളരെ വിശദമായി മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചു. നഷ്ടപ്പെട്ട ഭൂമിയുടെ വിശദവിവരങ്ങൾ ശേഖരിക്കാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്തുതന്നെ ബോർഡിലൊരു സെക്ഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ജില്ലാ കളക്ടർമാർക്ക് ലാന്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കയ്യേറ്റഭൂമി വീണ്ടെടുക്കുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അക്കാര്യം കളക്ടർമാരുടെ പരിഗണനയിലാണ്. ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. അതുമായി ബന്ധപ്പെട്ട കേസുകൾ കർശനമായി കൈകാര്യം ചെയ്യുന്നതിന് ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുകയും വളരെ ഇഫക്ടീവായി ആ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പാലക്കാട് ഏലൂർ ഭഗവതി ക്ഷേത്രത്തിൽ 2000-ൽപ്പരം ഏക്കർ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട പല കേസുകളും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിലനിൽക്കുകയാണ്. ഈ കേസുകൾ വളരെ ഇഫക്ടീവായി നടത്തുന്നതിനു വേണ്ടിയുള്ള

നടപടികൾ സ്വീകരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പല ഒഴിവുകളിലേക്കായി ക്ഷേത്രജീവന ക്കാരിൽ നിന്ന് അർഹരായവരെ പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പാലോട് രവി ഇവിടെ ചൂണ്ടിക്കാണി ച്ചതുപോലെ പുനരുദ്ധാരണത്തിനും ജീവനക്കാരുടെ ശമ്പളത്തിനും വേണ്ടി അനുവദിച്ച 8 കോടി രൂപ ഉൾപ്പെടെ 22 കോടി രൂപയുടെ ഗ്രാന്റ് ഈ ഗവൺമെന്റ് നൽകുകയുണ്ടായി. കഴിഞ്ഞ പ്രാവശ്യം 20 കോടി രൂപയായി രുന്നു നൽകിയിരുന്നത്. കൂടാതെ, കഴിഞ്ഞ ബഡ്ജറ്റിൽ കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിനായി അഞ്ച് കോടി രൂപയുടെ ഗ്രാന്റ് അനുവദിച്ചിരുന്നു. അതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് രണ്ട് കോടി രൂപയും കൊച്ചി ദേവസ്വം ബോർഡിന് ഒരു കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് രണ്ട് കോടി രൂപയുമുൾപ്പെടെ ഈ വർഷവും ബഡ്ജ റ്റിൽ അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകൾ നിലവിൽ വന്ന പശ്ചാത്തലത്തിൽ ഇക്കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം കൊടുക്കുകയും അവർക്ക് തുക അനുവദിച്ച് കൊടു ക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രകലാ അക്കാഡമിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ക്ഷേത്രകലാ അക്കാഡമിക്ക് അഡ്മിനി സ്ട്രേറ്റീവ് സാങ്ഷൻ നൽകിക്കൊണ്ട് അക്കാഡമിയുടെ ഭരണസമിതി താമസംവിനാ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്ന തിനും വളർത്തുന്നതിനുംവേണ്ടി മലബാർ ദേവസ്വം ബോർഡ് മാടായി-തിരുവർക്കാട് ക്ഷേത്രത്തിൽ മാടായിപ്പാറ ആസ്ഥാനമാക്കി ഒരു ക്ഷേത്രകലാ

അക്കാഡമിക്ക് ബഡ്ജറ്റിൽ അനുമതി നൽകുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇതുവരെയും അവിടെ കോഴ്സുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, അക്കാഡമിയുടെ ഭരണസമിതി താമസിയാതെ രൂപീകരിച്ച് അതിനുവേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പൂജാരിമാരുടെ നിയമനം സംബന്ധിച്ചും സുപ്രീം കോടതിയുടെ പരാമർശത്തെപ്പറ്റിയും ശ്രീ. വി. എസ്. സുനിൽകുമാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കൊച്ചി ദേവസ്വം ബോർഡ് നടത്തിയ ശാന്തിക്കാരുടെ നിയമനം അവിടെ തുടർന്ന് വരുന്ന നടപടി ക്രമങ്ങൾ അനുസരിച്ചാണെന്നും ഇതിന് കോടതിയുടെ അംഗീകാരമുണ്ടെന്നുമാണ് കമ്മീഷണർ അറിയിച്ചിട്ടുള്ളത്. ഈ രീതിക്ക് മാറ്റം വരുത്തി എല്ലാവരെയും നിയമിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ പറവൂരിലെ ഒരു ക്ഷേത്രത്തിൽ ഈഴവ സമുദായത്തിൽപ്പെട്ട ഒരാളെ തന്ത്രിയെ നിയമിക്കാൻ ദേവസ്വംബോർഡ് സന്നദ്ധമാകാതിരുന്ന സാഹചര്യത്തിൽ ഹൈക്കോടതിയിൽ പോവുകയും, പിന്നീട് ഈ കേസ് സുപ്രീം കോടതിയിലെത്തിയപ്പോൾ ബ്രാഹ്മണരായ ആളുകൾ എന്നതിനുപരി തന്ത്രം പഠിച്ച, അർഹതപ്പെട്ടവരെ തന്ത്രിമാരായി നിയോഗിക്കണമെന്ന ഉത്തരവു നൽകുകയും ചെയ്തു. ഇങ്ങനെ സുപ്രീം കോടതി ഡിവിഷൻ ബഞ്ചിന്റെ വ്യക്തമായൊരു നിയമമുണ്ടായിരിക്കെ, ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് കമ്മീഷണർക്ക് വീണ്ടും സംശയമുണ്ടാകേണ്ട കാര്യമെന്താണ്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇത് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, പരമ്പരാഗതമായി തുടർന്നുവരുന്ന ഒരു സംവിധാനമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാര്യത്തിൽ ഇത്തരത്തിലൊരു വിധി വന്നതിന്റെ പശ്ചാത്തലത്തിൽ ചെയ്തുവെന്നാണ് ഇവർ നൽകിയിട്ടുള്ള വിവരം. നിയമപരമായി ഇക്കാര്യം പരിശോധിച്ചതിനുശേഷം മാത്രമേ ഗവൺമെന്റിനൊരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യം പരിശോധിക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ്, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി, അങ്ങ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പാലോട് രവി</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു..

മി. സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ;....................

പ്രതികൂലിക്കുന്നവർ;..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## നഗരസഭകൾക്കനുവദിച്ച ഫണ്ട് കൊടുക്കുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നത്തെ അടിയന്തരപ്രമേയ ചർച്ചാവേളയിൽ നഗരസഭകൾക്കായി അനുവദിച്ച തുക കിട്ടിയില്ലെന്നൊരു പരാമർശമുണ്ടായി. അക്കാര്യം വളരെ ഗൗരവമായിട്ടാണ് എടുത്തത്. കാരണം എല്ലാ നഗരസഭകൾക്കുമുള്ള തുക നേരത്തെ തന്നെ കൊടുത്തതാണ്. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ തലശ്ശേരി നഗരസഭയ്ക്കുവേണ്ടി അനുവദിച്ച 5,20,000 രൂപ 7-06-2013-ൽ അവർ വാങ്ങിയിട്ടുണ്ട്. കരുനാഗപ്പള്ളി നഗരസഭയ്ക്കുവേണ്ടി 3,44,000 രൂപ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ്

06-06-2013-ന് നൽകിയെങ്കിലും നഗരസഭ പ്രസ്തുത തുക 10-06-2013-നാണ് കൈപ്പറ്റിയത്. ഗവൺമെന്റിന് തുക കൊടുക്കാനല്ലേ സാധിക്കുകയുള്ളൂ. .........(ബഹളം)..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശനിയാഴ്ച നടത്തിയ റിവ്യൂ മീറ്റിംഗിൽ പ്രസ്തുത തുക ലഭിച്ചിട്ടില്ലെന്നാണ് അവിടെയുള്ളവർ പരാതിപ്പെട്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, എല്ലാ നഗരസഭകൾക്കും ഫണ്ട് നൽകുന്നതിനുള്ള ഡയറക്ഷൻ കൊടുക്കുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തതിനുശേഷം തുക കിട്ടിയില്ലെന്ന് പറഞ്ഞപ്പോൾ വളരെയധികം അത്ഭുതം തോന്നി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ഇക്കാര്യം നേരിട്ട് വെരിഫൈ ചെയ്തു. ഇതാണ് ഇതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള വിവരം. എല്ലാ നഗരസഭകളിലേയ്ക്കും തുക എത്തിച്ചിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് വളരെ ബാലിശമായാണ് സംസാരിക്കുന്നത്. ഇത് ശരിയല്ല. ................(മൈക്ക് ഓഫ്).........അങ്ങയെപ്പോലുള്ള ഒരാൾ ഇത്തരത്തിൽ ബാലിശമായുള്ള വാദഗതി ഉന്നയിക്കാൻ പാടില്ലായിരുന്നു. ..............(ബഹളം)............

ശ്രീ. ഉമ്മൻ ചാണ്ടി: സർ, .............. (ബഹളം)........ നഗരസഭകൾക്ക് പ്രസ്തുത തുക കിട്ടിയില്ലെന്ന് പറയുമ്പോൾ അക്കാര്യം പരിശോധിക്കാതിരിക്കാൻ സാധിക്കുമോ; 6-ാം തീയതി ഈ തുക എല്ലാ ജില്ലാ ഓഫീസുകളിലും എത്തിച്ചു. 7-ാം തീയതി തലശ്ശേരി നഗരസഭ തുക കൈപ്പറ്റി 6-ാം തീയതി തന്നെ കരുനാഗപ്പള്ളിക്ക് അറിയിപ്പ് കൊടുത്തെങ്കിലും അവർ തുക കൈപ്പറ്റിയത് 10-ാം തീയതിയാണ്.

മി. സ്പീക്കർ: രാവിലെ അവതരിപ്പിച്ച അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ വന്നൊരു വിഷയത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായി പരിശോധിക്കുകയും റിപ്പോർട്ട് സഭയെ അറിയിക്കുകയും ചെയ്തു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തിരുവനന്തപുരം നഗരസഭയ്ക്ക് കിട്ടിയില്ലെന്ന് ശ്രീ. വി. ശിവൻകുട്ടി ഇവിടെ പറയുകയുണ്ടായി. തിരുവനന്തപുരം നഗരസഭയ്ക്ക് 05-06-2013-ൽ പത്ത് ലക്ഷം രൂപ നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ........ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ മാസം 12-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.21-ന് പിരിഞ്ഞു.)

--- --- --- ---